ജോസ് കെ. മാനുവൽ

# കാലത്തിനൊപ്പം ഒരു പെൺകുട്ടി



# കാലത്തിനൊപ്പം ഒരു പെൺകുട്ടി

ജോസ് കെ. മാനുവൽ

കൈരളി ബുക്സ്

Malayalam Language
Kalathinoppam Oru Penkutty
(Stories)
by
Jose.K.Manuval
Published in July 2008
by Kairali Books Private Limited
Thalikkavu Road, Kannur.
Ph : 0497 2761200
E-Mail : kairali_knr@yahoo.co.in
Cover :
Siraj T.K
Printed at
Midas Offset Printers, Kuthuparamba
All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher.

Price Rs:60.00

**ഡോ. ജോസ് കെ. മാനുവൽ**

കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്ക് സ്വദേശി. മദിരാശി സർവകലാശാലയിൽനിന്ന് എം.എ., എം.ഫിൽ., പിഎച്ച്.ഡി. ബിരുദങ്ങൾ. മഹാത്മാ ഗാന്ധി സർവകലാശാലയിൽ നിന്ന് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്. കൃതികൾ: തിരക്കഥാരചന കഥയും സിദ്ധാന്തവും, സിനിമയുടെ പാഠങ്ങൾ: വിശകലനവും വീക്ഷണവും, സിനിമയിലെ ശരീരഭാഷ: ഒരു രസാനുഭവ സിദ്ധാന്തപഠനം, നാടകവും സിനിമയും: ഒരു താരതമ്യ വിശകലനം, കഥയും തിരക്കഥയും, മലയാളഭാഷയും സാഹിത്യവും, തിരക്കഥാ സാഹിത്യം: സൗന്ദര്യവും പ്രസക്തിയും, ന്യൂജനറേഷൻ സിനിമ (പഠനങ്ങൾ) അഭിലോഷിക, യഹൂര - ഒരു കമ്യൂണിസ്റ്റിന്റെ കഥ (നോവലുകൾ) കാലത്തിനൊപ്പം ഒരു പെൺകുട്ടി, കഥയ്ക്കുമുകളിലൂടെ ഡൈവു ചെയ്ത് കഥാകൃത്ത്, ഹർത്താൽ ഒരു കേരളീ യോത്സവം (ചെറുകഥാസമാഹാരങ്ങൾ). നവമാധ്യമങ്ങൾ: ഭാഷ സാഹിത്യം സംസ്കാരം, ബൈബിളും മലയാളസാഹിത്യവും, മാറുന്ന മലയാള സിനിമ: ഭാഷ സംസ്കാരം സമൂഹം, അന്വേഷണം പഠനം ഗവേഷണം (എഡിറ്റർ), മികച്ച ചലച്ചിത്രഗ്രന്ഥത്തിനുള്ള കേരളസംസ്ഥാന ചലച്ചിത്ര അവാർഡും (2003, 2010) ഫിലിം ക്രിട്ടിക്സ് അവാർഡും (2003, 2005) ലഭിച്ചിട്ടുണ്ട്. സാംസ്കാരിക സഹകരണസമിതിയുടെ മികച്ച വൈജ്ഞാനിക ഗ്രന്ഥത്തിനുള്ള അവാർഡ്, പൊൻകുന്നം വർക്കി കഥാ അവാർഡ്, തകഴി കഥാ അവാർഡ്, കാവ്യവേദി നോവൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. വിലാസം: അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് ലെറ്റേഴ്സ്, മഹാത്മാഗാന്ധി സർവകലാശാല, കോട്ടയം, ഫോൺ:9446924323. ഇ-മെയിൽ: kjosemanuel@gmail.com

# മഴനൃത്തത്തിനൊപ്പം

ജോസ് കെ. മാനുവലിന്റെ പ്രഥമ കഥാസമാഹാരമാണ് 'കാലത്തിനൊപ്പം ഒരു പെൺകുട്ടി'. 'എന്റെ എല്ലാ കഥകളിലും കൃത്യമായൊരു കഥയുണ്ട്' ജോസ് പറയുന്നു.

വർത്തമാനകാലത്തിന്റെ ആകുലതകളും വിഹ്വലതകളും ധർമ്മസങ്കടങ്ങളും ആണ് ഈ കഥകളുടെ പൊതുമുദ്ര. അതുകൊണ്ടുതന്നെയാവാം, ഗൃഹാതുരത്വത്തിന്റേതായ നാട്ടിടവഴികളോ തൊട്ടാവാടികളോ ദാവണിത്തുമ്പുകളോ ഒന്നും ഈ കഥകളിലെവിടെയും കാണാനില്ല.

ജീവിതത്തെ ഒരു 'മഴനൃത്ത'മായി എടുക്കൂ, എങ്കിൽപ്പിന്നെ വേവലാതികളുണ്ടാവില്ല, വേവലാതികളില്ലാത്തവന് ആത്മഹത്യ ചെയ്യണമെന്ന തോന്നലുണ്ടാവില്ല എന്ന് ആത്മഹത്യ ചെയ്യാനൊരുങ്ങിനില്ക്കുന്നവനോട് പറയുന്ന 'ഒരു പീഡാനുഭവക്കാരന്റെ കഥ' തുടങ്ങി ഈ സമാഹാരത്തിലെ മിക്ക കഥകളും ഇന്നിന്റെ കഥകളാണ്. ഇന്നിനോട് കോംപ്രമൈസ് ചെയ്യുന്നതിൽ വിജയിച്ചവരും തോറ്റവരുമായ കുറെപ്പേരിലൂടെ കഥാകൃത്ത് കാണിച്ചുതരുന്നത് കലികാലമുഖമാണ്.

വിദ്യാസമ്പന്നതയുടെ സർട്ടിഫിക്കറ്റുകൾ മാറ്റിവച്ച് ജഢമഞ്ചത്തിനൊപ്പം നടന്ന് ജീവിതമാർഗ്ഗം തേടേണ്ടിവരുന്ന ആൾ (ജഢമഞ്ചത്തിനൊപ്പം), ബലാത്സംഗം ചെയ്യപ്പെട്ടതിന്റെ ഉള്ളുരുക്കത്തിനുമപ്പുറം ബലാത്സംഗംതന്നെ നിക്ഷേപമാക്കാൻ കഴിയുന്ന ആഗോളവത്ക്കരണകാലത്തിനൊപ്പം ഉറച്ച കാൽവെയ്പകുളോടെ നടക്കാൻ തീരുമാനിക്കുന്ന ആഷിത എന്ന പെൺകുട്ടി (കാലത്തിനൊപ്പം ഒരു പെൺകുട്ടി), അനാഥക്കുട്ടികളുടെ ഭവനത്തിൽ വടിവാളുകൾ സംഹാരതാണ്ഡവമാടുമ്പോൾ ഉള്ളിലെ പത്രപ്രവർത്തക ചുരമാന്തുകയാൽ അതുവരെ ഒപ്പം നടന്ന അനാഥക്കുട്ടികളെ അവരുടെ വിധിക്കുവിട്ട് സ്കൂപ്പുമായി ഓടുന്ന ലാസ്യ(തലക്കെട്ട്), സന്താനോല്പാദനം സാധിച്ചുകിട്ടാനായി മാത്രം ഭർത്താവിനെ ജയിലിൽനിന്നു വിട്ടുകിട്ടണമെന്നു വാദിക്കുന്ന സുമിത, കുറ്റവാളിയുടെ ബീജംതന്നെ സ്വീകരിക്കണമെന്നുണ്ടോ വിവാഹമോചനം നേടി, വേറെ കല്യാണം കഴിച്ച് സന്താനങ്ങളെ ഉത്പാദിപ്പിക്കലായിക്കൂടെ എന്നു ചോദിക്കുന്ന കോടതി(നിയമവൃത്തം)നടുക്കണ്ടം തിന്നുന്ന കാലത്തിലെത്തിയതിനാൽ ചേരയെയും തിന്നാൻ തയ്യാറായ മനുഷ്യരും നിയമവ്യവസ്ഥയും.

നിന്ന ഇടത്തുതന്നെ നില്ക്കുന്ന ഒരമ്മയാണ് നിങ്ങളെങ്കിൽ മകളെക്കുറിച്ചോർത്ത് നട്ടുച്ചയ്ക്ക് റോഡിലൂടെ ഓടി പരവശയായി അലച്ചുതല്ലി വീഴേണ്ടിവരും നിങ്ങൾക്ക് (വീതുളി). മാറ്റം കുടിക്കാൻ തയ്യാറാകാത്ത വിപ്ലവകാരിയാണ് നിങ്ങളെങ്കിൽ കിളിപോലും നിങ്ങളെ കളിയാക്കിച്ചിലച്ചെന്നിരിക്കും( വിപ്ലവത്തിനുശേഷം ഒരു കിളി ചിലച്ചു). നാടോടുന്നെങ്കിൽ പിന്നെ തങ്ങളായിട്ടെന്തിന് നടുവെയോ വിലങ്ങനെയോ കുത്തനെയോ ഓടാൻ തയ്യാറാകാതിരിക്കുന്നു എന്ന പ്രാക്റ്റിക്കൽ-സമീപനമില്ലാത്തവർ ഇനി തോല്ക്കാനാണ് സാദ്ധ്യത എന്നൊരു വേദനയുടെ ചുവയാണ് ഈ കഥകളിൽ.

നേരത്തേ പ്രസിദ്ധീകരിച്ച ജോസ്-വക പുസ്തകങ്ങൾ എല്ലാംതന്നെ സിനിമയെക്കുറിച്ചുള്ളതാണ് എന്നതുകൊണ്ട്, സിനിമയിൽ കണ്ണുള്ള ഒരാളുടെ കഥകളായി ഈ സമാഹാരത്തെ സമീപിച്ചാൽ, വേദനയും പരിഹാസവും ഉറഞ്ഞുകിടക്കുന്നതരം ദൃശ്യപരത, കഥകളിലുടനീളം കാണാനാകും. ഈ ദൃശ്യപരതയ്ക്ക് കാലികാവസ്ഥയുടെയും ദൃശ്യസംസ്കാരത്തിന്റെയും മുഖമാണുള്ളത്. എല്ലാ കഥകളിലും കഥയും ക്രാഫ്റ്റും ഉണ്ട് എന്നുവരുന്ന അവസ്ഥയിലാണ് കഥ വിജയിക്കുക. കഥയ്ക്കനുസരിച്ചാണ് ക്രാഫ്റ്റ് രൂപപ്പെട്ടുവരുന്നത്. ഓരോ കഥയ്ക്കും അതു പറയുന്ന രീതിക്കനുസരിച്ചുള്ള ക്രാഫ്റ്റാണ് ആവശ്യം. കാലത്തിനനുസരിച്ച് കഥ മാറുന്നതുപോലെ കഥയ്ക്കനുസരിച്ച് ക്രാഫ്റ്റും മാറുന്നു. ജോസിന്റെ ഏറെ കഥകളിലും കഥയും ക്രാഫ്റ്റും തമ്മിലുള്ള ചേർച്ച ശ്രദ്ധേയമാണ്. ഒന്നുരണ്ടു കഥകളിൽ നീണ്ടുപോകുന്ന സംഭാഷണങ്ങളും സഡൻബ്രേക്കോടെ മറ്റൊരു തിരുവിലേക്ക് കഥ മാറുന്നതും ക്രാഫ്റ്റുകൊണ്ട് മെരുക്കിയെടുക്കേണ്ടതുണ്ട്. എഴുതിയെഴുതിവേണം ക്രാഫ്റ്റുമായുള്ള ചങ്ങാത്തത്തിലേക്കുള്ള ഒഴുകിക്കയറ്റം. കഥയുടെ കുരിശുവഴിയിൽ ഇനിമുതൽ ജോസും. ഈ കഥാ-മുഖത്തിന് 'ആമുഖ'മാകാൻ കഴിഞ്ഞതിലുള്ള സന്തോഷത്തോടെ,

**പ്രിയ എ.എസ്.**

# കഥകൾ

1. കാലത്തിനൊപ്പം ഒരു പെൺകുട്ടി ................ 9
2. ജഡമഞ്ചത്തിനൊപ്പം .................................. 18
3. നിയമവൃത്തം .................................. 22
4. മഴനൃത്തത്തിനൊപ്പം .................................. 26
5. തലക്കെട്ട് .................................. 37
6. ലാഹോർയാത്ര .................................. 45
7. മോഡൽ .................................. 55
8. കാലം .................................. 59
9. അതിർവരമ്പുകൾ .................................. 65
10. വധു ഡോക്ടറാണ് .................................. 71
11. സേവ് ഭാരത് .................................. 76
12. വീതുളി .................................. 83
13. അയാൾ എഴുതുകയാണ് ............................... 88
14. അമ്മ .................................. 93
15. വിപ്ലവത്തിനുശേഷം ഒരു കിളി ചിലച്ചു......97

# 1
# കാലത്തിനൊപ്പം ഒരു പെൺകുട്ടി

**അ**ന്നു മാധ്യമങ്ങൾക്ക് ആഘോഷമായിരുന്നു. ജീവിതത്തെപ്പറ്റി പ്രതീക്ഷയും സ്വപ്നവുമുള്ള ഒരു പെൺകുട്ടിയുടെ മാനം വലിച്ചുകീറി ജീവിതം തട്ടിത്തകർത്തതിന്റെ ആഘോഷം.

ആഷിത, അവൾമാത്രം നീറി. അപമാനിതയായതിനെക്കാൾ ഉപരി തകർക്കപ്പെട്ട ഭാവിയെപ്പറ്റിയോർത്ത്. മുന്നിൽ കൂടിക്കിടക്കുന്ന പത്രമാസികകളിലെ വാർത്തകളിലേക്കു വെറുതെ അവൾ കണ്ണോടിച്ചു. വായിച്ചു ഹൃദിസ്ഥമായ വാർത്തകൾ. 'യുവ കവയിത്രിയെ മൃഗീയമായി ബലാൽസംഗം ചെയ്തു.' 'കേരളീയ വാർത്താ'പത്രത്തിന്റെ മുൻതാൾ വാർത്ത അതായിരുന്നു.

താനൊരു കവയിത്രിയാണെന്ന് ആദ്യമായി ആഷിത തിരിച്ചറിഞ്ഞതും അന്നാണ്. കോളേജ് മാഗസിനുകളിൽ വെറുതെ ഒരു കൗതുകത്തിനായി കവിതകൾ കുത്തിക്കുറിച്ചിരുന്നതിനു കാലം തെറ്റിക്കിട്ടിയ അംഗീകാരം!

ഇനിയൊരു പത്രത്തിൽ വന്ന വാർത്ത 'സുന്ദരിയായ സാമൂഹ്യ പ്രവർത്തകയെ ബലാൽസംഗം ചെയ്തു' എന്നായിരുന്നു. താൻ സാമൂഹ്യപ്രവർത്തകയും സുന്ദരിയുമാണെന്നു പത്രക്കാർ അംഗീകരിച്ചു വിളിച്ചുപറഞ്ഞതിൽ ആഷിതയ്ക്കു സന്തോഷം തോന്നി. എന്നാൽ തുടർന്നെഴുതിയ ബലാൽസംഗ വാർത്ത അവളെ വല്ലാതാക്കി.

മറ്റൊരു പത്രത്തിൽ വന്ന വാർത്ത 'ബാലാൽസംഗങ്ങളെപ്പറ്റി ഫീച്ചറെഴുതിക്കൊണ്ടിരുന്ന പത്രപ്രവർത്തക ബലാൽസംഗം ചെയ്യപ്പെട്ടു.' എന്നായിരുന്നു. അതു വായിച്ചപ്പോൾ വാർത്തയിലെ ഉത്താരാധുനിക സ്വഭാവമാണ് അവൾക്ക് ഓർമ്മവന്നത്. കഥ കഥയ്ക്കു വിഷയമാകുന്നതുപോലെ, കല ജീവിതത്തിന്റെ താളം നിയന്ത്രിക്കുന്നതുപോലെ, പരസ്യങ്ങൾ വിശ്വാസ സങ്കല്പങ്ങളുടെ ആധികാരിക രേഖകൾ ആകുന്നതുപോലെ, മാധ്യമങ്ങൾ മനുഷ്യബുദ്ധിയെ സ്വാധീനിച്ച് ചിന്തയെ രൂപപ്പെടുത്തുന്നതുപോലെയെല്ലാമുള്ള ഒരവസ്ഥ.

കേരളത്തിൽ അനുദിനമെന്നതുപോലെ പെരുകുന്ന ബലാൽസംഗങ്ങൾ. അത് ഇന്നൊരു വാർത്തയല്ലാതായിരിക്കുന്നു. ആ വാക്കിനുതന്നെ അല്പം സൗന്ദര്യവും മാർദവത്വവും നല്കി മാനഭംഗമെന്നാക്കിയിരിക്കുന്നു. ബലമായി സംഗമിക്കുന്ന അവസ്ഥയിൽ സംഭവിക്കുന്നത് എതിർക്കുന്ന വ്യക്തിക്കു

സംഭവിക്കുന്ന മാനഹാനി മാത്രമാണ്! അങ്ങനെ മാനത്തിനു സംഭവിക്കുന്ന ഭംഗം. ഓരോ ദിവസവും ഏതെല്ലാം തരത്തിൽ മനുഷ്യരുടെ മാനത്തിന് ഭംഗം സംഭവിക്കുന്നു.

ആഷിതയുടെ കാര്യത്തിൽ പത്രമാധ്യമങ്ങൾ ആ മാർദവത്വം ഉപയോഗിച്ചില്ല. മാനത്തിനു സംഭവിച്ച ഭംഗത്തെക്കാൾ ബലമായി സംഗമിച്ചതിനാണ് അവർ പ്രാധാന്യം കൊടുത്തത്. അധികമാരുടെയും ശ്രദ്ധ പിടിച്ചുപറ്റി ഒരു വാർത്തയായിത്തീരുവാൻ സാധ്യതയില്ലായിരുന്ന 'ഒരു സംഭവത്തെ' ഒരു വാർത്തയാക്കി ആഘോഷിക്കുവാനുള്ള മാധ്യമങ്ങളുടെ അപാരമായ ശക്തി വെളിവാക്കുന്നതുകൂടിയായിരുന്നു ആ വാർത്ത.

ബലമായി സംഗമിച്ച സാഹചര്യത്തിന് പല മാനങ്ങളും നിറങ്ങളും നല്കി ഓരോ മാധ്യമങ്ങളും വാർത്തകൾ പ്രചരിപ്പിച്ചുകൊണ്ടിരുന്നു. സംഭവത്തിനു പൊലീസ് നല്കിയ ഭാഷ്യം മറ്റൊന്നായിരുന്നു. 'പ്രസ്തുത കേസിലെ വാദി സുന്ദരിയായിരുന്നു. ആ സൗന്ദര്യം മറ്റുള്ളവർക്കുമുന്നിൽ പ്രദർശിപ്പിക്കുന്നതിൽ വാദി തൽപരയുമായിരുന്നു. ബലാൽസംഗങ്ങളെപ്പറ്റി നിറംകലർത്തി വാർത്തകൾ എഴുതിക്കൊണ്ടിരുന്ന വാദി അതിനെ സവിശേഷമായ അനുഭവമായി ചിത്രീകരിക്കുന്നുമുണ്ട്. പ്രസ്തുത വാർത്തയുടെ സ്വാധീനമാണ് പ്രതികളെക്കൊണ്ട് ആ കൃത്യം നിർവഹിപ്പിച്ചത്. യഥാർത്ഥത്തിൽ വാദിയുടെ ഭാഗത്തുനിന്ന് എതിർപ്പൊന്നും ഉണ്ടായില്ലെന്നാണ് പ്രതികൾ പറഞ്ഞത്. പ്രസ്തുത സംഭവം കഴിഞ്ഞ് വാദി പ്രതികരിക്കുകയായിരുന്നു.'

എന്തുതന്നെയായാലും സംഭവത്തിനെതിരെ പൊതുജനം പലവിധത്തിൽ പ്രതിഷേധിച്ചു. അവരുടെ പ്രതിഷേധത്തെ ജ്വലിപ്പിച്ചെടുക്കുവാൻപാകത്തിനു മാധ്യമങ്ങൾ ഭാവനാകഥനങ്ങൾ നടത്തിക്കൊണ്ടിരുന്നു.

യഥാർത്ഥത്തിൽ എന്താണു സംഭവിച്ചത്. ഓർക്കാൻകൂടി ഇഷ്ടപ്പെടാത്ത ആ സംഭവത്തിലേക്കു നയിച്ച സാഹചര്യത്തിലേക്ക് ആഷിതയുടെ മനസ്സു തിരിഞ്ഞു.

പ്രസ് ക്ലബ്ബ് നടത്തിയ ജേർണലിസം കോഴ്സ് പാസായതിനുശേഷം ഒരു ജോലിക്കായി പല പത്രമാധ്യമങ്ങളെയും സമീപിച്ചു. നിരാശാജനകമായിരുന്നു അവരുടെ പ്രതികരണം. അവസാനം തുച്ഛമായ ശമ്പളത്തിന് ഒരു വാർത്താ വീക്കിലിയിൽ ചേരുകയായിരുന്നു. അവർ പറയുന്നതനുസരിച്ചു വാർത്തകൾ എഴുതണം. ചിലപ്പോൾ ഫീച്ചറുകളാകാം. കേരളത്തിൽ പെരുകിവരുന്ന ആത്മഹത്യയെപ്പറ്റിയാണ് ആദ്യം ആഷിത ഫീച്ചർ തയ്യാറാക്കിയത്. അത് ഏറെ ശ്രദ്ധിക്കപ്പെടുകയും ആഴ്ചപ്പതിപ്പിന്റെ പ്രചാരം വർദ്ധിപ്പിക്കുകയും ചെയ്തു. തുടർന്ന് അതിന്റെ ഉടമയും പ്രധാന എഡിറ്ററുമായ സാനന്ദരാജ്, കേരളത്തിൽ അനുദിനമെന്നതുപോലെ പെരുകിവരുന്ന ബലാൽസംഗങ്ങളെപ്പറ്റി ഫീച്ചറെഴുതുവാൻ ആഷിതയെ ചുമതലപ്പെടുത്തി. ഫീച്ചറിന് ആവശ്യമുള്ള കുറെയധികം ചിത്രങ്ങളും വാർത്തകളും നാല്പത്തഞ്ചുകൾ പിന്നിട്ട സാനന്ദരാജ്തന്നെ നൽകുകയായിരുന്നു.

ഒരു ദിവസം പതിവുപോലെ അഞ്ചുമണിക്ക് ആഫീസിൽനിന്നും ഇറങ്ങുവാൻ തുടങ്ങിയ ആഷിതയോട് സാനന്ദരാജ് പറഞ്ഞു: "ഈ ആഴ്ചത്തെ വാർത്താ വീക്കിലി രണ്ടുദിവസം മുമ്പിറക്കണം. അതുകൊണ്ട് ഈ ലക്കം ചേർക്കുവാനുള്ള ഫീച്ചർഭാഗം ഇന്നുതന്നെ എഴുതിത്തരണം."

നാലഞ്ചു മണിക്കൂർ കഠിനമായി പ്രയത്നിച്ചെങ്കിലേ ഫീച്ചർ പൂർത്തിയാകുകയുള്ളുയെന്ന് ആഷിതയ്ക്കറിയാം. അവൾ ഉത്തരമൊന്നും പറയാതെയിരുന്നു. ആഷിതയുടെ അസൗകര്യം മനസ്സിലാക്കിയിട്ടെന്നതുപോലെ ചിരിച്ചുകൊണ്ട് സാനന്ദരാജ് പറഞ്ഞു: "എത്ര വൈകിയാലും ആഷിതയെ കമ്പനിവണ്ടിയിൽത്തന്നെ വീട്ടിലേത്തിച്ചുകൊള്ളാം. ചെയ്യുന്ന ജോലിക്കു നല്ല പ്രതിഫലവും പ്രതീക്ഷിക്കാം."

ആഷിത ഫോണിലൂടെ വീട്ടിലേക്കു വിളിച്ചു താമസിച്ചേ വരുകയുള്ളുയെന്നു പറഞ്ഞു. അതിനുശേഷം ഒരു കാപ്പികുടിച്ച് മുഖം കഴുകി ഉന്മേഷത്തോടെ ഫീച്ചർ രചനയിൽ മുഴുകി.

എഴുതിക്കൊണ്ടിരുന്നപ്പോൾ സാനന്ദരാജ് അവിടേക്കു വന്നു. പല സിനിമകളിലെയും ഇന്റർനെറ്റിലെയും ചില ബലാൽസംഗചിത്രങ്ങൾ നല്കിക്കൊണ്ട്, അവയെ ഫീച്ചറിൽ എങ്ങനെ കലാപരമായി വിനിയോഗിക്കണമെന്ന് വിശദീകരിച്ചു.

സാനന്ദരാജിന്റെ നിർദ്ദേശങ്ങളോട് യോജിക്കുവാൻ അഷിതയ്ക്കു കഴിഞ്ഞില്ല. അവൾ അഭിപ്രായം തുറന്നുപറയുകയും ചെയ്തു: "നമ്മൾ ഗൗരവത്തോടെ ഒരു ഫീച്ചർ എഴുതുമ്പോൾ ഇത്തരം ചിത്രങ്ങൾ അതിന്റെ ഗൗരവം കെടുത്തിക്കളയുകയെയുള്ളു." സാനന്ദരാജ് ആ അഭിപ്രായത്തെ എതിർത്തുകൊണ്ടു ചിരിച്ചു; "നോക്കൂ ആഷിത, ജീവിതത്തിൽ ധീരകൃത്യങ്ങൾ ചെയ്യുവാൻ വീരന്മാർക്കേ കഴിയൂ. മദമിളകിയോടുന്ന കൊമ്പനെ ഒറ്റയ്ക്കു തളയ്ക്കുന്നത്, നിയന്ത്രണംവിട്ടു പായുന്ന ഒരു വാഹനത്തിലേക്കു സാഹസികമായിക്കയറി അതിനെ നിയന്ത്രിച്ച് നിറുത്തുന്നത്, എയർപോർട്ടിലൂടെ കോടികൾ വിലയുള്ള സ്വർണ്ണങ്ങളോ ഇതര വസ്തുക്കളോ തന്ത്രപൂർവ്വം കടത്തുന്നത്, വേണ്ടിവന്നാൽ എതിരാളിയെ മൽപിടുത്തത്തിലൂടെ കീഴ്പ്പെടുത്തി നെഞ്ചിൽ കഠാര കുത്തിയിറക്കുന്നതെല്ലാം ധീരകൃത്യങ്ങളാണ്. ജീവിതത്തിൽ ഇതൊക്കെ ചെയ്യാൻ കഴിയാത്തവർ ടെലിവിഷനിലൂടെയും സിനിമയിലൂടെയും പത്രമാസികകളിലൂടെയും ഇതെല്ലാം കണ്ടും വായിച്ചും ആത്മസംതൃപ്തി അനുഭവിക്കുന്നു. ഒരു ബലാൽസംഗവും അങ്ങനെതന്നെയാണ്. നിയമത്തെ ഭയപ്പെടുന്നവർക്ക്, ആത്മബലമില്ലാത്തവർക്ക്, അതു ചെയ്യുവാൻ കഴിയില്ല. അവർ ഇത്തരം ഫീച്ചർ വായിച്ചും അതിൽ കൊടുക്കുന്ന ചിത്രങ്ങൾ കണ്ടും മറ്റും സംതൃപ്തിയടയുകയാണു ചെയ്യുന്നത്."

സാനന്ദരാജിന്റെ പ്രഭാഷണം കേട്ട് ആഷിത മന്ദഹസിച്ചു. അവൾ എതിർത്തോ അനുകൂലിച്ചോ ഒന്നും പറയാതെ ആ ചിത്രങ്ങളിലേക്കു നോക്കി. പിന്നെ ഫീച്ചറിന്റെ തുടർന്നുള്ള ഭാഗം എഴുതുവാൻ തയ്യാറെടുത്തു.

ആഷിതയുടെ എഴുത്തിനെ തടസ്സപ്പെടുത്തിക്കൊണ്ട് സാനന്ദരാജ് ചോദിച്ചു: "ആഷിതയ്ക്ക് അനുഭവമുണ്ടോ?"

അവൾ കാര്യം മനസ്സിലാകാതെ സാനന്ദരാജിനെ നോക്കി.

"എന്നെങ്കിലും ബലാൽസംഗം ചെയ്യപ്പെട്ടിട്ടുണ്ടോ?" സാനന്ദരാജ് നിസ്സാരമായി തിരക്കി. ആ ചോദ്യം കേട്ടപ്പോൾ ആഷിതയ്ക്കു കല്ലുകടിച്ചതുപോലെയാണ് തോന്നിയത്. അതിനെന്താണ് സമാധാനം പറയേണ്ടതെന്ന് ആലോചിച്ചപ്പോൾ സാന്ദരാജ് തുടർന്നു പറഞ്ഞു: "അനുഭവമുള്ളവർക്കേ കാര്യങ്ങൾ മനസ്സിലാകൂ. ബലാൽസംഗത്തെപ്പറ്റി ഫീച്ചറെഴുതുന്ന ആഷിത ഒരിക്കലെങ്കിലും ബലാൽസംഗത്തിനു വിധേയയായെങ്കിൽ മാത്രമെ അതിനെ നല്ലരീതിയിൽ അവതരിപ്പിക്കാൻ കഴിയൂ."

സാനന്ദരാജിന്റെ സ്വരത്തിലെ ഇക്കിളിച്ചുവയുള്ള ശൃംഗാരഭാവം ആഷിതയെ വല്ലാതാക്കി. പുറമേ ശാന്തശീലനാണെങ്കിലും എന്തും ചെയ്യാൻ മടിക്കാത്തവനാണ് അയാളെന്ന് ആഫീസിലുള്ളവർ അടക്കംപറയുന്നത് അവളോർത്തു. അവൾ ചുറ്റും നോക്കിയപ്പോൾ സാധാരണരീതിയിൽ ആഫീസ് സജീവമായി പ്രവർത്തിക്കുകയാണ്. അവിടത്തെ സഹജീവനക്കാരുടെ സാന്നിദ്ധ്യം അവളുടെ ഉള്ളിലുയർന്നുവരുവാൻ തുടങ്ങിയ ഭയത്തെ അടക്കിനിറുത്തി.

പെട്ടെന്നാണ് അതു സംഭവിച്ചത്. സാനന്ദരാജ് ആഷിതയെ ബലമായി പിടിച്ചെഴുന്നേല്പിച്ച് മുഖത്തും മാറിലും ചുംബിച്ചു. പിന്നെ മുഖമുയർത്തിക്കൊണ്ടു പറഞ്ഞു: "ഞാൻ തന്നെ ബലാൽസംഗം ചെയ്യാൻ പോകുകയാണ്."

തരിച്ചുനിന്ന ആഷിതയുടെ ഉള്ളിൽ ഭീതിയുടെ പെരുമ്പറ കൊട്ടിക്കൊണ്ടിരുന്നു. പ്രതികരിക്കാനോ പ്രതിഷേധിക്കുവാനോ അവൾക്കു കഴിഞ്ഞില്ല. ശരീരം നഗ്നമാക്കപ്പെട്ടതും സാനന്ദരാജിനാൽ വന്യമായി ആക്രമിക്കപ്പെടുന്നതും അവളറിഞ്ഞു. ചുറ്റുമുള്ള സഹജീവനക്കാർ അതൊന്നും ശ്രദ്ധിക്കാതെ ജോലി തുടരുകയാണ്. ഇടയ്ക്കൊക്കെ അവർ ഒളികണ്ണിട്ടു നോക്കുന്നതും ആഷിത കണ്ടു. അമ്പതുകൾ പിന്നിട്ട വാച്ച്മാൻ അങ്ങോട്ടുമിങ്ങോട്ടും വേഗത്തിൽ നടക്കുന്നതും നടത്തത്തിനിടയിൽ ഓരോ പ്രാവശ്യവും അവിടെ നടക്കുന്നത് ഉദ്വേഗത്തോടെ വീക്ഷിക്കുന്നതും ആഷിത കണ്ടു. ഒന്ന് അലറിവിളിക്കാൻ ശ്രമിച്ചിട്ടും തൊണ്ടയിൽനിന്നും ശബ്ദം പുറത്തേക്കു വരുന്നില്ല. രക്ഷയ്ക്കായി ചുറ്റും നോക്കിയപ്പോഴാണ് അവിടെ നടക്കുന്നത് ക്യാമറകളിൽ പകർത്തുന്നതു കണ്ടത്. ആ ക്യാമറാമാൻമാർ അവിടെ നടക്കുന്നതു പകർത്തുവാൻവേണ്ടി തിക്കിത്തിരക്കുകയാണ്. സാനന്ദരാജിന്റെ പീഡനം ഒരുത്സവംപോലെ തുടർന്നു. ആഷിത വല്ലായ്കയോടെ കണ്ണുകൾ ഇറുക്കിയടച്ചു. മുന്നിൽ ചിരിച്ചുകൊണ്ടു നില്ക്കുന്ന കൃഷ്ണൻ. പിന്നെ കൃഷ്ണൻ ഏതെല്ലാമോ സുന്ദരികളുടെ തുണിയുമായി ഓടി മരത്തിൽക്കയറുന്നു. കൃഷ്ണലീലകളെപ്പറ്റിയോർത്തപ്പോൾ ചിരിവന്നു. മരത്തിന്റെ മുകളിലെത്താറായപ്പോൾ കൃഷ്ണൻ കാലുവഴുതി താഴേക്കു വീണു. പാവം കൃഷ്ണൻ!

അവൾ അറിയാതെ ഭയത്തോടെ കരഞ്ഞുപോയി: 'അയ്യോ...' കാണുന്നതു സ്വപ്നമാണല്ലോ! ചുറ്റും എന്താണ് ഇപ്പോഴും നടക്കുന്നതെന്നറിയാൻ തോന്നിയെങ്കിലും അവൾക്കു കണ്ണുകൾ തുറക്കാൻ കഴിഞ്ഞില്ല.

ബോധമുദിക്കുമ്പോൾ ആശുപത്രിയിലായിരുന്നു. അടുത്തുതന്നെ കരഞ്ഞുകലങ്ങിയ കണ്ണുകളുമായി അമ്മ. മുൾമുനയിൽ ചവുട്ടിയിട്ട് കാലുറപ്പിച്ചുനില്ക്കുവാൻ കഴിയാത്തതുപോലെ അച്ഛൻ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരുന്നു. അടുത്ത ചില ബന്ധുക്കൾ മരണവീട്ടിലെത്തുന്നതുപോലെ മ്ലാനമുഖത്തോടെ അവിടെത്തന്നെ നില്ക്കുന്നുണ്ടായിരുന്നു. മുറിക്കു പുറത്ത് വെരുകുപ്രയാണം നടത്തുന്ന മാധ്യമപ്രവർത്തകരെയും അവൾക്കു കാണുവാൻ കഴിഞ്ഞു.

തുടർന്നുള്ള ലക്കം വാർത്ത വീക്കിലി പുറത്തുവന്നത് ആഷിതയെ ബലാൽസംഗം ചെയ്യുന്ന ചിത്രങ്ങളുമായിട്ടാണ്. അപ്പോഴാണറിയുന്നത് വാർത്ത വീക്കിലിയുടെ യഥാർത്ഥ ഉടമ സാനന്ദരാജിന്റെ ഭാര്യ സുചിത്രയാണെന്ന്! ആഫീസിൽവെച്ച് ജോലിക്കാരിയോട് അപമര്യാദയായി പെരുമാറിയതിന്റെ പേരിൽ സാനന്ദരാജിനെ വാർത്ത വീക്കിലിയുടെ ചുമതലയിൽനിന്ന് പുറത്താക്കിയതായുള്ള പ്രഖ്യാപനവും. എല്ലാത്തിനുമൊടുവിൽ ബലാൽസംഗത്തിനിരയായ പെൺകുട്ടിക്കുവേണ്ടി സഹായനിധി രൂപീകരിക്കുന്നതിന്റെ പരസ്യവാർത്തയും! സഹായം നല്കേണ്ടവർ സുചിത്രയുടെ പേരിൽ വാർത്താവീക്കിലിയിലേക്ക് ചെക്കായോ ഡിഡിയായോ പണമയയ്ക്കുക!

സമാഹരിക്കുന്ന പണം വിനിയോഗിക്കുന്നതിനെപ്പറ്റിയും സുചിത്ര വ്യക്തമാക്കുന്നുണ്ട്. ബലാൽസംഗത്തിനിരയായ പെൺകുട്ടിക്കു സഹായം ചെയ്യുന്നതിനോടൊപ്പം സാനന്ദരാജിനെതിരെ നിയമനടപടികൾ എടുക്കുന്നതിനായുമാണ് പണം ഉപയോഗിക്കുന്നത്. പതിനായിരത്തിലധികം രൂപ നല്കുന്നവരുടെ പേരും ചിത്രവും പ്രതിഷേധവാചകവും വാർത്താവീക്കിലിയിൽ ചേർക്കുന്നതാണെന്നു പ്രത്യേകം പറഞ്ഞിരുന്നു.

പതിനായിരത്തിൽത്താഴെമാത്രം പ്രതികൾ വിറ്റിരുന്ന വാർത്താവീക്കിലിയുടെ പ്രചാരം ഒറ്റ ആഴ്ചകൊണ്ട് മൂന്നുലക്ഷത്തിലധികമായി! വാർത്താവീക്കിലിക്കു പ്രചാരമേറിയപ്പോൾ പേജുകളുടെ എണ്ണം കൂട്ടുകയും വില വർദ്ധിപ്പിക്കുകയും ചെയ്തു.

രണ്ടുദിവസങ്ങൾക്കുശേഷം ലൈവായി വാർത്ത അവതരിപ്പിക്കാൻ കഴിയാത്തതിന്റെ ക്ഷമാപണത്തോടെ ഓണം ചാനൽ ആ സംഭവം നടക്കുന്നതു പലപ്രാവശ്യം പ്രദർശിപ്പിച്ചു. ഇടയ്ക്കു നീണ്ടുനില്ക്കുന്ന പരസ്യങ്ങൾക്കു ശേഷം വീണ്ടും സംഭവം അവതരിപ്പിക്കുകയും അതിനെതിരെയുള്ള രാഷ്ട്രീയനേതാക്കളുടെയും എഴുത്തുകാരുടെയും സാമൂഹ്യപ്രവർത്തകരുടെയും അഭിപ്രായങ്ങളും പ്രതിഷേധങ്ങളും ഉൾപ്പെടുത്തുകയും ചെയ്തു. ആഴ്ചകൾക്കുശേഷവും ചിലപ്പോഴൊക്കെ ആ സംഭവം ഓണം ചാനലിൽ വന്നുകൊണ്ടിരുന്നു.

ഒരു ചിത്രശലഭം മുറിയിലേക്കു പറന്നുവന്നു. അത് ആഷിതയ്ക്കു

മുന്നിൽ പറന്നുല്ലസിച്ച് നൃത്തംചെയ്തുകൊണ്ടിരുന്നു. അവൾ അതിനെ ശ്രദ്ധിച്ചുതുടങ്ങി. ഒരിക്കൽ താനും ജീവിതത്തിൽ ഇങ്ങനെയായിരുന്നില്ലേ? അവൾ ഓർമ്മിച്ചു. എന്നാലിന്നു പിച്ചിക്കീറി നിറംമങ്ങിയ ഒരു ജീവിമാത്രം. യഥാർത്ഥത്തിൽ വാർത്തകളും പരസ്യങ്ങളുമാണ് ഇതിനെല്ലാം കാരണം. വാർത്തകൾ സൃഷ്ടിക്കുന്നതും വിപണണനം ചെയ്യുന്നതും വൻവ്യവസായമാകുമ്പോൾ അതിനുവേണ്ടി ബലികൊടുക്കപ്പെടുന്നവരുടെ അവസ്ഥയെപ്പറ്റി ആരറിയുന്നു.

ഒരിക്കൽ ആഷിതയോട് പ്രണയം വെളിപ്പെടുത്തി അവളില്ലാതെ ജീവിക്കാൻ കഴിയില്ലെന്നു കെഞ്ചിപ്പറഞ്ഞവനാണ് ആകാശ്. അവളെ അതിരുവിട്ടു പ്രണയിക്കുന്ന ആകാശിനെ അവൾ മെല്ലെ ഇഷ്ടപ്പെട്ടുതുടങ്ങി. ദിവസത്തിൽ പലപ്രാവശ്യം ഫോണിൽ വിളിക്കുകയും ഈമെയിൽ ചെയ്യുകയും ഒരുപ്രാവശ്യമെങ്കിലും നേരിൽക്കണ്ട് കിന്നരിക്കുകയും ചെയ്തിരുന്ന ആകാശ് ആ സംഭവത്തിനുശേഷം അവളുമായി ബന്ധപ്പെട്ടിട്ടില്ല. ശരീരം വേദനിച്ചപ്പോഴും മനസ്സ് നീറിയപ്പോഴും ആഷിത അവന്റെ സാന്നിദ്ധ്യം ആഗ്രഹിച്ചതാണ്. പ്രണയം ഉപേക്ഷിച്ചെങ്കിൽ വെറുതെ ആശ്വസിപ്പിക്കാനെങ്കിലും അവനു വരാമായിരുന്നു. ആഷിത ഭൂതകാലത്തെപ്പറ്റിയും ജീവിതത്തെപ്പറ്റിയുമെല്ലാം ഓരോന്നു ചിന്തിച്ചുകൊണ്ടിരുന്നു. മുറിയിൽ പറന്നുല്ലസിച്ചു നൃത്തം ചെയ്തുകൊണ്ടിരുന്ന ചിത്രശലഭം ജാലകത്തിലൂടെ പുറത്തേക്കു പറന്നു.

സംഭവത്തെപ്പറ്റിയുള്ള ആഷിതയുടെ പ്രതികരണമറിയാൻ പല ടെലിവിഷൻ ചാനലുകാരും പത്രമാസികകളും ഉത്സാഹം പ്രകടിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ അവൾക്കു മുന്നിൽ പ്രത്യക്ഷപ്പെടുവാൻ ആഷിത ഇഷ്ടപ്പെട്ടില്ല.

ആഷിതയെ കാണുവാൻ ആകാശ് വന്നു. അവനിൽനിന്നുമുള്ള ആശ്വാസവാക്കുകൾ കേൾക്കുവാനായി അവളുടെ മനസ്സു കൊതിച്ചു. അവൾ അവനുമുന്നിൽ അപമാനിതയും ലജ്ജിതയുമായി തലകുനിച്ചുനിന്നു. മൗനം അവർക്കിടയിൽ സന്ധിക്കാരനെപ്പോലെ പ്രവർത്തിച്ചു.

ആഷിത മെല്ലെ മുഖമുയർത്തി ആകാശിനെ നോക്കി. അപ്പോളവൻ ആഗമനോദ്ദേശ്യം വെളിപ്പെടുത്തി. അക്ഷരം ചാനലിനുവേണ്ടി ആഷിത ഒരഭിമുഖത്തിനു സമ്മതിക്കണം. ആഷിതയെ അഭിമുഖത്തിനു സമ്മതിപ്പിച്ചാൽ ആകാശിന് ആ ചാനലിൽ ജോലി സല്കാമെന്നു ചാനലുകാർ പറഞ്ഞതായും അവൻ പറഞ്ഞു.

അതു കേട്ടപ്പോൾ ആഷിതയ്ക്കൊന്നു ചിരിക്കാനാണു തോന്നിയത്. ഉയർന്നുവന്ന ചിരി ഉള്ളിലൊതുക്കിക്കൊണ്ട് അവൾ കൗതുകത്തോടെ അവനെ നോക്കി. തെല്ലുസമയത്തിനുശേഷം ദൃഢസ്വരത്തിൽ പറഞ്ഞു: “ഞാനിന്നു പൊന്നുവിലയുള്ള പെണ്ണാടാ. ഞാനൊരഭിമുഖത്തിനു സമ്മതിച്ചാൽ ഇവിടത്തെ ചാനലുകാർ ലക്ഷങ്ങളോ കോടികളോവരെ എനിക്കു തരും. അതു ഞാൻ നഷ്ടപ്പെടുത്തണമെന്നാണോ നീ പറയുന്നത്?”

ആകാശിന് ഉത്തരമില്ലായിരുന്നു.

ആഷിത ദൃഢസ്വരത്തിൽ പ്രഖ്യാപിച്ചു: "ഏറ്റവും കൂടുതൽ പണം തരുന്ന ചാനലിന് ഞാൻ അഭിമുഖം അനുവദിക്കും. അതു നീതന്നെ ചാനലുകാരോട് പ്രഖ്യാപിച്ചുകൊള്ളൂ."

ആകാശ് ആശ്ചര്യത്തോടെ ആഷിതയെ നോക്കിനിന്നപ്പോൾ അവൾ തുടർന്നുപറഞ്ഞു: "ഏറെ വിവാദങ്ങൾ ഉണ്ടാകുന്ന പലതും എനിക്കു വെളിപ്പെടുത്തുവാനുണ്ട്. എന്റെ വെളിപ്പെടുത്തൽ പലരുടെയും സ്വൈരം കെടുത്തുകതന്നെചെയ്യും."

ആഷിതയുടെ വാക്കുകൾ കേട്ട് ഒന്നും പറയാതെനിന്ന ആകാശിനോട് അവൾ പറഞ്ഞു: "നീ എന്റെ കൂടെ നിന്നാൽ ആ ചാനലുകാർ നിനക്കു വാഗ്ദാനം ചെയതതിന്റെ ഇരട്ടിയിലധികം ശമ്പളം ഞാൻ നിനക്കു നല്കാം."

ആഷിത ഭാവിയിൽ ചെയ്യുവാനായി നിശ്ചയിച്ചുറപ്പിച്ച കാര്യങ്ങളെപ്പറ്റി അവനോടു വിശദീകരിച്ചു:

"ഇന്ത്യയിലുള്ള ഒരു ചാനലുകാർക്കും ഞാനെന്റെ അഭിമുഖം നല്കുവാൻ ഉദ്ദേശിക്കുന്നില്ല. അവർക്കു ഞാൻ ആവശ്യപ്പെടുന്ന പണം തരുവാനോ ലോകവ്യാപകമായി എന്റെ അഭിമുഖം പ്രദർശിപ്പിക്കുവാനൊ കഴിയുകയില്ല. ഇത് ആഗോളവൽക്കരണത്തിന്റെ കാലമാണ്. ഒരു ബലാൽസംഗംപോലും നിക്ഷേപമാക്കുവാൻ കഴിയുന്ന കാലം. ഏതെങ്കിലും നല്ല പാശ്ചാത്യ ചാനലുകൾ വളരെയേറെ പബ്ലിസിറ്റി കൊടുത്തതിനുശേഷം ആ സംഭവം പ്രക്ഷേപണം ചെയ്താലേ അതിനു പ്രാധാന്യം കൈവരൂ. അപ്പോൾ മാത്രമെ ഇന്ത്യൻ ചാനലുകൾക്കു ഞാൻ പറയുന്ന സത്യത്തിനുനേരെ ക്യാമറ ചലിപ്പിക്കാൻ കഴിയൂ."

ആഷിതയുടെ സ്വഭാവമാറ്റവും സ്വരത്തിലെ നിശ്ചയദാർഢ്യവും ആകാശ് മുമ്പു ചിന്തിച്ചിട്ടുകൂടിയില്ലാത്തതായിരുന്നു. അവൻ ആശ്ചര്യത്തോടെ അവളെ നോക്കി. അവൾ പറയുന്നതിനു കാതോർത്തു. ആഷിത ഭാവികാര്യങ്ങൾ വിശദീകരിച്ചു:

"ഒരു കമ്പ്യൂട്ടർ പ്രസന്റേഷൻ തയ്യാറാക്കണം. ആ സംഭവവും എന്റെ ദൈന്യതയും പ്രതിഷേധവും അറിയിക്കുന്നതിനൊപ്പം എന്നെ ചൂഷണം ചെയ്തതിന്റെ മുഖം വ്യക്തമാക്കുന്ന കമ്പ്യൂട്ടർ പ്രസന്റേഷൻ. എങ്കിൽ മാത്രമെ എന്റെ അഭിമുഖത്തിനു നല്ലൊരു പ്രതിഫലം ലഭിക്കൂ."

അഭിപ്രായം പറയാതെനിന്ന ആകാശിനോട് ആഷിത തുടർന്നു പറഞ്ഞു: "ബോധപൂർവ്വം എന്നെ ഒരു വില്പനച്ചരക്കാക്കുകയായിരുന്നു. അതിന്റെ പേരിൽ പലരും ഏറെ പ്രശസ്തിയും പണവും സമ്പാദിച്ചു. പാശ്ചാത്യ ചാനലുകൾ എനിക്കെതിരെ നടന്ന നെറികേടിനെ ഒരു വാർത്തയാക്കുമ്പോഴേ ഇവിടത്തെ നീതിപീഠങ്ങളിൽനിന്ന് എനിക്കു നീതി ലഭിക്കൂ. ഈ സംഭവത്തിന്റെ പേരിൽ വാർത്താവീക്കിലി സമ്പാദിച്ച മുഴുവൻ തുകയും, സംഭവം പ്രദർശിപ്പിച്ച് ഓണം ചാനലുകാർ സമ്പാദിച്ച പണവും എനിക്കു ലഭിക്കണം. എങ്കിലേ നീതി നടപ്പാകൂ. ഈ വിധി എനിക്കനുകൂലമായി വന്നാൽ

നീചകൃത്യം ചെയ്ത അവർക്കെതിരെ ഉചിതമായ ശിക്ഷയ്ക്കായി ഞാൻ കോടതിയെ സമീപിക്കും. ഞാനിത്രയും പറഞ്ഞത് നീയെന്നെ ഒരുകാലത്തു പ്രണയിച്ചിരുന്നതുകൊണ്ടാണ്." ആഷിത കാര്യഗൗരവത്തോടെ തുടർന്നു: "സായാഹ്നത്തിനുമുമ്പ് ഒരു കമ്പ്യൂട്ടർ പ്രസന്റേഷനുണ്ടാക്കി നീ ബീച്ച് റസ്റ്റോറന്റിൽ വരണം. അവിടെയിരുന്ന് മറ്റുകാര്യങ്ങൾ സംസാരിക്കാം."

ആഷിതയുടെ മുഖത്തേക്ക് ആശ്ചര്യത്തോടെയാണ് ആകാശ് നോക്കിയത്. പിന്നെ മുഖംകുനിച്ച് നനഞ്ഞ ശബ്ദത്തിൽ പറഞ്ഞു: "എന്റെ ഭാഗത്തും തെറ്റുണ്ട്. തന്നെ ഞാൻ വന്നുകണ്ട് ആശ്വസിപ്പിക്കേണ്ടതായിരുന്നു. ക്ഷമിക്കണം." കൂടുതലൊന്നും പറയാതെ ആകാശ് അവിടെനിന്നും തിരിഞ്ഞു നടന്നു.

സന്ധ്യ നല്ലതുപോലെ കറുത്തുകഴിഞ്ഞാണ് ആഷിത ബീച്ച് റസ്റ്റോറന്റിലെത്തുന്നത്. അവിടെ അവളെയും പ്രതീക്ഷിച്ച് ആകാശ് നിന്നിരുന്നു. ആകാശിന്റെ അടുത്തുചെന്ന് ആഷിത തിരക്കി: "കമ്പ്യൂട്ടർ പ്രസന്റേഷൻ തയ്യാറാക്കിയോ?"

"ഉം." ആകാശ് പ്രതികരിച്ചു.

ആഷിത മുന്നിലും ആകാശ് പിന്നിലുമായി റസ്റ്റോറന്റിലെ കമ്പ്യൂട്ടർ കഫേയിലേക്കു നടന്നു.

കംപ്യൂട്ടറിൽ പ്രസന്റേഷൻ കണ്ട ആഷിതയുടെ നെറ്റി ചുളിഞ്ഞു: "ആ ബലാൽസംഗം മുഴുവനായിത്തന്നെ ഉൾപ്പെടുത്തിയിട്ടുണ്ടല്ലോ? മ്യൂസിക്കും ബോറാണ്. എനിക്കിത് ഇഷ്ടപ്പെട്ടില്ല. ആ സംഭവം വിപണനം ചെയ്യുവാൻ ഇതു പര്യാപ്തമല്ല."

അപമാനിതനെപ്പോലെ ഇരുന്ന ആകാശിനെ ആശ്വസിപ്പിച്ച് ആഷിത പറഞ്ഞു: "ആ സംഭവം വിപണനം ചെയ്യുവാൻ പര്യാപ്തമായ പ്രസന്റേഷൻ ഞാൻതന്നെ തയ്യാറാക്കിക്കൊള്ളാം. വരൂ നമ്മൾക്കു കടൽക്കാറ്റു കൊണ്ട് മണൽപ്പരപ്പിലൂടെ നടക്കാം. നിന്റെ ടെൻഷൻ മാറട്ടെ."

കടൽക്കാറ്റുംകൊണ്ട് മണൽപ്പരപ്പിലൂടെ നടക്കുമ്പോൾ അവർ ഒന്നും സംസാരിച്ചില്ല. ആഷിത ഇടയ്ക്കൊക്കെ ആകാശിനെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. തിരക്കുകളിൽനിന്നും തെല്ലകന്നുകഴിഞ്ഞപ്പോൾ അവൾ നിന്നു; അവൾക്കുമുന്നിൽ ആകാശും. അവൾ ആകാശിനെ നോക്കിച്ചിരിച്ചു. എന്നിട്ടു ലാഘവത്തോടെ തിരക്കി: "നിന്നെ ഏതെങ്കിലും സ്ത്രീകൾ മാനഭംഗപ്പെടുത്തിയിട്ടുണ്ടോ?"

ചോദ്യംകേട്ട് വല്ലായ്കയോടെ നിന്ന ആകാശിനെ നോക്കി കൗതുകത്തോടെ ആഷിത പറഞ്ഞു: "അനുഭവമില്ലാത്തതുകൊണ്ടാണ് ആ സംഭവത്തെപ്പറ്റി നല്ലൊരു കംപ്യൂട്ടർ പ്രസന്റേഷൻ ഉണ്ടാക്കാൻ നിനക്കു കഴിയാഞ്ഞത്."

പതറിനിന്ന ആകാശിന്റെ അടുത്തേക്ക് ആഷിത ചേർന്നുനിന്ന് ശബ്ദം താഴ്ത്തി പറഞ്ഞു: "ഞാൻ നിനക്ക് അനുഭവമുണ്ടാക്കിത്തരുവാൻ പോകുകയാണ്."

ആഷിത അവനെ നഗ്നനാക്കി മണൽപ്പരപ്പിൽ നിറുത്തി. പ്രതികരിക്കാൻകൂടി കഴിയാതെനിന്ന അവനെ നോക്കിക്കൊണ്ടു പറഞ്ഞു: "ജീവിതത്തിൽ ധീരകൃത്യങ്ങൾ ചെയ്യുവാൻ മനസ്സുറപ്പുള്ളവർക്കെ കഴിയൂ. എന്റെ ബോസ് എന്നെ പഠിപ്പിച്ചതാണീ പാഠം. ഇപ്പോഴെനിക്കു മനസ്സുറപ്പുണ്ട്. എന്തു ധീരകൃത്യം ചെയ്യുവാനും കഴിയും."

ആഷിത അവിടെനിന്നും തിരിഞ്ഞ് ഉറച്ച കാൽവയ്പുകളോടെ നടന്നു. അവൾക്കിടതുവശത്തായി കടൽത്തിരകൾ ആർത്തിരമ്പി. അവൾക്കുചുറ്റും കടലിന്റെ ഇരമ്പലും വാഹനങ്ങളുടെ ശബ്ദവും ക്രമരഹിതമായി ഉയർന്നുകൊണ്ടിരുന്നു. കടലിൽനിന്നും ഉപ്പുചവർപ്പുള്ള കാറ്റ് തെല്ലു ശക്തിയോടെ അടിച്ചുകൊണ്ടിരുന്നു. തനിക്കനുകൂലമായി വാർത്തകൾ സൃഷ്ടിച്ചു വിപണനം ചെയ്യുന്നതിനെപ്പറ്റി മാത്രമായിരുന്നു ആഷിതയുടെ ചിന്ത.

# 2
# ജഡമഞ്ചത്തിനൊപ്പം

മദിരാശി നഗരത്തിലൂടെ നുങ്കംപാക്കത്തേക്കു നടക്കുമ്പോൾ വിശപ്പ് അസഹനീയമായിത്തോന്നി. രാത്രികളിൽ രാജശേഖരന്റെ മുറിയിൽനിന്നും കിട്ടുന്ന കഞ്ഞിയെപ്പറ്റി ഓർമ്മിച്ചപ്പോൾ വരണ്ട നാവിൽ വെള്ളമൂറി. പെട്ടെന്നുതന്നെ അയാളുടെ കറുത്ത മുഖം മനസ്സിൽ തെളിഞ്ഞു. കറുത്ത ആ വാക്കുകൾ ഒരുവട്ടംകൂടി കാതുകളിൽ മാറ്റൊലിക്കൊണ്ടു: 'ബന്ധത്തിന്റെ പേരും പറഞ്ഞുവന്ന നിന്നെ ഞാൻ കഴിഞ്ഞ രണ്ടുമാസമായി തീറ്റിപ്പോറ്റുന്നു. ഇന്നെങ്കിലും ഇവിടെനിന്നും ഇറങ്ങിയില്ലെങ്കിൽ ബലംപ്രയോഗിച്ചു പുറത്താക്കേണ്ടിവരും.' കലിതുള്ളി കാലുകൾ നിലത്ത് ആഞ്ഞുചവിട്ടി നടന്നകലുന്ന രാജശേഖരനെപ്പറ്റി ഓർത്തപ്പോൾ ഫുട്പാത്തിൽത്തന്നെ നിശ്ചലം നിന്നുപോയി.

എന്റെ കഴിവുകേടുകൊണ്ടു മാത്രമാണ് ഒരു ജോലിയും കിട്ടാത്തതെന്നു പറഞ്ഞ് സുഹൃത്തുക്കളും പരിചയക്കാരും പരിഹസിച്ചപ്പോൾ ആദ്യമാദ്യം തൊലി ഉരിയുമായിരുന്നു. ഇപ്പോൾ അവരുടെ അല്പത്തത്തെപ്പറ്റി ഓർമ്മിക്കുമ്പോൾ ചിരി മാത്രമാണ്.

നഗരത്തിൽ എവിടെച്ചെന്നാലും ജോലിയുണ്ട്. പക്ഷെ, ആദ്യത്തെ നാലു മാസം ട്രെയിനിങ്. ആ കാലയളവിൽ ശമ്പളമില്ല. പ്രവർത്തനങ്ങൾ തൃപ്തികരമാണെങ്കിൽ തുടരാം. ഒരു കമ്പനിക്കാരനും ആരുടേയും ജോലി തൃപ്തികരമായി തോന്നാറില്ല. അതുകൊണ്ട് നാലു മാസങ്ങൾ കഴിഞ്ഞ് പുതിയ ഉദ്യോഗാർത്ഥിയെ ട്രെയിനിയായി എടുക്കുന്നു.

ബാന്റുമേളത്തിന്റെയും കുഴലൂത്തിന്റെയും കാതടപ്പിക്കുന്ന ശബ്ദങ്ങൾക്കൊപ്പം ചടുലമായ ഹിന്ദി ചലച്ചിത്രഗാനംകൂടി കേട്ടാണ് ചിന്തയിൽനിന്നും ഉണർന്നത്. മുന്നിലൂടെ ഉത്തരേന്ത്യൻ വംശജരുടെ ഒരു വിവാഹഘോഷയാത്ര കടന്നുപോകുന്നു. സുന്ദരിയായ വധു സർവ്വാലങ്കാരവിഭൂഷിതയായി കുതിരകൾ വലിക്കുന്ന തേരിലിരിക്കുന്നു. അവൾ മന്ദസ്മിതമൊതുക്കി ഇരിക്കുന്നുവോ? അവർക്കിടയിലായി പ്രായഭേദമെന്യേ പാട്ടിന്റെ താളത്തിനനുസരിച്ചു തുള്ളിച്ചാടി ആഹ്ലാദിക്കുന്ന ചില സ്ത്രീപുരുഷന്മാർ. ഘോഷയാത്രയ്ക്കൊപ്പം ഞാനും നടന്നു; വെളുത്തുചുവന്ന് മാംസക്കൊഴുപ്പുള്ളവരുടെ അംഗചലനങ്ങൾ മാത്രം ശ്രദ്ധിച്ചുകൊണ്ട്.

ടാജ്ഹോട്ടലിന്റെ കവാടത്തിലെത്തിയപ്പോൾ അവർ അതിനുള്ളിലേക്ക് കയറി. അവരോടൊപ്പം കയറുവാൻ എന്റെ മനസ്സ് വെമ്പി. രുചിയുള്ള ഭക്ഷണത്തെപ്പറ്റി ഓർത്തപ്പോൾ നാവിൽ വെള്ളമൂറി. മദ്യത്തിന്റെ ലഹരിയിൽ സ്ത്രീപുരുഷന്മാർ ചേർന്ന് നൃത്തം ചവിട്ടുമായിരിക്കും. ആ നൃത്തത്തെപ്പറ്റി ഓർത്തപ്പോൾ ശരീരത്തിൽ കുളിരുകോരി. സമൂഹത്തിലെ ഉന്നതന്മാരും സുന്ദരീസുന്ദരന്മാരുമായുള്ള ഗാഢസൗഹൃദത്തെപ്പറ്റി ഓർത്തപ്പോൾ എന്റെ തപിച്ച മനസ്സിലേക്ക് ആഗ്രഹങ്ങൾ പൂത്തിറങ്ങി.

അവർക്കൊപ്പം അവരിലൊരാളായി ഉള്ളിലേക്ക് കയറിയാലോ എന്ന് വീണ്ടും ആലോചിച്ചു. പാറിക്കിടക്കുന്ന മുടിയിഴകൾ കൈകൾകൊണ്ട് കോതിയൊതുക്കി. മുഖത്ത് പൊടിഞ്ഞിരുന്ന വിയർപ്പ് ടൗവ്വലെടുത്ത് തുടച്ചു. ഷർട്ട് പിടിച്ച് നേരെയിട്ട് രണ്ടു മൂന്നടി മുന്നോട്ട് നടന്നു. അപ്പോഴാണ് സംശയത്തോടെ തുറിച്ചുനോക്കുന്ന കാവൽക്കാരെ കണ്ടത്. പരുങ്ങലോടെ ഞാൻ എന്നിലേക്കുതന്നെ നോക്കി. ഷർട്ട് മുഷിഞ്ഞ് പിഞ്ചിയിരിക്കുന്നു. പാന്റിന്റെ നിറം മങ്ങി പഴന്തുണിപോലെയായിരിക്കുന്നു. ഉള്ളിലെവിടെയോ അപമാനത്തിന്റെ ജാള്യതയുണ്ടായി. പിന്നെ ഒന്നും അറിയാത്തവനെപ്പോലെ തിരിഞ്ഞ് ഫുട്പാത്തിലൂടെ മുന്നോട്ട് നടന്നു.

ടാജ് ജംഗ്ഷനിൽനിന്നും നുങ്കംപാക്കം പോലീസ് സ്റ്റേഷൻ റോഡിലേക്ക് തിരിഞ്ഞുനടന്നു. വഴിയുടെ അരികിലായി വെള്ളം ഒഴുക്കിക്കൊണ്ടിരിക്കുന്ന പൈപ്പിന്റെ അടുത്തേക്കു ചെന്ന് ആർത്തിയോടെ കുറച്ചധികം വെള്ളം കുടിച്ചു. പിന്നെ കൈയും മുഖവും കഴുകി. തെല്ലകലെയായി നിൽക്കുന്ന തണൽമരത്തിന്റെ ചുവട്ടിലേക്ക് നടന്നു.

ആകെ സമ്പാദ്യമായ സർട്ടിഫിക്കറ്റുകൾ ഇരുന്ന സഞ്ചി തലയ്ക്കൽ വച്ചു. അതിൽ തല ചായ്ച്ച് തണലിൽ പലരിലൊരാളായി നീണ്ടുനിവർന്നു കിടന്നു. തെല്ലാശ്വാസത്തിനായി കണ്ണുകൾ അടച്ചു. രോഗിയായ അമ്മയുടെ ദീനമുഖം മനസ്സിൽ തെളിഞ്ഞുവന്നു. വിവാഹപ്രായമെത്തിനിൽക്കുന്ന മൂന്ന് പെങ്ങന്മാരുടെ ചുടുകണ്ണുനീർ.

അസ്വസ്ഥമായ ചിന്തകളിൽനിന്നും മനസ്സിനെ മുക്തമാക്കുവാൻ വേണ്ടി ചിന്തകളെ ബോധപൂർവം മറ്റൊരു ദിശയിലേക്ക് തിരിച്ചുവിട്ടു.

നാട്ടിലെ തൃക്കുന്നിയൂർ കാവിൽ ഉത്സവം. പേരുകേട്ട കരിമരുന്ന് കലാപ്രകടനം. പിന്നാലെ തെയ്യക്കോലങ്ങൾ. ചൂട്ടുകറ്റയുടെ വെളിച്ചത്തിൽ ഉറഞ്ഞുതുള്ളിയാടുന്ന തെയ്യക്കോലങ്ങൾ. നാണപ്പനാശാന്റെ തെയ്യക്കോലം പ്രസിദ്ധമാണ്. ജ്വലിച്ചുനിൽക്കുന്ന കനൽക്കൂട്ടത്തിലേക്ക് എടുത്തുചാടി ചടുലനൃത്തം ചവിട്ടുന്നു. അട്ടഹാസങ്ങളും ആർപ്പുവിളികളും ഉയർന്നു. അല്പസമയത്തിനുശേഷം തെയ്യക്കോലം കോലംകെട്ട് കനലുകളിൽനിന്നും പുറത്തേക്കുവരുന്നു. ശരീരമാകെ പൊള്ളിക്കരിഞ്ഞിരിക്കുന്നു. കണ്ണുകൾ തുറിച്ച് പല്ലുകൾ ഇളിച്ചിക്കുന്ന ഒരു വികൃതരൂപം.

അസ്വസ്ഥമായ ചിന്തകളിൽനിന്നുമുള്ള മോചനത്തിനായി കണ്ണുകൾ തുറന്നു. മുകളിൽ ശൂന്യാകാശം. താഴെ നിരത്തിലൂടെ പുക പരത്തി ഇരമ്പിപ്പായുന്ന മോട്ടോർ വാഹനങ്ങൾ. അതിനിടയിൽ മണിയും കിലുക്കി വലിച്ചുകൊണ്ടുപോകുന്ന നാടൻ വണ്ടി. പുഷ്പാലംകൃതമായി ആ വണ്ടിയിൽ കിടത്തിയിരിക്കുന്നത് ഏതോ അജ്ഞാതന്റെ ജഡമാണ്. കണ്ണുകൾ ഉയർത്തി നോക്കിയപ്പോൾ അതിന്റെ മുഖം വ്യക്തമായി കണ്ടു. മെലിഞ്ഞു കറുത്ത് കവിളുകൾ ഒട്ടിയിരിക്കുന്നു. പല്ലുകൾ പുറത്തേക്കുന്തി കണ്ണുകൾ പാതി അടഞ്ഞിരിക്കുന്നു. തികച്ചും വികൃതമായ ഒരു രൂപം.

ജഡം വഹിച്ചുകൊണ്ടുപോകുന്ന വാഹനത്തെ അനുഗമിക്കുന്നവരിൽ പലരും തുള്ളിച്ചാടുകയും ആർത്തട്ടഹസിക്കുകയും ചെയ്യുന്നു. അവർ സുന്ദരന്മാരോ സുന്ദരികളോ അല്ല. തനി ദ്രാവിഡർതന്നെ. അവരുടെ സംസ്കാരവും തനി ദ്രാവിഡരുടേതുതന്നെ. കൂടുതൽ ആകാംക്ഷയോടെ ഞാൻ ആ ജഡവാഹനത്തിന്റെ അടുത്തേക്കു നടന്നു.

എനിക്ക് മുന്നിൽക്കൂടി കടന്നുപോകുന്ന ഘോഷയാത്രക്കാരിൽ ആരോ എന്റെ കൈയിൽ പിടിച്ചുവലിച്ച് അവർക്കടുത്തേക്ക് നിർത്തി. പെട്ടെന്ന് ഒരു പരിഭ്രമം എന്നെ പൊതിഞ്ഞു. അറിയാതെ അവർക്കൊപ്പം ഞാനും നടന്നു.

ശവമഞ്ചത്തിൽനിന്നും ഉയരുന്ന പരിമളഗന്ധം നാസാരന്ധ്രങ്ങളിൽ എത്തുന്നുണ്ടായിരുന്നു. അതൊരു പുതിയ അനുഭവമായി. ശവമഞ്ചത്തിൽനിന്നും പറിച്ചെറിയുന്ന പൂവുകൾ ഇതൾ ചിതറി എനിക്കു മുകളിൽ പുഷ്പവൃഷ്ടിയായി പെയ്തിറങ്ങിക്കൊണ്ടിരുന്നു. ആഘോഷത്തിന്റെയും ആശ്വാസത്തിന്റേതുമായ പുത്തനനുഭവം എന്റെ ഉള്ളിലേക്ക് സംക്രമിച്ചുതുടങ്ങി. നാടൻപാട്ടിന്റെ ശീലുകൾക്കനുസരിച്ച് ക്രമരഹിതമായി തുള്ളിച്ചാടുന്നവർക്കൊപ്പം ഞാനും തുള്ളിത്തുടങ്ങി. ആദ്യം മെല്ലെ. പിന്നെ അവർക്കൊപ്പം. പിന്നെ ആരെയും ശ്രദ്ധിക്കാതെ.

നഗരം ചുറ്റിയുള്ള ആ യാത്രയിൽ ജഡമഞ്ചത്തെ പലരും പുഷ്പഹാരം അണിയിച്ചു. മാറിനിന്ന് കുമ്പിട്ടു. കാലിൽ തൊട്ട് വന്ദിച്ചു. കടന്നുപോകുന്ന വഴികളിലുള്ള അമ്പലങ്ങൾക്കും മോസ്ക്കുകൾക്കും പള്ളികൾക്കും മുമ്പിൽ ജഡമഞ്ചം നിർത്തി. അതിനു മുന്നിൽ കൂടിനിന്നവർ അവരുടേതായ ആചാരമനുസരിച്ചു പുഷ്പഹാരങ്ങൾ വച്ചും പട്ടുവിരിച്ചും പുണ്യാഹം തളിച്ചും ആദരവോടെ മതസൗഹാർദ്ദം ഊട്ടിയുറപ്പിച്ചു.

യാത്ര തുടർന്നുകൊണ്ടിരുന്നു. ആടിയും പാടിയും തളർന്നവർക്കായി പായ്ക്കറ്റിൽ 'മുന്നീർ'(ഒരു പഴയകാല മദ്യം) എത്തി. ആശ്വാസത്തിനായി മുന്നീർ ആർത്തിയോടെ കുടിച്ചു. ഉന്മേഷമായി, ഉത്സാഹമായി, ചുറ്റുമുള്ളവർക്കു മുന്നിൽ ഞങ്ങൾ തിരശ്ശീലയിൽ തെളിയുന്ന താരകങ്ങളെ പോലെയായി. ഞങ്ങൾക്ക് എതിർവശത്തായി നിരത്തിലൂടെ പടുകൂറ്റൻ മദ്യവിരുദ്ധറാലിയും കടന്നുപൊയ്ക്കൊണ്ടിരുന്നു.

അവസാനം നിശയുടെ ഏതോ യാമത്തിൽ ജഡം കുഴിച്ചിട്ടു. പൂർവ്വിക രുടെ നന്നങ്ങാടിയെ അനുസ്മരിപ്പിക്കുമാറ് അതിനു മുകളിൽ സ്മാരകം ഉയർത്തുവാൻ തുടങ്ങിക്കഴിഞ്ഞു.

തുള്ളിച്ചാടി നൃത്തംചവിട്ടി ആഹ്ലാദിച്ചവർ അവിടെത്തന്നെ കൂടിനിന്നു. അല്പം കഴിഞ്ഞപ്പോൾ എന്റെ കൈവെള്ളയിൽ ആരോ രാഷ്ട്രപിതാവിന്റെ പടമുള്ള നോട്ട് വച്ചുതന്നു. ഞാനതിലേക്ക് സൂക്ഷിച്ചുനോക്കി. പിന്നെ മന സ്സിൽ കരുതി: “തൊഴിലില്ലാവേതനം”; അല്ല ആദ്യമായി കിട്ടിയ ശമ്പളം. കൈയിലെത്തിയ ലക്ഷ്മീദേവിയെ പലവട്ടം ചുംബിച്ചു. അവിടെനിന്നും നട ന്നുതുടങ്ങിയാലോ എന്ന് ആലോചിച്ചപ്പോഴാണ് തോളിൽ തൂങ്ങിക്കിടന്ന സഞ്ചിയിലെ സർട്ടിഫിക്കറ്റുകളെപ്പറ്റി ഓർമ്മവന്നത്. ഇപ്പോൾ എന്റെ തോളിൽ സഞ്ചിയില്ല. അതിലെ സർട്ടിഫിക്കറ്റുകളും ഇല്ല. മനസ്സ് വേപഥു പൂണ്ടു. എന്നിട്ടും ആശയോടെ അകലേക്ക് നോക്കി. ജഡമഞ്ചങ്ങൾ വല്ലതും ഇനിയും വരുന്നുണ്ടോ?

# 3
# നിയമവൃത്തം

**കു**റ്റം ചെയ്തുകഴിഞ്ഞാൽ കുഞ്ഞാമൻ കോടതിയിൽ പോകുമായിരുന്നു. കുഞ്ഞാമൻ ചെയ്ത കുറ്റങ്ങൾ ആരും കണ്ടുപിടിക്കാത്തതിനാൽ കുഞ്ഞാമൻ കുറ്റവാളി ആയിരുന്നില്ല.

നിയമം അനുശാസിക്കുന്നതിൽനിന്നും ഭിന്നമായി ചെയ്യുന്നത് നിയമനിഷേധമാണല്ലോ? നിയമനിഷേധം കുറ്റവും.

കുഞ്ഞാമന് ഒരു മനഃസാക്ഷിയുണ്ട്. ചിന്തിക്കുന്ന, പ്രവർത്തിക്കുന്ന മനഃസാക്ഷി.

നിയമം കുറ്റം കണ്ടെത്തിയില്ലെങ്കിലും കുഞ്ഞാമന്റെ മനഃസാക്ഷി ചെയ്ത കുറ്റം സമ്മതിക്കും. കുറ്റം സമ്മതിച്ചുകഴിഞ്ഞാൽ അതിന് ശിക്ഷ ആവശ്യമാണ്. ശിക്ഷ നടപ്പാക്കിയിരുന്നതും കുഞ്ഞാമന്റെ മനഃസാക്ഷിയാണ്. ഓരോ പ്രാവശ്യവും കുഞ്ഞാമന്റെ മനഃസാക്ഷി വിധിക്കുന്ന വിധി ഒന്നുതന്നെയാണ്. ഒരു ദിവസം കോടതിയിൽ പോയിരിക്കുക. ജഡ്ജി ഒന്നും പറഞ്ഞില്ലെങ്കിൽ വെറുതെ വിട്ടതായി കരുതി തിരിച്ചുപോരിക. കുഞ്ഞാമൻ കോടതിയിൽനിന്നും എന്നും വെറുതെ തിരിച്ചുപോന്നിട്ടേയുള്ളൂ.

കുഞ്ഞാമന്റെ കുറ്റങ്ങൾ പലതാണ്.

അറുപതികളിലേക്ക് കാലെടുത്തുകുത്തിയ കുഞ്ഞാമന് അന്യസ്ത്രീകളുമായി രമിക്കുന്നതിലാണ് താത്പര്യം. അതിന് പ്രായവ്യത്യാസമില്ല. അതിനായി എത്ര പണം വേണമെങ്കിലും മുടക്കുകയും എന്ത് കള്ളത്തരം വേണമെങ്കിലും പറയുകയും പ്രവർത്തിക്കുകയും ചെയ്യും.

തെറ്റു പറയരുതല്ലോ കുഞ്ഞാമൻ ഭാര്യയായ കാർത്തിയെ പൊന്നുപോലെയാണ് നോക്കുന്നത്. അവൾ പറയുന്നതിനപ്പുറമൊരു വാക്ക് കുഞ്ഞാമനില്ലെന്നാണ് നാട്ടുകാരുടെ ഭാഷ്യം. കാർത്തിയെ സഹായിക്കുവാൻ എപ്പോഴും രണ്ട് ജോലിക്കാരികൾ വീട്ടിൽ കാണും.

ഇതിൽ കൂടുതൽ ഒരു ഭർത്താവ് എങ്ങനെയാണ് ഭാര്യയെ സ്നേഹിക്കുക.

ഭാര്യയെ മാത്രമല്ല മക്കളോടും കുഞ്ഞാമൻ തികഞ്ഞ നീതിയാണ് പുലർത്തിയിരിക്കുന്നത്. ഒരു മകളെ ഉയർന്ന സാമ്പത്തികസ്ഥിതിയുള്ള ഒരു സർക്കാർ ഉദ്യോഗസ്ഥനാണ് വിവാഹം കഴിച്ചുകൊടുത്തത്. വെറും ഉദ്യോഗസ്ഥനല്ല: ശമ്പളത്തെക്കാൾ കിമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥൻ. പണം കൊടുത്ത് അടുത്തുള്ള മാനേജ്മെന്റ് പ്ലസ് ടുവിൽ മകന് ജോലി വാങ്ങിച്ചു

കൊടുത്തു. ഇപ്പോൾ ഒരു സർക്കാർജോലിക്കാരത്തിയെ മകനായി അന്വേഷിച്ചുകൊണ്ടിരിക്കുന്നു.

മദ്യപാനവും പുകവലിയും കുഞ്ഞാമനു ശീലമില്ല.

മൂന്നു ദിവസംമുമ്പ് കുഞ്ഞാമൻ ഒരു കുറ്റം ചെയ്തു. നിയമത്തിന്റെ മുന്നിൽ സ്ത്രീപീഡനം. അതിനു തൊട്ടുമുന്നിലത്തെ ദിവസം മറ്റൊരു കുറ്റം ചെയ്തു. ഒരു കോൺട്രാക്ടറുടെ കൈയിൽനിന്നും അല്പം പണം വാങ്ങി. നിയമത്തിന്റെ ഭാഷയിൽ പറഞ്ഞാൽ കൈക്കൂലി.

മൂന്നു ദിവസം മുമ്പു നടന്ന സംഭവമിതാണ്.

സാമ്പത്തികം കുറഞ്ഞ വീട്ടിലെ ഒരു പെൺകുട്ടിയുമായി കുഞ്ഞാമൻ രമിച്ചു. പെൺകുട്ടിക്ക് പ്രായം ഏറിയാൽ പതിനാറ്. അത് തീർച്ചയായും പീഡനമാണെന്ന് കുഞ്ഞാമനറിയാം. പെൺകുട്ടിയുടെ ജാതിയെപ്പറ്റിയും കുഞ്ഞാമനറിയാം. പക്ഷെ കുഞ്ഞാമനതു പറയില്ല. ആവശ്യമില്ലാതെ ജാതിപ്പേര് പറയുന്നതും ശരിയല്ലല്ലോ?

പെൺകുട്ടിയുടെ ജാതി പ്രശ്നമാക്കേണ്ട. വിവസ്ത്രർക്ക് എന്ത് ജാതി! ചെയ്തത് നിയമനിഷേധമാണെന്ന് കുഞ്ഞാമന്റെ മനസ്സ് പറഞ്ഞു.

തെറ്റു പറയരുതല്ലോ. പെൺകുട്ടിക്ക് എതിർപ്പൊന്നുമില്ലായിരുന്നു. ചോദിക്കാതെതന്നെ അവൾക്ക് പണവും കൊടുത്തു. അവൾ എന്തെങ്കിലും ആവശ്യപ്പെട്ടാൽ ഇനിയും കൊടുക്കുവാൻ കുഞ്ഞാമൻ തയ്യാറാണ്.

ഇത്രയും പറഞ്ഞതുകൊണ്ട് കുഞ്ഞാമൻ ആരാണെന്ന് പൂർണ്ണമായും നിങ്ങൾക്ക് മനസ്സിലായോ?

കുഞ്ഞാമൻ പ്രമുഖമായ ഒരു രാഷ്ട്രീയപാർട്ടിയുടെ ജില്ലാ സെക്രട്ടിയും പഞ്ചായത്തു പ്രസിഡന്റുമാണ്. ഒരു റോഡിന്റെ കോൺട്രാക്റ്റ് ശരിയാക്കി കൊടുത്തതിനാണ് കോൺട്രാക്ടറ്റർ കുഞ്ഞാമന് പണം കൊടുത്തത്. കുഞ്ഞാമൻ ചോദിച്ചിട്ടല്ല. കോൺട്രാക്റ്റർ കൊടുത്തു. കുഞ്ഞാമൻ വാങ്ങി. അത്രതന്നെ. കോൺട്രാക്റ്റർക്ക് ഇനി എന്തെങ്കിലുമൊരു പ്രശ്നമുണ്ടെങ്കിൽ അത് കുഞ്ഞാമൻ ശരിയാക്കിക്കൊടുക്കും.

കുഞ്ഞാമൻ കോടതിപരിസരത്ത് എത്തിക്കഴിഞ്ഞപ്പോഴാണ് അവിടം അസാധാരണമായ ഒരു വിധിക്ക് സാക്ഷിയാകുവാൻ പോകുകയാണെന്നറിഞ്ഞത്.

വിധി അറിയുവാൻ സ്ത്രീസംഘടനാ പ്രതിനിധികൾ, മാധ്യമപ്രവർത്തകർ, കോളേജ് വിദ്യാർത്ഥികൾ, സാമൂഹ്യപ്രവർത്തകർ, സാംസ്കാരിക നായകന്മാർ പൊതുജനങ്ങൾ തുടങ്ങിയവരുടെ ഒരു നീണ്ട നിരതന്നെയുണ്ട്.

ഒരുപക്ഷേ, ആ കോടതിയുടെ ചരിത്രത്തിലെ ഏറ്റവും ജനശ്രദ്ധയാകർഷിക്കുന്ന വിധിയാകാമത്. കോടതിക്കുള്ളിലേക്കു കയറുവാൻ കഴിയാതെ പൊതുനിരത്തിൽനിന്ന കുഞ്ഞാമൻ കാര്യഗൗരവത്തോടെ തിരക്കി. എന്താണ് വിധി?

കുഞ്ഞാമൻ പലരുടെ നാവുകളിൽനിന്ന് വസ്തുതകൾ അറിഞ്ഞുകൊണ്ടിരുന്നു.

'വിധി വരുന്നതേയുള്ളൂ'—ആൾക്കൂട്ടത്തിൽനിന്ന് ഒരാൾ പറഞ്ഞു. അപ്പോൾ കുഞ്ഞാമൻ തിരക്കി: 'എന്താണ് കേസ്?'

കേസ് വളരെ നിസ്സാരമാണ്.

സുമിതയെന്ന ഇരുപത്തിയെട്ടുകാരിയോട് നിയമം ക്രൂരമായി പെരുമാറുന്നു. അവളുടെ മനുഷ്യാവകാശങ്ങൾ നിർദാക്ഷിണ്യം ചവുട്ടിയരയ്ക്കുന്നു.

കേസിനാസ്പദമായ വസ്തുതകൾ കുഞ്ഞാമൻ വളരെ ലളിതമായറിഞ്ഞു.

ഇംഗ്ലീഷ് സാഹിത്യത്തിൽ യു.ജി.സിയുടെ സ്കോളർഷിപ്പോടെ പിഎച്ച്.ഡി. കഴിഞ്ഞ സുമിതയെ മാധവനെന്ന കംപ്യൂട്ടർ എഞ്ചിനീയർ വിവാഹം കഴിച്ചു. വിവാഹംകഴിഞ്ഞ് ഏഴു ദിവസമായപ്പോൾ മാധവനെ പോലീസ് അറസ്റ്റുചെയ്ത് ലോക്കപ്പിലിട്ടു. പിന്നീട് ഇതേവരെ പുറത്തേക്കു വിട്ടില്ല.

മാധവനെ വിട്ടുകിട്ടണമെന്ന ആവശ്യവുമായി സുമിത കോടതിയിലെത്തി. മൂന്നുവർഷം കഴിഞ്ഞിട്ടും സുമിതയ്ക്കു നീതി ലഭിച്ചില്ല.

സ്ത്രീത്വവും മനുഷ്യാവകാശവും സംരക്ഷിക്കണമെന്ന ആവശ്യവുമായി സുമിത കോടതിയിൽ വീണ്ടുമൊരു കേസ് ഫയൽ ചെയ്തു.

അപ്പോൾ കുഞ്ഞാമനൊരു സത്യം തിരിച്ചറിയുകയായിരുന്നു—സ്ത്രീത്വവും മനുഷ്യാവകാശവും രണ്ടാണെന്ന സത്യം!

സുമിത കൊടുത്ത പരാതിയുടെ സാരം ഇതാണ്:

സുമിതയ്ക്ക് സന്താനോത്പാദനം നടത്തണം. മുപ്പതുകൾ കഴിഞ്ഞാൽ സ്ത്രീകളിൽ വന്ധ്യതയ്ക്കുള്ള സാദ്ധ്യത ഏറെയാണ്. ഒരു വ്യക്തിയെന്ന നിലയിൽ സമൂഹത്തോടും രാഷ്ട്രത്തോടുമുള്ള കടമ വളരെ നന്നായി നിർവ്വഹിച്ച വ്യക്തിയാണ് സുമിത. സമൂഹം അനുശാസിക്കുന്ന നിയമത്തിനു വിധേയമായിട്ടേ ജീവിച്ചിട്ടുള്ളൂ. ലൈംഗികത സ്വാതന്ത്ര്യമാണ്. ആ സ്വാതന്ത്ര്യത്തിന് സമൂഹവും നിയമവും അനുശാസിക്കുന്ന ചില പരിമിതികളുണ്ട്. വിവാഹത്തിലൂടെ സുമിത നിയമത്തെയും പരിമിതിയേയും അംഗീകരിക്കുകയായിരുന്നു.

സുമിതയ്ക്ക് ലൈംഗികത അനുഭവിക്കാനും സന്താനോത്പാദനം നടത്തുവാനും കഴിയുന്ന രീതിയിൽ ഭർത്താവായ മാധവനെ വിട്ടുകിട്ടണം. നിയമത്തിനു വിധേയയായി കഴിയുന്ന സുമിതയുടെ, നിയമം നടപ്പാക്കിക്കിട്ടുവാനുള്ള അപേക്ഷ.

ഇതെല്ലാം കേട്ടപ്പോൾ കുഞ്ഞാമന് ദുഃഖം തോന്നി. ഒരു പെൺകുട്ടിയോട് അതും നിയമത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്ന പെൺകട്ടിയോട് നിയമം ഇത്രയും ക്രൂരത കാട്ടിയത് ഒരിക്കലും ന്യായീകരിക്കുവാൻ കഴിയാത്തതാണ്.

അപ്പോഴാണ് മാധവൻ എന്തു കുറ്റമാണ് ചെയ്തതെന്ന് കുഞ്ഞാമൻ ചിന്തിച്ചത്. കുഞ്ഞാമൻ ചുറ്റും നിന്നവരോട് തിരക്കി മാധവൻ ചെയ്ത തെറ്റുമറിഞ്ഞു.

കംപ്യൂട്ടർ വൈറസുകൾക്കു ജന്മംകൊടുത്തതാണ് മാധവന്റെ പേരിലുള്ള കുറ്റം. മാധവൻ ജന്മംകൊടുത്ത വൈറസുകൾ ഓരോരോ സൈറ്റുക

ളിൽ കയറി വളർന്ന് സ്വയം പ്രഖ്യാപിക്കുന്നു: 'യന്ത്രത്തിന്റെ ബുദ്ധിയിൽ നിന്നും മനുഷ്യന്റെ ബുദ്ധിയിലേക്ക് തിരിച്ചുപോകാം.'

നിയമം പറയുന്നത് മാധവൻ ഭീകരനാണ്. കൊടുംഭീകരൻ. ലോകത്തെ നശിപ്പിക്കുന്ന ഭീകരൻ. വാർത്താലോകവും മാധവനെ വെറുതെ വിട്ടില്ല. 'കലി യുഗത്തിന്റെ പ്രവാചകനെന്നും', 'കല്ക്കിയുടെ ജന്മ'മെന്നുമാണ് അവർ വിശേഷണങ്ങൾ നൽകിയത്.

മാധവന് പറയാനുള്ളതിനെപ്പറ്റി ആരും ശ്രദ്ധിക്കാറേയില്ല.

മാധവൻ ആവർത്തിച്ച് ആണയിട്ട് പറഞ്ഞുകൊണ്ടിരുന്നു, 'ഞാൻ ബോധപൂർവ്വമായി ഒന്നും ചെയ്തിട്ടില്ല. കംപ്യൂട്ടറിൽ പുതിയ നിരീക്ഷണ ങ്ങൾ നടത്തുമ്പോൾ അത് വൈറസായി മാറുകയാണ്.'

എല്ലാം അറിഞ്ഞുകഴിഞ്ഞപ്പോൾ കുഞ്ഞാമന് സുമിതയുടെ മുഖമൊന്നു കാണുവാൻ കൊതി തോന്നി. കോടതിക്കുള്ളിലേക്കു കയറുവാൻ കുഞ്ഞാ മൻ ആൾക്കൂട്ടത്തിനിടയിലൂടെ തിക്കിത്തിരക്കി.

കുഞ്ഞാമൻ തിക്കിത്തിരക്കുന്നതിനിടയിൽ കോടതി വിധി പറഞ്ഞു. അവിടെക്കൂടിനിന്ന ജനങ്ങളിൽനിന്നുമാണ് കുഞ്ഞാമൻ വിധിയറിഞ്ഞത്.

പെൺകുട്ടി ഗർഭം ധരിക്കുന്നതിലോ ലൈംഗികത അനുഭവിക്കുന്നതിലോ കോടതിക്ക് എതിർപ്പില്ല. ഭീകരനായ മാധവനിൽനിന്നുതന്നെ അതു വേണ മെന്ന് ശാഠ്യം പിടിക്കുന്നത് അംഗീകരിക്കാനാവാത്ത വസ്തുതയാണ്. ഭർത്താവ് കുറ്റവാളി ആയതിനാൽ നിയമപരമായി വിവാഹം വേർപെടുത്തു വാനുള്ള സഹായം കോടതി നടത്തിത്തരാം. നിങ്ങൾ നിയമത്തെയും കോട തിയെയും അംഗീകരിക്കുന്നതിനാൽ നിങ്ങളുടെ കാര്യത്തിൽ കോടതിക്ക് പ്രത്യേക താത്പര്യമുണ്ട്.

ഇതറിഞ്ഞപ്പോൾ കുഞ്ഞാമനു തോന്നി, നിയമം വല്ലാത്തൊരു വൃത്ത മാണ്. രൂപം മാറുകയും ഭാവം പകരുകയും ചെയ്യുന്ന വൃത്തം. അടുക്കും തോറും ആകർഷണീയത ഏറുന്ന വിഷമവൃത്തം.

നിയമവൃത്തത്തിനുള്ളിൽപ്പെട്ട് വിഷമിക്കുന്നവരുടെ സംഗമസ്ഥലത്തു നിന്നും കുഞ്ഞാമൻ നടന്നുതുടങ്ങി. അപ്പോൾ കുഞ്ഞാമന്റെ മനസ്സു പറ ഞ്ഞു: കുറ്റവാളികൾ കുറ്റവാളികളല്ലാത്തവരെ കുറ്റകരമായ രീതിയിൽ വിധി ക്കുന്നു. അല്പം നടന്നുകഴിഞ്ഞ് കുഞ്ഞാമൻ തിരിഞ്ഞുനിന്ന് നിയമവൃത്ത ത്തിനുള്ളിൽ നിൽക്കുന്നവരെ കൗതുകത്തോടെ നോക്കി.

കുഞ്ഞാമൻ പിന്നെയും തിരിഞ്ഞുനടന്നു; കുഞ്ഞാമന്റെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ലോകത്തിലേക്ക്.

# 4
# മഴനൃത്തത്തിനൊപ്പം

**ഇ**ഹലോകത്തിനുമപ്പുറത്ത് നരകത്തിൽ വരുവാൻ പോകുന്ന പീഡാനുഭവങ്ങളെപ്പറ്റിയും ഗതികേടുകളെപ്പറ്റിയും ജോഫ്രി ചിന്തിച്ചുനോക്കി. ചിന്തിച്ചിട്ടും ചിന്തിച്ചിട്ടും ഒരെത്തുപിടിയും കിട്ടുന്നില്ല.

ആത്മഹത്യചെയ്യുവാൻ ഉറപ്പിച്ച ജോഫ്രിയെ സംബന്ധിച്ചിടത്തോളം നരകത്തെപ്പറ്റിയല്ലാതെ സ്വർഗ്ഗത്തെപ്പറ്റി എങ്ങനെ ചിന്തിക്കാൻ കഴിയും! അതുകൊണ്ടുതന്നെ ജോഫ്രി നരകത്തെപ്പറ്റിത്തന്നെയാണ് ചിന്തിച്ചത്. സ്വർഗ്ഗം വിശുദ്ധന്മാർക്കു മാത്രമുള്ള ഇടമാണല്ലോ. ഇനിയൊരു സ്ഥലമുള്ളത് ശുദ്ധീകരണ സ്ഥലമാണ്. സ്വഭാവം ശരിയല്ലെന്ന് ആദ്ധ്യാത്മികാചാര്യന്മാർ വ്യക്തമാക്കുകയും ആത്മഹത്യയെപ്പറ്റി ചിന്തിക്കുകയും ഉടൻതന്നെ അതു നടപ്പാക്കുകയും ചെയ്യുന്ന ജോഫ്രിയുടെ പരലോകവാസം നരകത്തിൽത്തന്നെയാണ്.

മോക്ഷം, ശുദ്ധീകരണസ്ഥലം, നരകം തുടങ്ങിയ പരലോകസങ്കേതങ്ങളിലേക്ക് പോകുവാനുള്ള മാർഗ്ഗമാണ് മരണം. അപ്പോൾ പരലോകത്തുനിന്നും ഇഹലോകത്തേക്കു വരുവാനും ഒരു മാർഗ്ഗമുണ്ടാകും. ആ മാർഗ്ഗത്തെപ്പറ്റിയും ജോഫ്രി ചിന്തിച്ചുനോക്കി. ഒരെത്തുംപിടിയും കിട്ടുന്നില്ല. അവസാനം ഒരു നിഗമനത്തിലെത്തി. പരലോകത്തെത്തിയാൽ ആ മാർഗ്ഗം അറിയുവാൻ കഴിയും.

അങ്ങനെ ഭൂമിയിൽ ബാക്കിവച്ചിരിക്കുന്ന ആഗ്രഹങ്ങൾ പൂർത്തിയാക്കാൻ പരലോകത്തുനിന്നും ഇവിടേക്കു വീണ്ടും വരുന്നതാണ് യുക്തമെന്ന് ജോഫ്രി ഉറപ്പിച്ചു. തൽക്കാലം ഇഹലോകത്തുനിന്നു മാറിനിന്നേ പറ്റൂ.

പലവിധ ചിന്തകളോടെ ജോഫ്രി നടന്നു. പ്രക്ഷുബ്ധമായ കടലിന്റെ ഒരുവശത്തെ ഉയർന്ന പാറക്കെട്ടിലെത്തി. ഒരു വശത്ത് ശാന്തമായ കര. മറുവശത്ത് പ്രക്ഷുബ്ധകടൽ. കൂടുതലൊന്നും ആലോചിക്കാതെ എടുത്തുചാടുവാനായി ആഞ്ഞപ്പോൾ അവന്റെ കൈത്തണ്ടയിൽ ആരോ ബലമായി പിടിച്ചു. ഒരു തണുത്ത കൈ. ജോഫ്രി വല്ലായ്കയോടെ തിരിഞ്ഞുനോക്കി.

സുസ്മേരവദനനായ ഒരു മധ്യവയസ്കൻ.

മധ്യവയസ്കൻ ചിരിച്ചുകൊണ്ട് തിരക്കി: “ആത്മഹത്യ ചെയ്യുവാൻ തുടങ്ങുകയാണല്ലേ? തടസ്സപ്പെടുത്തിയതിൽ ക്ഷമിക്കണം. വിരോധമില്ലെങ്കിൽ ആത്മഹത്യയ്ക്കുമുമ്പ് എന്നോടൊരല്പം സംസാരിച്ചുകൂടെ?”

എന്തുപറയണമെന്നറിയാതെ ജോഫ്രി കുഴങ്ങിനിന്നു. പിന്നെ പ്രതിഷേധത്തോടെ മുരണ്ടു: “ആത്മഹത്യ ചെയ്യാനുള്ള സ്വാതന്ത്ര്യമെങ്കിലും എനിക്കു തന്നുകൂടെ?”

“ആയ്ക്കൊള്ളൂ. ആരു പറഞ്ഞു അരുതെന്ന്.” മധ്യവയസ്കൻ തുടർന്നു: “നിങ്ങൾക്ക് ആത്മഹത്യചെയ്യാൻ താത്പര്യമുള്ളതുപോലെ എനിക്ക് നിങ്ങളോട് സംസാരിക്കാനും താത്പര്യമുണ്ട്. ആത്മഹത്യയ്ക്കുമുമ്പ് മറ്റൊരാളുടെ ആഗ്രഹം സാധിച്ചുകൊടുക്കുന്നതിൽ തെറ്റുണ്ടോ?”

“മറ്റുള്ളവരുടെ ആഗ്രഹം ആർക്കറിയണം.” ജോഫ്രി പ്രതിഷേധത്തോടെ പറഞ്ഞു: “എനിക്കു വലുത് ഇപ്പോൾ എന്റെ ആഗ്രഹങ്ങൾ മാത്രമാണ്.”

മധ്യവയസ്കൻ വാദപ്രതിവാദത്തിനില്ലെന്നുറച്ച് സ്വയം പരിചയപ്പെടുത്തി: “ഞാൻ സത്യശീലൻ. സത്യങ്ങൾ മാത്രം പ്രവർത്തിക്കുകയും സത്യത്തിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ.”

“നിങ്ങൾക്ക് എന്താണു പറയാനുള്ളതെന്നുവച്ചാൽ പറഞ്ഞുതുലയ്ക്ക്.” ജോഫ്രി അസഹ്യതയോടെ പറഞ്ഞു: “എനിക്കു വേറെ പണിയുണ്ട്.”

സത്യശീലൻ ചിരിച്ചു. പിന്നെ മൃദുവായ ശബ്ദത്തിൽ പറഞ്ഞു: “ഇപ്പോൾ നിങ്ങളുടെ മനസ്സ് ഈ സാഗരംപോലെ പ്രക്ഷുബ്ധമാണ്. വരൂ, താഴെയുള്ള ആ പാറമേലിരുന്ന് സംസാരിക്കാം.”

മടിച്ചുനിന്ന ജോഫ്രിയെ സത്യശീലൻ അടിമുടി വീക്ഷിച്ചു. പിന്നെ തുടർന്നുപറഞ്ഞു: “ആത്മഹത്യ, അത് എപ്പോൾ വേണമെങ്കിലും ചെയ്യാവുന്നതല്ലേയുള്ളൂ. ഒരഞ്ചുമിനിറ്റ് താമസിച്ചെന്നു കരുതി ഒന്നും സംഭവിക്കില്ല.”

സത്യശീലന്റെ പിന്നാലെ ജോഫ്രിയും നടന്നു. അവർ ഒരു ചെറിയ പാറപ്പുറത്തിരുന്നു. സത്യശീലൻ ജോഫ്രിയെ നോക്കി ഒന്നു ചിരിച്ചു. ജോഫ്രിക്കു ചിരിയൊന്നും വന്നില്ല. ആത്മഹത്യ ചെയ്യാൻ കഴിയാത്തതിന്റെ അസ്വസ്ഥതമാത്രമാണുള്ളത്. സത്യശീലൻ പാറയ്ക്കൊരു വശത്തായി ഒളിപ്പിച്ചുവച്ചിരുന്ന മദ്യമെടുത്ത് അവർക്കു നടുവിലേക്കു വെച്ചു. പിന്നെ രണ്ടു ഗ്ലാസ്സുകളെടുത്തുവച്ചുകൊണ്ടു തിരക്കി: “പേരു ചോദിക്കാൻ മറന്നു.”

ജോഫ്രി ആലോചിച്ചു: യഥാർത്ഥ പേരു പറയണോ കള്ളപ്പേരു പറയണോ?

“ഏതെങ്കിലുമൊരു പേരു പറഞ്ഞാൽ മതി.” സത്യശീലൻ ചിരിച്ചുകൊണ്ടു പറഞ്ഞു: “എനിക്കു തന്നെയൊന്നു സംബോധനചെയ്യണം അത്രയേയുള്ളു.”

“ജോഫ്രി.” അവൻ യഥാർത്ഥ പേരുതന്നെ പറഞ്ഞു.

“ജോഫ്രി ക്രിസ്ത്യാനിയാണല്ലേ?” സത്യശീലൻ ചോദിച്ചു:

“മുമ്പ് മദ്യപിച്ചിട്ടുണ്ടോ?”

“ഇല്ല.” ജോഫ്രി സത്യം പറഞ്ഞു.

“എന്നാൽ ഇന്നല്പം മദ്യപിക്കണം.” സത്യശീലൻ പറഞ്ഞു: “ആത്മഹത്യചെയ്താൽ നഷ്ടപ്പെടുന്നതു പ്രാണൻ മാത്രമാണ്. ശരീരം ഇവിടെത്തന്നെ കാണും. ജീവിച്ചിരിക്കുന്ന ശരീരത്തോട് ആർക്കും ബഹുമാനമോ താത്പര്യമോ ഒന്നുമില്ല. പക്ഷേ, മരിച്ചുകഴിഞ്ഞാൽ അവസ്ഥ മാറി. എത്ര ക്ലേശപ്പെട്ടാണെങ്കിലും മൃതദേഹം തപ്പിക്കണ്ടെത്തും. പോസ്റ്റ്മോർട്ടം നടത്തും. സർവ്വ ബഹുമതികളോടുംകൂടി അന്ത്യകർമ്മങ്ങൾ നടത്തും. അപ്പോൾ വെറുതെ ആത്മഹത്യ ചെയ്തെന്നു പറഞ്ഞാൽ അതിൽ ഭീരുത്വമുണ്ട്. ഭീരുക്കളെ ആർക്കും വേണ്ട. മദ്യപിച്ചിട്ടു മരിച്ചെന്നു പറഞ്ഞാൽ അതിലൊരു ദുരൂഹതയുണ്ട്. ഇന്നുവരെ മദ്യപിക്കാത്ത സത്ശീലനായ ജോഫ്രിയുടെ മദ്യപാനംതന്നെ ഏറെ ദുരൂഹതയ്ക്കു കാരണമാകും. ആത്മഹത്യചെയ്തെന്ന പേരുദോഷം മാറിക്കിട്ടുകയും കൊല്ലപ്പെടുന്നവരുടെ ധീരഗണത്തിലേക്ക് എത്തിപ്പെടുകയുംചെയ്യും.”

അവർക്കിടയിൽ അല്പസമയത്തെ മൗനം വളർന്നു. സത്യശീലൻ രണ്ടു ഗ്ലാസ്സുകളിലായി മദ്യം പകർന്നു. ഒരു ഗ്ലാസിലെ മദ്യമെടുത്ത് ജോഫ്രി ആകെയൊന്നു നോക്കി. പിന്നെ ഒറ്റവലിക്കകത്താക്കി.

“ഇങ്ങനെയല്ല മദ്യം കഴിക്കുന്നത്.” സത്യശീലൻ വിശദീകരിച്ചു: “ആദ്യമതിൽ വെള്ളം ചേർക്കണം. ഒപ്പമിരിക്കുന്ന ആളോടു ചിയേഴ്സ് പറയണം. പിന്നെ അല്പാല്പമായി രുചിച്ചുവേണം കഴിക്കുവാൻ.”

“ക്ഷമിക്കണം.” ജോഫ്രി തുടർന്നു: “എനിക്ക് ഈ ശീലങ്ങളൊന്നുമറിഞ്ഞുകൂടാ. ഇനി നിങ്ങൾ പറയുന്നതുപോലെ കഴിക്കാം.”

സത്യശീലൻ കാലിയായ ജോഫ്രിയുടെ ഗ്ലാസ്സിലേക്കു മദ്യം പകർന്നു. പിന്നെ വെള്ളമൊഴിച്ചു. ചിയേഴ്സ് പറഞ്ഞു. രണ്ടുപേരും അല്പാല്പമായി രുചിച്ച് മദ്യം കഴിച്ചുകൊണ്ടിരുന്നു. തെല്ലു ശക്തിയായി വീശിയ കടൽക്കാറ്റ് ജോഫ്രിയുടെ മുടിയിഴകൾ പാറിപ്പറപ്പിക്കുകയും വസ്ത്രങ്ങൾ ഉലയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു.

അല്പസമയത്തെ മദ്യസേവയ്ക്കുശേഷം സത്യശീലൻ പറഞ്ഞു: “ഇനി ആത്മഹത്യചെയ്യാൻ പൊയ്ക്കൊള്ളു.”

ജോഫ്രി സത്യശീലനെ നോക്കി ചിരിച്ചുകൊണ്ടു പറഞ്ഞു:

“നിങ്ങൾ പകർന്നുതന്ന ഈ സമാധാനം ഞാനൊരിക്കലും മറക്കില്ല.”

ജോഫ്രി തിരിഞ്ഞ് ഉയർന്ന പാറക്കെട്ടു ലക്ഷ്യമാക്കി നടക്കുവാൻ തുടങ്ങി.

സത്യശീലൻ പിന്നിൽനിന്നും വിളിച്ചു: “ജോഫ്രീ, ആത്മഹത്യ ചെയ്യുവാൻ തിടുക്കമില്ലെങ്കിൽ എനിക്കൊരു കാര്യംകൂടി പറയുവാനുള്ളതു കേൾക്കണം.”

ജോഫ്രി തിരിഞ്ഞുനിന്നു. ഒരു തീരുമാനത്തിലെത്താൻ കഴിയാത്ത നില്പാണതെന്ന് സത്യശീലനു മനസ്സിലായി.

“ആത്മഹത്യ ചെയ്യുന്നത് ഒരല്പം താമസിച്ചാൽ ഒന്നും സംഭവിക്കില്ല.” സത്യശീലൻ തുടർന്നുപറഞ്ഞു: “മദ്യം നിനക്കു സന്തോഷം പകർന്നുത

ന്നില്ലേ, അതുപോലെ ആത്മഹത്യയ്ക്കുമുമ്പ് സന്തോഷം പകർന്നുതരുന്ന ചില കാര്യങ്ങൾക്കൂടി പറയുവാനുണ്ട്."

ജോഫ്രി നടന്ന് സത്യശീലന്റെ അടുത്തെത്തി. സത്യശീലൻ വാത്സല്യത്തോടെ അവന്റെ മുഖത്തു സ്പർശിച്ചു. പിന്നെ കൈയ്ക്കുപിടിച്ചു മുന്നോട്ടു നടന്നു. അല്പദൂരം നടന്നുകഴിഞ്ഞപ്പോൾ ജോഫ്രി തിരക്കി: "എങ്ങോട്ടാണു പോകുന്നത്?" സത്യശീലൻ അതിനുത്തരമൊന്നും പറഞ്ഞില്ല. അല്പദൂരം കൂടി മുന്നോട്ടു നടന്നപ്പോൾ ജോഫ്രി കൂടുതൽ അസ്വസ്ഥനായി.

"എന്നെ ചതിക്കാനാണു ഭാവമെങ്കിൽ ഞാൻതന്നെ വെറുതെ വിടില്ല." ജോഫ്രി രോഷത്തോടെ പറഞ്ഞു: "ആത്മഹത്യയ്ക്കു മുമ്പ് ഒരു കൊലപാതകംകൂടി നടത്തുവാൻ എനിക്കൊരറപ്പുമില്ല."

"നീയിപ്പോൾ ആൺകുട്ടിയെപ്പോലെ സംസാരിക്കുന്നല്ലൊ." സത്യശീലൻ ശാന്തനായി പറഞ്ഞു: "നല്ല വിശപ്പുണ്ടെല്ലേ? ചാകുന്നതിനു മുമ്പ് ഒരു വിരുന്നു നിനക്കു തരണമെന്നുണ്ട്. ദാ ആ കാണുന്ന സ്റ്റാർ ഹോട്ടലിലേക്കാണു നമ്മൾ പോകുന്നത്."

"അത്രദൂരം നടക്കാനോ? ഒരു ആട്ടോ പിടിച്ചു പോകാം." ജോഫ്രി പറഞ്ഞു.

"മദ്ധ്യവയസ്സുകഴിഞ്ഞ ഞാൻ മടുത്തില്ല." സത്യശീലൻ പറഞ്ഞു: "യുവാവായ നീയിങ്ങനെ മടുത്താലെങ്ങനെയാ? നടന്നു നടന്നു നല്ലതുപോലെ വിശന്നു തളർന്നുകഴിഞ്ഞ് ഭക്ഷണം കഴിച്ചാലെ രുചിതോന്നൂ."

ജോഫ്രി പിന്നൊന്നും പറയാതെ അനുസരണയോടെ സത്യശീലന്റെ പിന്നാലെ നടന്നു. ഹോട്ടലിൽനിന്നും വിഭവസമൃദ്ധമായ ഭക്ഷണങ്ങൾ കഴിച്ചു. ഭക്ഷണം കഴിഞ്ഞു പുറത്തേക്കിറങ്ങിയപ്പോൾ സത്യശീലൻ പറഞ്ഞു: "വിരോധമില്ലെങ്കിൽ നമ്മൾക്കു ബീച്ചിലേക്കു പോകാം."

ജോഫ്രി അതിനെ അനുകൂലിച്ചോ പ്രതികൂലിച്ചോ ഒന്നും പറഞ്ഞില്ല. ജോഫ്രിയുടെ മനോഗതം അറിഞ്ഞിട്ടെന്നതുപോലെ സത്യശീലൻ പറഞ്ഞു: "ആത്മഹത്യചെയ്യുവാൻ ആ പാറക്കെട്ടിൽത്തന്നെ പോകണമെന്നു നിർബ്ബന്ധമില്ല. ബീച്ചിലും അതിനു പറ്റിയ സ്ഥലങ്ങളുണ്ട്. ആത്മഹത്യചെയ്യണം, അത്രയല്ലെയുള്ളു. അതിനുള്ള സ്ഥലവും സാഹചര്യവും ഞാൻതന്നെ കാണിച്ചുതരാം."

അവർ നിരത്തിലേക്കിറങ്ങി. ഒരു കാലിയോട്ടോയ്ക്കു കൈകാണിച്ചു നിറുത്തി. അതിൽക്കയറി ബീച്ചിലേക്കു യാത്രതിരിച്ചു.

തിരക്കുള്ള ബീച്ച്. ഏറെ ആൾക്കാർ ബീച്ചിന്റെ സൗന്ദര്യം ആസ്വദിച്ച് കടൽക്കാറ്റുംകൊണ്ട് അവിടെയുണ്ട്. അവർക്കിടയിലൂടെ സത്യനാഥനും ജോഫ്രിയും ഓരോരോ വർത്തമാനങ്ങൾ പറഞ്ഞുനടന്നു. അവർ സംസാരിച്ചതേറെയും ആ ബീച്ചിന്റെ സൗന്ദര്യത്തെപ്പറ്റിയായിരുന്നില്ല. ബീച്ചിലെത്തുന്നവരുടെ മനോഭാവത്തെപ്പറ്റിയായിരുന്നു. ആത്മഹത്യ ചെയ്യുവാൻ എത്തുന്നവർ, വ്യഭിചാരത്തിനു പറ്റിയ ഇണയെത്തേടിയെത്തുന്നവർ, പ്രക്ഷുബ്ധമായ മനസ്സിനെ ശാന്തമാക്കാനായി എത്തുന്നവർ, സൗന്ദര്യം ആസ്വദിക്കാ

നായി എത്തുന്നവർ, ലക്ഷ്യബോധമില്ലാതെ സമയം കൊല്ലുവാനായി എത്തുന്നവർ...

അല്പദൂരം നടന്നുകഴിഞ്ഞപ്പോൾ സത്യശീലൻ ഒരു സ്ഥലം ചൂണ്ടിക്കാണിച്ചു: "ജോഫ്രിക്ക് ആത്മഹത്യ ചെയ്യുവാൻ പറ്റിയ സ്ഥലം അതാണ്."

എങ്ങനെയെന്ന സംശയത്തോടെ ജോഫ്രി സത്യശീലനെ നോക്കി.

"ദാ ആ ഇലവൺ കെ.വി. ലൈൻ കാണുന്നില്ലേ?" സത്യശീലൻ കൈചൂണ്ടിപ്പറഞ്ഞു: "അതു വളരെ താഴ്ന്നാണു പോകുന്നത്. ട്രാൻസ്ഫോർമറിലേക്ക് കണക്ഷൻ കൊടുക്കുന്ന ആ സ്ഥലം. അവിടെപ്പോയി കമ്പിയിലൊന്നു തൊട്ടാൽ മതി, ആത്മഹത്യ ചെയ്തതാണെന്ന് ആരും പറയില്ല. വല്ല അബദ്ധവും പറ്റിയതാണെന്നേ പറയൂ."

അവർ അല്പംകൂടി നടന്ന് ട്രാൻസ്ഫോർമറിന്റെ അടുത്തെത്തി. ജോഫ്രി സ്ഥലം നിരീക്ഷിച്ചുകൊണ്ടു പറഞ്ഞു: "കൊള്ളാം. പറ്റിയ സ്ഥലമാണിത്."

"വിരോധമില്ലെങ്കിൽ നമ്മൾക്ക് ആത്മഹത്യ അല്പസമയത്തേക്കുകൂടി മാറ്റിവയ്ക്കാം." സത്യശീലൻ തുടർന്നുപറഞ്ഞു: "അല്പം മുമ്പ് നമ്മൾ ഭക്ഷണം കഴിച്ച ഹോട്ടലില്ലേ, അവിടെയിന്നു മഴനൃത്തമുണ്ട്. വർഷത്തിൽ രണ്ടോമൂന്നോ ദിവസം മാത്രം നടത്തുന്ന ഉത്സവമാണത്. സുന്ദരിമാരായ നർത്തകിമാർക്കൊപ്പം അവരുടെ നൃത്തത്തിന്റെ ചടുലതാളത്തിനനുസരിച്ചു നമ്മൾക്കും അറിയാവുന്നതുപോലെ നൃത്തം ചവുട്ടാം. രണ്ടുപേർക്കു പ്രവേശനത്തിനുള്ള പാസ് എന്റെ കൈയിലുണ്ട്. വിരോധമില്ലെങ്കിൽ ആ പ്രോഗ്രാംകൂടി കഴിഞ്ഞ് ആത്മഹത്യയാകാം."

"മഴനൃത്തം മഴനൃത്തം എന്നൊക്കെ കേട്ടിട്ടേയുള്ളു." ജോഫ്രി കൗതുകത്തോടെ തുടർന്നു: "അതുകൂടി കഴിഞ്ഞ് ആത്മഹത്യ നടത്തിയാൽ പോരെ?"

"അതൊക്കെ ജോഫ്രിയുടെ ഇഷ്ടം." സത്യശീലൻ സൗമ്യമായി പറഞ്ഞു.

അവർ വീണ്ടും തിരിച്ചു ഹോട്ടലിലെത്തി. ഏറ്റവും മുന്തിയ മുറികളിലൊരെണ്ണമെടുത്തു. മഴനൃത്തം തുടങ്ങുന്നത് രാത്രി എട്ടുമണിക്കാണ്. ആ സമയത്തിനായി അവർ കാത്തിരുന്നു.

അതുവരെ സമയം കളയുവാനായി ടെലിവിഷനിലെ വിവിധ ചാനലുകൾ മാറിമാറി കണ്ടുകൊണ്ടിരുന്നു.

ടെലിവിഷൻ കണ്ടുകൊണ്ടിരുന്നപ്പോൾ ജോഫ്രിയിലെ സംശയങ്ങൾ തലയുയർത്തിത്തുടങ്ങി: "എപ്പോഴാണ് മഴനൃത്തം അവസാനിക്കുക?"

"പന്ത്രണ്ടുമണിവരെയെങ്കിലും കാണും." സത്യശീലൻ പറഞ്ഞു.

"ആ സമയത്തിനുശേഷം ആത്മഹത്യ ചെയ്യുവാൻ പറ്റിയ സ്ഥലമേത്?" ജോഫ്രി തിരക്കി.

സത്യശീലൻ ചിരിച്ചു. പിന്നെ ആലോചനയോടെ പറഞ്ഞു: "എവിടെ തിരിഞ്ഞു നോക്കിയാലും ആത്മഹത്യചെയ്യുവാൻ പറ്റിയ സ്ഥലങ്ങളല്ലേയുള്ളത്. ഈ എട്ടുനില ഹോട്ടലിന്റെ മുകളിൽനിന്നും താഴേക്കു ചാടാം. ഈ

മുറിയിലെ ഫാനിലോ ബത്തുറൂമിലോ എവിടെവേണമെങ്കിലും തൂങ്ങിച്ചാവാം. എന്തിന് ഒരു ബ്ലേഡു വാങ്ങി കൈയിലെ ഞരമ്പു മുറിച്ചാൽ പോരെ. അതുമല്ലെങ്കിൽ എവിടെയെങ്കിലും പോയി അല്പം വിഷം മേടിച്ചു കഴിച്ചാൽ മതി. പാതിരാ കഴിഞ്ഞാൽ ശൂന്യമായിക്കിടക്കുന്ന വഴികളിലൂടെ വാഹനങ്ങൾ ചീറിവരികയാണ്. അതിലൊരെണ്ണത്തിന്റെ മുന്നിലേക്ക് എടുത്തുചാടിയാൽ മതി. ഇവിടന്നൊരു പത്തു മിനിട്ടു നടന്നാൽ ട്രെയിൻപാളത്തിലെത്താം. ഏതെങ്കിലുമൊരു ട്രെയിൻ വരുമ്പോൾ പാളത്തിൽ കയറി നിന്നാൽ മതി. ഇതെല്ലാം സാധാരണ ആത്മഹത്യകൾ. ആത്മഹത്യയുടെ കൂടുതൽ സാധ്യതകളെപ്പറ്റി അറിയണമെങ്കിൽ നെറ്റിലെ സൂയിസൈഡ് സൈറ്റ് എടുത്തുനോക്കിയാൽ മതി."

സത്യശീലൻ പറയുന്നതെല്ലാം ശ്രദ്ധയോടെ കേട്ടിരിക്കുകയാണു ജോഫ്രി. അവന്റെ ഇരിപ്പു ശ്രദ്ധിച്ചിട്ട് സത്യശീലൻ പരിഹാസത്തോടെ ചോദിച്ചു: "മര്യാദയ്ക്ക് ആത്മഹത്യ ചെയ്യുവാൻപോലും അറിയാതെയാണൊ ഈ പണിക്കിറങ്ങിപ്പുറപ്പെട്ടത്? ആത്മഹത്യയൊന്നു പിഴച്ചാൽ എന്താണു സംഭവിക്കുന്നതെന്നറിയുമോ?"

അതിന്റെ ഉത്തരവും സത്യശീലൻതന്നെയാണ് പറഞ്ഞുകൊടുത്തത്: "പരിക്കുകളോടെയാണ് രക്ഷപ്പെടുന്നതെങ്കിൽ ചിലപ്പോൾ അർദ്ധപ്രാണനോടെ കിടന്ന് ഏറെ ദുരിതം അനുഭവിക്കേണ്ടിവരും. പരിക്കുകൾ ഒന്നുമില്ലാതെ രക്ഷപ്പെട്ടാൽത്തന്നെ ദാ നമ്മുടെ ആത്മഹത്യക്കാരൻ ജോഫ്രി വരുന്നെന്ന് സമൂഹം വിളിച്ചുപറയും. സമൂഹം തന്നെ കാണുന്നതും ഒരു ജഡത്തെ കാണുന്നതുപോലെതന്നെയാണ്. മനസ്സും സ്വപ്നവും ഭാവനയുമെല്ലാം മരിച്ച ഒരു ജീവച്ഛവം."

"പരാജയത്തെപ്പറ്റി ചിന്തിക്കാൻ എനിക്കാവില്ല." ജോഫ്രി പറഞ്ഞു: "എല്ലാ പഴുതുകളും അടച്ചേ ഞാൻ ആത്മഹത്യ ചെയ്യൂ."

"അങ്ങനെയെ ആത്മഹത്യ ചെയ്യാവൂ." സത്യശീലൻ പറഞ്ഞു: "ഏതു പ്രവൃത്തി ചെയ്താലും അതിനോടൊരു കൂറു വേണം."

സമയമായപ്പോൾ അവർ ഹോട്ടലിനു മുന്നിൽ മഴനൃത്തത്തിനായി ഒരുക്കിയിരിക്കുന്ന സ്ഥലത്തെത്തി. നിലത്തു പച്ച പുൽത്തകിടി. ചുറ്റുവട്ടം പുഷ്പിച്ചുനില്ക്കുന്ന വിവിധതരം ചെടികൾ. മഴനൃത്തത്തിൽ പങ്കെടുക്കുവാനായി എത്തിയിരിക്കുന്ന പരിഷ്കാരികൾ. മഴനൃത്തത്തിൽ പങ്കെടുക്കേണ്ട യുവകലാകാരന്മാരും കലാകാരികളും.

ഒരു സംഗീതത്തോടെയാണ് പരിപാടികൾ ആരംഭിച്ചത്. സംഗീതത്തിനനുസരിച്ച് നൃത്തം ചവിട്ടുന്നവർ. മഴനൃത്തത്തിനായി എത്തിയിരിക്കുന്നവർ മുഴുവൻ അറിയാവുന്ന രീതിയിൽ നൃത്തമാടണമെന്നുള്ളത് അലിഖിത നിയമമാണ്. സംഗീതത്തിനൊടുവിൽ മഴ പെയ്തുതുടങ്ങി. സത്യശീലൻ അവർക്കൊപ്പം നൃത്തംവച്ചുതുടങ്ങി. ജോഫ്രി നൃത്തച്ചുവടുകൾ അറിയാതെ തപ്പിത്തടഞ്ഞു നില്ക്കുകയാണ്.

"നൃത്തം അങ്ങനെ ഗാഢമായി പഠിക്കേണ്ട കാര്യമൊന്നുമില്ല." സത്യശീലൻ വിശദീകരിച്ചു: "സംഗീതത്തിനനുസരിച്ച് ശരീരചലനങ്ങളെ ഒന്നു

ക്രമീകരിച്ചാൽ മതി. ആദ്യമൊക്കെ അല്പം ഏകാഗ്രത വേണം. പിന്നെയെല്ലാം യാന്ത്രികമായി നടന്നുകൊള്ളും."

"ഞാൻ ശ്രമിച്ചിട്ടു കഴിയുന്നില്ല." ജോഫ്രി നിഷ്കളങ്കതയോടെ പറഞ്ഞു: "ഇത്രയധികം സുന്ദരികളായ പെൺകുട്ടികൾ മഴയിൽക്കുതിർന്ന് മാദകഭാവത്തോടെ ശരീരഭാഗങ്ങൾ ഇളക്കിച്ചലിപ്പിച്ചു നൃത്തമാടുമ്പോൾ ഞാനെങ്ങനെയാണ് എന്റെ നൃത്തത്തിൽ ശ്രദ്ധിക്കുന്നത്."

സത്യശീലൻ ചിരിച്ചു. പിന്നെ ആലോചനയോടെ പറഞ്ഞു: "അവരെയിങ്ങനെ വികാരവായ്പോടെ നോക്കിനില്ക്കാതെ അവർക്കൊപ്പം അവരുടെ കൈയിൽപ്പിടിച്ച് നൃത്തം ചെയ്യൂ. എല്ലാം മറന്നുള്ള ഈ മഴനൃത്തം പരമമായ ആനന്ദമാണ്."

ജോഫ്രി ഓരോരുത്തരോടുമൊപ്പം മാറിമാറിനിന്ന് നൃത്തം ചെയ്യുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. നൃത്തത്തിനിടയിൽ ചില സുന്ദരികൾ അവനെ തലോടുകയും മറ്റുചിലർ മൃദുവായി ആലിംഗനം ചെയ്യുകയും ചെയ്തു. തെല്ലുസമയത്തിനുശേഷം ജോഫ്രി സത്യശീലന്റെ അടുത്തെത്തി. അയാൾ ഒരു സുന്ദരിയായ നർത്തകിയെ എടുത്തുയർത്തി വായുവിൽ ചുഴറ്റി നിലത്തുനിറുത്തി. പിന്നെ അവളെ ആവേശത്തോടെ സ്ഥലകാലങ്ങൾ മറന്നു പുണരുകയായിരുന്നു. സംശയിച്ചുനിന്ന ജോഫ്രി സത്യശീലനെ വിളിച്ചു. സത്യശീലൻ ഒരു മധുരസ്വപ്നത്തിൽനിന്നുണർന്നിട്ടെന്നതുപോലെ ജോഫ്രിയുടെ മുന്നിൽനിന്നു. എന്തിനാണ് വിളിച്ചതെന്നു തിരക്കി. അപ്പോൾ കൃത്രിമമായി പെയ്തിറങ്ങിക്കൊണ്ടിരുന്ന മഴയ്ക്കു ശക്തിയേറി.

"എനിക്കു നൃത്തം ചെയ്യാനാവുന്നില്ല." ജോഫ്രി പറഞ്ഞു: "നൃത്തമറിയാത്ത എന്നെ എല്ലാവരും പരിഹാസത്തോടെയാണ് നോക്കുന്നത്."

"ആത്മഹത്യചെയ്യാൻ പോകുന്ന നിനക്ക് ആരെങ്കിലും പരിഹസിച്ചാലെന്താ കുഴപ്പം?" സത്യശീലൻ നീരസത്തോടെ പറഞ്ഞു: "പരിഹാസം ഏറെ നടത്തുന്നവരുടെ പണ്ടത്തിൽ കത്തികയറ്റിക്കൊള്ളൂ. നിന്നെ പരിഹസിച്ചിട്ട് ഇവിടെയാരുമങ്ങനെ വിലസണ്ട."

അവർ സംസാരിക്കുന്നിടത്തേക്ക് അതിസുന്ദരിയായ ഒരു നർത്തകി വന്നു. ശരീരത്തിൽ ഒട്ടിപ്പിടിച്ചുകിടക്കുന്ന വസ്ത്രങ്ങൾക്കിടയിലൂടെ അവളുടെ സ്ത്രീസൗന്ദര്യം മുഴുവൻ ജ്വലിച്ചുനില്ക്കുന്നതു കാണാമായിരുന്നു. ജോഫ്രി അവളുടെ ശരീരസൗന്ദര്യം വിവിധ വികാരങ്ങളോടെ ആശ്ചര്യമൊതുക്കി നോക്കിനിന്നു.

"എന്താ വല്ലാതെ ബോറടിച്ചോ?" നർത്തകി മൃദുവായ ശബ്ദത്തിൽ തിരക്കി: "ഇവിടെ വരുന്ന ഏറെ ആൾക്കാർക്കും നൃത്തമൊന്നും അറിഞ്ഞുകൂടാ. ഞങ്ങളോടൊപ്പംകൂടി അവരങ്ങ് കളിക്കുന്നു. എന്താ ജോഫ്രി എന്നോടൊപ്പം കൂടുന്നുവോ?"

അവൾ പേരറിഞ്ഞതിൽ ജോഫ്രിക്ക് അത്ഭുതം തോന്നി. അവനങ്ങനെ നിൽക്കുമ്പോൾ സത്യശീലൻ അവനെ പിടിച്ച് അവൾക്കടുത്തേക്കു തള്ളി. നർത്തകി അവനെയും കൂട്ടി തിമിർത്തുപെയ്യുന്ന മഴയിലേക്ക് ഇതരനൃത്ത

ക്കാർക്കിടയിലേക്കു കയറി.

സത്യശീലൻ പിന്നെയും സ്ഥലകാലങ്ങൾ മറന്ന് മഴനൃത്തം ആസ്വദിച്ചുകൊണ്ടിരുന്നു. അല്പസമയം കഴിഞ്ഞപ്പോൾ നഷ്ടവികാരങ്ങളോടെ മുന്നിൽനിൽക്കുന്ന ജോഫ്രിയെ കണ്ടു.

സത്യശീലൻ വല്ലായ്കയോടെ തിരക്കി? "ജോഫ്രിക്ക് എന്തു പറ്റി?"

ഒരു ചെറിയ മൗനത്തിനു വിരാമമിട്ടുകൊണ്ട് ജോഫ്രി പറഞ്ഞു: "നൃത്തമാടിക്കൊണ്ടിരുന്നപ്പോൾ അവൾ ആ നർത്തകി എന്റെ മുന്നിൽ പൂർണ്ണ നഗ്നയായി നിന്നു. പിന്നെ ആ രൂപത്തിൽ അവൾ നൃത്തമാടാൻ തുടങ്ങി."

അതു കേട്ട് സത്യശീലൻ ചിരിച്ചു. "നീയൊരു പുരുഷനല്ലെ, പിന്നെ എന്തിനാണു ഭയപ്പെടുന്നത്?" സത്യശീലൻ ചോദിച്ചു.

ഒരു ചെറിയ വിറയലോടെ ജോഫ്രി പറഞ്ഞു: "അതൊക്കെ പാപമല്ലേ?"

അതു കേട്ട സത്യശീലൻ പൊട്ടിച്ചിരിച്ചു.

"നീയൊരു ക്രിസ്ത്യാനിയായതുകൊണ്ടാ ഈ പാപബോധം." സത്യശീലൻ കൗതുകത്തോടെ തുടർന്നു: "ആത്മഹത്യ ചെയ്യുന്നതിലും വലിയ പാപമാണോ ഈ ജീവിതകർമ്മം. കർമ്മങ്ങൾ ചെയ്യണം. അതു നിഷേധിക്കുന്നതാണു പ്രകൃതിവിരുദ്ധം."

ജോഫ്രി ഒന്നും മിണ്ടാതെ നിന്നപ്പോൾ സത്യശീലൻ തുടർന്നുപറഞ്ഞു: "ആത്മഹത്യ ചെയ്യുന്നതിനുമുമ്പ് ഇണ ചേരുന്നതിന്റെ സുഖംകൂടി താനൊന്ന് അനുഭവിക്കടോ."

തിമിർത്താടുന്ന മഴയിൽ സർവ്വതും മറന്ന് ആഘോഷിക്കുന്ന സ്ത്രീപുരുഷന്മാരെ പുതിയൊരു കൗതുകത്തോടെ ജോഫ്രി നോക്കിനിന്നു. ജീവിതത്തെ ഉത്സവതുല്യമാക്കുന്ന പ്രവൃത്തികൾ!

മഴനൃത്തം അവസാനിച്ചതിനുശേഷം സത്യശീലനും ജോഫ്രിയും മുറിയിലെത്തി. ജോഫ്രി കൂടുതലൊന്നും സംസാരിക്കാതെ ഉത്സാഹം നഷ്ടപ്പെട്ടാണിരിക്കുന്നത്. സത്യശീലൻ ഒളികണ്ണിട്ട് ജോഫ്രിയെത്തന്നെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. അല്പസമയത്തിനുശേഷം സത്യശീലൻ ചോദിച്ചു: "ആത്മഹത്യയുടെ കാര്യം മറന്നോ?"

ജോഫ്രി ഒന്നു പതറി. പിന്നെ പറഞ്ഞു: "ഞാൻ അതുതന്നെയാണ് ആലോചിക്കുന്നത്."

"മുറി ഒഴിയേണ്ട സമയമായി." സത്യശീലൻ പറഞ്ഞു: "ജോഫ്രിയിപ്പോൾ എന്റെ നല്ല സുഹൃത്താണ്. സുഹൃത്തിനെ പെരുവഴിയിലിറക്കിവിട്ടു പോകുവാൻ ഞാനൊരു ചതിയനല്ല. അതുകൊണ്ട് നിന്റെ ആത്മഹത്യ എത്രയും പെട്ടെന്ന് മംഗളകരമായി നടത്തണം. നിന്റെ മരണം ഉറപ്പാക്കിയിട്ടുവേണം എനിക്കു പോകുവാൻ. എന്തെങ്കിലും കാരണവശാൽ ആത്മഹത്യ പരാജയപ്പെട്ടാൽ നിന്നെ സഹായിക്കേണ്ട കടമ എനിക്കുണ്ടെന്ന് ഞാൻ കരുതുന്നു."

"നിങ്ങൾക്കെന്നെ എങ്ങനെ സഹായിക്കാൻ കഴിയും?" ജോഫ്രി തിരക്കി.

സത്യശീലൻ അരയിൽനിന്നും ഒരു കഠാരി എടുത്തു. ഇരുതലയും മൂർച്ചയുള്ള തിളങ്ങുന്ന കഠാരി. ആ കഠാരി ഉയർത്തിപ്പിടിച്ചുകൊണ്ട് സത്യശീ

ലൻ പറഞ്ഞു: "ആത്മഹത്യയ്ക്കു മുന്നിൽ പരാജയപ്പെട്ട് നീ വിഷണ്ണനായി നിന്നാൽ ഈ കഠാരി നെഞ്ചിൽ കുത്തിയിറക്കി നിന്റെ മരണം ഞാൻതന്നെ ഉറപ്പുവരുത്തും. ഒരു നല്ല സ്നേഹിതനെന്ന നിലയിൽ എനിക്കതല്ലേ ചെയ്യു വാൻ കഴിയൂ."

സംഭാഷണവും ശ്രദ്ധിച്ച് കത്തിയിൽ നോക്കിനിന്ന ജോഫ്രി വിയർക്കു ന്നത് സത്യശീലൻ ശ്രദ്ധിച്ചു: "എന്നാലിനി താമസിക്കേണ്ട ആത്മഹത്യ നട ക്കട്ടെ." സത്യശീലൻ പറഞ്ഞു: "കൈയിലെ ഞരമ്പു മുറിച്ചോ ഹോട്ടലിന്റെ മുകളിൽനിന്നു ചാടിയോ ഫാനിൽ കെട്ടിയ കയറിൽ കുടുക്കിട്ടോ എങ്ങനെ വേണമെങ്കിലുമാകാം. വിരോധമില്ലെങ്കിൽ ഞാൻതന്നെ ഈ കഠാരി നിന്റെ നെഞ്ചിൽ കുത്തിയിറക്കി മരണം നടപ്പാക്കിത്തരാം."

ജോഫ്രിയുടെ ശരീരം വിയർപ്പിനൊപ്പം വിറച്ചുതുടങ്ങുന്നത് സത്യശീ ലൻ ശ്രദ്ധിച്ചു. അല്പസമയത്തിനുശേഷം ജോഫ്രി പതറിയ ശബ്ദത്തിൽ പറഞ്ഞു: "ഇവിടെയൊന്നുംവെച്ച് ആത്മഹത്യ ചെയ്യുന്നില്ല. രാത്രിയിൽ ഏതെങ്കിലും ട്രെയിനിന്റെ മുന്നിൽനിന്ന് ആത്മഹത്യ ചെയ്യാം."

"എന്നാൽ നമ്മൾക്ക് ഒരുമിച്ചു പോകാം." സത്യശീലൻ പറഞ്ഞു: "എനിക്കും ആ വഴിക്കാണു പോകേണ്ടത്. പരിചയപ്പെട്ടിട്ട് അല്പസമയമേ ആയുള്ളൂവെങ്കിലും എനിക്കു നിന്നോട് സ്നേഹം തോന്നുന്നു. എന്തെങ്കിലും കാരണവശാൽ നിന്റെ ആത്മഹത്യാശ്രമം പരാജയപ്പെട്ടാൽ അതു പൂർത്തീ കരിച്ചിട്ടു ഞാൻ പോയ്ക്കൊള്ളാം. ഒരു നല്ല സ്നേഹിതനു നന്മ ചെയ്യു വാൻ കിട്ടിയ അവസരം ഞാൻ പാഴാക്കുന്നില്ല."

അവർ ഒരുമിച്ച് തെരുവുവിളക്കുകളുടെ വെളിച്ചത്തിലൂടെ ട്രെയിൻപാ ളവും ലക്ഷ്യമാക്കി നടന്നു. സത്യശീലനാണ് വഴികാണിച്ചു മുന്നിൽ നടക്കു ന്നത്. അവർക്കിടയിലെ മൗനത്തെ മുറിച്ചുകൊണ്ട് ജോഫ്രി തിരക്കി: "നിങ്ങൾ ആരാ? എന്തു ചെയ്യുന്നു?"

"ഞാൻ സത്യശീലൻ. നരനായി ഭൂമിയിൽ ജീവിക്കുന്നു." സത്യശീലൻ തുടർന്നു ചോദിച്ചു: "ജോഫ്രി ആരാ? എന്തിനാണ് ആത്മഹത്യചെയ്യുന്നത്."

"ഞാൻ ഒരു തൊഴിൽരഹിതനാണ്. ഗതികേടുകാരനാണ്." ജോഫ്രി പറഞ്ഞു: "പീഡനങ്ങൾ സഹിക്കവയ്യാതായിരിക്കുന്നു."

"പീഡനമാണല്ലേ മരണകാരണം." സത്യശീലൻ ചോദിച്ചു: "ആരാ പീഡിപ്പിക്കുന്നത്? എന്തിനാ പീഡിപ്പിക്കുന്നത്?"

"സംഗീതത്തിൽ പല ബിരുദങ്ങളുണ്ട്. നന്നായി പാടുകയും ചെയ്യും." ജോഫ്രി പറഞ്ഞു: "ജീവിക്കാൻ ആരുമെന്നെ അനുവദിക്കുന്നില്ല. സ്നേഹം നടിച്ച് പീഡിപ്പിക്കാനാണ് എല്ലാവർക്കും താത്പര്യം. ഇടവകപ്പള്ളിയിലെ സ്കൂളിൽ സംഗീതാദ്ധ്യാപകനായി ജോലി തരാമെന്നു പറഞ്ഞ് എന്നെ അവിടെ താല്ക്കാലികാദ്ധ്യാപകനായി ചേർത്തു. സ്ഥിരനിയമനം വന്നപ്പോൾ സ്വഭാവം ശരിയല്ലെന്നു പറഞ്ഞ് എന്റെ ഒരു വിദ്യാർത്ഥിനിക്കാണു ജോലി കൊടുത്തത്. എന്റെ സംഗീതം സമൂഹം ശ്രദ്ധിച്ചുതുടങ്ങിയപ്പോൾ ഗുരുനാ ഥനും അസൂയതുടങ്ങി. വർഷങ്ങൾ അദ്ധ്വാനിച്ചതിന്റെ ഫലമായി ലഭിക്കേണ്ട

സംഗീതഭൂഷൻ ബിരുദം തരാതെ അദ്ദേഹവുമെന്നെ കഷ്ടപ്പെടുത്തുകയാണ്.''

സത്യശീലൻ ചിരിച്ചുകൊണ്ടു പറഞ്ഞു: "ഇതുപോലുള്ള നിസ്സാര കാര്യങ്ങൾക്കു ആത്മഹത്യചെയ്യുവാൻ തുടങ്ങിയാൽ ഭൂമിയിൽ ആത്മഹത്യചെയ്യുവാനെ ആളുകൾ ഉണ്ടാകൂ. സ്വാഭാവികമരണംതന്നെ കഥകളിൽ സംഭവിക്കുന്ന ഒന്നായിത്തീരും." ഒരു മൗനത്തിനുശേഷം സത്യശീലൻ പറഞ്ഞുതുടങ്ങി: "ഞാൻ ആരാ, എന്തു ചെയ്യുന്നു എന്നു ചോദിച്ചില്ലേ. പറയാം. അയോദ്ധ്യയിൽ പള്ളിപൊളിക്കുവാൻ തുടങ്ങുകയും ക്ഷേത്രം പണിയാൻ ആരംഭിക്കുകയും ചെയ്തതിന്റെ ഓർമ്മ വർഷം തോറും പ്രതിഷേധത്തോടെ ആചരിക്കുന്ന ഒരു ദിവസം. ആ ദിവസം ബന്ദാണല്ലോ. ഞാനും ഭാര്യയും മോളുംകൂടി സമാധാനത്തിനായി വീട്ടിൽത്തന്നെ അടച്ചുപൂട്ടിയിരുന്നു. ഏതാണ്ട് മധ്യാഹ്നം കഴിഞ്ഞ സമയത്ത് ഒരു അപരിചിതൻ വാതിലുകൾ തകർത്ത് വീടിനുള്ളിൽ കയറി. തോക്കുചൂണ്ടി ഭീഷണിപ്പെടുത്തി എന്നെ ബന്ദിയാക്കി. എന്റെ മുന്നിലിട്ട് ഭാര്യയെ പിടിച്ചു. അവൾ എതിർത്തപ്പോൾ ഒരു വയസ്സുപോലും പൂർത്തിയാകാത്ത മകളെ നഗ്നയാക്കിക്കൊന്നു. ഭാര്യയെ കസേരയ്ക്കടിച്ചുവീഴ്ത്തി മാനഭംഗപ്പെടുത്തിയതിനുശേഷം കൊന്നു. എന്റെ മേൽമീശ പകുതി കത്തിച്ചുകളഞ്ഞതിനുശേഷം അപരിചിതൻ അവിടെ നിന്നും ഇറങ്ങിപ്പോയി. പോലീസിൽ മൊഴികൊടുത്തതിന്റെപേരിൽ വീട് ഇടിച്ചു നിരപ്പാക്കി. ഒരു രാത്രി എന്നെയും ക്രൂരമായി മർദ്ദിച്ചു." ചെറിയൊരു നിശ്വാസത്തിനുശേഷം സത്യശീലൻ തുടർന്നു: "ഇപ്പോൾ സ്വന്തമെന്നു പറയുവാൻ ഓർമ്മകളൊഴിച്ച് മറ്റൊന്നുമില്ല. ആത്മഹത്യയെപ്പറ്റി ഞാനും ചിന്തിച്ചതാണ്. പക്ഷേ, ഈ മനോഹരമായ ജീവിതം അങ്ങനെയങ്ങ് അവസാനിപ്പിക്കേണ്ടെന്നു തീരുമാനിച്ചു. ജീവിക്കാൻവേണ്ടി കഠിനമായി അദ്ധ്വാനിക്കുന്നു. അദ്ധ്വാനിച്ചുകിട്ടുന്ന പണംകൊണ്ട് ഇതുപോലെയുള്ള ഉത്സവങ്ങളിൽ പങ്കെടുക്കുന്നു. കഴിഞ്ഞ ആറുമാസം അദ്ധ്വാനിച്ച പണമാണ് ഇന്നൊരൊറ്റ ദിവസംകൊണ്ട് തീർത്തത്. നാളെമുതൽ അദ്ധ്വാനിക്കുന്നതും പ്രതീക്ഷിക്കുന്നതും ഇതുപോലെയുള്ള മറ്റെന്തെങ്കിലും ഉത്സവത്തെപ്പറ്റിയാണ്."

അവർ സംസാരിച്ച് ട്രെയിൻപാളത്തിന്റെ അടുത്തെത്തി. ദൂരെനിന്നും ഒരു ട്രെയിനിന്റെ കൂവൽശബ്ദം കേട്ടു.

"ട്രെയിൻ വരുന്ന ശബ്ദമാണത്." സത്യശീലൻ പറഞ്ഞു: "ഒന്നുകിൽ പാളത്തിൽ തലവച്ചുകിടക്ക്. അല്ലെങ്കിൽ പാളത്തിനു നടുവിലേക്കു കയറി നിൽക്ക്."

ജോഫ്രി വല്ലായ്കയോടെ സത്യശീലനെ നോക്കി. സത്യശീലൻ അരയിൽനിന്നും കഠാരി ഊരിയെടുത്തു. ജോഫ്രിയുടെ മുഖത്തേക്കും കഠാരിയിലേക്കും സത്യശീലൻ മാറിമാറി നോക്കി.

''ജോഫ്രി ഭയപ്പെടേണ്ട.'' സത്യശീലൻ ഗൗരവത്തിൽ പറഞ്ഞു: "ട്രെയിൻ അടുത്തെത്താറായി. പാളത്തിൽ കയറിനിൽക്ക്."

ചൂളമടിച്ച് ലൈറ്റും തെളിച്ചുവരുന്ന ട്രെയിൻ അവർക്കു വ്യക്തമായി കാണാറായി. സത്യശീലൻ ജോഫ്രിയെപ്പിടിച്ച് പാളത്തിലേക്ക് തള്ളുവാൻ

ആഞ്ഞു. ജോഫ്രി ന[illegible]ീലനെ തള്ളി. സത്യശീലൻ തെറിച്ചുവീണു. അവർക്കു മുന്നിലൂടെ ട്രെയിൻ പാഞ്ഞുപോയിക്കൊണ്ടിരുന്നു. 'വേണ്ട എനിക്കു മരിക്കേണ്ട' എന്ന് അലറിക്കൊണ്ട് ജോഫ്രി ഇരുട്ടിലേക്ക് ഓടിമറയുന്നത് നിലത്തുകിടന്ന് സത്യശീലൻ കണ്ടു. സത്യശീലൻ ഉറക്കെച്ചിരിച്ചു. പിന്നെ ആരോടെന്നില്ലാതെ പറഞ്ഞു: 'ആത്മഹത്യ, അത് ഒരു നിമിഷത്തിന്റെ തോന്നലാണ്. ആ നിമിഷം കഴിഞ്ഞാൽ അതിനെ എല്ലാവരും വെറുക്കുന്നു.'

# 5
# തലക്കെട്ട്

മധ്യാഹ്നത്തിനപ്പുറമുള്ള സൂര്യന്റെ കിരണങ്ങളെ തടഞ്ഞുനിർത്തിക്കൊണ്ട് റോഡിനിരുപുറവുമായി നിൽക്കുന്ന പുളിമരങ്ങൾക്കിടയിലൂടെ ഞാൻ അഭിരാമിയുടെ വീട്ടിലേക്ക് നടന്നുപോവുകയായിരുന്നു. ഏറെനാളായി അവളെന്നെ വീട്ടിലേക്കു ക്ഷണിക്കുന്നു. ജോലിയുടെ തിരക്കും സഹജമായ മടിയും എന്നെ അതിൽനിന്നും പിന്തിരിപ്പിച്ചു. ഇന്ന് അവളുടെ പപ്പയുടെയും മമ്മിയുടെയും വിവാഹത്തിന്റെ സിൽവർ ജൂബിലിയാണ്. അതുകൊണ്ട് പോകാതിരിക്കാൻ വയ്യല്ലോ.

പിന്നിൽനിന്നും വന്ന കാറിൽനിന്നുമുയരുന്ന ചടുലമായ പാശ്ചാത്യസംഗീതം കേട്ടാണ് തിരിഞ്ഞുനോക്കിയത്. അതിനുള്ളിൽ മൂന്ന് യുവാക്കൾ. കാറിന്റെ മുൻസീറ്റിലിരുന്നവൻ വിടനെപ്പോലെ ചിരിച്ചുകൊണ്ട് "ഹലോ നമ്മൾക്കൊന്ന് ആഘോഷിക്കേണ്ടേ. വെറുതെ ഇങ്ങനെ നടന്നാൽ ജീവിതത്തിന് എന്താ ഒരർത്ഥം? സുഖവും കൂടെ പണവും തരാം എന്താ പോരുന്നോ?" പിൻസീറ്റലിരുന്നവൻ കാറിന്റെ ഡോർ തുറന്നുപിടിച്ചുകൊണ്ട് "ഭയപ്പെടുവാനില്ല. ഞങ്ങൾ ആണുങ്ങൾ പറഞ്ഞാൽ വാക്ക് വാക്കാ" തെല്ല് ശബ്ദം താഴ്ത്തി "ഇവിടെ ഇപ്പോൾ ആരും കാണാനില്ല വേഗന്നാകട്ടെ." അപരിചിതരായ ആ യുവാക്കളുടെ കണ്ണുകളിൽ തെളിഞ്ഞ ജ്വാലകൾ മദിച്ചുനിൽക്കുന്ന മൂരിയുടേതുപോലെയാണ്. ഉള്ളിലുയർന്ന ഭീതിയൊതുക്കി അവരെ രൂക്ഷമായൊന്നു നോക്കി. തെല്ലകലെനിന്നും ഒരു ബൈക്ക് വരുന്നത് കണ്ടു. സർവ്വദൈവങ്ങളെയും വിളിച്ച് മുന്നോട്ട് ഓടിത്തുടങ്ങിയപ്പോഴായണ് അകാരണമായി കാലിനനുഭവപ്പെടുന്ന വിറയലിനെപ്പറ്റി ബോധവതിയായത്. ബൈക്ക് കടന്നുപോയതോടെ ആ കാറ് മെല്ലെ പിന്നാലെ വന്നു തുടങ്ങി. മുമ്പു കേട്ടിട്ടുള്ള പല വാർത്തകളും മനസ്സിലേക്ക് ഓടിയെത്തി. വീട്ടമ്മയെ വണ്ടിയിടിപ്പിച്ച് നിരത്തിലിട്ടിട്ട് ഹോസ്പിറ്റലിലേക്ക് എന്നുപറഞ്ഞ്

കൊണ്ടുപോയി കൂട്ടബലാൽസംഗം നടത്തിയത്. സുന്ദരികളായ യുവതികളെ പിടിച്ച് പഞ്ചനക്ഷത്രഹോട്ടലുകളിൽ ശയിക്കുന്ന പുത്തൻ തമ്പുരാക്കന്മാർക്ക് കാഴ്ചവെച്ച് പണവും പ്രതാപവും നേടിയെടുക്കുന്ന സംഘങ്ങളെപ്പറ്റി, എല്ലാം ഓർത്തപ്പോൾ ഒരു നിമിഷം സ്നേഹിക്കുന്നവരുടെയെല്ലാം മുഖം മനസ്സിൽ തെളിഞ്ഞു.

ഓടുന്നതിനിടയിലാണ് ആ ബോർഡ് കണ്ണിൽ പെട്ടത്. 'ശാന്തിഭവൻ'. പിന്നെ ഒന്നും ചിന്തിക്കാതെ അതിന്റെ ഇരുമ്പുഗേറ്റ് തള്ളിത്തുറന്ന് അകത്തേക്ക് കയറി. കാറിലിരുന്ന ചെറുപ്പക്കാർ നഷ്ടപ്പെട്ട ഇരയെ നോക്കുന്ന കടുവയെപ്പോലെ എന്നെ നോക്കി പല്ലിളിച്ചു.

മുമ്പൊരിക്കൽ നഗരത്തിൽവച്ച് മാത്യുസാറിനെ രേഷ്മ പരിചയപ്പെടുത്തിയത് ഓർമ്മിച്ചു. എന്തായാലും അദ്ദേഹത്തെ ഒന്നു കാണാമെന്നുറച്ച് മുന്നോട്ട് നടന്നു.

“ആരാ അത്?”

ശബ്ദംകേട്ട ദിശയിലേക്ക് തിരിഞ്ഞുനോക്കിയപ്പോൾ മുന്നിൽ മാത്യുസാർ. എന്നെ ഗ്രസിച്ചിരുന്ന ഭയവും വിറയലുമെല്ലാം ഒതുക്കി മാത്യുസാറിന്റെ അടുത്തേക്കു ചെന്നു: “എന്നെ മനസ്സിലായില്ലേ?”

മാത്യുസാർ സ്വതസിദ്ധമായ ഗൗരവത്തിൽ: “ജേർണലിസ്റ്റ് ലാസ്യ?”

അതെയെന്ന അർത്ഥത്തിൽ തലയാട്ടി.

“കുട്ടി ഇവിടെ അങ്ങനെ പ്രത്യേകിച്ച് വാർത്തയൊന്നുമില്ല. നിങ്ങൾ വാർത്തകൾ സൃഷ്ടിച്ച് ഞങ്ങളെ അലോസരപ്പെടുത്താതിരുന്നാൽ മതി. ഞാനും എന്റെ കുട്ടികളുമിപ്പോൾ സുഖമായിത്തന്നെയിരിക്കുന്നു.”

ഉള്ളിൽ നുരഞ്ഞുപൊന്തിയ രോഷം പ്രകടിപ്പിക്കാതെ നയത്തിൽ തുടർന്നു: “വാർത്തകൾ എഴുതാനോ പുതിയത് സൃഷ്ടിക്കാനോ അല്ല വന്നത്. വിരോധമില്ലെങ്കിൽ താങ്കളോടൊപ്പം അല്പസമയം ചെലവഴിക്കാൻ, കുട്ടികളോടൊപ്പം അല്പം സൗഹൃദം പങ്കുവെക്കാൻ, അത്രമാത്രം.”

മാത്യുസാർ ആലോചനയോടെ തുടർന്നു: “എല്ലാവരും വരുമ്പോൾ ഇതുപോലെയൊക്കെയാണ് പറയുക. പോയിക്കഴിഞ്ഞ് രണ്ടോ മൂന്നോ ദിവസം കഴിഞ്ഞ് പത്രത്തിൽ വാർത്തയായി, ഫീച്ചറായി, ചിത്രങ്ങളായി. ഐ ഡോൺഡ് ലൈക്ക് എനി ടൈപ്പ് ഓഫ് പബ്ലിസിറ്റി. എനിക്ക് ഒരപേക്ഷയേ ഉള്ളൂ. ഞങ്ങളുടെ സ്വൈരം കെടുത്തരുത്. ഞാനിവിടെ നടത്തുന്നത് സേവനമായി എനിക്ക് തോന്നുന്നില്ല. എന്റെ ജീവിതത്തിന്റെ ഒരു ഭാഗംതന്നെയാണിത്.”

എന്താണ് ഇദ്ദേഹത്തോടു പറയുക. വഴിയിൽവച്ചു നടന്ന സംഭവം പറയണോ? അഥവാ പറഞ്ഞിട്ടിപ്പോൾ എന്താ ഒരു കാര്യം?

"എന്താ ലാസ്യ ആലോചിക്കുന്നത്? ഈ കിഴവനെ മെരുക്കുവാനുള്ള വഴികളാണോ?"

"ഏയ് ഒന്നുമില്ല." തെല്ലകലെ നിന്നു കളിക്കുന്ന കുട്ടികളെ ശ്രദ്ധിക്കുകയായിരുന്നു: "എന്തു സന്തോഷമാണവർക്ക്. ഇങ്ങനെ സ്വയം മറന്ന് നിർഭയരായി ഒന്നു തുള്ളിച്ചാടണമെന്ന് നമ്മൾ വിചാരിച്ചാൽ നടക്കുമോ?"

"എന്തേ നടക്കാത്തത്. ആവശ്യമില്ലാത്ത തിരക്കുകൾക്കിടയിൽ നട്ടം തിരിയാതിരിക്കുക, അധികം ആഗ്രഹിക്കാതിരിക്കുക. പിന്നെ തലയിൽ നല്ല കാര്യങ്ങൾ ചിന്തിക്കുക. മറ്റ് ഉദ്ദേശ്യങ്ങളൊന്നുമില്ലെങ്കിൽ ലാസ്യയ്ക്ക് ഈ ശാന്തിഭവനത്തിലേക്ക് സ്വാഗതം."

മാത്യുസാറിനോടൊപ്പം ഞാനും ഉള്ളിലേക്ക് നടന്നു. പൂത്തുനിൽക്കുന്ന ചെടികളും ഫലവൃക്ഷങ്ങളുംകൊണ്ട് നിബിഡമായ ആ പുരയിടത്തിൽ പുറത്തെ ചൂടിന്റെ ലാഞ്ചനപോലുമില്ല. തികച്ചും ശാന്തമായ അന്തരീക്ഷത്തിൽ ഉയർന്നുകേൾക്കുന്ന ശബ്ദം കുട്ടികളുടേതുമാത്രമാണ്.

കളിച്ചുകൊണ്ടിരുന്ന കുട്ടികൾ ഞങ്ങൾക്കരികിലേക്ക് ഓടിവന്നു. എന്നെ കൗതുകത്തോടെ നോക്കി. അഭിരാമിയുടെ വീട്ടിൽ കൊടുക്കുവാനായി കരുതിയിരുന്ന കേക്ക് അവർക്ക് കൊടുക്കുവാനായി മാത്യുസാറിന് നേരെ നീട്ടി. "ലാസ്യതന്നെ അത് കുട്ടികൾക്ക് കൊടുത്തോളൂ." മാത്യുസാർ നിറഞ്ഞ പുഞ്ചിരിയോടെ പറഞ്ഞു.

അഞ്ചിനും പതിനഞ്ചിനുമിടയിൽ പ്രായമുള്ള ആ കുട്ടികളുടെ എണ്ണമെടുത്തു. പത്തൊമ്പത്. പിന്നെ ഞാനും മാത്യുസാറും അങ്ങനെ ഇരുപത്തിയൊന്നു ഭാഗങ്ങളായി ആ കേക്കിനെ മുറിച്ചു. അപ്പോഴാണ് ഒരു ഗ്ലാസിൽ തണുത്ത തണ്ണിമത്തൻ ജ്യൂസുമായി പങ്കജാക്ഷൻ വന്നത്. മാത്യുസാർ തന്റെ കേക്കിന്റെ പകുതി അയാൾക്കും കൊടുത്തു.

ചില നിമിഷങ്ങൾകൊണ്ട് ഞാൻ കുട്ടികൾക്ക് സുപരിചിതയായി. അവരുടെ കളിയിലും തമാശയിലും എന്നെയുമുൾപ്പെടുത്തിയപ്പോൾ ഞാനെന്റെ നഷ്ടപ്പെട്ട ബാല്യത്തിലേക്ക് തിരിച്ചുപോവുകയായിരുന്നു.

മാത്യുസാർ പറഞ്ഞു: "ഞാൻ അല്പം വിശ്രമിക്കട്ടെ. നല്ല സുഖം തോന്നുന്നില്ല." കുട്ടികളോടായി "ലാസ്യചേച്ചിയെ നമ്മുടെ പുരയിടം മുഴുവൻ ഒന്ന് കാണിച്ചുകൊടുക്ക്." അപ്പോൾ ആ കുട്ടികളുടെ മുഖത്ത് തിരയടിക്കുന്ന ഉത്സാഹം എനിക്ക് കാണാമായിരുന്നു.

ഞാനും കുട്ടികളും തനിച്ചായപ്പോൾ എന്തോ ഒരു സ്വാതന്ത്ര്യം കിട്ടിയതുപോലെ. എന്താണ് ഇവരോട് പറഞ്ഞുതുടങ്ങേണ്ടത്? ഒരു കഥ ആയാലോ. അച്ഛനും അമ്മയുമില്ലാത്ത ഈ കുട്ടികൾക്ക് ആവശ്യം സ്നേഹമായിരിക്കും. അനാഥത്വബോധമാണോ ഇവരെ ഇത്രയും പക്വതയുള്ളവരാക്കിയത്.

“ചേച്ചി എന്താ ചിന്തിക്കുന്നത്? ഞങ്ങളെക്കാൾ അല്പം പ്രായക്കൂടുതലുണ്ടെങ്കിലും കമ്പനിയടിക്കാൻ മടിക്കേണ്ട. നമ്മൾക്ക് എല്ലാം അഡ്ജസ്റ്റ് ചെയ്യാം.” അതുപറഞ്ഞ വിരുതനോട് പേര് തിരക്കി.

“ഞങ്ങൾ എല്ലാവരും പേരുപറഞ്ഞാലും ചേച്ചി ഓർത്തിരിക്കാൻ പോകുന്നില്ല. ഹലോ എന്നോ, സുഹൃത്തേ എന്നോ”, ഒരു കള്ളച്ചിരിയോടെ “പ്രിയപ്പെട്ടവനെ എന്നോ വിളിച്ചോളൂ.”

“അമ്പടാ കേമാ, നിന്നെ ഞാൻ പ്രിയപ്പെട്ടവനെ എന്ന് വിളിക്കണമല്ലേ?”

“എന്നില്ല. ഇഷ്ടമുള്ളത് വിളിക്കാം. ഞാൻ മറ്റു പല പേരുകൾ പറഞ്ഞിട്ടും ചേച്ചി അതു മാത്രമാണല്ലോ കേട്ടത്. അപ്പോൾ അതാ ചേച്ചിയുടെ വീക്ക്നസ് അല്ലേ?”

അടുത്തുനിന്ന പെൺകുട്ടിയാണ് അതിനുത്തരം പറഞ്ഞത്: “ഇവന്റെ പുളു കേട്ടുനിന്നാൽ സമയം പോകും. നമുക്ക് എല്ലാം നടന്ന് കാണാം.”

നടന്നുതുടങ്ങിയപ്പോഴാണ് അടുത്തയാളുടെ സംശയം പുറത്തുവന്നത്: “ചേച്ചിയുടെ പത്രത്തിന്റെ നയം ഇടതോ വലതോ? അല്ലെങ്കിൽ കോപ്പികൾ കൂടുതൽ ചെലവാകുവാനുള്ള ഗിമ്മിക്കുകൾ വല്ലതുമാണോ?” വേറൊന്നായിരുന്നു അടുത്തവന്റെ സംശയം: “പത്രത്തിലെ ജോലിക്ക് ഒരുപാട് യാത്ര ചെയ്യണം. അതുപോലെ സ്വാതന്ത്ര്യവും കുറവല്ലേ?”

ഈ കുട്ടികൾ എന്തെല്ലാം കാര്യങ്ങളെപ്പറ്റിയാണ് സംസാരിക്കുന്നത്. ഇവർക്കാവശ്യം പറഞ്ഞു പഴകിയ കഥകളോ താൽക്കാലികമായ സ്നേഹമോ അല്ല. ചുറ്റുവട്ടത്തു നടക്കുന്ന സത്യങ്ങളാണ്.

ഞാൻ തിരക്കി: “ഈ ഫാമിന്റെ പ്രവർത്തനത്തെപ്പറ്റി ഒന്നു വിശദീകരിക്കാമോ?”

“ചേച്ചിക്ക് പത്രത്തിൽ കൊടുക്കുവാനല്ലേ. അത് നടക്കില്ല.” അവരിലൊരാൾ ഗൗരവത്തിൽ പറഞ്ഞു.

“ഞാൻ നിങ്ങളോട് തർക്കിക്കാനില്ല.”

ഒരു കുട്ടി വിരൽ ചൂണ്ടിക്കൊണ്ട് “ആ നിൽക്കുന്നതാണ് ഗോമതി. ഇവിടേക്ക് ആവശ്യമുള്ള പാല് മുഴുവൻ തരുന്നത് ഗോമതിയാണ്.” ഞാൻ സംശ

യിച്ചു: 'അതിനെ ഇങ്ങനെ അഴിച്ചുവിട്ടാൽ കൃഷിയെല്ലാം നശിപ്പിക്കില്ലേ?'

"കന്നുകാലിയാണെങ്കിലും ഗോമതിക്ക് നമ്മളെക്കാൾ ബുദ്ധിയുണ്ട്. ഗോമതിയെ ഒരിക്കലും കെട്ടിയിടാറില്ല. ഇതുവരെ ഒന്നും നശിപ്പിച്ചിട്ടുമില്ല."

അവരിലൊരാൾ നീട്ടിവിളിച്ചു: "ഗോമതീ."

ഗോമതി കഴുത്തിലെ മണി കിലുക്കി അടുത്തേക്ക് വന്നു. കുട്ടികൾ ആ വലിയ പശുവിനെ നിർഭയമോടെ തൊട്ടും തലോടിയും തടവിയും സ്നേഹം പ്രകടിപ്പിച്ചു. ഗോമതിയാകട്ടെ കഴുത്തിലെ മണി കിലുക്കിയും വാലാട്ടിയും തിരിച്ചും.

പടർന്നു പന്തലിച്ച പ്ലാവിന്റെ ചുവട്ടിലൂടെ കുളക്കടവിലേക്ക് നടക്കുമ്പോൾ അതിൽനിന്ന് ഒരു തുള്ളിവെള്ളം എന്റെ മേൽ വീണു. അതിന്റെ ചുവട്ടിൽ നിർഭയരായി മേഞ്ഞുനടക്കുന്ന മുയലുകൾക്ക് കൊമ്പുണ്ടോയെന്ന് സംശയിക്കണം. ഞങ്ങളടുത്തുചെന്നിട്ടും അവയ്ക്ക് ഒരു കൂസലുമില്ല. അതിലൊരെണ്ണത്തെ മെല്ലെ കൈയിലെടുത്ത് ലാളിച്ചു. അവിടേക്ക് ഓടിവരുന്ന വലിയ നായെ കണ്ടു ഭയന്ന് മുയലിനെ വിട്ടി ഞാൻ എഴുന്നേറ്റു.

"ചേച്ചി പേടിക്കാനൊന്നുമില്ല. അത് നമ്മുടെ സുട്ടുവല്ലെ."

ആ നായ് എന്നെ അപരിചിതഭാവത്തിൽ നോക്കി മുരണ്ടു. കുട്ടികൾ അതിനെ തലോടി സംസാരിച്ചുതുടങ്ങി: "എടാ സുട്ടൂ, ഇത് നമ്മുടെ ലാസ്യച്ചേച്ചിയല്ലേ. പോയി ഷെയ്ക്ക് ഹാൻഡ് കൊടുക്ക്." ആ നായ് അടുത്തേക്ക് വന്ന് പിൻകാലുകളിൽ ഉയർന്നുനിന്ന് കൈകൾ എന്റെ നേരെ നീട്ടി. ഞാൻ കൗതുകത്തോടെ ആ കൈകളിൽ പിടിച്ച് കുലുക്കി. സുട്ടു നാക്കുകൾ പുറത്തേക്ക് നീട്ടി പ്രത്യേക ശബ്ദം കേൾപ്പിച്ചു. കുട്ടികളിലൊരാൾ വിശദീകരിച്ചു: "സുട്ടുവിന് ചേച്ചിയെ പിടിച്ചിരിക്കുന്നു. അതുകൊണ്ടാ അവൻ സംസാരിക്കുന്നത്."

കുളക്കടവിൽനിന്നും വിളഞ്ഞുനിൽക്കുന്ന പാടത്തിന്റെ വരമ്പിലൂടെ മുന്തിരിത്തോപ്പിലെത്തി. പഴുത്തുനിൽക്കുന്ന മുന്തിരിപ്പഴങ്ങൾ കണ്ടപ്പോൾ ഏതോ കാല്പനികകഥയിലെ പ്രണയരംഗമാണ് മനസ്സിലേക്ക് ഓടിയെത്തിയത്. കൈതച്ചെടികൾക്കിടയിൽ തലയുയർത്തിനിൽക്കുന്ന കേരവൃക്ഷങ്ങൾക്കെല്ലാം ഇടയിലൂടെ നടന്ന് അവസാനം വീടിന്റെ മുന്നിലെത്തി. വീടിന്റെ മുകളിലിരുന്നു കുറുകുന്ന വെള്ളരിപ്രാവുകൾ ഈ ശാന്തിഭവനത്തിന്റെ പ്രതീകംതന്നെയല്ലേ? ഞാൻ സംശയിച്ചു.

മുറ്റത്തിന്റെ അരികിലെ ആഞ്ഞിലിമരത്തിന്റെ ചുവട്ടിലായി ഈസിച്ചെയറിൽ കിടക്കുന്ന മാത്യുസാറിന്റെ അരികിലേക്ക് ചെന്നു. എനിക്ക് ചുറ്റും

കുട്ടികളുണ്ട്.

''പഠിക്കുവാനുള്ള സമയമായില്ലേ. നിങ്ങൾ സ്റ്റഡിഹാളിലേക്ക് പൊയ്ക്കൊള്ളൂ.'' മാത്യുസാർ പറഞ്ഞു.

കുട്ടികൾ തെല്ല് നിരാശയോടെ എന്റെ മുഖത്തേക്ക് നോക്കി 'ചേച്ചീ ടാറ്റാ' എന്നു പറഞ്ഞ് നടന്നകന്നു.

മാത്യുസാറിന്റെ എതിരെയുള്ള കസേരയിൽ കുളിർത്ത മനസ്സോടെ ഞാൻ ഇരുന്നു.

മാത്യുസാർ തിരക്കി: "ലാസ്യ എല്ലാം കണ്ടോ?"

"കണ്ടു. ഏറെ ഇഷ്ടപ്പെടുകയുംചെയ്തു. കുറച്ചുകൂടി മുമ്പ് ഇവിടെ വരാൻ കഴിഞ്ഞില്ലല്ലോ എന്നൊരു വിഷമമേ ഇപ്പോഴുള്ളു."

ഒരു മൺകോപ്പയിൽ തേൻവെള്ളവുമായി പങ്കജാക്ഷൻ വന്നു. ഞാൻ അതു വാങ്ങി രുചിയോടെ കുടിച്ചപ്പോൾ പങ്കജാക്ഷൻ പറഞ്ഞു. "ഇത് ഇവിടെത്തന്നെ ഉണ്ടാക്കുന്ന തേനാണ്. ഇതിൽ മാലിന്യമൊന്നുമില്ല. ദാഹം ശമിപ്പിക്കാൻ മാത്രമല്ല രക്തം ശുദ്ധിയാക്കുവാനും ഇത് നല്ലതാണ്."

അപ്പോൾ ഞാൻ ഓർത്തുപോയി കൃത്രിമപാനീയങ്ങൾ കുടിച്ച് സമയവും പണവും ഒപ്പം ശരീരവും കളയുന്നവരെപ്പറ്റി. പങ്കജാക്ഷൻ തുടർന്നു: "ഞങ്ങൾ പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്നതുകൊണ്ട് ഇവിടെ ആർക്കും അസുഖങ്ങൾ വരാറില്ല. അഥവാ വന്നാൽതന്നെ ഇവിടെ വളരുന്ന നാടൻചെടികൾകൊണ്ട് ഉണ്ടാക്കുന്ന ഔഷധങ്ങളാൽ പരിഹരിക്കാവുന്നതേയുള്ളൂ."

അതു കേട്ടപ്പോൾ എനിക്ക് ആശ്ചര്യമാണ് തോന്നിയത്. മാത്യുസാറിന്റെ അഭിപ്രായത്തിനായി മുഖത്തേക്ക് നോക്കിയപ്പോൾ അദ്ദേഹം പറഞ്ഞു: "പ്രായോഗികബുദ്ധികളായ ഈ സമൂഹജീവികളോട് പൊരുത്തപ്പെടുവാൻ വയ്യ. എങ്ങോട്ടു തിരിഞ്ഞാലും സ്വന്തം കാര്യത്തിനുവേണ്ടി എന്തും ചെയ്യാൻ മടിയില്ലാത്തവരായി തീർന്നിരിക്കുന്നു മനുഷ്യർ. അക്കരെപ്പച്ച എന്നു കേട്ടിട്ടില്ലെ? അവിടേക്കാണ് ഈ ജനം കുതിക്കുന്നത്. സ്വന്തമായതെല്ലാം അധമം എന്നു വിധിച്ച് അന്യന്റേതായതെന്തും വിശിഷ്ടമായിക്കരുതി അനുകരിക്കുന്ന ഈ ജനത്തിന്റെ പ്രയാണം പടിഞ്ഞാറോട്ടുതന്നെയാണ്. പ്രകൃതിയോട് പ്രതിഷേധിച്ചും പിണങ്ങിയുമല്ല ഇണങ്ങിയും മെരുങ്ങിയുമാണ് ജീവിക്കേണ്ടത്. ഞാൻ എന്റെ എളിയ വിശ്വാസമനുസരിച്ച് ജീവിക്കുന്നു. ലാസ്യ ഇവിടേക്കു വന്നപ്പോൾ കുട്ടികൾക്കുണ്ടായ സന്തോഷം കണ്ടില്ലേ. ചേച്ചിയെ കിട്ടിയ സന്തോഷമാണ്. കഴിയുമെങ്കിൽ ഇനിയും വരിക. പ്രതിഫലം ഇച്ഛിക്കാതെ ഇവരെ സ്നേഹിക്കുക."

"ഞാൻ വരും. എനിക്ക് വരാതിരിക്കാൻ പറ്റില്ല."

"കഴിഞ്ഞ ദിവസം ഒരു സംഭവം നടന്നു. ശാന്തിഭവനത്തിലേക്ക് എന്നു പറഞ്ഞ് എം.എൽ.എ.യും പഞ്ചായത്തുപ്രസിഡണ്ടും കൂടി പിരിവു നടത്തിയ തുകയുമായി ഇവിടെയെത്തിയപ്പോഴാണ് പിരിവിനെപ്പറ്റി ഞാൻ അറിഞ്ഞത്. ഞാൻ ആരുടെയും ഔദാര്യം പറ്റാറില്ലെന്നും ഇവിടേക്ക് ആവശ്യമുള്ളതു മുഴുവൻ ഇവിടെത്തന്നെയാണ് ഉണ്ടാക്കുന്നതെന്നും പറഞ്ഞപ്പോൾ അവർ ക്ഷോഭിച്ചു. പത്രക്കാരും ഫോട്ടോഗ്രാഫർമാരുമായി വന്ന അവരെ അവഹേളിച്ചതിന് 'കാണിച്ചുതരാം' എന്നു വെല്ലുവിളിച്ച് കലിതുള്ളി ഇറങ്ങിപ്പോയി. ഞാൻ പറഞ്ഞുവന്നത് ജനപ്രതിനിധികളുടെ കുറ്റമല്ല. സമൂഹത്തിന്റെ മാറിയ മനഃസാക്ഷിയെപ്പറ്റിയാണ്."

ഗെയിറ്റ് ഇടിച്ചുതുറക്കുന്ന ശബ്ദം കേട്ടാണ് അവിടേക്ക് നോക്കിയത്. കൈയിലുയർത്തിപ്പിടിച്ച പത്തലുകളും വടിവാളുകളുമായി കുറച്ചാളുകൾ ഉള്ളിൽ കയറിയിരിക്കുന്നു. 'അടിച്ചുപൊളിക്കെടാ' എന്നൊരട്ടഹാസം അവർക്കിടയിൽനിന്നുമുയർന്നു. ചോദ്യവും പറച്ചിലുമില്ലാതെ അവർ ശാന്തിഭവൻ തല്ലിത്തകർക്കുവാൻ തുടങ്ങി.

എന്തു ചെയ്യണമെന്നറിയാതെ പതറിനിന്ന ഞങ്ങൾക്കടുത്തേക്കു ആയുധങ്ങളുമായി ചിലർ ഓടിവന്നു. "ഞങ്ങളുടെ പ്രിയപ്പെട്ട നേതാക്കളെ അപമാനിച്ചുവിടാൻ നീയാര്, അഭിനവ ഗാന്ധിയോ?" എന്നു ചോദിച്ച് അവരിലൊരാൾ മാത്യുസാറിന്റെ തലയ്ക്കടിച്ചു. അവിടേക്ക് പ്രതിഷേധത്തോടെ കുരച്ചുകൊണ്ട് ചാടിവന്ന സുട്ടുവിനെ വടിവാളുകൊണ്ട് വെട്ടി. ഉടലും ശിരസും ഇരുകഷണങ്ങളായി അത് രക്തത്തിൽക്കിടന്ന് പിടച്ചു.

അകത്തെ മുറിയിൽനിന്നും കുട്ടികൾ കരഞ്ഞുകൊണ്ട് അവിടേക്ക് വന്നു. രക്തമൊലിപ്പിച്ചുകൊണ്ട് നിൽക്കുന്ന മാത്യുസാറിന് ചുറ്റും അവർ വട്ടമിട്ട് നിന്നു. ആക്രമികൾ കുട്ടികളെ നിർദ്ദയം മർദ്ദിച്ചിട്ടും അവർ അവിടെനിന്നും അനങ്ങിയില്ല.

അക്രമികളിലൊരുവന്റെ കണ്ണ് വന്യമായ ആവേശത്തോടെ എന്റെ മേൽ വീണു. കൈയിലിരുന്ന വടിവാൾ നിലത്തിട്ട് ഒറ്റക്കുതിപ്പിന് അവനെന്നെ കരവലയത്തിലമർത്തി. അവന്റെ വൃത്തികെട്ട വായ് എന്റെ മുഖത്തമർത്തി. ഭ്രാന്തമായ ആവേശത്തോടെ എന്റെ സ്ത്രീത്വത്തെ ഒരു വട്ടമുരിഞ്ഞു. ഞാൻ പ്രാണഭീതിയോടെ കരയുകയും സർവശക്തിയുമെടുത്ത് കുതറുകയുംചെയ്തു. അവിടേക്ക് വന്ന മറ്റു ചിലർ അവനെ എന്നിൽനിന്നും ബലമായി പിടിച്ചകത്തി ഉപദേശിച്ചു: "ഇപ്പോൾ വേണ്ട. അത് സ്ത്രീപീഡനമാകും." നഷ്ടപ്പെട്ട ഇരയെ ക്രുദ്ധനായി നോക്കുന്ന കാട്ടാളനെപ്പോലെ നിന്ന അവന്റെ മുന്നിൽനിന്നും ഓടി ഞാൻ അകത്തേമുറിയിലേക്ക് കടന്നു.

അലങ്കോലമായിക്കിടക്കുന്ന ആ മുറിയുടെ കോണിലിരുന്നപ്പോൾ പുറത്തു നടക്കുന്ന സംഹാരതാണ്ഡവത്തിന്റെ ശബ്ദം കേൾക്കാം. എപ്പോഴോ എന്നിലെ പത്രപ്രവർത്തക ഉള്ളിലിരുന്ന ചുരമാന്തിത്തുടങ്ങി. തെല്ലകലെയായി തെറിച്ചുകിടക്കുന്ന വാനിറ്റിബാഗിനുള്ളിൽനിന്നും ക്യാമറ പുറത്തെടുത്തു.

പരിക്കുപറ്റിയ മാത്യുസാറിനു ചുറ്റും ഭീതിയോടെ നിൽക്കുന്ന കുട്ടികൾ. ശിരസ്സറ്റുകിടക്കുന്ന നായ്. കൂട്ടിനുള്ളിൽ കത്തിയെരിയുന്ന വെള്ളരിപ്രാവുകൾ. പങ്കജാക്ഷനെ പിടിച്ചുനിർത്തി മർദ്ദിച്ചുകൊണ്ടിരിക്കുന്നത്. ഗോമതിക്ക് പിന്നാലെ ഒരുവൻ ഉയർത്തിപ്പിടിച്ച വാളുമായി പായുന്നത്. അങ്ങനെ ഒന്നിനുപിറകെ ഒന്നൊന്നായി ചിത്രങ്ങളെടുത്തു.

ആരോ പിന്നിൽനിന്നും മുടിയിൽപിടിച്ച് വലിച്ചടുപ്പിച്ചുകൊണ്ട് കൈയിലിരുന്ന ക്യാമറ ബലമായി പിടിച്ചുമേടിച്ചു. അതിനുള്ളിൽനിന്നും ഫിലിം വലിച്ചെടുത്ത് അരിശത്തോടെ പിച്ചിച്ചീന്തി. ക്യാമറ തറയിലേക്ക് ഊക്കോടെ വലിച്ചെറിഞ്ഞു. പിന്നെ ഒരട്ടഹാസത്തോടെ എന്റെ കരണത്ത് ആഞ്ഞടിച്ചു. അതിന്റെ ശക്തിയിൽ ഞാൻ നിലത്തേക്ക് തെറിച്ചുവീണു. നിന്ന് കിതയ്ക്കുന്ന അവനു മുന്നിൽനിന്നും മെല്ലെ എഴുന്നേറ്റ് പിന്നിലേക്ക് നടന്നു. പിന്നെ തിരിഞ്ഞ് സർവ്വശക്തിയുമെടുത്ത് ഓടി.

ഗെയിറ്റ് കടന്ന് നിരത്തിലൂടെ ഓടിക്കൊണ്ടിരുന്ന ഞാൻ വരുന്ന വണ്ടികൾക്കെല്ലാം കൈകാണിച്ചു. അവസാനം ഒരോട്ടോ നിർത്തി. അതിൽ പിടിച്ചുകയറി. കിതച്ചുകൊണ്ട് പറഞ്ഞു: 'മലയാളഭൂമി.'

ഓട്ടോ പത്രമോഫീസിലേക്ക് പോയിക്കൊണ്ടിരിക്കുമ്പോൾ കൈ അറിയാതെ മാറിടത്തിലമർന്നു. മനസ്സ് ആഹ്ലാദിച്ചു. ബ്ലൗസിനുള്ളിൽ മുലകൾക്കിടയിൽ ഒളിച്ചുവച്ചിരിക്കുന്ന ഒരു റോൾ ഫിലിം ഭദ്രമാണ്. സ്ത്രീത്വത്തിന്റെ നിഗൂഢഭാവങ്ങളും അതിന്റെ വൈരുദ്ധ്യങ്ങളും അറിയാൻ ആ കശ്മലന്മാർ ഇനിയും പല ജന്മങ്ങൾ ജനിക്കേണ്ടിയിരിക്കുന്നു. അതിനെപ്പറ്റിയെല്ലാം ഓർത്തപ്പോൾ എനിക്ക് ചിരിയടക്കാൻ കഴിഞ്ഞില്ല.

അപ്പോൾ എന്റെ മനസ്സിൽ തല്ലിത്തകർക്കപ്പെട്ട ശാന്തിഭവനമോ പരിക്കുകൾ പറ്റിയ മാത്യുസാറോ കുട്ടികളോ ഇല്ലായിരുന്നു. നാളത്തെ പത്രത്തിൽ കൊടുക്കുവാനുള്ള സ്കൂപ്പ് ന്യൂസിന്റെ തലക്കെട്ടിനെപ്പറ്റിയും ഫോട്ടോകളുടെ അടിക്കുറിപ്പുകളെപ്പറ്റിയും മാത്രമായിരുന്നു ചിന്ത.

# 6
# ലാഹോർയാത്ര

ഹമീദ് അലി,
നമ്പർ 24,
അൻവർ സ്ട്രീറ്റ്,
അനുവാലി,
ലാഹോർ വെസ്റ്റ്.

**അ**ൻപതു വർഷങ്ങൾക്കപ്പുറമുള്ള ഈ അഡ്രസ് കേട്ടനാൾമുതൽ മനസ്സിൽ കോറിയിട്ടതാണ്; ഒരു കടംകഥപോലെ. ഇന്ന് അതൊരു വെള്ളപ്പേപ്പറിലേക്കു കുറിച്ചെന്നുമാത്രം. അഡ്രസ് പറഞ്ഞു മനസ്സിലാക്കുന്നതിനെക്കാൾ യുക്തം പേപ്പറിൽ കുറിച്ചുകാണിച്ചു തിരക്കുകയാണല്ലോ.

സമസ്യാപൂരണത്തിനായി അനുവാലിയുടെ തെരുവിലൂടെ അൻവർ സ്ട്രീറ്റും തേടി ചുറ്റുവാൻ തുടങ്ങിയട്ട് മണിക്കൂറുകൾ പലതു കഴിഞ്ഞു. കാലം അനുവാലിയിൽ കാര്യമായ ചിത്രപ്പണികളൊന്നും നടത്തിയിട്ടില്ലെങ്കിലും സ്ട്രീറ്റുകളുടെ പേരും വീടുകളുടെ നമ്പരുകളും മാറിയതായി അറിയുവാൻ കഴിഞ്ഞു.

നാലും കൂടിയ കവലയിലെ മസ്ജിദിനു മുന്നിലായി ഡ്രൈവർ കാർ നിറുത്തി, പിൻസീറ്റിലിരുന്ന എന്നെ ഇനിയെങ്ങോട്ടെന്ന ചോദ്യഭാവത്തിൽ നോക്കി. കൈയിൽ കുറിച്ചുപിടിച്ചിരുന്ന അഡ്രസുമായി ഞാൻ കാറിൽനിന്നും പുറത്തേക്കിറങ്ങി. ഹർത്താൽ, നഗരങ്ങളെക്കാൾ നഗരപ്രാന്തങ്ങളെയാണു ബാധിച്ചിരിക്കുന്നത്. അടച്ചിട്ടിരിക്കുന്ന ചില കടകൾക്കു മുകളിൽ കറുത്ത കൊടികൾ നാട്ടിയിരിക്കുന്നു. ഇന്ത്യയുടെയും പാക്കിസ്ഥാന്റെയും കൊടികളുമായി ആഹ്ലാദത്തോടെ പട്ടം പറപ്പിക്കുന്ന കുട്ടികൾ. മാനത്ത് സമാധാന

ത്തിന്റെ സന്ദേശങ്ങളുമായി പറന്നുനടക്കുന്ന വെള്ളരിപ്രാവുകൾ. ചായം മങ്ങിയ ചുവരുകളിൽ വാജ്പേയിയുടെയും നവാസ് ഷെറീഫിന്റെയും ചിരിച്ചിരിക്കുന്ന ബഹുവർണ്ണ പോസ്റ്ററുകൾ. ആകക്കൂടി നോക്കിയാൽ ഓൾഡ് ഡൽഹിയുടെ പരിച്ഛേദംതന്നെയാണിവിടം.

മസ്ജിദിനുള്ളിൽനിന്നും പുറത്തേക്കുവരുന്ന മുക്രിയെ കണ്ടപ്പോഴാണ് മനസ്സിലെ ചിന്തകൾ മറ്റൊരു ദിശയിലേക്കു തിരിഞ്ഞത്. പ്രായംചെന്നവരോട് തിരക്കിയാൽ പഴയകാലസ്ഥലങ്ങളെയും വ്യക്തികളെയുംപറ്റി എന്തെങ്കിലും സൂചനകൾ ലഭിച്ചാലോ.

തോളിൽ കിടന്ന ഷാളെടുത്തു തലയിലേക്കിട്ട് ഭവ്യതയോടെ മുക്രിയുടെ അടുത്തേക്കു ചെന്നു. തലകുനിച്ചു വണങ്ങി. കൈയിലിരുന്ന അഡ്രസ് കാണിച്ച് തിരക്കി: "അൻപതു വർഷംമുമ്പുള്ള ഒരഡ്രസാണിത്. ഹമീദ് അലി. സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്തിരുന്നു. സാരേ ജഹാം സെ അച്ഛാ എഴുതിയ ഇക്ബാലിനോടൊപ്പവും പ്രവർത്തിച്ചിരുന്നു."

മുക്രി ആശ്ചര്യത്തോടെ എന്റെ മുഖത്തേക്കും അഡ്രസ്സിലേക്കും മാറി മാറി നോക്കി.

"ഈ അന്വേഷിക്കുന്ന ആൾ കുട്ടിയുടെ..."

"വല്യുപ്പ."

"മനസ്സിലായില്ല."

"ഇരുരാജ്യങ്ങളും (ഇന്ത്യയും പാകിസ്ഥാനും) തമ്മിൽ വിഭജിച്ചപ്പോൾ, വിഭജനത്തിന് എതിരായിരുന്ന വല്യുപ്പ വർഗ്ഗീയലഹളയെ അവഗണിച്ച് ഭാരതത്തിലേക്കു പോകുവാനുറച്ചു. ഭാര്യയേയും കൈക്കുഞ്ഞിനേയും ചില ഹിന്ദുസുഹൃത്തുക്കളോടൊപ്പം ആദ്യംതന്നെ വണ്ടിയിൽ കയറ്റി ഡൽഹിയിലേക്കയച്ചു. പിന്നെ നടന്ന വർഗ്ഗീയലഹളയിലും കൊള്ളയിലുംപെട്ട് വല്യുപ്പായും ഒരു കുട്ടിയും ഇവിടെത്തന്നെ കുടുങ്ങിപ്പോയി. വല്യുമ്മയിൽനിന്ന് അമ്മയിലേക്കും അവിടെനിന്ന് എന്നിലേക്കും പകർന്നുകിട്ടിയ ഈ അഡ്രസ് മാത്രമാണ് ഞങ്ങൾക്കിടയിലുള്ള തിരിച്ചറിയലിന്റെ ഏക കണ്ണി."

"അദ്ദേഹം ഇപ്പോഴും ജീവിച്ചിരുപ്പുണ്ടോ?" മുക്രി സംശയിച്ചു.

"അറിയില്ല. വല്യുമ്മയുടെ കാലത്ത് എഴുതിയ കത്തുകൾക്കൊന്നും മറുപടി ലഭിക്കാത്തതിനാൽ പിന്നീടാരും ആ വഴിക്കു ചിന്തിച്ചിട്ടില്ല."

"കുട്ടിയുടെ പേര്?"

"സോണാലി. വാജ്പേയിയോടൊപ്പം ഇന്ത്യയിൽനിന്നും വന്ന യാത്രാസംഘത്തിലെ ഒരു പത്രപ്രവർത്തകയാണ്."

മുക്രി ആലോചനയോടെ: "അമ്പതു വർഷങ്ങൾക്കുമുമ്പുള്ള ഒരു വിലാസം ഹമീദ് അലി, ഇക്ബാലിനോടൊപ്പം പ്രവർത്തിച്ചിരുന്ന നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പടപൊരുതിയ ആൾ. എന്റെ ചിന്തയിൽ അങ്ങനെയൊരു ചിത്രം തെളിയുന്നില്ലല്ലോ പടച്ചോനെ. ചിലപ്പോൾ റാവു സൈദിന് കുട്ടിയെ സഹായിക്കാൻ കഴിഞ്ഞേക്കും. പഴയകാല പൊതുപ്രവർത്തകനും സ്വാതന്ത്ര്യസമരസേനാനിയുമാണദ്ദേഹം. വിരോധമില്ലെങ്കിൽ എന്നോടൊപ്പം വന്നാൽ അദ്ദേഹത്തെ പരിചയപ്പെടുത്താം."

“എന്തു വിരോധം! അതിൽ സന്തോഷമല്ലേയുള്ളൂ.”

കാറിൽ റാവൂ സൈദിന്റെ വീട്ടിലേക്കു പോകുമ്പോൾ ഞങ്ങളുടെ സംഭാഷണം പൂർണമായും ഇന്ത്യാ-പാക് ബന്ധത്തെപ്പറ്റിയായിരുന്നു.

വൃത്തി കുറവുള്ള ഒരു തെരുവിന്റെ ഓരംചേർത്തു കാർ നിറുത്തി. അവിടെ കുട്ടികൾ നടുറോഡിൽ ക്രിക്കറ്റ് കളിക്കുകയാണ്. കുട്ടികളുടെ കളിക്ക് ഭംഗം വരുത്താതെ ഒതുങ്ങി നടന്നുതുടങ്ങിയ മുക്രിക്കു പിന്നാലെ ഞാനും നടന്നു. ചായങ്ങൾ പൂശാത്ത വീടുകൾക്കിടയിലെ ഇടുങ്ങിയ വഴിയിലൂടെ നടന്ന് ചെറിയൊരു വീടിനു മുന്നിലെത്തി. മുക്രി അടഞ്ഞുകിടന്ന വാതിലിൽ മുട്ടി. അല്പസമയം കഴിഞ്ഞപ്പോൾ വാതിൽ മെല്ലെ തുറക്കപ്പെട്ടു. പർദയിട്ട സ്ത്രീ ഞങ്ങളെ കണ്ടപ്പോൾ അപരിചിതഭാവത്തോടെ വാതിൽപ്പാളിക്കു പാതി മറഞ്ഞുനിന്നു ചോദിച്ചു: “ആരാ, മനസ്സിലായില്ലല്ലോ?”

മുക്രി പറഞ്ഞു: “റാവു സൈദിനെ കാണാൻ വന്നതാണ്.”

സ്ത്രീ ഒന്നും ഉരിയാടാതെ ഉൾമുറിയിലേക്കു പിൻവലിഞ്ഞു. അല്പം കഴിഞ്ഞപ്പോൾ താടിയും മുടിയും നരച്ച് ശരീരം മെല്ലിച്ച ഒരു വൃദ്ധനെ കൈയ്ക്കുപിടിച്ച് അവിടേക്കു കൊണ്ടുവന്നു കസേരയിലിരുത്തി. അയാളുടെ ശരീരം മെല്ലെ വിറയ്ക്കുന്നുണ്ടായിരുന്നു.

മുക്രിയെ കണ്ടപ്പോഴേ അയാൾ തിരിച്ചറിഞ്ഞു. അകത്തേക്കു വരുവാൻ ക്ഷണിച്ചു. ഞങ്ങൾ ഇരിപ്പിടങ്ങളിലമർന്നു. ആമുഖമില്ലാതെ കാര്യങ്ങൾ വേഗത്തിൽത്തന്നെ മുക്രി അവതരിപ്പിച്ചു. വൃദ്ധൻ ആശ്ചര്യത്തോടെ എന്നെ നോക്കി. പിന്നെ ഓർമ്മകളിലൂടെ ഭൂതകാലത്തിലേക്ക് ഒരു തീർത്ഥയാത്രയ്ക്കായി കണ്ണുകൾ പാതിയടച്ചു. വിരലുകൾകൊണ്ട് നരച്ച താടിരോമങ്ങൾക്കിടയിലൂടെ തലോടുന്നതിനിടയിൽ ചുണ്ടുകളുടെ കോണിൽ നേരിയ പുഞ്ചിരി വിടർന്നു.

“അറിയും. ഹമീദ് അലിയെ ഞാൻ അറിയും. ബ്രിട്ടീഷുകാരിൽനിന്നുമുള്ള രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും ഉത്ഥാനത്തിനുമായി ഞങ്ങൾ ഒരുമിച്ച് എത്രയോ രാവും പകലും പണിയെടുത്തിട്ടുണ്ട്.”

വിദൂരതയിലേക്കു നോക്കിയിരുന്ന ആ കണ്ണുകൾ ചുവന്നു. ശ്വാസോച്ഛ്വാസത്തിന്റെ വേഗതയേറി. നാസാരന്ധ്രങ്ങൾ ത്രസിച്ചു. വിറയാർന്ന ചുണ്ടുകളിലൂടെ പ്രതിഷേധം വാക്കുകളായി പുറത്തേക്കു വന്നു: “ഞങ്ങൾ കഷ്ടപ്പെട്ടുണ്ടാക്കിയ സ്വാതന്ത്ര്യം ഇബിലീസുകൾ എല്ലാം ചേർന്ന് കളഞ്ഞുകുളിച്ചില്ലേ?” ഇരുന്ന കസേരയുടെ പിടിയിൽ കൈകൾ അമർത്തി ഉൾക്ഷോഭത്തെ അടക്കാൻ ശ്രമിച്ചുകൊണ്ട് തുടർന്നു: “ക്ഷമിക്കണം. വ്യഥകൊണ്ടങ്ങു പറഞ്ഞുപോയതാ. ഏതാണ്ട് ഇരുപത്തിയഞ്ചു വർഷങ്ങൾക്കു മുമ്പാണ് അവസാനമായി ഞങ്ങൾ കാണുന്നത്; ജാഫർഖുർഷിദിന്റെ വീട്ടിൽവെച്ച്. യാദൃച്ഛിക സമാഗമം. അൻവർ സ്ട്രീറ്റിന്റെ പേരു മാറ്റി പഹാഡി സ്ട്രീറ്റെന്നാക്കി. ആ തെരുവിൽ വലിയൊരു ആഡിറ്റോറിയമുണ്ട്. പേര് ഓർമ്മയില്ല. ആ വഴിയിലൂടെത്തന്നെ മുന്നോട്ടു പോയി, റോഡ് അവസാനിക്കുന്നിടത്തു കാണുന്ന വീടാണ് ഹമീദിന്റേത്. ജീവിച്ചിരിപ്പുണ്ടെങ്കിൽ ഹമീദിനോട് എന്റെ അന്വേ

ഷണം പറയാൻ മറക്കരുത്. എനിക്ക് അല്പമെങ്കിലും കഴിയുമായിരുന്നെങ്കിൽ നിങ്ങളോടൊപ്പം ഞാനും വരുമായിരുന്നു."

റാവൂ സൈദിനോടു നന്ദിപറഞ്ഞ് ഞങ്ങൾ അവിടെനിന്നുമിറങ്ങി. ഡ്രൈവർ കാർ നിറുത്തി ഇടയ്ക്കൊക്കെ ആരോടെല്ലാമോ പഹാഡി സ്ട്രീറ്റിലേക്കുള്ള വഴികൾ തിരക്കിക്കൊണ്ടിരുന്നു.

പഹാഡി സ്ട്രീറ്റിലെ ആഡിറ്റോറിയത്തിനു മുന്നിലായി ഡ്രൈവർ കാർ നിറുത്തി. മുക്രി അവിടെനിന്ന യുവാവിനോട് ഹമീദ് അലിയുടെ വീടു തിരക്കി.

"ഓ ജമീൽ അലിയുടെ വീട്, ദാ ആ കാണുന്നത്." യുവാവു പറഞ്ഞു.

മുക്രി തിരുത്തി: "ജമീൽ അലിയുടേതല്ല; ഹമീദ് അലിയുടെ."

യുവാവ് പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: "ഹമീദ് അലിയുടെ മകനാണ് ജമീൽ അലി."

ഞങ്ങൾ കാറിൽനിന്നുമിറങ്ങി അവിടേക്കു നടന്നു. വീടിന്റെ മുന്നിലെത്തിയപ്പോൾ കണ്ടു, മലർക്കെ തുറന്നുകിടക്കുന്ന വാതിൽ. അവിടെ ഒരു സോഫയിൽ വെള്ള പൈജാമയും കുർത്തയുമിട്ട പ്രൗഢനായൊരു വൃദ്ധൻ. പറ്റെ വെട്ടിയ മുടിയും താടിയും പൂർണ്ണമായി നരച്ചിരിക്കുന്നു. എന്റെ മനസ്സ് ത്രസിച്ചു. വല്യുപ്പതന്നെ ആയിരിക്കുമോ?

ശബ്ദം കേട്ടമാത്രയിൽ വൃദ്ധൻ ചോദിച്ചു:

"ആരാ അത്?"

മുക്രി തിരക്കി: "ഹമീദ് അലി?"

"അതെ അതു ഞാൻതന്നെയാണ്." കണ്ണുകൾ ദ്രുതഗതിയിലടച്ചുതുറന്ന് കൈകൾകൊണ്ടു തപ്പിത്തടഞ്ഞപ്പോൾ എനിക്കു വ്യക്തമായി വല്യുപ്പയുടെ കാഴ്ച നഷ്ടപ്പെട്ടിരിക്കുന്നു.

മുക്രി പറഞ്ഞു: "നിങ്ങളെക്കാണാൻ കൊച്ചുമകൾ വന്നിട്ടുണ്ട്, ഭാരതത്തിൽനിന്നും."

വല്യുപ്പ കസേരയിൽനിന്നും പിടഞ്ഞെഴുന്നേറ്റ് നേരിയ കിതപ്പോടെ തിരക്കി: "എന്റെ അനാർക്കലിയുടെ മകൾ?"

ഞാൻ തിരുത്തി: "ആ മകളുടെ മകൾ."

വല്യുപ്പ തപ്പിത്തടഞ്ഞുകൊണ്ടു പറഞ്ഞു: "മോളിങ്ങടുത്തു വാ."

ഞാൻ മെല്ലെ അടുത്തേക്കു ചെന്നു. എന്നെ തൊടുവാനായി വല്യുപ്പയുടെ കൈകൾ മുന്നോട്ടു നീട്ടി. ഞാൻ ഇരുകൈകൾകൊണ്ടും ആ കൈകൾ പിടിച്ച് എന്റെ മാറോടടുപ്പിച്ച് വാത്സല്യത്തോടെ വല്യുപ്പയോടു ചേർന്നുനിന്നു.

വല്യുപ്പയുടെ കണ്ണുകൾ നിറഞ്ഞ് ചറംപോലെ കണ്ണുനീർ തുള്ളികൾ ഒലിച്ചു.

"എന്റെ കൊച്ചുമകൾ വന്നല്ലോ എന്നെക്കാണാൻ. അനാർക്കലി, അവൾ എന്തു പറയുന്നു?"

തെല്ലുസമയത്തെ മൗനത്തിനുശേഷം ഞാൻ ശബ്ദം താഴ്ത്തി പറഞ്ഞു: "മരിച്ചുപോയി."

വല്ല്യുപ്പ പിന്നെയും തിരക്കി: "എന്റെ മോൾ അന്നു കൈക്കുഞ്ഞായിരു

ന്നു, ഫാത്തിമ അവൾ—" തൊണ്ടയിൽനിന്നും തുടർന്ന് വാക്കുകളൊന്നും പുറത്തേക്കു വന്നില്ല. അടക്കിപ്പിടിച്ച ഒരേങ്ങൽ മാത്രം.

"വീട്ടിലുണ്ട്."

"മോളുടെ പേര്?"

"സോണാലി."

"മോളേ, എനിക്ക് ഒരുപാടൊരുപാടു കാര്യങ്ങൾ അറിയുവാനുണ്ട്. ഒരുപാടു കാര്യങ്ങൾ പറയുവാനുണ്ട്. നിങ്ങൾക്ക് ഭാരതത്തിൽ കഷ്ടപ്പാടുകൾ വല്ലതും?"

"ഇല്ല വല്ല്യുപ്പ. ഇവിടെയുണ്ടായിരുന്ന വല്ല്യുപ്പായുടെ സുഹൃത്തുക്കൾ ഞങ്ങൾക്കെന്നും താങ്ങും തണലുമായിരുന്നു."

വല്ല്യുപ്പ സുഹൃത്തുക്കളെപ്പറ്റി തിരക്കി: "റാവുവും മിശ്രയുമിപ്പോൾ എന്തെടുക്കുന്നു?"

"മരിച്ചുപോയി."

"അവരുടെ മക്കൾ."

"ഞങ്ങളിപ്പോൾ ഒരു കുടുംബംപോലെയാണ് കഴിയുന്നത്. മിശ്രയുടെ മകൻ അഞ്ചലാണ് എന്റെയച്ഛൻ."

വല്ല്യുപ്പ കൃതാർത്ഥതയോടെ ഈശ്വരനെ വിളിച്ചു: "അള്ളാ." പിന്നെത്തിരക്കി: "വിശ്വസിക്കുന്നത്?"

"അച്ഛൻ അമ്പലത്തിൽ പോകുമ്പോൾ അമ്മ പള്ളിയിലാണു പോകാറ്. ഞാൻ രണ്ടിടത്തും പോകാറുണ്ട്."

വല്ല്യുപ്പ ഒരു നെടുവീർപ്പോടെ തുടർന്നു: "സർക്കാരുകൾക്കും രാഷ്ട്രീയകക്ഷികൾക്കും ഹിന്ദു-മുസ്ലിം വൈരം നിലനിർത്തണം. അതിന്റെ പേരിൽ ഇരുരാജ്യങ്ങൾതന്നെ തീർത്തില്ലേയവർ! എന്നാൽ ഭൂരിഭാഗം ജനങ്ങൾക്കും അതു വേണ്ടതാനും. അവരുടെ വിഷമവും വികാരവും ആരറിയാൻ?"

"മോൾക്കറിയാമോ, മോളുടെ വല്ല്യുമ്മ, എന്റെ അനാർക്കലി, അവൾ പർദയെടുത്ത് മതാചാരക്കൊളുത്തിൽ തൂക്കിയിട്ട് മുസ്ലിംസ്ത്രീകൾക്കും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തോടൊപ്പംതന്നെ മതസ്വാതന്ത്ര്യം വേണമെന്നു വാദിച്ചു. അതിനവളെ സമുദായക്കാർ 'ഹറാം' ചൊല്ലി. വീട്ടുകാർ പുറന്തള്ളി. സമൂഹം മുഴുവൻ പരിഹസിച്ചു. അന്ന് അവളെ ഒരുപറ്റം ദേശസ്നേഹികളുടെ മുന്നിൽവെച്ചു കഴുത്തിൽ പുഷ്പഹാരമണിയിച്ച്, തോളിൽ ത്രിവർണ്ണപ്പട്ടു പുതപ്പിച്ച് വിരലിൽ മോതിരവുമണിയിച്ച് മതാചാരങ്ങളില്ലാതെ മനുഷ്യാചാരങ്ങളിലൂടെ എന്റെ ജീവിതത്തിലേക്കു തുണയായി സ്വീകരിക്കുകയായിരുന്നു. അന്നെനിക്കു ഇരുപതോ ഇരുപത്തിരണ്ടോ വയസ്സ്. അവൾക്കെന്നെക്കാൾ ആറു വയസ്സു കൂടുതലും. നിരന്തരമായ സമരങ്ങളും പ്രചാരണങ്ങളുമെല്ലാമായി കഴിഞ്ഞ ഞങ്ങൾക്കിടയിൽ ജീവിതം വളരെ തുച്ഛമായിരുന്നു."

"മല്ലിഹ." വല്ല്യുപ്പ ശബ്ദമുയർത്തി വിളിച്ചു.

"ഓ."

അപ്പോഴാണ് ഞങ്ങൾക്കടുത്തുനിന്നിരുന്ന സ്ത്രീയെ ഞാൻ കാണു

ന്നത്.

വല്ല്യുപ്പ തിരക്കി: "ജമീൽ എവിടെ?"

"ദാ തെരുവിലേക്ക് എന്നു പറഞ്ഞിറങ്ങിയതാ."

"മല്ലിഹ ഇതാരെന്ന് അറിയാമോ? ഫത്തിമയുടെ മകൾ, എന്റെ കൊച്ചു മകൾ, ഭാരതത്തിൽനിന്നും നമ്മളെക്കാണാൻ വന്നതാ."

മല്ലിഹ പറഞ്ഞു: "ഞാൻ എല്ലാം കേട്ടു."

"മോളെ സോണാലി, ഇത് ആരെന്ന് അറിയാമോ? എന്റെ മോന്റെ ഭാര്യ. നിന്റെ മാമി."

മല്ലിഹമാമി എന്നെ നോക്കി പുഞ്ചിരിച്ചു. കൈയിൽ പിടിച്ചിരുന്ന വാക്കിങ് സ്റ്റിക് വല്ല്യുപ്പയെ പിടിപ്പിച്ചു. വല്ല്യുപ്പ വാക്കിങ് സ്റ്റിക് രണ്ടുപ്രാവശ്യം നിലത്തു കുത്തി അതിന്റെ ബലം പരിശോധിച്ചു. ഞങ്ങൾ കുശലങ്ങൾ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ അടുത്ത വീട്ടിൽനിന്നും ആളുകൾ അവിടേക്ക് എത്തിക്കൊണ്ടിരുന്നു. അതിനിടയിൽത്തന്നെ മല്ലിഹമാമി ചായയുമായി എത്തി.

മുക്രി എന്റെ അടുത്തേക്കു വന്ന് യാത്രപറഞ്ഞു: "സന്തോഷമായില്ലേ, നിങ്ങൾ സംസാരിക്ക്. ഞാനിറങ്ങുന്നു." വല്ല്യുപ്പയുടെ കൈപിടിച്ച് കുലുക്കിക്കൊണ്ട് മുക്രി പറഞ്ഞു: "നിങ്ങളെ കണ്ടതിലും അറിഞ്ഞതിലും ഏറെ സന്തോഷമുണ്ട്. അല്ലാ തുണച്ചാൽ ഇനിയും കാണാം."

ഒരു നന്ദിവാക്കു പറയുവാൻ കഴിയുന്നതിനുമുമ്പ് മുക്രി അവിടെനിന്നും ഇറങ്ങി നടന്നുതുടങ്ങി.

അടുത്ത വീടുകളിൽനിന്നും എത്തിയവർക്കായി വല്ല്യുപ്പ എന്നെ പരിചയപ്പെടുത്തി: "എന്റെ കൊച്ചുമകൾ ഭാരതത്തിൽനിന്നും വന്നതാണ്."

സ്ത്രീകളും കുട്ടികളും എന്നെ കാണുവാനും തൊടുവാനുമായി തിരക്കുകൂട്ടി. അവരിൽ ചിലർ മധുരപലഹാരങ്ങൾ പങ്കുവെച്ച് എന്റെ വരവിനെ സ്വാഗതം ചെയ്തു.

വല്ല്യുപ്പ അവരോട് ഇന്ത്യാ-പാക് ബന്ധത്തെപ്പറ്റിയും വാജ്പേയിയുടെ യാത്രാദൗത്യത്തെപ്പറ്റിയും സംസാരിച്ചുതുടങ്ങി, ഒരു നയതന്ത്രജ്ഞനെപ്പോലെ. എന്നെപ്പറ്റി പറഞ്ഞു ഒരു പൊതുപ്രവർത്തകന്റെ യുക്തിയോടെ.

"അച്ഛൻ ഹിന്ദുവും അമ്മ മുസ്ലിമുമായ എന്റെ കൊച്ചുമകളാണ് ഭാരതത്തിൽനിന്നുമെത്തിയ സമാധാനത്തിന്റെ യഥാർത്ഥ സന്ദേശക." പൊട്ടിച്ചിരിച്ചുകൊണ്ട്: "വാജ്പേയി ഇവൾക്കൊപ്പം വന്നു എന്നേയുള്ളു."

കുശലങ്ങൾ പറഞ്ഞ് സൗഹൃദം പങ്കുവയ്ക്കുന്ന ഞങ്ങൾക്കടുത്തേക്കു നാലു ചെറുപ്പക്കാരെത്തി. പരിഷ്കൃതവേഷധാരികൾ. അതിൽ നേതാവെന്നു തോന്നിക്കുന്നവൻ സധൈര്യം വീടിനുള്ളിലേക്കു കയറി. വല്ല്യുപ്പയുടെ ചാരത്തുനില്ക്കുന്ന എന്നെ അപരിചിതഭാവത്തോടെ നോക്കി. ശബ്ദം കേട്ട വല്ല്യുപ്പ തിരിച്ചറിഞ്ഞു—

"സൽമാൻ."

"ഉം."

"മോനേ, ഇതാരാണെന്ന് അറിയുമോ? വിഭജനകാലത്ത് ഭാരതത്തിലേക്കു പോയ നിന്റെ വാപ്പാന്റെ സഹോദരിയുടെ മകൾ. എന്നു പറഞ്ഞാൽ നിന്റെ സഹോദരി. ഭാരതത്തിൽനിന്നും വന്നതാ നമ്മളെയൊക്കെ കാണാൻ."

എന്നോടായി വല്ല്യുപ്പ തുടർന്നു: "ജമീലിന്റെ മകൻ. നിന്റെ സഹോദരൻ." ആദ്യമായി കാണുന്ന സഹോദരനെ നോക്കി ഞാൻ സ്നേഹത്തോടെ പുഞ്ചിരിച്ചു.

അവന്റെ കണ്ണുകൾ എന്നെ അടിമുടി ഒന്നുഴിഞ്ഞു. പതിഞ്ഞ ശബ്ദത്തിൽ തിരക്കി: "ഭാരതത്തിലെ നമ്മുടെ സഹോദരന്മാർക്കെല്ലാം സുഖമാണോ?"

"എനിക്കു മറ്റു സഹോദരങ്ങളില്ല. ഉള്ള ഒരാൾ നീ മാത്രമാണ്."

സൽമാൻ കാർക്കശ്യത്തോടെ തിരുത്തി: " ഞാൻ മുസ്ലിംസഹോദരരുടെ കാര്യമാണു തിരക്കിയത്."

ഉള്ളിൽ ഉയർന്നുവന്ന കൗതുകമൊതുക്കി ഞാൻ പറഞ്ഞു: "അതെനിക്കറിയില്ല. ഇവിടത്തേതുപോലെ രാഷ്ട്രീയ അസ്ഥിരതയും അല്പം വർഗീയതയും അവിടെയുമുണ്ട്. എന്നാലും പൊതുവെ ഭാരതത്തിലെ സഹോദരന്മാർക്കു സുഖംതന്നെ."

സൽമാൻ രൂക്ഷമായി എന്നെ നോക്കി. പിന്നെ കൂടെ വന്നവർക്കു നിർദ്ദേശങ്ങൾ നല്കിത്തുടങ്ങി: "ടി.വി.ക്കാർ വരുമ്പോൾ ക്യാമറ ആ മൂലയിൽ ഉറപ്പിക്കണം. വല്ല്യുപ്പ ഇവിടെ മദ്ധ്യത്തിലായി സോഫയിലിരുന്നാമതി. ഇന്റർവ്യൂ നടത്തുന്ന ആൾ വല്ല്യുപ്പയ്ക്ക് അഭിമുഖമായി ഇവിടെ കസേരയിട്ടിരിക്കണം." ഭിത്തിയിലേക്കു വിരൽ ചൂണ്ടി: "ദാ ആ ചിത്രം എടുത്തുമാറ്റുവാൻ മറക്കരുത്."

വല്ല്യുപ്പ എന്നോടു വിശദീകരിച്ചു. "പാക് ടി.വി.യിൽനിന്ന് എന്നെ ഇന്റർവ്യൂ ചെയ്യുവാൻ വരുന്നുണ്ട്. ഇന്ത്യാ-പാക് സൗഹൃദത്തിന്റെ പുതിയ അദ്ധ്യായത്തെപ്പറ്റി പഴയ സ്വാതന്ത്ര്യസമര സേനാനിയുടെ രണ്ടു വാക്ക്, ഒരു ചടങ്ങായി മാത്രം. എല്ലാറ്റിന്റെയും പിന്നിൽ സൽമാൻതന്നെയാ. വയസ്സായാൽപിന്നെ അഭിപ്രായങ്ങൾ മറ്റുള്ളവരുടേതുതന്നെ. തിരിഞ്ഞുനോക്കുമ്പോൾ അഭിമാനിക്കാനേറെയുണ്ട്; അതുപോലെ ദുഃഖിക്കുവാനും."

അനുനിമിഷം വല്ല്യുപ്പ അസ്വസ്ഥനാകുന്നതായി എനിക്കു മനസ്സിലായി.

അവർ ചുവരിൽനിന്നും എടുക്കുവാൻ തുടങ്ങുന്ന ഫോട്ടോയിലേക്ക് അപ്പോൾ മാത്രമാണ് എന്റെ ശ്രദ്ധ തിരിഞ്ഞത്. ഗാന്ധിജിയുടെ ഒരു പഴയ ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രം.

എനിക്കു വല്ലായ്ക തോന്നി. ഞാൻ വല്ല്യുപ്പയോടു തിരക്കി: "വല്ല്യുപ്പ എന്തിനാണ് ഗാന്ധിജിയുടെ ചിത്രം മാത്രം എടുത്തുമാറ്റുന്നത്; അതും ഈ ശുഭമുഹൂർത്തത്തിൽ."

വല്ല്യുപ്പ അരുതായ്കയോടെ തിരക്കി: "ആരാണ് എടുത്തുമാറ്റുന്നത്?"

"വല്ല്യുപ്പായുടെ കൊച്ചുമകൻ."

വല്ല്യുപ്പ പറഞ്ഞു: "സൽമാൻ, അത് അവിടെത്തന്നെയിരുന്നാൽ മതി."

സൽമാൻ ക്ഷുഭിതനായി: "എത്ര കഷ്ടപ്പെട്ടിട്ടാണ് ഞാനീ ഇന്റർവ്യൂ

തരപ്പെടുത്തിയതെന്നറിയുമോ? എന്റെ സംഘടനയോടും സുഹൃത്തുക്കളോടും മോശമായി പെരുമാറാൻ ഞാൻ ആരേയും അനുവദിക്കില്ല്."

"ഇവൾ വന്നില്ലായിരുന്നെങ്കിൽ നിന്റെ ചാപല്യങ്ങൾക്കു ഞാൻ ചിലപ്പോൾ വഴങ്ങുമായിരുന്നു. മനസ്സുകൊണ്ടല്ല; അധരംകൊണ്ടുമാത്രം, വയസ്സായിക്കഴിഞ്ഞാൽ, അതും മറ്റുള്ളവരുടെ ഔദാര്യവും പരിചരണവും കൊണ്ടുമാത്രം ജീവിക്കുന്ന ഒരാൾക്ക്, എന്തസ്തിത്വമാണുള്ളത്."

സൽമാൻ കോപത്തോടെ മേശയിലിരുന്ന ഫ്ളവർവെയിസിനിട്ട് ഒറ്റത്തട്ട്. അതു തറയിൽ വീണു ചിന്നിച്ചിതറി. അതിലെ ചുവന്ന റോസാപുഷ്പങ്ങൾ ചില്ലുകൾക്കിടയിൽ നിശ്ചലം കിടന്നു.

"ഇന്നു ബന്ധവും പറഞ്ഞ് ഒരുത്തി കയറിവന്നപ്പോൾ അവൾ പറഞ്ഞതെല്ലാം ശരി. ഇത്രയും കാലം കൂടെത്താമസിച്ചു സ്നേഹിച്ച ഞാനൊക്കെ വിപ്ലവകാരി. പിന്നെ അധികപ്പറ്റ്."

മല്ലിഹാ മാമി അവിടേക്കു വന്നു: "സൽമാൻ, നിന്റെ വാക്കുകൾ അതിരുകടക്കുന്നു. നിനക്ക് ഈ വീട്ടിലുള്ള എല്ലാ അധികാരവും അവകാശവും ഇവൾക്കുമുണ്ടിവിടെ."

സൽമാൻ എന്നെ രൂക്ഷമായൊന്നു നോക്കി. തിരിഞ്ഞു പുറത്തേക്കു നടന്നു; പിന്നാലെ അവന്റെ സുഹൃത്തുക്കളും.

മല്ലിഹാ മാമി പരിഭവത്തോടെ എന്നോടു പറഞ്ഞു: "അവന്റെ ഓരോ താന്തോന്നിത്തരം കാണുവാൻ കഴിയാഞ്ഞിട്ടാ അവന്റെ വാപ്പാ പുറത്തേക്കിറങ്ങിയത്. ചെറുപ്പക്കാരായാൽ എന്തെങ്കിലുമൊരു തൊഴിൽ വേണം. അല്ലെങ്കിൽ വർഗീയതയും വിപ്ലവവുമൊക്കെയായി ബാക്കിയുള്ളവർക്കുകൂടി സ്വൈരം തരില്ല. ഇതൊന്നും കണ്ട് മോള് പരിഭ്രമിക്കരുത്. അവനൊരു കഥയില്ലാത്തവനാ. അവൻ മോശമായി പെരുമാറിയതിന് അവനുവേണ്ടി അവന്റുമ്മ മാപ്പു ചോദിക്കുന്നു."

"എനിക്കു മാമനെ കാണാൻ കഴിയാത്തതിലേ ദുഃഖമുള്ളു. എന്റെ സ്നേഹാന്വേഷണങ്ങൾ പറയാൻ മറക്കരുത്."

വല്ല്യുപ്പ വികാരാധീനനായി പറഞ്ഞു: "തലമുറകൾ മാറുമ്പോൾ വിശ്വാസങ്ങളും ആദർശങ്ങളും മാറുന്നു. അല്ലെങ്കിൽപ്പിന്നെ എന്റെ കൊച്ചുമകൻ ഒരു വർഗ്ഗീയ സംഘടനയിലെ അംഗമാകുമോ? വാജ്പേയി ഇവിടേക്കു വരുന്നതിന്റെ എതിർപ്പെന്നു പറഞ്ഞ് അവരീ കാട്ടിക്കൂട്ടുന്നതെല്ലാം മോള് ക്ഷമിക്കണം. ഇവിടെ നടന്ന എല്ലാ അരുതായ്കകൾക്കും ഈ വൃദ്ധൻ മാപ്പു ചോദിക്കുന്നു."

ഞാൻ വല്ലായ്മയോടെ വല്ല്യുപ്പായെ ആശ്വസിപ്പിച്ചു: "എനിക്ക് ആരോടും പരിഭവമില്ല. സാഹചര്യങ്ങൾ ഓരോരുത്തരെയും ഓരോ വഴിക്കു തിരിച്ചുവിടുന്നു, അത്രമാത്രം. ഇവിടേക്കു വരുമ്പോൾ വല്ല്യുപ്പയെ കാണാൻ കഴിയുമെന്നുകൂടി കരുതിയില്ല. എന്നിട്ടും കഴിഞ്ഞു. ഞാൻ ഇനിയും വരും."

വല്ല്യുപ്പ ഒരേങ്ങലോടെ തിരക്കി: "മോള് പോവുകയാണോ?"

"വൈകുന്നേരം ഗവർണ്ണറുടെ വീട്ടിൽ വാജ്പേയിക്കു സ്വീകരണമുണ്ട്. അവിടെ ഞങ്ങൾ പത്രക്കാർക്കും എത്തേണ്ടതുണ്ട്."

“എന്നാലും മോളെ ഇത്ര പെട്ടെന്ന്. മോളുടെ ശബ്ദം കേട്ട് ഈ വൃദ്ധന്റെ കൊതി തീർന്നില്ല.”

“വല്ല്യുപ്പാ, ഞാൻ ഇനിയും വരും. പതിറ്റാണ്ടുകൾക്കുശേഷം പവിത്രമായ രക്തബന്ധവും തേടി ഞാനിവിടെ എത്തിയില്ലേ. ദൂരങ്ങൾ നമ്മൾക്കു മുന്നിൽ ഏറെ കുറഞ്ഞിരിക്കുകയാണ്. ഒരിക്കൽ ഭാരതത്തിലേക്കു വരുവാൻ തീരുമാനിച്ചുറപ്പിച്ചതല്ലേ. മനസ്സുണ്ടെങ്കിൽ ഇനിയത് എപ്പോൾ വേണമെങ്കിലുമാകാം. അവിടെ വല്ല്യൂപ്പയെയും കാത്തിരിക്കുന്ന മക്കളുണ്ട്.”

ഞാൻ വല്ല്യുപ്പയുടെ പാദങ്ങളിൽ തൊട്ട് നമസ്കരിച്ച് യാത്രപറഞ്ഞു.

വല്ല്യുപ്പയുടെ കണ്ണുകൾ നിറയുന്നതും ശരീരം മെല്ലെ വിയർക്കുന്നതും ഞാൻ കണ്ടു.

മല്ലിഹാ മാമിയോടും ഞാൻ യാത്രപറഞ്ഞു.

അവിടെ കൂടിയിരുന്നവരുടെ മുഖങ്ങൾ തികച്ചും ശോകമൂകമായിരുന്നു. എന്റെ ഹൃദയത്തിലും വല്ലായ്കയുടെ കനം തൂങ്ങി. കണ്ണുകൾ നിറയുന്നത് ആരും കാണാതിരിക്കുവാൻ അവിടെനിന്നും വേഗത്തിലിറങ്ങി നടന്നു.

കാറിന്റെ അടുത്തായി തെരുവിന്റെ ഓരം ചേർന്ന് ഏകനായി നില്ക്കുന്ന സൽമാൻ. എന്നെയും പ്രതീക്ഷിച്ചെന്നതുപോലെയാണവന്റെ നില്പ്. മുമ്പു മുഖത്തു കണ്ട പ്രതിഷേധമോ ധിക്കാരമോ ഇല്ല. തികച്ചും ശാന്തമായ മുഖം.

ഞാൻ അവന്റെ അടുത്തേക്കു ചെന്നു:

“നിങ്ങളുടെ സ്വത്തോ സൗഭാഗ്യങ്ങളോ കൈക്കലാക്കാനായിട്ടല്ല ഞാൻ വന്നത്. ഒരിക്കലും കാണാത്ത സഹോദരങ്ങളെ ഒന്നു കാണുവാൻവേണ്ടി വന്നതാണ്. വാജ്പേയിയോടൊപ്പം ആ യാത്രാസംഘത്തിൽ ഒന്നു കയറിപ്പറ്റുവാൻ ഞാനനുഭവിച്ച കഷ്ടപ്പാടുകളെക്കുറിച്ചു നിനക്കെന്തറിയാം. അതിലും വിഷമിച്ചു അമ്പതു വർഷങ്ങൾക്കു മുമ്പുള്ള ഒരഡ്രസ് കണ്ടെത്താൻ. എത്ര കഷ്ടപ്പെട്ടാലും എല്ലാവരെയും കാണാൻ കഴിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്. നിന്നോടും എനിക്കു പരിഭവമൊന്നുമില്ല. ജീവിതത്തിൽ ഇനി നമ്മൾ കാണുമോ എന്നുപോലും സംശയമാണ്.”

സൽമാന്റെ വലിയ കണ്ണുകൾ നിറഞ്ഞുകവിഞ്ഞ് കണ്ണുനീർ കവിളിലൂടെ ഒലിച്ചു.

ഞാൻ അവന്റെ കൈ കവർന്നുകൊണ്ടു പറഞ്ഞു: “എനിക്ക് ഒരു സഹോദരനായി നീയുണ്ട് എന്ന സന്തോഷം പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്. എന്റെ കൊച്ചുതെമ്മാടിയായ ഈ സഹോദരനെ എന്നും ഓർമ്മിക്കും. മാമി പറഞ്ഞതുപോലെ ഒരു തൊഴിൽ കിട്ടിയാൽ നിന്റെ എല്ലാ വിപ്ലവവീര്യവും തീരും. വർഗ്ഗീയതയുടെ പേരിൽ നിനക്കെന്നെ നിഷേധിക്കാൻ സാധിക്കുമോ?”

സൽമാൻ മറ്റെ കൈ ഉയർത്തി എന്റെ കൈകളിൽ പിടിച്ചു. പറയുവാൻ തുടങ്ങിയതു തൊണ്ടയിൽതന്നെ കുരുങ്ങി.

ആ രംഗം ഒന്നു ലഘൂകരിക്കുവാനായി ഞാൻ കുസൃതിയോടെ പറഞ്ഞു: “സൽമാൻ, ഞങ്ങൾ ഹിന്ദുക്കളുടെ ആചാരമനുസരിച്ച് നീയെന്റെ മുറച്ചെറുക്കനാണ്. കൃത്യമായിപ്പറഞ്ഞാൽ എന്നെ വിവാഹം കഴിക്കേണ്ടവൻ. അങ്ങനെയൊരു പെണ്ണിന്റെ മുന്നിൽനിന്നു കരയുന്നത് ഒരു വിപ്ലവകാ

രിക്കു ചേർന്നതാണോ?"

അവിടെ അധികസമയം നിന്നാൽ എന്റേയും കണ്ണുകൾ നിറയുമെന്നു തോന്നി. ഞാനവന്റെ കൈകളിൽനിന്നും എന്റെ കൈകൾ പിൻവലിച്ച് തിരിഞ്ഞ് കാറിനുള്ളിലേക്കു കയറി. ഡ്രൈവറോടു കാറെടുക്കുവാൻ പറഞ്ഞു.

കാർ നീങ്ങിത്തുടങ്ങിയപ്പോൾ പിന്നിലേക്കു തിരിഞ്ഞുനോക്കി. എന്നെ കൈയുയർത്തി ആശംസിച്ചു യാത്രയാക്കുന്ന അൻവർ, സ്ട്രീറ്റിലെ ആബാലവൃദ്ധം ജനങ്ങൾ.

# 7
# മോഡൽ

**ക**ളിമണ്ണിൽ തീർത്ത വലിയൊരു രൂപത്തിനു മുന്നിൽ ഡോക്ടർ ബസന്ത് ആലോചനയോടെ നിന്നു. വർഷങ്ങളായി തന്നെ അലട്ടുന്ന മധുവിധുനാളുകളിൽപോലും രൂക്ഷമായി ഉപദ്രവിച്ച ഈ ഛിദ്രശക്തിയെ ഭൂമുഖത്തുനിന്നും ഉന്മൂലനം ചെയ്യണം. പരീക്ഷണം വിജയിച്ച് കഴിയുമ്പോൾ ലഭിക്കുന്ന ബഹുമതികളെപ്പറ്റിയും ബസന്ത് ചിന്തിക്കാതിരുന്നില്ല.

മുറിയിലേക്ക് മൂളിക്കൊണ്ടുവന്ന മിസ്റ്റർ കൊതുകിനെ കണ്ട ഡോക്ടർ ബസന്ത് സമനില തെറ്റിയവനെപ്പോലെ ആക്രോശിച്ചു: "നിന്നെ ഞാൻ കൊല്ലും. നിന്റെ കുലം ഞാൻ കുളംതോണ്ടും. ഞാനാണെ സത്യം, എന്റെ കുടുംബമാണെ സത്യം."

മിസ്റ്റർ കൊതുക് അനുനയത്തിൽ ബസന്തിനെ ആശ്വസിപ്പിച്ചു. എന്നിട്ട് കൊതുകുകളുടെ സമൂഹം അനുഭവിക്കുന്ന കൊടിയ അവഗണനകളെയും യാതനകളെയുംപറ്റി പറഞ്ഞുതുടങ്ങി: "മനുഷ്യസമൂഹം അടിച്ചും ഇടിച്ചും മാത്രമല്ല ഞങ്ങളെ കൊല്ലുന്നത്; യന്ത്രങ്ങൾ ഉപയോഗിച്ചും വിഷം തളിച്ചും ഞങ്ങളെ കൊന്നൊടുക്കുന്നു.

ഞങ്ങളുടെ പ്രശ്നങ്ങൾ എന്താ നിങ്ങൾ മനസ്സിലാക്കാത്തത്? ഭാര്യമാർ നഷ്ടപ്പെട്ട ഭർത്താക്കന്മാർ, ഭർത്താക്കന്മാർ നഷ്ടപ്പെട്ട വിധവകൾ. ഉറ്റവരും ഉടയവരും നഷ്ടപ്പെട്ട മറ്റനേകർ, നഷ്ടങ്ങളുടെ പട്ടിക അങ്ങനെ നീളുന്നു. നിങ്ങൾക്കും ഞങ്ങൾക്കുമിടയിൽ ഒരു മധ്യസ്ഥനെ വയ്ക്കുവാൻകൂടി നമുക്ക് കഴിഞ്ഞിട്ടില്ല. കഴിഞ്ഞതെല്ലാം നമുക്കിരുകൂട്ടർക്കും മറക്കാം. ഈ ലോകത്ത് പരിഹരിക്കാനാവാത്ത പ്രശ്നങ്ങൾ ഒന്നുംതന്നെ ഇല്ലല്ലോ.

നിങ്ങളുടെ ഈ പരീക്ഷണം വിജയിച്ചാൽ ഞങ്ങളുടെ സമൂഹം അന്യം നിന്ന് പോകുകതന്നെചെയ്യും. അതുകൊണ്ട് നിങ്ങൾക്കുണ്ടാകുന്ന നേട്ടം താത്കാലികം മാത്രമല്ലേ? വെറും ചപലമായ പ്രതികാരത്തിലൂടെയുള്ള ആത്മസംതൃപ്തി. അതുമല്ലെങ്കിൽ മാധ്യമങ്ങളിൽ താല്കാലികമായൊരു സ്ഥാനം. ചിലപ്പോൾ പ്രശസ്തിപത്രംവരെ ലഭിച്ചേക്കാം. ഇതിന്റെയെല്ലാം പരിണതഫലങ്ങൾ താല്കാലികം മാത്രമല്ലേ?

ദിവസങ്ങളല്ല, വർഷങ്ങളല്ല, പതിറ്റാണ്ടുകൾ നീണ്ടുനിൽക്കുന്ന പലതും

നിങ്ങൾക്ക് തരുവാൻ ഞങ്ങൾക്ക് കഴിയും. നിങ്ങൾ ഒന്നു മനസ്സുവച്ചാൽ മാത്രം മതി.

ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ ഒരു മധ്യസ്ഥനായി നിങ്ങൾതന്നെ നിൽക്കണം. ഞങ്ങളുടെ ഭാഗത്തുനിന്നും നിങ്ങൾക്ക് സമ്മതമാണെങ്കിൽ ഞങ്ങളുടെ രക്ഷാധികാരിവരെ ആകാം. നോക്കിയും കണ്ടും തന്ത്രപൂർവ്വം നിന്നാൽ നിങ്ങൾക്ക് ഈ രാജ്യത്തിന്റെ ഭരണാധിപനായി വളരാം."

ഡോക്ടർ ബസന്ത് പരിഹാസത്തോടെ ചിരിച്ചു: "നിസ്സാരപ്രാണികളായ നിങ്ങൾക്ക് എന്തു ചെയ്യുവാൻ കഴിയുമെന്നാണ് പറയുന്നത്?"

"നിങ്ങൾ ഒന്നു വിരൽ ഞൊടിച്ചാൽ നിങ്ങൾക്കൊപ്പം ഞങ്ങളുടെ സമൂഹം മുഴുവനുമുണ്ടാകും. പതിനായിരക്കണക്കിന് സന്നദ്ധഭടന്മാരായി. ഞങ്ങൾ കുത്തിയാൽ പടരാത്ത മാരകരോഗങ്ങളില്ല. മരിക്കാത്ത മനുഷ്യരില്ല. എത്രയോ വമ്പന്മാരുടെ അടിത്തറ ഞങ്ങൾ തോണ്ടിയിട്ടുണ്ട്. പട്ടിക കേൾക്കണോ? തെളിവുകൾ ഇല്ലാത്ത കൊലപാതകം, അതാണ് ഞങ്ങളുടെ ശക്തി. ഞങ്ങളുടെ ചെറിയ ശക്തിക്കു മുന്നിൽ വിറയ്ക്കാത്ത അധികാരികളില്ല. മുഖ്യന്മാരും വീരന്മാരുമായ ഭരണാധികാരികൾ എത്രയോ വട്ടം കാര്യങ്ങൾ തിരുമാനിച്ചുറപ്പിക്കാൻ ഞങ്ങളുടെ നേതാവിനു മുന്നിൽ താണുതൊഴുതുനിന്നിരിക്കുന്നു. മാധ്യമങ്ങളിലൂടെ നിങ്ങളും അതെല്ലാം അറിഞ്ഞിട്ടില്ലേ.

ഡോക്ടർ ബസന്ത്, നിങ്ങൾക്ക് ഹോരസിനോട് എതിർപ്പില്ലേ? നിങ്ങളുടെ ഉയർച്ചയിൽ ഹോരസ് ഒരു വിലങ്ങുതടിയല്ലേ? ഹോരസിന്റെ സുന്ദരിയായ ഭാര്യയുടെ അകാലചരമത്തിലൂടെ ഹോരസിന്റെ തോരാത്ത കണ്ണുനീർ നിങ്ങൾക്ക് കാണണോ? ആരോടാണ് വിരോധം? ആരുടെ നാശമാണ് നിങ്ങൾ ആഗ്രഹിക്കുന്നത്? നിങ്ങൾക്കുവേണ്ടി എന്തും ചെയ്യുവാൻ തയ്യാറായിട്ടാണ് ഞങ്ങൾ വന്നിരിക്കുന്നത്. ഞങ്ങളുടെ രക്ഷാധികാരിയാകുവാൻ നിങ്ങളെ ഞങ്ങൾ സ്നേഹപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു."

ബസന്തിനു മുന്നിൽ ഭാസുരമായ ഒരു ഭാവി തെളിഞ്ഞു. ശത്രുക്കൾ ഒന്നൊന്നായിട്ട് തളർന്നുവീഴുന്നു. അവരുടെ വീഴ്ചയിൽ, തുടർച്ചയായി ഉയർച്ചയുടെ പടവുകൾ കയറുന്ന, ലോകം അംഗീകരിക്കുന്ന പുതിയ വ്യക്തി.

ബസന്ത് കൊതുകിനെ സ്വീകരിച്ചിരുത്തി. ഭാര്യയെ വിളിച്ചു. മക്കളെ വിളിച്ചു. അവരെ കൊതുകിന് പരിചയപ്പെടുത്തി.

ഡോക്ടർ ബസന്ത് തന്റെ കരാർ നിരത്തി: "ഞാൻ പറയുന്നതുപോലെ നിങ്ങൾ പ്രവർത്തിക്കുകയാണെങ്കിൽ മാത്രം."

"രക്ഷാധികാരി പറഞ്ഞാൽ അനുസരിക്കാത്ത പ്രവർത്തകരുണ്ടോ?" കൊതുക് സെൽഫോണിൽ വിരലുകളമർത്തി. നേതാവുമായി സംസാരിച്ചു.

നിമിഷങ്ങൾ. ഡോക്ടറുടെ വീട്ടിലേക്ക് ഇരച്ചുകയറുന്ന കൊതുകുസൈന്യങ്ങൾ. അവർ അച്ചടക്കത്തോടെ അതിലേറെ ഭവ്യതയോടെ ഡോക്ടർക്കു മുന്നിൽ നിന്നു. ഡോക്ടർക്ക് രക്ഷാധികാരിയുടെ ഔദ്യോഗികസ്ഥാനം നല്കി ആദരിച്ചിരുത്തി.

പത്രലേഖകർ ബസന്തിന്റെ പ്രസ്താവനകൾക്കായി കാതോർത്തു. റേഡിയോയിലൂടെ ബസന്തുമായുള്ള അഭിമുഖങ്ങളും ചർച്ചകളും വന്നു. ടി.വി.യിൽ വമ്പിച്ച പൊതുയോഗങ്ങളുടെ റിപ്പോർട്ടുകൾ വന്നുകൊണ്ടിരുന്നു. ആനുകാലികങ്ങൾ ബസന്തിന്റെ വാക്കുകൾക്ക് പുത്തൻ അർത്ഥങ്ങൾ നല്കി ആദരിച്ചു. ഭരണകർത്താക്കൾ അഭിപ്രായങ്ങൾ ആരാഞ്ഞും നിർദ്ദേശങ്ങൾ കേട്ടും തലകുനിച്ചുനിന്നു. സാംസ്കാരികനായകന്മാർ അദ്ദേഹത്തിന്റെ വാക്കുകൾ ഉദ്ധരിച്ച് പ്രസംഗങ്ങൾ നടത്തി.

ബസന്തിന്റെ ജീവിതത്തിൽ അനുദിനം തിരക്കുകളേറുകയായിരുന്നു. എതിരാളികളെ നിഷ്പ്രഭരാക്കുന്ന തന്ത്രങ്ങളിൽ എന്നും ബസന്ത് മുമ്പിൽ തന്നെയായിരുന്നു. കൊതുകുകളുടെ ശക്തിയെ ആരും ഭയപ്പെട്ടു. തുറന്ന് ഒരഭിപ്രായം പറയാൻകൂടി കഴിയാതെ നീതിപാലകർ കുഴങ്ങിനിന്നപ്പോൾ നീതിപീഠം മൗനം ആയുധമായി സ്വീകരിച്ചു.

തിരക്കുകൾക്കിടയിൽ ഒരു ദിവസം വീട്ടിലെത്തിയ ബസന്ത് ഞെട്ടി. ഭാര്യയുടെ ശരീരത്തിലിരുന്ന് ഒരു കൊതുക് രക്തം കുടിക്കുന്നു. അയാൾ ജ്വലിച്ചു: "നന്ദികെട്ടവൻ, നീചൻ."

ബഹളംവയ്ക്കുന്ന ബസന്തിന്റെ കാതിൽ കൊതുക് മന്ത്രിച്ചു: "ബഹളം കൂട്ടിയാൽ നാട്ടുകാരും വീട്ടുകാരും അറിയും. നാണക്കേട് നിങ്ങൾക്ക് മാത്രമാണ്."

ബസന്ത് ഭീഷണി മുഴക്കി: "ഞാൻ രക്ഷാധികാരിയുടെ സ്ഥാനം രാജിവയ്ക്കുവാൻ പോകുന്നു."

നഷ്ടപ്പെടുവാൻ പോകുന്ന സൗഭാഗ്യങ്ങളെപ്പറ്റി കൊതുക് അയാളോടു പറഞ്ഞു: "പണമില്ലാത്തവൻ പിണം. അധികാരമില്ലാത്തവൻ അധികപ്പറ്റ്. സമൂഹത്തിൽ അങ്ങനെയൊരു അവസ്ഥ നിങ്ങൾക്കു വേണോ. ഇപ്പോളിത് ഞാനും നിങ്ങളും മാത്രമേ അറിഞ്ഞിട്ടുള്ളൂ. ഒന്നു കണ്ണടച്ചാൽ കാര്യങ്ങൾ ഇവിടംകൊണ്ട് തീരുകയായി.

"നിങ്ങളുടെ ഭാര്യയ്ക്കുപോലും ഇതിൽ പരാതിയില്ല. ഭർത്താവിന്റെ ഉയർച്ച മാത്രമാണ് അവരുടെ ലക്ഷ്യം. അതിനായി ഇനിയും രക്തം ചിന്തുവാൻ അവർ തയ്യാറുമാണ്. എന്താണ് ഡോക്ടർ അവരുടെ സ്നേഹം നിങ്ങൾ മനസ്സിലാക്കാത്തത്. ഇന്നലെ നിങ്ങൾക്കെതിരെ അഴിമതി ആരോപിച്ച മിസ്റ്റർ ഭട്ട് അനുഭവിക്കാൻ പോകുകയാണ്." കൊതുക് അസ്വസ്ഥതയോടെ വാക്കു കൊടുത്തു.

ഡോക്ടർ മൗനമായി പലതും ആലോചിച്ചു. അജ്ഞാതന്റെ വെടിയേറ്റ് ഭട്ട് കൊല്ലപ്പെട്ടു. നേതാക്കളുടെ നീണ്ടനിരതന്നെ അനുശോചനത്തിൽ പങ്കുകൊണ്ടു. ഡോക്ടർ ബസന്ത് ഞെട്ടി. ദുഃഖിതനായി പ്രസ്താവനയിറക്കി: "രാജ്യത്തിന്റെ മഹാനഷ്ടം. എന്റെ വ്യക്തിപരമായ നഷ്ടം."

കൊതുക് ഡോക്ടറുടെ അടുത്തെത്തി: "ഞാൻ വാക്കുപാലിച്ചു. ഇനിയും

എന്താണ് നിങ്ങൾക്കു വേണ്ടത്." ഡോക്ടറെ കാണുമ്പോൾ കൊതുകുകൾ ഭവ്യതയോടെ പറന്നകലുന്നു. ഭാര്യ ഒന്നും സംഭവിക്കാത്തതുപോലെ ഭർത്താവിനെ സ്വീകരിച്ച് സൽക്കരിച്ചു. തങ്ങൾക്ക് അനുദിനം വന്നുകൊണ്ടിരിക്കുന്ന ഐശ്വര്യങ്ങളെപ്പറ്റി അവൾ ഡോക്ടറോട് സംസാരിച്ചുകൊണ്ടിരുന്നു.

ഒരു ദിവസം മകളുടെ മുറിയിൽ മൂന്നു നാല് കൊതുകുകൾ. അവൾ അവയോടൊപ്പം ഓടിക്കളിക്കുകയാണ്. ഡോക്ടർ ശ്വാസം അടക്കിനിന്നു. അതിലൊരെണ്ണം അവളുടെ ശരീരത്തിൽ കുത്തി രക്തം കുടിക്കുകയാണ്.

ഡോകട്ർ പരിഭ്രമിച്ചു ചുറ്റുംനോക്കി. ആരും തന്നെ കാണുന്നില്ലെന്ന് ഉറപ്പുവരുത്തി. അവിടെനിന്നും പിൻവലിഞ്ഞു. പിന്നെ സ്വയം സമാധാനിച്ചു: എന്റെ വീട്ടിൽ വളരെ കുറച്ച് കൊതുകുകൾ അല്ലേയുള്ളൂ. മേയർ സാബിന്റെ വീട്ടിൽ എത്രമാത്രം കൊതുകുകളുണ്ട്. ഭട്ടേരിയുടെ വീട്ടിലെ കൊതുകുകൾ അദ്ദേഹത്തിന്റെ ഭാര്യയെ കുത്തി മാരകമായ മുറവേല്പിച്ചില്ലേ. ജുഗീന്ദറിന്റെ വീട്ടിലെ കൊതുകുകൾ അയാളുടെ മകളെ കുത്തി അബോധാവസ്ഥയിലാക്കിയില്ലേ. ഇതെല്ലാം നോക്കുമ്പോൾ ഞാനെത്ര ഭാഗ്യവാൻ!

ഡോക്ടർ ബസന്ത് വരാൻ പോകുന്ന സൗഭാഗ്യങ്ങളെപ്പറ്റി മനസ്സിൽ കണക്കുകൾ കൂട്ടി തിരിഞ്ഞുനടന്നു.

# 8
# കാലം

**അ**ത്താഴം കഴിഞ്ഞ് പതിവുപോലെ ബാൽക്കണിയിലെ ചാരുകസേരയിലിരുന്ന് ഞാൻ ചുറ്റുപാടുകളെ നിരീക്ഷിച്ചുകൊണ്ടിരുന്നു. ഉയർന്നുനില്ക്കുന്ന ഫ്ളാറ്റുകളിലെ ലൈറ്റുകൾ അവിടവിടെയായി അണഞ്ഞുതുടങ്ങിയിരിക്കുന്നു. സോഡിയംവേപ്പർ ലൈറ്റുകളിലെ വെളിച്ചവും മോട്ടോർവാഹനങ്ങളിലെ പുകയും ചേർന്ന് തെരുവുകൾ നേർത്ത മഞ്ഞപ്രഭയിൽ മുങ്ങിയിരിക്കുന്നു.

നിരത്തുകളിലെ വാഹനങ്ങളുടെ തിരക്ക് അസ്തമിച്ചുകഴിഞ്ഞു. ഇടയ്ക്ക് പാഞ്ഞുപോകുന്ന ഒറ്റയൊറ്റ വാഹനങ്ങൾ മാത്രമേ ഇപ്പോൾ കാണുവാനുള്ളു.

പതിവുപോലെ ഒരു സിഗരറ്റെടുത്ത് തീകൊളുത്തി. പുക ആഞ്ഞുവലിച്ച് നേർത്തനിശ്വാസത്തോടെ പുക മെല്ലെ പുറത്തേക്കുവിട്ടു. അടുക്കളയിലെ പണികളെല്ലാമൊതുക്കി ഹേമ അവിടേക്കു വന്നു. നേർത്ത നിശാവസ്ത്രങ്ങണിഞ്ഞ ഹേമ അരണ്ട വൈദ്യുതിവെളിച്ചത്തിൽ കൂടുതൽ സുന്ദരിയായിരിക്കുന്നതുപോലെ തോന്നി. ഞാനവളെ ശൃംഗാരഭാവത്തോടെ നോക്കി. ഹേമ മൃദുവായൊന്നു പുഞ്ചിരിച്ചുകൊണ്ട് അടുത്തേക്കുവന്ന് എന്നോടു ചേർന്നുനിന്നു. എന്റെ ചുണ്ടുകളിൽനിന്നും സിഗരറ്റെടുത്ത് അവൾ ഒരു പുക അകത്താക്കി അതു തിരിച്ച് എന്റെ ചുണ്ടുകളിൽത്തന്നെ വെച്ചുതന്നു.

വിവാഹം കഴിഞ്ഞ ആദ്യനാളുകളിൽ ഞാൻ സിഗരറ്റു വലിക്കുന്നതിനെ ഹേമ എതിർത്തിരുന്നു; ഏതൊരു പെണ്ണിനെയുംപോലെ. അന്ന് ഞാൻ ശാന്തമായി അവളോടു പറഞ്ഞു: "പുകവലി ഒരു ദാർശനികകർമ്മമാണ്. പുക അങ്ങനെ വലിച്ച് ഉള്ളിലെത്തി അവിടെനിന്നും ആത്മാവിലേക്കു കടന്ന് ഒരു ശുദ്ധികലശം നടത്തി പുറത്തേക്കു പോവുകയാണ്. അങ്ങനെ ആത്മാവ് ശുദ്ധമാകുന്നു; ആത്മാവിനെ വഹിക്കുന്ന ശരീരവും." ഞാൻ പകർന്നു നല്കിയ ആ ജ്ഞാനം ഹേമയ്ക്ക് പുതിയ അറിവായിരുന്നു. അന്നവൾ ഒരു

കവിൾ പുകയെടുത്തു. ആദ്യം ചുമച്ചു, പിന്നീട് കണ്ണുനീർ ഒഴുക്കി. അതിനെല്ലാമിടയിൽ അവൾ പൊട്ടിച്ചിരിച്ചു. പിന്നെ എന്നോടൊപ്പമുള്ള രാത്രികളിലെല്ലാം ഒരു പുക അവളും ശീലമാക്കി.

ഞങ്ങളുടെ ഫ്ളാറ്റ് പതിനൊന്നാം നിലയിലാണ്. അവിടെനിന്നു നോക്കിയാൽ നഗരത്തിന്റെ ഒരു ഭാഗം കാണാം. സമയം അറിയാൻ ജനത്തിന്റെ ചലനവും ജോലിയും നിരീക്ഷിച്ചാൽ മതി. രാവിലെ ഏഴുമണി കഴിഞ്ഞാൽ ഫ്ളാറ്റുകളിൽനിന്ന് തിക്കിത്തിരക്കി പുറത്തേക്കിറങ്ങുന്നവർ ഫാക്ടറിത്തൊഴിലാളികളാണ്. എട്ടുമണിയായാൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ഊഴമാണ്. ഒൻപതുമണി കഴിഞ്ഞാൽ മാർക്കറ്റിൽ പോകുന്നവരുടെ വിഹാരരംഗമായി മാറുന്നു. ഉച്ചതിരിഞ്ഞാൽ പ്രണയിക്കുന്നവർക്കായുള്ള സമയമാണ്. അതിനു പ്രായവ്യത്യാസമില്ല. അവർ അണിഞ്ഞൊരുങ്ങി നഗരത്തിന്റെ തിരക്കുകൾക്കു നിറം ചാർത്തുന്നു. പിന്നെ റസ്റ്റോറന്റുകളും തീയറ്ററുകളും ഷോപ്പിങ് സെന്ററുകളും നിറഞ്ഞുകവിയുന്നു. തുടർന്ന് പുറത്തുപോയവർ തിരിച്ച് സ്വന്തം ഫ്ളാറ്റണയുവാനുള്ള തത്രപ്പാടിനിടയിൽ തിരക്ക് അതിന്റെ പാരമ്യത്തിലെത്തുന്നു. ഏതാണ്ട് രാത്രി പത്തുമണിയോടെ ഈ തിരക്കുകൾ എല്ലാം ഒന്നു ശമിച്ചുകഴിഞ്ഞാൽ വെളുക്കുന്നിടംവരെ നിശാസുന്ദരിമാരുടെ കളിക്കളവുമായി മാറുകയാണ് നഗരം.

ബൈനോക്കുലറിലൂടെ നഗരത്തെ അടുത്തു കണ്ടുകൊണ്ടിരിക്കുകയാണ് ഹേമ. നിശാനടനങ്ങൾ കണ്ടെത്തി അതെന്നെ കാണിച്ചുതരിക എന്നത് അവൾക്ക് ഏറെ കൗതുകമുള്ള കാര്യമാണ്. മറ്റുള്ളവരുടെ സ്വകാര്യതയിലേക്ക് എത്തിനോക്കുവാനുള്ള സ്ത്രീസഹജഭാവം അവൾക്കുമുണ്ട്. അത് എന്റെ കാതുകൾക്കും കണ്ണുകൾക്കും അപ്പുറം പോകാതിരിക്കാൻ അവൾ ഏറെ ശ്രദ്ധിക്കുന്നു. പുതിയതായി കണ്ടെത്തിയത് കാണിക്കുവാനായി ഹേമ ബൈനോക്കുലർ എന്റെ നേരെ നീട്ടി. ഞാൻ ഇരിപ്പിടത്തിൽനിന്ന് എഴുന്നേറ്റ് അവൾ പറഞ്ഞ ഭാഗത്തേക്ക് അതിലൂടെ നോക്കി. ഹേമ നിർദ്ദേശങ്ങൾ നല്കിക്കൊണ്ടിരുന്നു. "ഉയർന്നുനില്ക്കുന്ന ആ ഫ്ളാറ്റിനു ചുവട്ടിൽ നിറുത്തിയിട്ടിരിക്കുന്ന കാറുകൾ കണ്ടോ? അതിനിടയിലെ ചുമന്ന കാറിൽ ചുമന്ന കളറുള്ള സാരിയും സ്ളീവ്ലെസ് ബ്ളൗസും ധരിച്ചു നില്ക്കുന്ന സ്ത്രീയെ കണ്ടോ. അതാണ് ഞങ്ങളുടെ ഡയറക്ടർ."

ഞാൻ ബൈനോക്കുലറിലൂടെ അവരെത്തന്നെ ശ്രദ്ധിച്ചുനോക്കി. വെളുത്തുമെലിഞ്ഞ് സുന്ദരിയായ സ്ത്രീ. അവരുടെ കണ്ണുകൾ തിളങ്ങുകയാണ്. അവർ നടന്ന് ഫ്ളാറ്റിനുള്ളിലേക്ക് കയറി. ഒരുപ്രാവശ്യംകൂടി ആ മനോഹരമായ കണ്ണുകൾ കാണാൻ കഴിയാത്തതിൽ എനിക്കു പരിഭവം തോന്നി.. ഞാൻ ബൈനോക്കുലർ താഴ്ത്തി ഹേമയുടെ കൈയിലേക്കു കൊടുത്തുകൊണ്ട് അവളുടെ കണ്ണുകളിലേക്ക് ചൂഴ്ന്നുനോക്കി. തികച്ചും ശാന്തമായ കണ്ണുകൾ; മരിച്ചുപോയ എന്റെ അമ്മയുടെ കണ്ണുകൾപോലെ.

ഹേമ ഉത്സാഹത്തോടെ പറഞ്ഞുതുടങ്ങി: "ഓഫീസിൽ എല്ലാവർക്കും

അവരെപ്പറ്റി നല്ല മതിപ്പാണ്. കീഴ്ജോലിക്കാരോട് തികച്ചും മാന്യമായ പെരുമാറ്റം. ഓരോരുത്തരുടെയും സുഖങ്ങളിലും ദുഃഖങ്ങളിലും അവരും പങ്കാളിയാവുന്നു. ആർക്കെങ്കിലും പണത്തിന് ആവശ്യമുണ്ടെങ്കിൽ അതു കൊടത്തു സഹായിക്കുന്നു. കുട്ടികളുടെ അഡ്മിഷനോ സ്വന്തക്കാരുടെ ജോലിക്കോ വേണ്ടി ശിപാർശചെയ്ത് വാങ്ങിക്കൊടുക്കുന്നു. പക്ഷേ, അവരുടെ ഇങ്ങനെയൊരു മുഖത്തെപ്പറ്റി ആർക്കുമറിയില്ല."

"അവർ നീ പറയുന്നതുപോലെതന്നെ ഒരു നല്ല സ്ത്രീയായിരിക്കാം. അവിടെ വന്നത് വല്ല വ്യക്തിപരമായ കാര്യത്തിനോ ആഫീസ് കാര്യത്തിനോ ആയിക്കൂടെന്നില്ലല്ലോ."

ഹേമ തമാശകേട്ടമാതിരി ചിരിച്ചു: "സീഫോർ ഫ്ളാറ്റിൽ ഈ രാത്രിയിൽ അണിഞ്ഞൊരുങ്ങി ചുണ്ടിൽ ചായവും പൂശി വന്നിരിക്കുന്നത് പ്രാർത്ഥിക്കാനായിരിക്കും! അവർക്ക് ഒരു നല്ല കസ്റ്റമറെ കിട്ടിയാൽ മൂന്നോ നാലോ മാസം കിട്ടുന്ന ശമ്പളം ഒറ്റരാത്രികൊണ്ടു കിട്ടും. ജോലിയൊക്കെ ഇവരെപ്പോലെയുള്ളവർക്ക് ഒരു സോഷ്യൽ സ്റ്റാറ്റസും രാത്രികളിലേക്ക് കസ്റ്റമേഴ്സിനെ സംഘടിപ്പിക്കാനുള്ള വേദിയുമാണത്."

എന്റെ മനസ്സിൽ ആ സ്ത്രീയുടെ തിളങ്ങുന്ന കണ്ണുകൾ തെളിഞ്ഞു. ഹേമ അവരെപ്പറ്റി ദുഷിച്ചുപറയുന്നതു കേട്ടപ്പോൾ അരുതായ്ക തോന്നി. ഞാൻ വിശദീകരിച്ചു: "ആ സ്ത്രീക്ക് അവരുടേതായ പ്രശ്നങ്ങൾ കാണും. അവർ അതിൽനിന്നെല്ലാം രക്ഷനേടുന്നത് ഈ മാർഗ്ഗത്തിലൂടെയാവാം."

"ആർക്കാണ് പ്രശ്നങ്ങളില്ലാത്തത്?" ശാസനാരൂപത്തിൽ ഹേമ ചോദിച്ചപ്പോൾ ഞാൻ വല്ലാതായിപ്പോയി. എന്റെ അരുതായ്ക മനസ്സിലാക്കിയിട്ടോ എന്തോ അവൾ വിഷയം മാറ്റി സംസാരിച്ചുതുടങ്ങി: "നിങ്ങൾക്ക് എല്ലാം കൗതുകമാണ്. ഓർമ്മയുണ്ടോ മധുവിധുനാളിൽ കോവളത്തെ ഹോട്ടലിൽവച്ചു നടന്നത്? പോലീസുകാർ റെയിഡ് നടത്തിയപ്പോൾ നമ്മളെയും പിടിച്ച് വ്യഭിചാരകരുടെ കൂട്ടത്തിൽ നിർത്തിയത്. അന്ന് ജട്ടി മാത്രമിടുവിച്ച് നിങ്ങളെ അവർക്കൊപ്പം നിർത്തിയപ്പോഴും നിങ്ങൾ പുഞ്ചിരിക്കുക മാത്രമല്ലേ ചെയ്തത്. അവസാനം ബ്രീഫ്കേയ്സിൽനിന്നും വിവാഹഫോട്ടോ എടുത്തു കാണിച്ചതും സംശയമുണ്ടെങ്കിൽ അന്വേഷണത്തിന് അവർക്ക് ബന്ധപ്പെടുവാനായി നാട്ടിലെ പരിചയക്കാരുടെ മുഴുവൻ ഫോൺ നമ്പരുകൾ നൽകിയതും ഞാൻതന്നെ ആയിരുന്നല്ലോ. എല്ലാറ്റിനുമവസാനം ശല്യപ്പെടുത്തിയതിന് സർക്കിൾ ഇൻസ്പെക്ടർ ക്ഷമ ചോദിച്ചപ്പോൾ നിങ്ങൾ പറഞ്ഞ വാക്കുകൾ വള്ളിപുള്ളി വിടാതെ എന്റെ ഓർമ്മയിലുണ്ട്—ആരാണ് ഈ തൊഴിലിന് വ്യഭിചാരം എന്നു പേരിട്ടത്. ഈ തൊഴിൽ അത്ര വലിയ തെറ്റായി എനിക്കു തോന്നുന്നില്ല. വലിഞ്ഞു മുറുകുന്ന ശരീരത്തിനു നല്കുന്ന ഒരു റിലാക്സ്. അല്ലെങ്കിൽ പിരിമുറുക്കമുള്ള മനസ്സിനു നല്കുന്ന അല്പം ആനന്ദം. ഈ കർമ്മംകൂടി അനുഷ്ഠിക്കാൻ മനുഷ്യനെ അനുവദിച്ചില്ലെങ്കിൽ നഗരത്തിൽ ബലാൽസംഗങ്ങൾ പെരുകും. ഒപ്പം കൊള്ളയും കൊലപാതകവും. ആത്യന്തികമായി മനുഷ്യനിൽ ഒരു എനർജിയുണ്ട്. അത് എവിടെ

യെങ്കിലും വിസർജിച്ചേ മതിയാവൂ. നിയമത്തിന്റെ പേരിൽ നിങ്ങളവരെ കുരുക്കിലാക്കിയാൽ പ്രത്യാഘാതം രൂക്ഷമായിരിക്കും."

"നിങ്ങളുടെ ഫിലോസഫി കേട്ട് സർക്കിൾ ഇൻസ്പെക്ടർ രസിച്ചിരുന്നപ്പോൾ നിങ്ങൾ വീണ്ടും ആവേശത്തോടെ തുടർന്നു: ലോകാരംഭംമുതൽ മനുഷ്യർ തുല്യരാകുന്നത് മദ്യത്തിന്റെയും മദിരാക്ഷിയുടെയും മുന്നിൽ മാത്രമാണ്. ഒരേ പാത്രത്തിൽനിന്ന് ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നു. വർണ്ണവർഗ്ഗസമ്പന്നദാരിദ്ര്യഭേദമില്ലാതെ അവർ ആനന്ദിക്കുന്നു. ഈ സമത്വംകൂടി നിങ്ങൾ നിയമത്തിന്റെ പേരു പറഞ്ഞ് ഇല്ലായ്മ ചെയ്യരുത്. ഇത് ഒരു പാവം പൗരന്റെ അപേക്ഷയാണ്." പിന്നെ ആക്ഷൻ സിനിമയിലെ നായകനെപ്പോലെ തിരിഞ്ഞ് മുറിയിലേക്ക് നടന്നു. ഒന്നും മനസ്സിലാകാതെ പരിഭ്രമത്തോടെ ഞാൻ പിന്നാലെയും. ഇന്നും അങ്ങനെതന്നെയല്ലേ?" ഒരു നെടുവീർപ്പോടെ ഹേമ എന്നോട് ചേർന്നുനിന്നു.

ചില നിമിഷങ്ങൾ കഴിഞ്ഞപ്പോൾ അവളുടെ മാറിടം കിതയ്ക്കുന്നത് എന്റെ നെഞ്ചറിഞ്ഞു. എന്നിട്ടും ഞാൻ വെറുതെ നിന്നു. അകത്തെ മുറിയിൽനിന്നും മോളുടെ കരച്ചിൽ കേട്ടപ്പോൾ ഞാൻതന്നെ അവളെ പിടിച്ചകറ്റി അവിടേക്ക് പറഞ്ഞയച്ചു.

ബൈനോക്കുലറെടുത്ത് ഞാൻ വീണ്ടും സീഫോർ ഫ്ളാറ്റിലേക്കു നോക്കി. അവിടെ ആരെല്ലാമോ വരികയും പോകുകയും ചെയ്യുന്നുണ്ട്. അവർക്കിടയിലൊന്നും മുമ്പു കണ്ട സ്ത്രീ ഇല്ലായിരുന്നു. അവരുടെ തീക്ഷ്ണമായ കണ്ണുകൾ എന്റെ ഉള്ളിൽ കൊളുത്തിവലിക്കുന്നപോലൊരു തോന്നൽ. മെല്ലെ മനസ്സിൽ മറ്റൊരു സംഭവം തെളിഞ്ഞു.

നഗരത്തിന്റെ തിരക്കുകൾക്കിടയിൽ റോഡു ക്രോസ് ചെയ്യുവാൻ സിഗ്നലും കാത്തുനില്ക്കുന്ന ജനക്കൂട്ടം. അവരിലൊരാളായി ഞാനുമുണ്ട്. അതിനിടയിലൂടെ തിക്കിത്തിരക്കി വന്ന ഒരു യുവതി എന്നെ മുട്ടി. ഞാൻ അവളുടെ മുഖത്തേക്ക് നോക്കിയപ്പോൾ സോറി പറഞ്ഞ് ജാള്യതയോടെ ഒതുങ്ങിനിന്നു. അവളുടെ കണ്ണുകൾ കൗതുകത്തോടെ എന്നെ നിരീക്ഷിച്ചുകൊണ്ടിരുന്നതായി എനിക്കു മനസ്സിലായി. ആ കണ്ണുകളിൽ തെളിഞ്ഞ ഭാവം എനിക്ക് പുതിയൊരു അനുഭവമുണ്ടാക്കി.

കാൽനടക്കാർക്കായുള്ള സിഗ്നൽ തെളിഞ്ഞു. തിരക്കിനൊപ്പം ഞാനും എതിർസൈഡിലേക്ക് നീങ്ങിക്കൊണ്ടിരുന്നു. അതിനിടയിൽ വീഴുവാൻ തുടങ്ങിയ ആ യുവതി എന്നെ പിടിച്ചു. ഞാനവളെ പിടിച്ചുയർത്തി. അപ്പോഴവൾ നന്ദിപറഞ്ഞ് പുഞ്ചിരിച്ചു. റോഡ് മുറിച്ചു കടക്കുന്നതിനിടയിൽ എപ്പോഴോ എന്റെ പേന താഴെ വീണിരുന്നു. അവൾ അത് എടുത്തുതന്നു. ഞാൻ കൃതാർത്ഥതയോടെ പുഞ്ചിരിച്ചുകൊണ്ട് നന്ദിയറിയിച്ചു. അപ്പോഴവളുടെ കണ്ണുകളിൽ വിടർന്ന ഭാവം നവരസങ്ങളിലൊന്നുമായിരുന്നില്ല.

നടന്നുനീങ്ങുന്നതിനിടയിൽ ഞാൻ ഓരോട്ടോയ്ക്ക് കൈ കാണിച്ചു. ഡ്രൈവർ മുഖംകൊണ്ട് സ്ഥലം തിരക്കി.

"ഡിഡാഷ് വെസ്റ്റ് ഫേയ്സ് റോഡ്."

ഓട്ടോയിലേക്ക് കയറുവാൻ ഡ്രൈവർ തലകൊണ്ട് തന്നെ കാണിച്ചു.

ഓട്ടോയിലേക്കു കയറുവാൻ തുടങ്ങിയ എന്നെ പിന്നിൽനിന്ന് ആരോ തോണ്ടിവിളിച്ചു. തിരിഞ്ഞുനോക്കിയപ്പോൾ മുൻപ് കണ്ട അതേ യുവതി: "ഞാനും ഡിഡാഷ് വെസ്റ്റ് റോഡിലേക്കാണ്. ഫിഫ്റ്റി തരാം കയറിക്കൊള്ളട്ടെ."

ഞാൻ സമ്മതം മൂളി.

വഴിയിൽ ട്രാഫിക് ബ്ലോക്കായി പിന്നിൽനിന്ന് വാഹനങ്ങളുടെ ഹോണുകളുയർന്നു. തുടർന്ന് ഡ്രൈവർമാരുടെ ശാപവാക്കുകളും. ഓട്ടോ ഡ്രൈവർ തിരക്കുകൂട്ടി. ഇതിനിടയിൽതന്നെ യുവതി എന്നെ ഓട്ടോയ്ക്കുള്ളിലേക്ക് തള്ളി. പിന്നാലെ അവളും കയറി. ഒരു തുള്ളലോടെ ഓട്ടോ മുന്നോട്ട് നീങ്ങി. യാത്രയ്ക്കിടയിൽ ഞങ്ങൾ സംസാരിച്ചില്ലെങ്കിലും പരസ്പരം പലപ്രാവശ്യം ഒളികണ്ണിട്ട് മുഖാമുഖം നോക്കി.

ഓട്ടോ ഡിഡാഷ് വെസ്റ്റ് ഫേയ്സ് റോഡിലെത്തിനിന്നു. അവൾ ആദ്യം ഇറങ്ങി. മീറ്ററിൽ തെളിഞ്ഞ രൂപ കൊടുത്ത് ഞാൻ ഓട്ടോയിൽനിന്നും ഇറങ്ങി മുന്നോട്ടുനടന്നു. അവൾ പിന്നിൽനിന്നും ഓടിവന്ന് പതിനഞ്ചു രൂപ എനിക്കു നേരെ നീട്ടി. ഞാൻ അത് വാങ്ങാൻ കൂട്ടാക്കിയില്ല. അവൾ ഉപചാരത്തോടെ പറഞ്ഞു: "ഞാൻ നിങ്ങളെ മുമ്പ് എവിടെയോ കണ്ടിട്ടുണ്ട്. പക്ഷെ എവിടെയെന്ന് വ്യക്തമായി ഓർമ്മിക്കാൻ കഴിയുന്നില്ല."

"ഞാനിതിലേ നിത്യവും യാത്ര ചെയ്യാറുണ്ട്."

അവൾ ചിരിച്ചു: "ദാ അതാണ് എന്റെ ഫ്ളാറ്റ്. വിരോധമില്ലെങ്കിൽ അവിടേക്ക് വരാം. ഓട്ടോയുടെ കാശോ മേടിച്ചില്ല. ഈ ചൂടിന് ആശ്വാസമായി അല്പം തണുത്ത വെള്ളമെങ്കിലും കുടിച്ചിട്ടു പോകാം."

അവളെ നിഷേധിക്കാൻ കഴിയാതെ ഞാനും അവൾക്കു പിന്നാലെ നടന്നു. ലിഫ്റ്റിൽ കയറി ആറാം നിലയിലുള്ള മൂന്നാം നമ്പർ മുറിയുടെ മുന്നിലെത്തി. അവൾ പൂട്ടു തുറന്ന് അകത്തേക്കു കയറി; പിന്നാലെ ഞാനും. അവൾ അകത്തുനിന്നും വാതിലടച്ചു. സോഫയിലേക്കു ചൂണ്ടി ഇരിക്കുവാൻ പറഞ്ഞു. ഞാനതിലിരുന്നു. അവൾ ഫാൻ ഓൺ ചെയ്തു. പിന്നെ എന്നോടായി തിരക്കി: "കുടിക്കുവാൻ എന്താണ് എടുക്കേണ്ടത്?"

"എന്തായാലും തണുപ്പ് അല്പം കുറഞ്ഞതുമതി."

"ലൈം ജ്യൂസ്."

"മതി."

അവൾ ഫ്രിഡ്ജ് തുറന്ന് ഒരു ഗ്ലാസ്സിൽ ലൈം ജ്യൂസുമായെത്തി. ഞാൻ അതു വാങ്ങി സിപ്പ്ചെയ്തു കുടിക്കുവാൻ തുടങ്ങിയപ്പോൾ അവൾ വാചാലയായി. നഗരത്തിലെ തിരക്കിനെപ്പറ്റി, ചൂടിനെപ്പറ്റി എല്ലാം.

ചൂടു സഹിക്കവയ്യ എന്നു പറഞ്ഞ് കറങ്ങുന്ന ഫാനിന് കീഴിലേക്ക് അവൾ പോയി നിന്നു. അവിടെ നിന്ന് വസ്ത്രങ്ങൾ ഒന്നൊന്നായി അഴിക്കുവാൻ തുടങ്ങി. അവളുടെ കണ്ണിനെക്കാൾ സുന്ദരവും തീക്ഷ്ണവുമാണ് ആ ശരീരമെന്ന് ഞാൻ മനസ്സിലാക്കി. കാറ്റിൽ പറന്നെത്തിയ അവളുടെ ഗന്ധം എന്റെ നാസാരന്ധ്രങ്ങൾ പിടിച്ചെടുത്തു. അവളുടെ അംഗചലനങ്ങൾ എന്നിലും ചലനങ്ങൾ സൃഷ്ടിച്ചു.

ഓർമ്മയിൽ കുളിച്ചുനിന്ന എന്റെ അടുത്തേക്കു ഹേമ വന്നു. അവൾ

ശബ്ദം താഴ്ത്തിപ്പറഞ്ഞു: "മോളുറങ്ങി. സമയവും ഒരുപാടായി." അവൾ എന്റെ കൈയ്ക്കുപിടിച്ച് അകത്തേക്കു ക്ഷണിച്ചു.

ശരീരത്തിന്റെ വ്യാകരണവും കലയും എങ്ങനെയാണ് ഇവൾ പഠിക്കുക. ഇവൾക്ക് പരിചയം എന്നെ മാത്രമാണല്ലോ. സ്നേഹിക്കുവാനും സഹിക്കുവാനും മാത്രം പഠിച്ച ഭാര്യ. ഓരോന്നു ചിന്തിച്ച് ഒരു ചടങ്ങുപോലെ ഞാനും അവൾക്കൊപ്പം നടന്നുതുടങ്ങി—രംഗബോധമില്ലാത്ത കാലത്തിലേക്ക്.

# 9
# അതിർവരമ്പുകൾ

**ഇ**ടതുകൈയുടെ നാഡിയിൽ സ്ളൈയിഡ് അമർത്തി, കണ്ണുകൾ ഇറുക്കിയടച്ച് പല്ലുകൾ കടിച്ചുപിടിച്ച് ഒറ്റവലി.

മനസ്സിൽ അനുദിനം ഉയർന്നുവരുന്ന പ്രതിഷേധവും ശരീരത്തിന്റെ ഓരോ അണുവിനെയും ത്രസിച്ചുനിന്ന വികാരവും ഈ അമർത്തലിൽ സാക്ഷാത്കരിക്കപ്പെടുകയാണ്.

പുഴയ്ക്ക് സന്തോഷമായി. പതഞ്ഞുപൊങ്ങി ഒന്നു ചീറി അത് ആഹ്ലാദം പ്രകടിപ്പിച്ചു. നിർവൃതിയോടെ ഒഴുകിപ്പോകുന്ന ഓരോ കണികയ്ക്കും മത്തുണ്ട്, മത്തുള്ള വീഞ്ഞിന്റെ നിറവുമുണ്ട്.

ഞാൻ പുഴക്കടവിലെ ശിലമേൽ മറ്റൊരു ശിലയായി കിടന്നു.

അസ്തമിക്കാൻ പോകുന്ന ഹൃദയമിടിപ്പിന്റെ വേഗതയേറി. തലയ്ക്കുള്ളിൽനിന്ന് കൊള്ളിയാനുകൾ പാഞ്ഞു. ഭൂമിയുടെ കറക്കത്തിന് വേഗതയേറിയോ?

ഞാൻ ആരാണ്?

വെറുമൊരു വിദ്യാർത്ഥി.

അതു മാത്രമോ?

ഐ.എ.എസ്സുകാരനായ കൃഷ്ണകുമാറിന്റെയും ഡോക്ടർ രേണുക ദേവിയുടെയും ഏക മകൻ. തീർന്നോ വിശേഷങ്ങൾ?

ഇല്ല, സൗഭാഗ്യങ്ങളുടെ നടുവിലെ പുതിയ മനുഷ്യൻ.

ഓർമ്മവച്ച കാലംമുതൽ കാണുന്നവർ മുഴുവൻ കാതിൽ മന്ത്രിച്ചു: നീ അച്ഛനെപ്പോലെയാവണം.

അച്ഛനും അമ്മയും ആ ആഗ്രഹത്തിനായി എന്നെ വളർത്തി. എല്ലാത്തിനും ടൈംടേബിൾ; സമയം നോക്കാൻവരെ. സമപ്രായക്കാരായ വിദ്യാർത്ഥികൾ ഓടിക്കളിക്കുമ്പോഴും തുള്ളിച്ചാടുമ്പോഴുമെല്ലാം അവരെ ചൂണ്ടി 'കൾച്ചറില്ലാത്തവർ', നീ അവരെപ്പോലെയല്ല, എന്ന് ഓർമ്മിച്ചുകൊ

ണ്ടിരിക്കുന്ന അമ്മ. കമ്പ്യൂട്ടർ ഗെയിംസും ചെസ്സും കണക്കിലെ പ്രശ്നങ്ങളും പൂരിപ്പിച്ച് ബുദ്ധി വളരാൻ അച്ഛൻ ഏർപ്പാടാക്കിയ ഔചിത്യമില്ലാത്ത ഒരു സ്ത്രീ.

കോട്ടും ടൈയും അണിഞ്ഞ് കോളേജിലേക്കുള്ള യാത്ര കാറിൽ തന്നെ ആയിരുന്നു. ക്ലാസ്സിന്റെ വാതിൽവരെ പുസ്തകം പേറിവരുന്ന അപ്പുമാമൻ. ക്ലാസ്സ് തീരുമ്പോഴും അപ്പുമാമൻ അവിടെത്തന്നെ കാണും. ഒരു ദിവസം കോളേജിന്റെ കവാടത്തിൽ കൂടിനിന്ന വിദ്യാർത്ഥികളിലാരോ കാറിൽ വന്ന എന്നെ അമൂൽബേബി എന്നു വിളിച്ചത് ഞാനിന്നും ഓർമ്മിക്കുന്നു. അന്നെനിക്ക് വലിയ സന്തോഷമായിരുന്നു. അവരിൽ പലരെയുംപോലെ എനിക്കുമുണ്ടല്ലോ 'ഐഡന്റിറ്റി'യുള്ള ഒരു പേര്.

നീണ്ട ഇരുപത്തിയൊന്നു വർഷത്തെ കാത്തിരിപ്പിനുശേഷം ആ ദിവസം വന്നെത്തി. ഐ.എ.എസ്സിന്റെ പ്രിലിമസ് അലസമായി എഴുതി. അച്ഛന്റെ അധികാരവിഭാഗങ്ങൾക്കിടയിലുള്ള ആജ്ഞാശക്തിയിലത് പാസ്സായി. മെയിനിനും അങ്ങനെതന്നെ സംഭവിച്ചു.

ഇന്റർവ്യൂ ദിവസം അച്ഛന്റെ മുഖത്തുനോക്കി പറഞ്ഞു: "എനിക്കു വയ്യാ ഈ ഐ.എ.എസ്. പണി."

അതൊരു ഭൂകമ്പമായി ദിവസങ്ങളോളം നീണ്ടുനിന്നു. നിഷേധി, ധിക്കാരി തുടങ്ങിയ ഒരുപാട് വിശേഷണങ്ങൾ നൽകിയതിന്റെ അവസാനം എന്റെ ആഗ്രഹം തിരക്കി.

സമയം നോക്കാൻ ടൈംടേബിളില്ലാത്തൊരു ജീവിതം. എന്റെ ലളിതമായ ആഗ്രഹത്തിന് ഞാൻ കല്പിക്കാത്ത ഒരുപാട് വ്യാഖ്യാനങ്ങൾ നൽകപ്പെട്ടു. മുറുകുന്ന നിയന്ത്രണങ്ങളെ അവഗണിച്ച് ഞാൻ പുറത്തേക്കിറങ്ങി. തോമസിനെയും ഉമേഷിനെയും പരിചയപ്പെട്ടു. അച്ഛന്റെ മരണത്തോടെ പഠനം നിർത്തി വ്യവസ്ഥിതിയോട് പൊരുതി ജീവിക്കാൻ ക്ലേശിക്കുന്ന തോമസ്. അജ്ഞാതൻ അകാരണമായി തല്ലിത്തകർത്ത കാലുമായി പരാതികൾപോലുമില്ലാതെ ജീവിക്കുന്ന ഉമേഷ്.

ഒരുദിവസം മരണവും കാത്ത് വഴിവക്കിൽ കിടക്കുന്ന വൃദ്ധനെ കണ്ടു. മലവും മൂത്രവും ആഭരണമായണിഞ്ഞ ആ വൃദ്ധനെ ഈച്ചകൾ ആട്ടി ഉറക്കുവാൻ ശ്രമിക്കുകയാണ്.

അറപ്പോടെ തലതിരിച്ച് നടന്നകലുന്ന വഴിയാത്രക്കാർ. ആ മനുഷ്യക്കോലത്തെ കൗതുകത്തോടെ കല്ലെറിയുന്ന കുട്ടികളെ ആരോ ശാസിച്ചോടിച്ചു. അപ്പോഴാണ് ഞാൻ തിരിച്ചറിയുന്നത്, ശങ്കരമാമൻ, മുത്തച്ഛന്റെ അനുജൻ.

ഒരു കുതിപ്പിന് വീട്ടിലെത്തി. കിതപ്പോടെ അമ്മയോട് കാര്യങ്ങൾ പറഞ്ഞു.

അമ്മ ചിരിച്ചു. അഞ്ചുവയസ്സുകാരൻ കുട്ടിയുടെ തമാശ കേൾക്കുന്ന ലാഘവത്തിൽ. പിന്നെ ആശ്വസിപ്പിച്ചു: “മരിച്ചുകഴിയുമ്പോൾ നമ്മൾക്ക് മുൻസിപ്പാലിറ്റിയിലറിയിക്കാം. അവർ ജഡം മറവുചെയ്തുകൊള്ളും.”

ചിന്തയോടെ ഉൾമുറിയിലേക്ക് നടക്കുമ്പോൾ മുത്തച്ഛന്റെ ഛായാചിത്രം കണ്ടു. വ്യഥയോടെ അതിലേക്കുതന്നെ നോക്കിനിന്നപ്പോൾ മുത്തച്ഛൻ ചിരിച്ചു. കാക്കയുടെയും കുറുക്കന്റെയും കഥകൾ പറഞ്ഞുതന്ന, സുന്ദരിയായ രാജകുമാരിയെ വിരൂപനായ കൃഷിക്കാരൻ വിവാഹംകഴിച്ചപ്പോൾ സദ്യയ്ക്ക് മുത്തച്ഛനും പോയ കഥകൾ പറഞ്ഞുതന്ന്, തോളത്തിരുത്തി തൊടിയിലൂടെ നടക്കുകയും കുതിരപ്പുറം കയറ്റുകയും ചെയ്ത മുത്തച്ഛൻ. ആ മുത്തച്ഛന്റെ മിഴികൾ നിറയുന്നു. കണ്ഠത്തിൽനിന്നും ഇടറി പുറത്തേക്കു വരുന്ന അപേക്ഷ: ‘മോനെ, നീ നിന്റെ വലിയച്ചാച്ചനെ സഹായിക്കില്ലേ; നിന്റെ അച്ഛൻ എന്നെ സഹായിച്ചതുപോലെ.’

എന്റെ സ്മൃതിപഥത്തിൽ ചിത്രങ്ങൾ തെളിഞ്ഞു. മരണവും പ്രതീക്ഷിച്ച് മുത്തച്ഛൻ തളർന്നുകിടന്ന മുറിയിലേക്ക് എനിക്കൊരിക്കലും പ്രവേശനം ഇല്ലായിരുന്നു. കണ്ടാൽ ഭയപ്പെടും, അല്ലെങ്കിൽ നൂറു നൂറ് ചോദ്യങ്ങൾ ചോദിക്കും.

ദിവസവും അച്ഛനു വരുന്ന ഫോൺ സന്ദേശങ്ങൾ സമൂഹത്തിലെ ഉന്നതരുടേതായിരുന്നു. അവരിലാരോ ഫോണിലൂടെ മന്ത്രിച്ചത് ഞാനിന്നും ഓർമ്മിക്കുന്നു:

‘അച്ഛനെന്നു കരുതിയിട്ടു കാര്യമില്ല. എത്ര ദിവസമെന്നു കരുതിയാ കാവലിരിക്കുക. ജീവിതപന്തായത്തിൽ കടിഞ്ഞാൺ അല്പമൊന്നയഞ്ഞാൽ ജീവിതം താളം തെറ്റും. അച്ഛനിനിയും കൂടുതൽ വേദന അനുഭവിക്കുന്നതിലും നല്ലത്... ഞാൻ പറഞ്ഞുവരുന്നതു നിനക്കു മനസ്സിലാകുന്നില്ലേ? ഭാര്യ ഡോക്ടറല്ലേ? കാര്യങ്ങൾ ലളിതമായി അവസാനിപ്പിക്കുക.’

അന്നു രാത്രി മുത്തച്ഛൻ മരിച്ചു.

വഴിവക്കിൽ കിടക്കുന്ന ശങ്കരമാമന് ഐ. എ. എസ്സുകാരനായ മകനുണ്ടായിരുന്നെങ്കിൽ, മരുമകളായി ഡോക്ടർ ഉണ്ടായിരുന്നെങ്കിൽ എന്നു മുത്തച്ഛൻ ആഗ്രഹിച്ചിരിക്കണം. പുരനിറഞ്ഞുനിന്ന ആറു സഹോദരിമാരെ കെട്ടിച്ചയയ്ക്കുന്നതിനിടയിൽ, ജ്യേഷ്ഠന്റെ മകനെ പഠിപ്പിക്കുന്ന തിരക്കിൽ വിവാഹത്തെപ്പറ്റി മറന്നത് ശങ്കരമാമന്റെ തെറ്റല്ലല്ലോ.

ആശ്വാസത്തിന്റെ ഇളനീർ ഞാൻതന്നെ വിരലുകളിൽ മുക്കി ശങ്കര മാമനു കൊടുത്തു.

ജനശക്തി പ്രതിഷേധിച്ചു. യുവശക്തി ആർത്തിരമ്പി. കൊലപാതകം നടത്തിയ കൃഷ്ണകുമാറിന്റെ മകനെ അറസ്റ്റുചെയ്യുക എന്ന ആവശ്യവു മായി ഹർത്താലുകൾ പലതു നടന്നു. പത്രങ്ങളിൽ നിറം പിടിപ്പിച്ച വാർത്ത കൾ വന്നുകൊണ്ടിരുന്നു.

മകന്റെ 'വീരകൃത്യം' അറിഞ്ഞ് വീട്ടിലെത്തിയ കൃഷ്ണകുമാർ ഡോക്ട റായ ഭാര്യയോട് അതിന്റെ മനഃശാസ്ത്രത്തെപ്പറ്റി തിരക്കി. അച്ഛന്റെ ചോദ്യം കേട്ട് എനിക്ക് ചിരിയാണു വന്നത്. എന്റെ നിറുത്താതെയുള്ള ചിരി അച്ഛനെ ക്ഷോഭിപ്പിച്ചു. അച്ഛൻ അടിക്കാൻ ഉയർത്തിയ കരങ്ങളുമായി നേരെ അടു ത്തപ്പോൾ ചോദിച്ചു: "അച്ഛൻ മുത്തച്ഛനെ ആശ്വസിപ്പിച്ചതുപോലെതന്നെ യല്ലേ ഞാനും ശങ്കരമാമനെ ആശ്വസിപ്പിച്ചത്." അച്ഛന്റെ മുഖം വിവർണ്ണമായി വരുന്നത് വ്യക്തമായി എനിക്കു കാണാമായിരുന്നു. ഉയർത്തിയ കൈ അങ്ങ നെതന്നെ നിന്നു.

മൗനം ഏറെനേരം ഞങ്ങൾക്കിടയിൽ ഒരു സന്ധിക്കാരനെപ്പോലെ നിന്നു. "മോനെ നീ ഞങ്ങളെ പരീക്ഷിക്കുകയാണോ? എല്ലാം നിനക്കു വേണ്ടിക്കൂടിയാണ്."

"എല്ലാം നിങ്ങൾക്കുവേണ്ടി മാത്രമായിരുന്നു" എന്നു പറഞ്ഞ് ആ കര ങ്ങൾ തട്ടിമാറ്റിയപ്പോൾ ഞാനനുഭവിച്ച സുഖം എന്തായിരുന്നു. പറഞ്ഞറി യിക്കാൻ വയ്യാത്ത ഒരാത്മസുഖം.

സിഗററ്റുകൾ പുകച്ച് വീട്ടിൽത്തന്നെ ചടഞ്ഞുകൂടിയ അച്ഛൻ. ജോലി ത്തിരക്കുകൾ ഉപേക്ഷിച്ച് സ്നേഹത്തോടെ എന്റെ അടുത്തുതന്നെ ഇരുന്ന അമ്മ. അതൊരനുഭവമായിരുന്നു. അംഗീകരിക്കപ്പെടുന്നവന്റെ പുത്തൻ അനു ഭവം. അച്ഛനും അമ്മയും ഏറെ നിർബന്ധിച്ചിട്ടും ഞാൻ കോടതിയിൽ പറ ഞ്ഞതു സത്യം മാത്രമാണ്. "ആരും തിരിഞ്ഞുനോക്കാനില്ലാതെ വഴിവ ക്കിൽക്കിടന്ന ശങ്കരമാമന് ആശ്വാസം നല്കിയത് ഞാൻതന്നെയാണ്. അതൊരു കൊലപാതകമാണോ എന്ന് എനിക്കറിഞ്ഞുകൂടാ."

ഒരിക്കലും പിഴയ്ക്കാത്ത നീതിപീഠം വിധിച്ചു, ഞാൻ നിരപരാധിയാ ണെന്ന്.

എന്റെ നിരപരാധിത്വം കോടതിമാത്രമല്ല, ഈ നാട്ടുകാരും അംഗീകരിക്ക ണം. അതിനായുള്ള അച്ഛന്റെ ഒരുക്കങ്ങൾ അണിയറയിൽ നടന്നുകൊണ്ടി രുന്നു. ഒപ്പം എന്നെ കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്തുവാനും സത്വ

ഭാവി ആക്കുവാനുമായി ഒരു വിവാഹത്തെപ്പറ്റിയുള്ള ആലോചനയും.

എന്റെ ദുർബലമായ എതിർപ്പിനെ അവഗണിച്ച് അവർ വിവാഹം ഉറപ്പിച്ചു. തന്ത്രങ്ങളിൽ എന്നും മുൻപനായ അച്ഛന്റെ മറ്റൊരു കണ്ടെത്തൽ. നാട്ടിലും രാജ്യത്തൊട്ടാകെയും അനുദിനം വർദ്ധിച്ചുവരുന്ന വർഗ്ഗീയതയെ തുരത്താനുള്ള പുതിയ ഫോർമുല—മിശ്രവിവാഹം.

സുഹ്റ എന്ന മുസ്ലിംപെണ്ണിനെ ആചാരക്കുരുക്കുകളില്ലാതെ ഹിന്ദുവായ ഞാൻ നഗരത്തിലെ പൊതുവേദിയിൽവെച്ച് മാലയിട്ട് കൈയ്ക്കുപിടിച്ചു സ്വീകരിക്കുന്നു. സാക്ഷിയായി സമൂഹത്തിലെ ഉന്നതരും പൊതുജനങ്ങളും. സ്ത്രീധനരഹിതമായ ഈ വിവാഹത്തിലൂടെ അച്ഛനോടൊപ്പം എനിക്കും സമൂഹത്തിൽ ഉന്നതസ്ഥാനങ്ങൾ ലഭിക്കുമെന്ന് അമ്മ ആവർത്തിച്ച് ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു.

മുൻനിശ്ചയപ്രകാരം സമൂഹത്തിന്റെ കണ്ണുകളിൽ മംഗളമായി വിവാഹം നടന്നു. അപ്പോൾ ഞാൻ വെറുതെ ആലോചിച്ചുപോയി. കാഞ്ചനക്കൂട്ടിൽ കിടക്കുന്ന ബന്ധനസ്ഥനായ ഒരു കുട്ടിക്ക് നിർജ്ജീവങ്ങളായ പാവകൾ നല്കി ശാഠ്യം നിറുത്തുവാൻ ശ്രമിച്ചവർ മുതിർന്നപ്പോൾ കുസൃതി നിർത്തുവാൻ ജീവനുള്ള ഒരു പാവയെ തരുന്നു. സൗഭാഗ്യങ്ങൾ മാത്രം അനുഭവിക്കുന്ന നവയുഗ സിദ്ധാർത്ഥൻ. ഓർത്തപ്പോൾ ഒന്നുറക്കെ ചിരിച്ചുപോയി.

സ്വർണ്ണത്തിലും ചായത്തിലും പൊതിഞ്ഞ നവവധു തെല്ലു ലജ്ജ അഭിനയിച്ചു ചോദിച്ചു: “എന്നെ ഓർത്താണോ ചിരിച്ചത്?”

അവളോട് എന്തുത്തരമാണ് പറയേണ്ടതെന്നറിയാതെ കുഴങ്ങിനിന്നപ്പോൾ മുൻപരിചയക്കാരിയെപ്പോലെ അവൾ വാചാലയായി:

“ഈ വിവാഹം എന്നൊക്കെപ്പറയുന്നത് ഒരിക്കൽ മാത്രമല്ലേയുള്ളു. ചിരിച്ച് ഉന്മേഷത്തോടെ നിന്ന് വീഡിയോയും ഫോട്ടോയും എടുത്താൽ വയസ്സുകാലത്ത് അതെല്ലാം തനിച്ചിരുന്നു നമുക്കു കണ്ട് ആസ്വദിക്കാം.” ഇങ്ങനെ പലതും പറഞ്ഞ് വലിയ തമാശപൊട്ടിക്കുന്ന ഭാവത്തിൽ അവർ ചിരിച്ചപ്പോൾ എനിക്കു സഹതാപമാണു തോന്നിയത്.

അതിഥികൾക്കിടയിലൂടെ സ്വയം പരിചയപ്പെടുത്തി, എന്നെയും പരിചയപ്പെടുത്തി അവൾ മുന്നിൽ നടന്നപ്പോൾ ഞാനോർത്തത് മറ്റൊന്നാണ്. അച്ഛന്റെയും അമ്മയുടെയും സ്ഥാനത്ത് എന്റെ ജീവിതം നിയന്ത്രിക്കാൻ മറ്റൊരാൾ കടന്നുവരുന്നു. അതും മുൻപരിചയംപോലുമില്ലാത്ത പെൺകുട്ടി.

അതിഥികൾ മുഴുവൻ പിരിഞ്ഞുകഴിഞ്ഞപ്പോൾ അവളുടെ സംസാരം മുഴുവൻ എന്നോടായി. എന്റെ മൗനം അവളെ ചിരിപ്പിച്ചു. 'സാരമില്ല, ഒക്കെയും പരിഹരിക്കാം' എന്നുപറഞ്ഞ് എന്റെ കൈത്തണ്ടയിൽ നുള്ളി. പിന്നെ കണ്ണുകളിലേക്ക് ഒരു കള്ളച്ചിരിയോടെ നോക്കി. ആ നോട്ടത്തിൽ ഏറെ നിഗൂഢതകൾ ഒളിച്ചുവച്ചിട്ടുണ്ട് എന്ന ഭാവമായിരുന്നു അവൾക്ക്. എനിക്കതിൽ നിഷ്കളങ്കത മാത്രമേ ദർശിക്കുവാൻ കഴിഞ്ഞുള്ളു.

മണിയറ വിവിധതരം പുഷ്പങ്ങൾകൊണ്ട് അലങ്കരിച്ചിരുന്നു. അതിന്റെ ഒരു കോണിലിരുന്ന് സുഗന്ധദ്രവ്യങ്ങൾ പുകയുന്നുണ്ട്. ടേബിളിലെ ടേപ്പ്റിക്കാർഡറിൽനിന്നും മൃദുവായ സംഗീതത്തിന്റെ അലകൾ. തികച്ചും കാല്പനികമായ അന്തരീക്ഷം. അവിടേക്ക് നിശാവസ്ത്രങ്ങൾ അണിഞ്ഞ് കണ്ണിൽ ലാസ്യഭാവവുമായി കടന്നുവരുന്ന നവവധുവിനെ ആശ്ചര്യത്തോടെ നോക്കിനില്ക്കുവാനാണ് എനിക്കു തോന്നിയത്. എത്ര മനോഹരമായാണ് അവൾ പ്രഥമരാത്രി അഭിനയിച്ചു തുടങ്ങിയത്.

വശ്യമായ ഒരു പുഞ്ചിരിയോടെ മേശമേൽ ഇരുന്ന പാലെടുത്ത് എന്റെ നേരെ നീട്ടി. ഞാനതു വാങ്ങിക്കുടിക്കുവാൻ വിസമ്മതിച്ചു. അല്പനേരത്തെ ആലോചനയ്ക്കുശേഷം അവളത് അവിടെത്തന്നെ വച്ചു.

മെല്ലെ നടന്നുവന്ന് എന്റെ കൈകൾ കവർന്നു: "ഏട്ടന്റെ എല്ലാ ദുഃഖങ്ങളിലും വിജയങ്ങളിലും പങ്കുകൊള്ളാൻ ഞാനും ഉണ്ട്." എന്നെ മാറോടു ചേർത്ത് മുതുകിൽ മൃദുവായി താളം കൊട്ടി ആശ്വസിപ്പിക്കുവാൻ അവൾ ശ്രമിച്ചുകൊണ്ടിരുന്നു.

നിശയുടെ ഏതോ യാമത്തിൽ അവൾ തളർന്നുറങ്ങി. ഉറങ്ങിക്കിടന്ന അവളെ തെല്ലുനേരം വ്യഥയോടെ നോക്കിനിന്നു. വിയർപ്പുപൊടിഞ്ഞിരുന്ന, ചന്ദനനിറമുള്ള ആ നെറ്റിത്തടത്തിൽ ഒരു മുത്തവും കൊടുത്ത് അവിടെ നിന്നും നിശ്ശബ്ദം ഇറങ്ങി നടക്കുകയായിരുന്നല്ലോ—ഈ പുഴയും ലക്ഷ്യമാക്കി.

പുഴക്കടവിലെ ശിലമേൽക്കിടന്ന എന്റെ മനോഗതമറിഞ്ഞിട്ടോ എന്തോ ആത്മജ്ഞാനവുമായി ഒഴുകിയെത്തിയ പുഴ എന്നെയുംകൊണ്ട് യാത്രയായി. ആ യാത്രയ്ക്കിടയിലെപ്പോഴോ മസ്തിഷ്ക്കത്തിൽ ബോധാസ്തമയത്തിന്റെ ഒരു മിന്നൽപ്പിണർ പാഞ്ഞു.

# 10
# വധു ഡോക്ടറാണ്

**ചു**മരിലെ ചിത്രത്തിലേക്ക് നോക്കി ആത്മനിർവൃതിയോടെ രവി ചിരിച്ചു. ക്ലാസിക് ചിത്രങ്ങൾ വരയ്ക്കുന്ന ഈ തൂലികയ്ക്ക് ഇണങ്ങുന്നത് കാല്പനികചിത്രങ്ങൾതന്നെയല്ലേ? അയാൾ സംശയിച്ചു.

നഗ്നമായ ഒരു സ്ത്രീയുടെ ചിത്രം വരച്ച് ആത്മരതി അനുഭവിക്കുക എന്നത് ഏതൊരു ചിത്രകാരന്റെയും സ്വകാര്യതയാണ്. പ്രത്യേകിച്ച് ചിത്രകാരൻ അവിവാഹിതനായിരിക്കുമ്പോൾ. ആ ചിത്രം കാമുകിയാകാം, സ്വപ്നസുന്ദരിയാകാം, വരാൻ പോകുന്ന വധുവിന്റെ സങ്കല്പരൂപവുമാകാം.

വിവാഹത്തിന് തൊട്ടുമുമ്പ് രവി തന്റെ ചിത്രത്തെ—അങ്ങനെ പറയാൻ പാടില്ല—മനസ്വിനിയെ വസ്ത്രങ്ങൾ ധരിപ്പിച്ചു. ഇഴയടുപ്പമുള്ള മനോഹരമായ വസ്ത്രങ്ങൾ. കാതിൽ ജിമിക്കിയണിയിച്ചു. വാർനെറ്റിത്തടത്തിൽ ചന്ദനക്കുറി തൊടുവിച്ചു. കാർകൂന്തലിൽ തുളസിക്കതിർ ചൂടിച്ചു. അങ്ങനെ അവളെയൊരു ഗ്രാമീണ കന്യകയാക്കി.

വധുവായി വരുന്നവൾ അറിയണം തന്റെ മനസ്സിലെ സ്ത്രീസങ്കല്പത്തെപ്പറ്റി, അവൾ മനസ്സിലാക്കണം തന്റെ രചനാപാടവത്തെപ്പറ്റി.

ഉച്ചമയക്കത്തിനായി മുറിയിലേക്കു വന്ന ഭാമയെ എന്തിനാണ് അമ്മ വിളിച്ചുകൊണ്ടുപോയത്. പുതിയ മരുമകളോടുള്ള സ്നേഹംകൊണ്ടോ? അതോ... അയാൾ പലതും ചിന്തിച്ചു.

ദീർഘമായ ഇരുപത്തിയൊമ്പതു വർഷത്തെ കാത്തിരിപ്പിനുശേഷം ജീവിതത്തിലേക്ക് കടന്നുവന്ന ഭാമയോട് പലതും പറയുവാനുണ്ട്. നഷ്ടപ്പെട്ടത്രയും യൗവനം നമ്മൾക്ക് തിരിച്ചുനേടണം. പ്രേമാർദ്രമായ യുവമനസ്സുകൾപോലെ, ചിത്രകാരന്റെ വർണ്ണങ്ങൾപോലെ, സൗന്ദര്യശാസ്ത്രത്തിന് വിസ്മയമായി നമ്മുടെ സ്നേഹവും പ്രവഹിക്കണം.

അമ്മയുടെ ശബ്ദം തെല്ല് ദൂരെനിന്ന് അവ്യക്തമായി ഉണർന്നുകേട്ടു.

പെങ്ങളും എന്തോ പറയുന്നുണ്ട്. ഭാമയുടെ ശബ്ദത്തിനായി രവി കാതോർത്തു. അവർക്കിടയിൽ മൃദുവായ ശബ്ദം ഒരിക്കൽ മാത്രം കേട്ടു. അച്ഛൻ അങ്ങനെയാ. അമ്മ സംസാരിക്കാൻ തുടങ്ങിയാൽ പിന്നെ സംസാരിക്കില്ല.

വിവാഹപ്രായം കഴിഞ്ഞിട്ടും വിവാഹാലോചനകളൊന്നും ഉറയ്ക്കാതിരുന്നപ്പോൾ, ജാതകങ്ങൾ പലതും നോക്കിയിട്ടും ഒന്നും പൊരുത്തപ്പെടാതിരുന്നപ്പോൾ അച്ഛൻ പറഞ്ഞത് ഇപ്പോഴും രവി ഓർമ്മിക്കുന്നുണ്ട്:

“വിവാഹം അല്പം വൈകിയാലും കുഴപ്പമില്ല. നിന്റെ അമ്മയെപ്പോലുള്ള സ്ത്രീയെ നിനക്ക് ഭാര്യയായി കിട്ടാതിരുന്നാൽ മതി.”

അച്ഛനത് പറഞ്ഞപ്പോൾ എല്ലാവരും പൊട്ടിച്ചിരിച്ചു. അമ്മ പൊട്ടിത്തെറിച്ചു: “നിങ്ങളുടെ മൂന്നു മക്കളെ പത്തു മാസം വയറ്റിൽ പേറി പെറ്റതോ അതോ മൂന്നു നേരവും മൂക്കറ്റം വിഴുങ്ങാൻ വെച്ച് വിളമ്പിതരുന്നതോ, ഏതാണ് എന്റെ കുറ്റം? നിങ്ങൾ കമിഴ്ന്നുകിടക്കുന്ന പ്ലാവില മറിച്ച് വയ്ക്കാറുണ്ടോ മനുഷ്യാ? എന്തിന്, പുരുഷന്മാരെപ്പോലെ വീട്ടിലെ കാര്യങ്ങൾ നേരെ ചൊവ്വെ നോക്കാറുണ്ടോ? രാവിലെ ബീഡിയും വലിച്ച് പത്രവുമായങ്ങിരിക്കും. ഭക്ഷണം കഴിഞ്ഞാൽ ഭാര്യയുടെ ദൂഷണവുമായി കവലയിലെ കല്യാണിയുടെ ചായക്കടയിൽ കൂടും. മക്കളുടെ മുന്നിൽവച്ച് എന്നെക്കൊണ്ടൊന്നും പറയിക്കേണ്ട.”

അച്ഛൻ സൗമ്യമായി ചിരിച്ചു: “നിന്നെ എനിക്കറിയില്ലേ ദേവയാനീ. നീ ഒന്ന് ശുണ്ഠി പിടിച്ചു കാണാൻ, അപ്പോൾ നിന്റെ പുതിയ നിരീക്ഷണങ്ങൾ ഓരോന്നും കേൾക്കാൻ, എന്തു രസമാണന്നറിയോ.”

“അയ്യടാ! വയസ്സന്റെ ഒരു കിന്നാരം. വിവാഹപ്രായമെത്തിയ മൂന്നെണ്ണത്തിന്റെ തന്തയാണെന്ന വിചാരംപോലുമില്ല.” അത് പറയുമ്പോൾ അമ്മയുടെ മുഖത്തും ഒരു ശൃംഗാരച്ചിരി പടർന്നിരുന്നു.

രവി കിടപ്പുമുറി വിട്ട് പുറത്തേക്കിറങ്ങി. അവിടെയെങ്ങും ആരുമില്ല. മൂളിക്കൊണ്ട് ഒരീച്ച രവിക്ക് ചുറ്റും വട്ടമിട്ടു. രവി പലപ്രാവശ്യം ആട്ടിയിട്ടും അത് പറന്നകലുവാൻ കൂട്ടാക്കുന്നില്ല. ശവംമുത്തിയീച്ച എന്ന് കേട്ടിട്ടേയുള്ളൂ. അതുതന്നെയായിരിക്കുമിതെന്ന് കരുതിയപ്പോൾതന്നെ മനംപുരട്ടൽ അനുഭവപ്പെട്ടു.

ഈച്ചയെ ഒഴിവാക്കുവാനായി അടുക്കളയിലേക്ക് ചാടിക്കടന്ന് വാതിലടച്ചു. അടുപ്പത്ത് തിളച്ചു മറിയുന്ന വെള്ളം, തെല്ല് അകലെയായി തുറിച്ചു നോക്കുന്ന ഒരു കറുത്ത പൂച്ച. രവി കണ്ടെന്ന് മനസ്സിലാക്കിയപ്പോൾ അത് മുരണ്ടുകൊണ്ട് നഖങ്ങൾ നീട്ടി പ്രതിഷേധിച്ചു. വിവാഹം കഴിയുന്നതോടെ ഒരു പുരുഷന് ഭാര്യയൊഴിച്ച് മറ്റുള്ളതെല്ലാം അന്യമാകുമെന്ന് കേട്ടിട്ടുള്ളതായി അയാൾ ഓർത്തു.

വീടിന്റെ തെക്കുവശത്തുനിന്നും ചില ശബ്ദകോലാഹലം കേൾക്കാം. മനസ്സിൽ ഉയർന്നുവന്ന പല സംശയങ്ങളെയും നിയന്ത്രിച്ച് അവിടേക്ക് നടന്നു. അപ്പോഴാണ് രവി ശ്രദ്ധിച്ചത് ആ ശവന്തീനി ഈച്ച തലയ്ക്കു മുകളിൽ വട്ടമിട്ടു പറക്കുന്നത്.

അവിടെ സിന്ധുവിനു ചുറ്റും എല്ലാവരുമുണ്ട്. ഭാമ സിന്ധുവിനെ തൊട്ടു

തടവി അടുത്തുതന്നെ നില്ക്കുന്നു. രവിക്ക് കാര്യങ്ങൾ വ്യക്തമായി. സിന്ധുവിന്റെ കടിഞ്ഞൂൽ പ്രസവം കഴിഞ്ഞിരിക്കുന്നു. ഭാമ ഡോക്ടറാണെന്ന കാര്യം അപ്പോഴാണ് രവി ഓർമ്മിച്ചത്. മനുഷ്യനെ ചികിത്സിക്കാൻ മാത്രമല്ല മൃഗത്തെ ചികിത്സിക്കാൻകൂടി അവൾക്കറിയാമെന്നുള്ളത് രവിക്ക് പുതിയ അറിവായിരുന്നു.

ചുക്കിച്ചുളിഞ്ഞ ശരീരവുമായി ഒരു പശുക്കുട്ടി. ചീഞ്ഞുനാറിയ പഴന്തുണിക്കെട്ടുപോലെ പിന്നെയും എന്തെല്ലാമോ സിന്ധുവിന്റെ വയറ്റിൽനിന്നും പുറത്തെടുക്കുന്ന ഭാമ. വൃത്തികെട്ട മലമൂത്രങ്ങൾ. അതിന്റെ ദുർഗ്ഗന്ധം ആസ്വദിച്ചു വട്ടമിട്ടു പറക്കുന്ന വികൃതരൂപികളായ ഈച്ചകൾ. മെല്ലെ വീശിവന്ന കാറ്റിന് ചീഞ്ഞ രക്തത്തിന്റെ രൂക്ഷഗന്ധം, അത് രവിയെ കൂടുതൽ അസ്വസ്ഥനാക്കി. തലയ്ക്കു മുകളിൽ വട്ടമിട്ടുപറക്കുന്ന ശവംമുത്തി ഈച്ച ഇനിയും വിട്ടകന്നിട്ടില്ല.

രവി അവിടേക്കുവന്നത് ആരും ശ്രദ്ധിച്ചില്ല; ഭാമപോലും. രവി മുറിയിലേക്ക് തിരിച്ചുനടന്നപ്പോൾ മനസ്സിൽ കരുതി: വിവാഹത്തോടെ നവവധു സ്വന്തമാകുമെന്ന വിശ്വാസം തകിടം മറിയുകയാണോ?

സിന്ധുവിന്റെ കന്നിപ്രസവം നടത്തുവാനുള്ള ഭാഗ്യം ഭാമയ്ക്കുതന്നെ കിട്ടിയത് വരുവാൻ പോകുന്ന ഐശ്വര്യങ്ങളുടെ ശുഭസൂചനയാണെന്ന് പറഞ്ഞ് അവളെ അഭിനന്ദിക്കുന്ന അമ്മയുടെ വാക്കുകൾ രവിക്ക് പിന്നിൽ നിന്നും കേൾക്കാം.

രവി മുറിയിലെത്തി, മനസ്വിനിയെ നോക്കി പറഞ്ഞു: “നീ ഇന്നു മുതൽ മനസ്വിനിയല്ല, ഭാമയാണ്.” തൊട്ടടുത്തുതന്നെയിരിക്കുന്ന മറ്റൊരു ചിത്രത്തിലേക്ക് രവിയുടെ കണ്ണുകൾ തിരിഞ്ഞു. ചുവപ്പും മഞ്ഞയും കറുപ്പും നീലയുമായ വർണ്ണങ്ങളിൽ തീർത്ത വിഭ്രാമകമായ ഒരു ചിത്രം. മനുഷ്യന്റെ വികാരത്തെ നിറക്കൂട്ടുകൾ വെല്ലുവിളിക്കുന്നു. നോക്കിനില്ക്കുമ്പോൾ ആ കടും വർണ്ണങ്ങൾ ചലിക്കുകയാണ്. പാരസ്പര്യത്തിന്റെ ഒരു ദൃശ്യം.

ഭാമ പുഞ്ചിരിച്ചുകൊണ്ട് മുറിയിലേക്കു വന്നു: “രവിയുടെ അമ്മയ്ക്ക് ഒരു ഡോക്ടറാകാൻ പാസ്റ്റുണ്ടായിരുന്നു.”

രവി ഉത്സാഹത്തോടെ ഭാമയുടെ അടുത്തേക്കുചെന്ന് അവളെ ചേർത്തുപിടിച്ച് പറഞ്ഞു: “വേർപാടിന്റെ നൊമ്പരങ്ങൾ കഥകളിലും സിനിമകളിലും മാത്രമേ ഞാൻ അനുഭവിച്ചിരുന്നുള്ളൂ. പക്ഷെ ഇന്ന് ഇവിടെനിന്നും നീ പോയപ്പോൾ അല്പമായെങ്കിലും ഞാൻ അറിഞ്ഞു.” രവി അവളുടെ ചുണ്ടുകളിലേക്ക് ചുണ്ടുകൾ അടുപ്പിച്ചു.

ഭാമ രവിയെ തള്ളിമാറ്റിക്കൊണ്ട് ആ ചുണ്ടുകളിലേക്ക് സൂക്ഷിച്ചുനോക്കി: “ഓ രവി, എന്തായിത്?” ഭാമ രവിയുടെ ചുണ്ടുകൾ പരിശോധിച്ചു: “ശോചനം ശരിയാകുന്നില്ല. സ്കിന്നിന് നേരിയ നിറവ്യത്യാസമുണ്ട്. ഞാനൊരു ടാബ്ലറ്റ് തരാം. അത് കഴിച്ചാൽ പ്രശ്നം തീരും.”

ഭാമ നടന്ന് നിലക്കണ്ണാടിയുടെ മുന്നിലേക്ക് ചെന്നു. ചീപ്പെടുത്ത് അഴിഞ്ഞുകിടന്ന മുടി ചീകിയൊതുക്കുവാൻ തുടങ്ങി. രവി ഭാമയുടെ ഓരോ ചല

നവും ശ്രദ്ധിച്ചുകൊണ്ടിരുന്നു. അവൾ രവിയെ കണ്ണാടിയിലൂടെ കാണുന്നുമുണ്ട്.

ഭാമയുടെ കണ്ണുകളിൽ ഒരു പുതിയ കണ്ടെത്തലിന്റെ തിളക്കം. അവൾ രവിയുടെ കണ്ണുകൾ പരിശോധിച്ചു: "വിളർച്ചയുണ്ടല്ലോ. വൈറ്റമിന്റെ കുറവാഇത്. രവിയുടെ മാത്രം പ്രശ്നമല്ല. തിരക്കുകൾക്കിടയിൽ ആരും ഈ നിസ്സാരകാര്യങ്ങൾ ശ്രദ്ധിക്കാറില്ല."

രവി മ്ലാനമായ ചിരിയോടെ അവിടെനിന്നും എഴുന്നേറ്റു. മേശയുടെ വലിപ്പിൽനിന്നും എടുത്ത സിഗററ്റിന് തീ കൊളുത്തി. അതും വലിച്ചുകൊണ്ട് മുറിയിലൂടെ ഉലാത്തിക്കൊണ്ടിരുന്നു. വിളറിയ കണ്ണുകൾ, നിറമില്ലാത്ത തൊലി. ഇനിയുമവൾ എന്തെല്ലാം കണ്ടുപിടിക്കും. തന്റെ കൈകൾ അല്പം മെലിഞ്ഞിട്ടില്ലേ? കാലുകൾക്ക് നീട്ടക്കുറവുണ്ടെന്ന് സ്കൂളിൽ പഠിക്കുന്ന കാലത്ത് അബു പറഞ്ഞിരുന്നില്ലേ. നെഞ്ചിന് അല്പം വിരിവു കുറഞ്ഞ് കുഴിഞ്ഞല്ലേയിരിക്കുന്നത്? ഇതെല്ലാം അവൾ കണ്ടെത്തിയാൽ? വെറുതെയല്ല ഈശ്വരന്മാർ രാത്രികൾ സൃഷ്ടിച്ചത്.

രവി ആലോചനയോടെ മുറിവിട്ടിറങ്ങി. മുറ്റത്തെ തേൻമാവിൻചുവട്ടിലെത്തി. വരയ്ക്കാനായി വച്ചിരിക്കുന്ന ബോർഡിലേക്ക് ഒരു വെള്ളപേപ്പർ പിടിപ്പിച്ചു. പിന്നെയെല്ലാം യാന്ത്രികമാണ്. രവിയുടെ തൂലികയിലൂടെ വെള്ളപേപ്പറിലേക്ക് നിറങ്ങൾ പടരുകയായിരുന്നു.

തമസ്സിനായി കാത്തിരിക്കുന്ന മനുഷ്യരൂപങ്ങൾ ഒന്നൊന്നായി അതിൽ തെളിഞ്ഞുകൊണ്ടിരുന്നു—

മാളികമുകളിലിരിക്കുന്നവർ
ഔന്നത്യത്തിന്റെ പടവുകൾ ഓടി കയറുന്നവർ
തൂലികയിലൂടെ വിപ്ലവം സൃഷ്ടിക്കുന്നവർ
പാടത്തും പറമ്പിലും പണിയെടുക്കുന്നവർ
മാംസക്കച്ചവടത്തിനായി അർദ്ധനഗ്നരായിരിക്കുന്നവർ
ജഢങ്ങൾക്കായി പിടിവലി കൂടുന്നവർ.

പിന്നിൽനിന്നുമുയർന്ന ശബ്ദം കേട്ട് രവി തിരിഞ്ഞുനോക്കി. രുദ്രയെപ്പോലെ കലിതുള്ളി അടുത്തുവരുന്ന അമ്മ. അവർ ചായക്കൂട്ടുകളെടുത്ത് രവി വരയ്ക്കുന്ന ചിത്രങ്ങളിലേക്ക് നീട്ടിയൊഴിച്ചു.

ചിത്രത്തിലെ മനുഷ്യരുടെ കണ്ണുകൾക്ക് നീലനിറം. അവരുടെ ഹൃദയത്തിൽനിന്നു ഒലിച്ചിറങ്ങുന്ന കറുപ്പ്. അരയ്ക്കു താഴേക്കു ഒരു മഞ്ഞപ്പാടപോലെ. ചുവപ്പുനിറം ഒന്നായി തറയിലേക്കു വീണ് മാംസരക്തംപോലെ പടർന്നുകിടന്നു.

അമ്മ ജ്വലിച്ചു: "നിന്നെയും കാത്ത് ഒരു പെണ്ണവിടെയിരിക്കുമ്പോഴാ നിന്റെ വര." രവി പറയാൻ തുടങ്ങിയതിനെ അമ്മ ശബ്ദമുയർത്തിത്തടഞ്ഞു. രവി പിന്നെയും പറഞ്ഞുതുടങ്ങിയപ്പോൾ അമ്മ അവന്റെ കൈയ്ക്കു പിടിച്ചു വലിച്ചു. പെങ്ങൾ അമ്മയുടെ സഹായത്തിനെത്തി. അവർ രവിയെ തള്ളിയും വലിച്ചും ഭാമയുടെ മുറിയിലെത്തിച്ച് പുറത്തുകടന്ന് വാതിലടച്ചു.

ടേപ്പ്റിക്കാർഡറിൽനിന്നും ഉയരുന്ന തോഡി രാഗത്തിലുള്ള ഗാനം. കിടക്കയിൽ നിരത്തിയിരിക്കുന്ന ജാതിമല്ലിപ്പൂക്കൾ. മുറിയുടെ പല ഭാഗങ്ങളിലായി അലങ്കരിച്ചിരിക്കുന്ന ഓർക്കിഡ് പുഷ്പങ്ങൾ. ടേബിളിലിരിക്കുന്ന പാലും പഴങ്ങളും. ഭാമയുടെ മുഖത്ത് ഒരു ഗൂഢസ്മിതം.

രവി ചുമരിലേക്കു നോക്കി. അവിടെ മനസ്വിനിയുടെ ചിത്രം മാത്രമില്ല.

ഭാമ രവിയുടെ അടുത്തേക്കുവന്ന് തോളിൽ പിടിച്ചുകൊണ്ട് പറഞ്ഞു: "ഇപ്പോൾ ഒരു ഭാര്യയില്ലേ. ഇനി കണ്ട പെണ്ണുങ്ങളുടെ ചിത്രങ്ങൾ ചുവരിൽ തൂക്കിയാൽ അതിന്റെ മോശം എനിക്കാ. ദാ ആ ചിത്രംപോലുള്ളവ വരച്ചാൽ മതി. കാണുന്നവർക്ക് ഒന്നും മനസ്സിലാകുകയില്ലെങ്കിലും നന്നായി പണം കിട്ടുമല്ലോ." ഭാമ മറ്റൊരു കണ്ടെത്തൽകൂടി നടത്തി: "രവിയുടെ മനസ്സാ ആ ചിത്രത്തിൽ കാണുന്നത്."

"ടെലസ്കോപ്പ്കൊണ്ടു പരിശോധിച്ചാൽ മനസ്സിലാകുന്ന ഒന്നല്ല ചിത്രത്തിന്റെ ഭാഷ. ആത്മാവിൽ കലയുടെ ഉണർവുള്ളവർക്കേ അതിനെ ആസ്വദിക്കാൻ കഴിയൂ."

രവിയുടെ വാക്കുകൾ കേട്ട് ഭാമ ചിരിച്ചു: "ഞാൻ രവിയെ ബുദ്ധിജീവിയെന്നു വിളിക്കണമെന്നാണോ പറഞ്ഞുവരുന്നത്. സൈക്കോളജിക്കലായിട്ട് പറഞ്ഞാൽ പ്രാകൃതവാസന കൂടുതലുള്ളവരിലാണ് ചിത്രരചനാപാടവം കണ്ടുവരുന്നത്. പ്രാകൃതമനുഷ്യന്റെ ഭാഷ ആംഗ്യവും ചിത്രങ്ങളുമായിരുന്നില്ലേ." സംസാരത്തിനിടയിൽതന്നെ ഭാമ ട്രേയിൽനിന്നും പാലെടുത്ത് രവിയുടെ കൈയ്യിൽ കൊടുത്തു: "ഇത് മുഴുവൻ കുടിക്കണം. രവിക്ക് വൈറ്റമിന്റെ കുറവുള്ള കാര്യം മറക്കണ്ട." രവിയുടെ കൈയ് ഒന്ന് വിറച്ചു. ഗ്ലാസ്സ് തെന്നി തറയിലേക്കു വീണു. ചിന്നിച്ചിതറിയ ചില്ലുകൾക്കിടയിലൂടെ തറയിലേക്കു പടരുന്ന പാല്. ഭാമ ശാസനയോടെ രവിയെ നോക്കി.

നോക്കിനില്ക്കുമ്പോൾ പാലിന്റെ നിറം മാറുകയാണ്. അത് മുറി മുഴുവൻ പടർന്നുകഴിഞ്ഞു. ഫ്ളവർ ഗ്ലാസ്സുകളിലിരുന്ന ഓർക്കിഡ് പുഷ്പങ്ങൾ ഇളകിയാടിത്തുടങ്ങി. ജാതിമല്ലിയുടെ പൂക്കൾ അന്തരീക്ഷത്തിലൂടെ പറന്നുനടക്കുന്നു. ടേപ്പ് റെക്കോർഡറിൽനിന്നും തോഡിരാഗത്തിലൊഴുകുന്ന സംഗീതത്തിന് ശബ്ദമേറി. മുറിയിലെ ഇലക്ട്രിക് ബൾബുകൾ വിവിധ വർണ്ണങ്ങളിൽ മിന്നിക്കൊണ്ടിരിക്കുന്നു. ചായക്കൂട്ടുകളിൽ തീർത്ത രണ്ട് പ്രാകൃതമനുഷ്യരൂപങ്ങൾ—രവിയും ഭാമയും. ഇലക്ട്രിക് ഫാനിൽനിന്നും ഉതിരുന്ന കാറ്റ് രവിയുടെ ദുർബലമായ ശരീരത്തെ വിറപ്പിച്ചുതുടങ്ങി. കാറ്റിന്റെ ശക്തിയിൽ ചേലാഞ്ചലമുയരുമ്പോൾ ഇരുകൈകൾകൊണ്ടും ചേർത്തുപിടിക്കാൻ ഭാമ പരിശ്രമിക്കുകയാണ്. മുറിക്കുള്ളിലൂടെ പറന്നുനടക്കുന്ന അവർ കൈകൾ പരസ്പരം എത്തിച്ചുപിടിക്കാൻ കിണഞ്ഞു ശ്രമിക്കുകയാണ്.

# 11
# സേവ് ഭാരത്

**റി**ട്ടേർഡ് കേണൽ അമർനാഥ് കനത്ത ഇരുട്ടിലൂടെ ജീപ്പ് പായിക്കുമ്പോൾ അയാൾക്ക് ദുർഘടം പിടിച്ച വഴിയോ പ്രായമോ ഒരു വിഘാതമായിരുന്നില്ല. ഏതാണ്ട് നൂറ്റിയമ്പത് കിലോമീറ്റർ അകലെയുള്ള കദിരൂർദുർഗ് മാത്രമാണ് അപ്പോൾ ലക്ഷ്യം.

അത്ര സുപരിചിതമല്ലാത്ത കദിരൂർദുർഗിലേക്കുള്ള മാർഗ്ഗം മാപ്പിന്റെയും മൈൽക്കുറ്റിയുടെയും സഹായത്തോടെയാണ് അയാൾ മനസ്സിലാക്കിക്കൊണ്ടിരുന്നത്. പട്ടാളത്തിൽനിന്നും പഠിച്ച ശീലമാണത്.

ജീപ്പ് നിറുത്തി. മാപ്പ് നിവർത്തി വഴികൾ ഒരു വട്ടംകൂടി തിട്ടംവരുത്തി. കീശയിൽ അവശേഷിച്ചിരുന്ന അവസാനത്തെ ചുരുട്ടുമെടുത്ത് ചുണ്ടിൽ തിരുകി തീകൊളുത്തി. രണ്ടുമൂന്നു പ്രാവശ്യം പുക ആർത്തിയോടെ വലിച്ചു. വാച്ചിൽ നോക്കി. വെളുക്കുമ്പോൾ കദിരൂർദുർഗിലെത്താമെന്നു കണക്കുകൂട്ടി. സീറ്റിന്റെ സൈഡിലിരുന്ന മൊബൈൽ ഫോണിലേക്കു നോക്കി സംശയിച്ചു: വിളിക്കണോ? വേണ്ട. വിളിച്ചാൽ എന്താണ് സമാധാനം പറയുക. ഓർമ്മകൾ അമർനാഥിനെ വല്ലാതെ അസ്വസ്ഥനാക്കി. എത്രയും പെട്ടെന്ന് കദിരൂർദുർഗിലെത്തണമെന്ന ബോധം അയാളെ ഉത്സാഹിയാക്കി. ജീപ്പ് വീണ്ടും പായിച്ചുതുടങ്ങി. നാനാത്വത്തിൽ ഏകത്വം—അതാണല്ലോ ഭാരതത്തിന്റെ മതം. ആ മതത്തിന്റെ ഏകോപനത്തിനും സമന്വയത്തിനുമായി എത്രയോ വഴികൾ താൻ നടന്നുതീർത്തു. എത്രയോ ആയിരം ജീവിതങ്ങൾ ഹോമിച്ചു.

സ്വാതന്ത്ര്യസമരത്തിന്റെ മുൻനിരപ്പോരാളികളിലൊരാളായ അമർഘോഷിന്റെ ഏകമകൻ സൈനികസ്കൂളിലേക്ക് പോയപ്പോഴും പിന്നീട് പല യുദ്ധ

ങ്ങളിലും ജീവൻ ഗൺമുനയിൽ നിറുത്തി പോരാടിയപ്പോഴും അയാൾക്ക് ഭാരതത്തെക്കുറിച്ച് ശുഭാപ്തിവിശ്വാസമുണ്ടായിരുന്നു.

അവിവാഹിതനായി രാജ്യത്തെ സ്നേഹിക്കുന്നതിൽ പലരും അയാളെ പരിഹസിച്ചു. സേവ് ഭാരത് എന്ന സന്നദ്ധസേനയുണ്ടാക്കി നിരാലംബരെയും നിർധനരെയും പരിപാലിക്കുന്നതിൽ പലരുമയാളെ പുച്ഛിച്ചു. ഒരിക്കൽ അമ്മ ഹൃദയവ്യഥയോടെ പറഞ്ഞത് അയാൾ ഓർത്തുപോയി: 'നീ പാവനമെന്നും പരിശുദ്ധമെന്നും കരുതുന്നതെല്ലാം, നിന്റെ ഈ അന്ധമായ രാജ്യസ്നേഹം പോലും, നിനക്ക് ശാപമായി ഭവിക്കുന്ന ഒരു ദിവസം വരും. നിന്റെ അച്ഛന്റെ അവസ്ഥ. അന്നു നീ ചെയ്തുകൂട്ടിയ വിഡ്ഢിത്തങ്ങളെ ഓർത്തു വിലപിച്ചിട്ടു കാര്യമില്ല.'

വ്യക്തിജീവിതത്തിലേക്ക് തിരിഞ്ഞാൽ ഏറ്റവും നിറമുള്ള കാലം ഏതാണ്? അയാളുടെ മനസ്സ് ഗതകാലങ്ങളിലേക്കൂളിയിട്ടു.

പരിശീലനത്തിനിടയിൽ പരിക്കുകൾ പറ്റി ഡൽഹിയിലെ മിലിട്ടറി ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിയുന്ന കാലം. അവിടെവച്ചു പരിചയപ്പെട്ട ഷേണി, അവൾ മാത്രമാണ് അയാളുടെ മനസ്സിൽ ആഗ്രഹമായി വിടർന്ന ഒരേയൊരു സ്ത്രീ. അവൾക്കും അയാളോട് അങ്ങനെതന്നെ ആയിരുന്നു. ചാപല്യങ്ങൾക്ക് വഴികൊടുക്കാത്ത പക്വമായ ഒരു ഹൃദയബന്ധം.

തിരക്കുകളും പരിമിതികളും അവർക്കിടയിൽ നീണ്ട ഒരു ഇടവേള സൃഷ്ടിച്ചു. അതിനിടയിലെപ്പോഴോ ഷേണി, രബീന്ദ്രകുമാർ എന്ന മിലിട്ടറി ഡോക്ടറുടെ ഭാര്യയായി.

ബോംബെയിലെ ലയൺ പാർക്കിൽവച്ച് ക്യാപ്റ്റൻ ശുശീൽശർമ്മ നടത്തിയ ഒരു സായാഹ്നവിരുന്നിൽ അയാൾ അവിചാരിതമായി ഷേണിയെ കണ്ടു. ഷേണി, രബീന്ദ്രകുമാറിനെ അയാൾക്കു പരിചയപ്പെടുത്തി. അവളുടെ നിശ്വാസത്തിൽ അരുതായ്കയുടെ ഒരു വ്യഥ അയാൾ ദർശിച്ചു.

ആറേഴു വർഷങ്ങൾക്കുശേഷമാണ് അയാൾ പിന്നീട് ഷേണിയെ കാണുന്നത്, പൂനയിലെ മിലിട്ടറി കാന്റീനിൽവച്ച്. അന്ന് അവളുടെ വിരൽത്തുമ്പിൽ പൂമ്പാറ്റയെപ്പോലെ തുള്ളിക്കളിക്കുന്ന ഒരഞ്ചുവയസ്സുകാരി പെൺകുട്ടിയുമുണ്ടായിരുന്നു.

വിശേഷങ്ങൾ സംസാരിക്കുന്നതിനിടയിൽ ഷേണി ലാഘവത്തോടെ പറഞ്ഞു: "രബീന്ദ്രകുമാറും ഞാനും തമ്മിൽ പിരിഞ്ഞു. അയാൾ മറ്റേതോ മിലിട്ടറി നേഴ്സിനെ വിവാഹംകഴിച്ചു." സ്തബ്ധനായി നിന്ന അമർനാഥിനോട് അവൾ ഇത്രയുംകൂടി പറഞ്ഞു: "ആശ്വാസവാക്കുകൾക്കായി ആലോചിച്ച് തല പുണ്ണാക്കേണ്ട, എനിക്കതിൽ തെല്ലും ദുഃഖമില്ല." മോളെ ചൂണ്ടി: "നേരംപോക്കിനിവളുണ്ടല്ലോ."

ഷേണി നിഗൂഢമായൊരു ചിരിയൊതുക്കി: "റോസ് മേരി. അച്ഛൻ ഉപേക്ഷിച്ചുപോയ സ്ഥിതിക്ക് അവൾ അമ്മയുടെ ജാതിയിൽതന്നെ വളരട്ടെ

എന്നു കരുതി. അല്ലെങ്കിൽ പിന്നീട് സർട്ടിഫിക്കറ്റുകളിൽ ജാതി എഴുതുമ്പോഴും വിവാഹാലോചന വരുമ്പോഴുമെല്ലാം പ്രശ്നമാകും. അവസാനം മോള് ശപിക്കുന്നത് അവളുടെ അമ്മയെ ആയിരിക്കും."

ഉത്തരത്തിൽ എവിടെയോ ഒരു കൊള്ളിവാക്കിന്റെ മുനയില്ലേ എന്ന് അയാൾ ചിന്തിച്ചുനോക്കി.

"ഞങ്ങൾ പോകട്ടെ. മോളെ അങ്കിളിന് ടാറ്റാ കൊടുക്ക്."

"അങ്കിൾ ടാറ്റാ."

"മോളെ ആദ്യമായിട്ടല്ലേ കാണുന്നത്. അവൾക്ക് എന്റെ വക എന്തെങ്കിലും?"

"ഔപചാരികതയുടെ ഒന്നും ആവശ്യമില്ല അമർജി."

അയാൾ ആലോചിച്ചു. അമർ ചില വർഷങ്ങൾകൊണ്ട് അമർജിയായിരിക്കുന്നു.

"അമർജിയുടെ കുടുംബം."

"ചിന്തിച്ചിട്ടില്ല."

"ഐ ആം സോറി."

"എന്തിന്..."

അവൾ ഒന്നും പറയാതെ മെല്ലെ നടന്നുതുടങ്ങി. 'അങ്കിൾ ടാറ്റാ ടാറ്റാ' എന്നു പറഞ്ഞ് മോൾ പല പ്രാവശ്യം അയാളെ തിരിഞ്ഞുനോക്കി.

പിന്നീട് ഷേണിയെ കാണുന്നത് ഇന്നലെയാണ്. അവിചാരിതമായി സേവ് ഭാരതിന്റെ ആഫീസിലേക്ക് കയറിവന്നപ്പോൾ.

"അമർജിക്ക് എന്നെ ഓർമ്മയുണ്ടോ?"

അയാളുടെ പുരികങ്ങൾ ഉയർന്നുതാണു: "ഷേണിയെ ഞാൻ മറന്നിട്ടില്ല."

ഷേണി അയാളുടെ കണ്ണുകളിലേക്ക് നോക്കി. പിന്നെ സ്വയം കീഴടങ്ങി കണ്ണുകൾ പിൻവലിച്ച് മുഖം കുനിച്ചു.

അവൾ അയാൾക്കഭിമുഖമായി കസേരയിലിരുന്നു. അല്പസമയത്തേക്ക് അവർക്കിടയിൽ മൗനം സ്ഥാനംപിടിച്ചു.

ഷേണിതന്നെ മൗനം മുറിച്ചു: "താങ്കളുടെ സന്നദ്ധസേനയിൽ ചില കോളേജ് വിദ്യാർത്ഥികൾ സേവനം ചെയ്യുന്നുണ്ടല്ലോ."

അമർനാഥ് തലയാട്ടി.

"അവരിലെ റോസ് മേരിയെ താങ്കൾ അറിയുമോ?"

"ഉം."

"അവൾ എന്റെ മോളാണ്."

"അവൾ ഇതുവരെ നിങ്ങളെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ലല്ലോ."

"അതിന് നിങ്ങൾ എന്നെങ്കിലും അവളോട് തിരക്കിയിട്ടുണ്ടോ?"

"അമർജീ, നിങ്ങൾക്ക് ഇഷ്ടപ്പെടുമോ എന്ന് അറിഞ്ഞുകൂടാ. എങ്കിലും

ഞാനൊന്നു പറഞ്ഞോട്ടെ. മോള് വളർന്നുതുടങ്ങിയപ്പോൾ അവൾ ചോദിച്ചു, ആരാണ് അവളുടെ അച്ഛനെന്ന്? എന്തിന് എന്നെ ഉപേക്ഷിച്ചു എന്ന്? അവളുടെ ചോദ്യങ്ങൾക്ക് ഞാൻ കൊടുത്ത ഉത്തരങ്ങൾ ശരിയോ തെറ്റോ എന്ന് എനിക്കറിയില്ല. അമ്മയെ നിർദ്ദാക്ഷിണ്യം ഉപേക്ഷിച്ച, അതിലേറെ ഒരു ദിവസംപോലും സ്വന്തം മോളെ അന്വേഷിക്കാത്ത, ആ മനുഷ്യനോട് അനുദിനം അവൾക്ക് വെറുപ്പ് ഏറുകയായിരുന്നു. ആരാണ് അച്ഛനെന്ന് സഹപാഠികളും മറ്റും ചോദിക്കുമ്പോൾ അവൾ പറയുന്ന ഒരു പേരുണ്ട്—കേണൽ അമർനാഥ്."

അമർനാഥ് സ്വന്തം കസേരയിൽ ഒന്നമർന്നിരുന്നു. മേശമേലിരുന്ന ഉരുണ്ട പേപ്പർവെയിറ്റെടുത്ത് കരതലങ്ങൾക്കുള്ളിലിട്ട് ഉരുട്ടുവാൻ തുടങ്ങി.

"അവൾ ആ പേരു പറയുമ്പോൾ ഞാൻ ശാസിക്കാറുണ്ട്. അവൾക്കതിനുമുണ്ടായിരുന്നു ന്യായം. ഈ ഇൻഡ്യാദേശത്ത് എത്ര അമർനാഥുമാരുണ്ട്. അതിലൊരമർനാഥിനോട് മമ്മിക്ക് എന്തോ സ്നേഹം തോന്നി. അതുപോലെരമർനാഥിന്റെ പേര് ഞാനും പറയുന്നതിൽ ആർക്കാണ് നഷ്ടം. ആ മനുഷ്യനോടുള്ള വെറുപ്പ്, അതിൽനിന്നും രൂപംകൊണ്ട വന്യമായ ഒരു കൗതുകം, അതാണ് അവളെ ആ പേര് പറയാൻ പ്രേരിപ്പിച്ചത്. എന്നെങ്കിലുമൊരിക്കൽ അച്ഛനെന്നു പറയുന്ന ആ മനുഷ്യനെ കാണുമ്പോൾ നിങ്ങളെന്റെ അച്ഛനല്ല, കേണൽ അമർനാഥാണ് എന്റെ അച്ഛനെന്നു പറയുവാൻ ഒരു കൊച്ചുപെൺകുട്ടി മനസ്സിൽ കരുതിവച്ചിരുന്ന വലിയ പ്രതികാരത്തിന്റെ മുനകൾ. ആറുമാസങ്ങൾക്കുമുമ്പ് ഈ ആഫീസിൽവച്ച് നിങ്ങളെ കണ്ടെത്തിയപ്പോൾ സ്വന്തം അച്ഛനെ കണ്ടെത്തിയ സന്തോഷമായിരുന്നു അവൾക്ക്."

റോസ് മേരിയുടെ മുഖം അമർനാഥിന്റെ മനോമുകുരത്തിൽ വ്യക്തമായി തെളിഞ്ഞു. ആഫീസിലേക്ക് ആദ്യമായി പരിഷ്കൃതവേഷത്തിൽ ജാള്യത മറയ്ക്കുവാൻ ശ്രമിച്ചുകൊണ്ട് കടന്നുവന്ന ആ രൂപം.

ഏതാനും ദിവസങ്ങൾക്കുമുമ്പ് തന്റെ ജന്മദിനം കൃത്യമായി മനസ്സിലാക്കി കൈക്കുടന്ന നിറയെ പുഷ്പങ്ങളുമായി കടന്നുവന്ന് ആശംസയർപ്പിച്ച്, സഹപ്രവർത്തകർക്ക് മുഴുവൻ മധുരപലഹാരങ്ങൾ വിതരണംചെയ്ത് സന്തോഷം പങ്കുവച്ച ആ മുഖം അയാൾക്കു മുമ്പിൽ ചിരിച്ചുകൊണ്ടുനിൽക്കുന്നു.

"വർഗീയലഹള നടക്കുന്ന കദിരൂർദുർഗിലേക്കാണ് സേവ് ഭാരതിലെ അംഗങ്ങളെ അയച്ചിരിക്കുന്നതെന്ന് അറിയാം. അവിടെ ആരുടെയും ജീവന് സുരക്ഷിതത്വമില്ലല്ലോ. പാരമ്പര്യമാകാം അവളെയും രാജ്യസേവനത്തിന്റെ മാർഗ്ഗത്തിലേക്ക് വഴിനടത്തിയത്. മോളെ പിരിഞ്ഞ് ഞാൻ ഇരുന്നിട്ടില്ല. അവളെ കാണാത്തതിൽ വിഷമിച്ചാണ് ഞാനിവിടെ വന്നത്. അമർജീ, അവൾക്ക് എന്തുണ്ട് വിശേഷം?"

"മോളോട് ഇന്നു രാത്രിതന്നെ വീട്ടിലേക്ക് ഫോൺ വിളിക്കാൻ പറയാം."

"നന്ദിയുണ്ട് അമർജി."

"കുടിക്കാൻ?"

"വേണ്ട. അത് പിന്നീടാവാം."

അവൾ ഇരിപ്പിടത്തിൽനിന്നും എഴുന്നേറ്റു: "അമർജി അവിടേക്ക് ചെല്ലുന്നുണ്ടെങ്കിൽ അവൾക്കിട്ട് ഒരു കിഴുക്ക് കൊടുക്കാൻ മറക്കരുത്. എനിക്ക് ഫോൺ ചെയ്യാത്തതിലല്ല; നിങ്ങളുടെ പേര് ദുരുപയോഗിക്കുന്നതിന്."

അവൾ നിറഞ്ഞ മിഴികൾ മറയ്ക്കാൻ ശ്രമിച്ചുകൊണ്ട് പുറത്തേക്ക് നടന്നു. വർഷങ്ങൾക്കുമുമ്പ് ഡൽഹിയിലെ മിലിട്ടറി ഹോസ്പിറ്റലിലൂടെ ചുറുചുറുക്കോടെ നടന്ന ആ സുന്ദരിയായ നേഴ്സിന്റെ മുഖം അമർനാഥിന്റെ മനസ്സിൽ തെളിഞ്ഞു.

ടേബിളിലെ ഫോൺ ശബ്ദിക്കുന്നതു കേട്ടാണ് അമർനാഥ് ചിന്തയിൽനിന്നും ഉണർന്നത്. അതിലൊരെണ്ണം എടുത്ത് കാതിൽവച്ചു: 'സന്നദ്ധസേനയിലെ അംഗങ്ങൾക്കു നേരെയും വർഗ്ഗീയവാദികൾ അക്രമണം അഴിച്ചുവിട്ടു. പരിക്കുകൾ പറ്റി ശുശ്രൂഷയിൽ കഴിയുന്ന ക്രിസ്ത്യാനികളെ ക്യാമ്പിൽ കയറി അടിച്ച് അവശരാക്കി. നമ്മുടെ സേവ് ഭാരതിലെ കുട്ടികളെയും അവർ ഉപദ്രവിച്ചു.'

അമർനാഥ് ജ്വലിച്ചു: "എന്താണു സംഭവിച്ചത്? ഐ വാണ്ട് മോർ എക്സ്പ്ലനേഷൻ."

"സേവ് ഭാരതിൽ പ്രവർത്തിക്കുന്ന ഒരു ക്രിസ്ത്യാനിക്കുട്ടിയെ അവർ..."

"അവർ എന്തു ചെയ്തു?"

"മാനഭംഗപ്പെടുത്തി."

"മൈ ഗോഡ്!"

അമർനാഥ് നിമിഷങ്ങളോളം സ്തബ്ധനായി നിന്നു.

'സേവ് ഭാരതിനകത്തും വർഗീയവാദികളുമായി ബന്ധമുള്ളവരുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു സാർ. അവരിൽനിന്നാവണം നമ്മളുടെ സംഘത്തിൽ ഒരു ക്രിസ്ത്യാനി ഉണ്ടെന്ന് അവർ മനസ്സിലാക്കിയത്.'

അമർനാഥ് പൂരിപ്പിച്ചു: "അതിനുള്ള സാഹചര്യവും അവർ ഒരുക്കിക്കൊടുത്തു."

'സംശയിക്കേണ്ടിയിരിക്കുന്നു.'

അമർനാഥിന്റെ തീരുമാനം പെട്ടെന്നായിരുന്നു: "സേവ് ഭാരതിന്റെ അവിടെയുള്ള എല്ലാ പ്രവർത്തനങ്ങളും ഉടനടിതന്നെ നിർത്തിവച്ച് തിരിച്ചുപോരുവാനുള്ള ഏർപ്പാടുകൾ ചെയ്തുകൊള്ളൂ. നിങ്ങൾക്ക് നിയമത്തിന്റെ ഭാഗത്തുനിന്നുമുള്ള എല്ലാ സഹായത്തിനും ഞാൻ ഉടൻതന്നെ ഏർപ്പാടാക്കാം. എത്രയും പെട്ടെന്ന് ഞാൻ അവിടെ എത്താൻ ശ്രമിക്കാം. എന്തെങ്കിലും

ആവശ്യമുണ്ടെങ്കിൽ മൊബൈലിലേക്ക് വിളിച്ചാൽ മതി.”

അമർനാഥ് ഒരു മുരൾച്ചയോടെ റിസീവർ ക്രാഡലിലേക്കിട്ടു. പിന്നെ കൂടുതലൊന്നും ആലോചിക്കാതെ അയാൾ കദിരൂർദുർഗിലേക്ക് പായുകയായിരുന്നു.

അമർനാഥിന്റെ ജീപ്പ് കദിരൂർദുർഗിലെത്തി.

റോന്ത് ചുറ്റുന്ന പോലീസ് സംഘം അയാളെ പരിശോധിച്ചു. ആളറിഞ്ഞപ്പോൾ മാറിനിന്ന് സല്യൂട്ട് ചെയ്തു.

വിജനമായ നിരത്തുകൾ. ആഴ്ചകളായി നീണ്ടുനിന്ന ബഹളത്തിന്റെ അവശിഷ്ടങ്ങൾ. റോഡിൽ അവിടവിടെയായി പകുതിയെരിഞ്ഞ വാഹനങ്ങൾ. ഇരുവശങ്ങളിലും തല്ലിത്തകർത്ത കടകമ്പോളങ്ങൾ.

അക്രമികൾ തല്ലിത്തകർത്ത ക്രൈസ്തവദേവാലയത്തിനു മുന്നിൽ അയാൾ ജീപ്പ് നിർത്തി ഇറങ്ങി. ഇരുപത്തിമൂന്ന് പേരെ ആരാധനയ്ക്കിടയിൽ വെട്ടിയും കുത്തിയും കൊന്നത് ഇവിടെയാണ്. അവിടവിടെയായി കട്ടപിടിച്ചു കിടക്കുന്ന രക്തം, കൊഴിഞ്ഞ പല്ലുകൾ, കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ. അയാൾ ഒരു നിശ്വാസത്തോടെ കണ്ണുകൾ ഉയർത്തി നോക്കിയപ്പോൾ പകുതി തകർന്ന സ്കൂൾകെട്ടിടം കണ്ടു. അതിന്റെ തിണ്ണയിൽ അനാഥരായി ഇരിക്കുന്ന പട്ടിണിപ്പാവങ്ങൾ. അയാൾ തിരിഞ്ഞുനടക്കാൻ തുടങ്ങുമ്പോൾ ദേവാലയത്തിന്റെ അവശിഷ്ടങ്ങൾക്കിടയിൽ കിടക്കുന്നു ഒരു മരക്കുരിശ്. രക്തക്കറ പുരണ്ട അതിലേക്ക് അയാൾ തെല്ലുനേരം നോക്കിനിന്നു. അയാളുടെ മനസ്സ് ആരോടെന്നില്ലാതെ പറഞ്ഞു: ‘നൂറ്റാണ്ടുകളായി പടുത്തുയർത്തിയ തകർക്കാൻ പറ്റാത്ത മനുഷ്യവിശ്വാസങ്ങളുടെ നിശ്ചലപ്രതീകം.’

സേവ് ഭാരതിന്റെ മൂകമായ ക്യാമ്പിലേക്ക് അമർനാഥ് കടന്നുചെന്നു. അയാൾക്കടുത്തേക്ക് സന്നദ്ധസേനയിലെ അംഗങ്ങൾ വന്നുകൊണ്ടിരുന്നു. അയാളുടെ മിലിട്ടറി കണ്ണുകൾ എല്ലാവരെയും ഒന്നുഴിഞ്ഞു. അവർക്കിടയിൽ ദൈന്യതയോടെ നിൽക്കുന്ന റോസ് മേരിയെ അയാൾ ഒന്നേ നോക്കിയുള്ളൂ.

“നീണ്ട അമ്പത്തിനാലു വർഷം ഞാൻ ഈ നാടിനെ സേവിച്ചു; അതിലേറെ സ്നേഹിച്ചു. പ്രതിഫലം പ്രതീ.ക്ഷിച്ചില്ല. ഇനി വയ്യ. അധികാരത്തിന്റെ എച്ചിൽക്കൂനകൾക്കായി കപടമായ വർഗ്ഗീയവികാരം ഇളക്കിവിട്ട് സഹോദരങ്ങളെപ്പോലും ഒറ്റുകൊടുക്കുന്ന നികൃഷ്ടജീവികളുടെ നാടിനെ സേവിക്കാൻ ഇനി ഞാനില്ല. അറപ്പു തോന്നുന്നു, ഈ രാജ്യത്തോട്, ഇവിടത്തെ വൃത്തികെട്ട ജീവികളോട്, വ്യവസ്ഥയോട്.”

അമർനാഥ് കാർക്കിച്ചു തറയിലേക്ക് തുപ്പി: “അമ്മപെങ്ങന്മാരെ തിരിച്ചറിയാത്ത റാസ്കൽസ്! മതി സേവനം.”

നിന്നു കിതയ്ക്കുന്ന അമർനാഥിന്റെ അടുത്തേക്ക് റോസ് മേരി വന്നു. ജ്വലിക്കുന്ന കണ്ണുകളിലേക്ക് തീക്ഷ്ണമായി നോക്കി. “എന്നെ ഉദ്ദേശിച്ചാണ് ഇത് പറഞ്ഞതെങ്കിൽ, അതിന്റെ ആവശ്യമില്ല. എനിക്ക് ആരുടെയും സഹ

താപമോ പരിഗണനയോ വേണ്ട. ആരോടും പരാതിയോ പരിഭവമോ ഇല്ല. കപടതയുടെ മുഖംമൂടി അണിഞ്ഞവർ എന്നും എവിടെയും ഉണ്ട്. അവരുടെ ചാപല്യങ്ങൾക്കു മുന്നിൽ നമ്മൾ തളരാൻ പാടില്ല. അഥവാ ഒരു നിമിഷമെങ്കിലും തളർന്നാൽ ഇത്രയുംകാലം ഈ രാജ്യത്തിനായി ജീവത്യാഗം ചെയ്തവർ, പലരുടെയും ത്യാഗത്തിന്റെ ഫലമായി അനാഥരും അഭയാർത്ഥികളുമായിത്തീർന്ന ആയിരങ്ങൾ, അവരുടെ ചുടുകണ്ണീരിനൊന്നും അർത്ഥമില്ലാതാകും. ചിലപ്പോൾ അതിന്റെ ചൂടിൽ നമ്മുടെ മനഃസാക്ഷികൂടി ഉരുകിത്തീരും സാർ."

അമർനാഥിന്റെ തൊണ്ടയിൽനിന്നും ഒരു ഗദ്ഗദം ഉയർന്നു: "മോളെ."

അമർനാഥ് റോസ് മേരിയെ ചേർത്തുപിടിച്ച് മൂർദ്ധാവിൽ ചുംബിച്ചു. അയാളുടെ കണ്ണുകളിൽനിന്നും ഒഴുകിയ വെള്ളം അവളുടെ നെറുകയിൽ വീണു. അയാളുടെ അധരങ്ങൾ പിറുപിറുത്തു: 'നിന്റെ മുന്നിൽ ഞാൻ ഏറെ ചെറുതായിരിക്കുന്നു മോളെ, ഈ രാജ്യവും.'

# 12
# വീതുളി

ഏകാന്തതയുടെ ആയിരം സംവത്സരങ്ങൾക്ക് ഹൃദയവ്യഥയോടെ കാവലിരുന്ന ഇതിഹാസത്തിലെ ആ കഥാപാത്രമാരാണ്. മാധവി ഉത്തരത്തിനായി സ്വന്തം ഓർമ്മയിൽ പരതിക്കൊണ്ടിരുന്നു. ഉച്ചയൂണു കഴിഞ്ഞ് അലസമായി ഡ്രോയിങ് റൂമിലേക്കു വരുമ്പോഴാണ് മാധവിയെ ആ ചോദ്യം അലട്ടിത്തുടങ്ങിയത്. നാവിൻതുമ്പിലെങ്ങോ ഒളിച്ചിരുന്നിട്ടും സരസ്വതീദേവി കടാക്ഷിക്കാത്തതിൽ അവർക്ക് തെല്ലു ക്ഷോഭമുണ്ട്.

ഭർത്താവ് ആഫീസിലേക്കും മോള് കോളജിലേക്കും പോയാൽപിന്നെ അവളുടെ ഏകാന്തത തുടങ്ങുകയായി. അവൾക്കു വേണമെങ്കിൽ കേബിളിലൂടെ ഒഴുകിയെത്തുന്ന ഏതു മധ്യാഹ്ന പ്രോഗ്രാമും സെല്ക്ട് ചെയ്യാം. എന്തോ അവൾക്കതിൽ തെല്ലും താത്പര്യമില്ല. പച്ചപ്പരിഷ്കാരികൾ എന്ന നാട്യത്തിൽ സ്ക്രീനിനു മുന്നിൽ തെളിഞ്ഞിരിക്കുന്നവരുടെ കഴമ്പില്ലാത്ത വർത്തമാനങ്ങളോട് അവൾക്ക് പുച്ഛമാണ്. സ്ക്രീനിൽ തെളിയുന്ന കപട നാട്യങ്ങളുടെ നിറക്കൂട്ടുകളും അവൾക്കസഹനീയമാണ്. വേണമെങ്കിൽ ലേഖയ്ക്കൊന്ന് ഫോൺ ചെയ്യാം. പക്ഷേ, അവൾക്കു പറയാനുള്ളത് ടി.വി. പ്രോഗ്രാമുകളെപ്പറ്റിയാണ്. സീമയെ വിളിച്ചാൽ അവൾക്കു ക്രിക്കറ്റിനെപ്പറ്റി പറയാനേ നേരമുള്ളു.

മുറിയിൽ തങ്ങിനില്ക്കുന്ന വായു അവളെ കൂടുതൽ വീർപ്പുമുട്ടിച്ചു. അവൾ ജാലകവാതിലുകൾ ഒന്നൊന്നായി തുറന്നിട്ടു. പുറത്തുനിന്നും മധ്യാഹ്നക്കാറ്റ് മുറിയിലേക്കു മെല്ലെ വീശിത്തുടങ്ങി. തെല്ല് ചൂടുണ്ടെങ്കിലും പുതുവായുവിന്റെ ഊഷ്മളഗന്ധം അവൾക്കു പുത്തൻ ഉന്മേഷമായി.

മുറ്റത്തെ തൈമാവിൻകൊമ്പിലിരുന്ന അണ്ണാറക്കണ്ണൻ അവളെ നോക്കിച്ചിലച്ചു. അപ്പോൾ മാത്രമാണ് അവൾ അതിനെപ്പറ്റി ഓർമ്മിച്ചത്. ഏകാന്തതയിൽ പലപ്പോഴും അവളുടെ കൂട്ട് ഈ അണ്ണാറക്കണ്ണനാണ്. അവൾ അതിനു മധുരപലഹാരങ്ങളും പഴങ്ങളും കൊടുക്കും. വീട്ടിലാരുമില്ലാത്തപ്പോഴൊക്കെ അവൾക്കൊരു തുണയായി അത് ആ മാവിൻ

കൊമ്പിൽത്തന്നെ കാണും. അതിന്റെ ചലനങ്ങൾ അവൾക്കെന്നും കൗതുകമാണ്. അണ്ണാറക്കണ്ണനെ മുറിയിലേക്കു വരുത്തി ഒന്നു ലാളിക്കുവാനും അതിന്റെ മിനുത്ത രോമങ്ങൾക്കു മുകളിലൂടെ മൃദുവായൊന്നു തലോടുവാനും കഴിഞ്ഞെങ്കിൽ! നെറുകയിൽ ഒരു മുത്തം കൊടുക്കുവാനും അവൾക്ക് അതിയായ ആഗ്രഹമുണ്ട്. എന്നാൽ ഒരിക്കലും അണ്ണാറക്കണ്ണൻ അതിനൊന്നും വഴങ്ങിയിട്ടില്ല. കൈയെത്താദൂരത്തുനിന്നുമുള്ള സൗഹൃദങ്ങളേ അവന്റെ ഭാഗത്തുനിന്നുമുള്ളു.

തെല്ലൊരു മയക്കം തോന്നിയപ്പോൾ മാധവി സോഫയിലേക്കു ചാരിക്കിടന്നു. തൊട്ടടുത്തിരുന്ന ടി.വി.യുടെ റിമോട്ടെടുത്ത് വെറുതെയൊരു സ്വിച്ചിൽ വിരലമർത്തി. സീ ടി.വി.യിലൂടെയുള്ള 'കാമ്പസ് ടൈംസ്.'

ഉടയാടകളിൽ വിവിധ വർണ്ണങ്ങൾ തുന്നിപ്പിടിപ്പിച്ച വിദ്യാർത്ഥികൾ അവർക്കിടയിൽ വിടർന്നുവരുന്ന പുഞ്ചിരിയൊതുക്കി കൗതുകകരമായ ചോദ്യങ്ങൾ ചോദിച്ച് പരിപാടി കോംപേർ ചെയ്യുന്ന സുന്ദരി.

അവതാരകയുടെ ചോദ്യങ്ങൾക്കു കാതോർക്കുന്ന വിദ്യാർത്ഥികളുടെ മുഖങ്ങളിൽ ശൃംഗാരഭാവം. ചടുലമായ ചലനങ്ങൾക്കു യുവത്വത്തിന്റെ മാസ്മര വശ്യത. സൗന്ദര്യത്തിന് മറ്റെന്തിനെക്കാളും വിലമതിക്കുന്ന കാലം.

അവതാരക ചോദ്യം തുടരുന്നു. അടുത്തുതന്നെനിന്ന ഒരു വിദ്യാർത്ഥിനിയോട്: "പേര്."

"വേണി."

"ഹോബി."

"പ്രണയം."

"പ്രണയത്തെപ്പറ്റി ഒന്നു വിശദീകരിക്കാമോ?"

വേണി മുഖത്തു കൃത്രിമമായ ഒരു ഭാവം പകർന്ന്: "മനസ്സിന്റെ ആഴങ്ങളിൽനിന്നും ഉയർന്നുവരുന്ന അലൗകികമായ ദിവ്യാനുഭൂതി. കൂടുതൽ വിശദീകരിക്കാൻ ഇന്നേവരെയുള്ള സാഹിത്യവും ഭാഷയും അപര്യാപ്തം. അനുഭവിച്ചവർ പറഞ്ഞറിയിക്കാൻ വിഷമിക്കുമ്പോൾ, അനുഭവിക്കാത്തവർ പുച്ഛത്തോടെ വീക്ഷിക്കുന്ന ഒരു ഹൃദയഭാവം. അതാണ് പ്രണയം."

അവതാരക കൂടുതൽ ഉത്സാഹത്തോടെ: "വേണി പറഞ്ഞ ഈ ഹൃദയഭാവം അനുഭവിച്ചവർ മറ്റാരെങ്കിലുമുണ്ടോ?"

തൊട്ടടുത്തുനിന്ന വിദ്യാർത്ഥിനിയാണ് അതിനുത്തരം പറഞ്ഞത്: "ഈ ഹൃദയഭാവം അനുഭവിക്കാത്തവർ ആരെങ്കിലുമുണ്ടോ എന്നു തിരക്കുന്നതായിരിക്കും കൂടുതൽ എളുപ്പം."

അവതാരക: "നിങ്ങളുടെ പേര്?"

"സുഷമ."

"സുഷമയുടെ പ്രണയപരിചയത്തെപ്പറ്റി ഒന്നു വിശദീകരിക്കാമോ?"

സുഷമ അടുത്തുതന്നെ നിന്ന യുവാവിന്റെ തോളിൽ പിടിച്ചുനിന്നുകൊണ്ടു പ്രഖ്യാപിച്ചു: "ഇതാണ് എന്റെ പ്രണയലോകത്തിലെ രാജകുമാ

രൻ ശ്യാം."

അവൻ ഉന്മേഷത്തോടെ അവളുടെ കഴുത്തൊപ്പം വെട്ടിയിട്ടിരുന്ന മുടിയിൽ തലോടിക്കൊണ്ട് അവളെ തന്നോടു ചേർത്തുനിർത്തി.

അവതാരക വർദ്ധിച്ച ഉത്സാഹത്തോടെ: "മതി മതി; പ്രണയിച്ചതു മതി. നിങ്ങളുടെ ഈ പ്രണയം ആയിരങ്ങൾ സീ ടി.വിയിലൂടെ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇനി എല്ലാവർക്കുംകൂടി ഒരു ഡാൻസായാലോ."

അവതാരക ആദ്യ സ്റ്റെപ്പ് വച്ചു. ഓരോരുത്തരായി സ്റ്റെപ്പുകൾ വെച്ചുതുടങ്ങി. ശരീരഭാഗങ്ങൾ താളത്തിൽ ചലിപ്പിച്ചും കൈകൾ കോർത്തുപിടിപ്പിച്ചുമവർ ചുവടുകൾ വച്ചു.

മാധവി അസഹ്യതയോടെ ടി.വി. ഓഫ് ചെയ്തു. കാമ്പസ് സ്വാതന്ത്ര്യത്തിന്റെപേരിൽ എന്തു കോപ്രായവും കാട്ടാമെന്നാണോ ഈ കുട്ടികൾ കരുതിയിരിക്കുന്നത്. അതോ സ്വന്തം മുഖം സ്ക്രീനിൽ തെളിയിക്കുവാനുള്ള കമ്പമാണോ ഇവർക്ക്.

മാധവി തന്റെ മോളെപ്പറ്റിയോർത്തു. അവളും ഇങ്ങനെയൊക്കെത്തന്നെ ആയിരിക്കുമോ? ഓരോ ദിവസവും വാനിറയെ വർത്തമാനങ്ങളുമായാണ് ഗ്രേഷ്മ കാമ്പസിൽനിന്നും വരുന്നത്. വന്നു കാപ്പികുടി തീരുന്നതിനുമുമ്പ് എല്ലാം തന്നോടു പറയുകയും ചെയ്യും.

ബോയി ഫ്രണ്ടിന്റെ വീട്ടിലേക്ക് ഒരു സങ്കോചവുമില്ലാതെ കടന്നുചെന്ന അശ്വതിയും, ഗേൾഫ്രണ്ടിന്റെ അമ്മയ്ക്ക് വിവാഹാലോചനകൾ നടത്തുന്ന ഹാബി എന്ന യുവാവും—അങ്ങനെ കൗതുകമുണർത്തുന്ന എത്രയെത്ര കാമ്പസ് വാർത്തകൾ!

ഇംഗ്ലീഷ് മാഷിനോട് പ്രേമം നടിച്ച് ഐസ്ക്രീം പാർലറിൽ കൊണ്ടുവന്നു പരിഹസിച്ച ഹരിതയും, പോക്കറ്റുമണിക്കായി അപരിചിതരോടൊപ്പം കൂസലില്ലാതെ സൊള്ളാൻപോകുന്ന വർഷയും മാധുരിയുമെല്ലാം ഗ്രേഷ്മയ്ക്ക് സുപരിചിതർത്തന്നെ.

കാമ്പസിലെ പ്രണയങ്ങളെപ്പറ്റി പറയാൻ ഗ്രേഷ്മയ്ക്ക് ആയിരം നാവാണ്. മാധവി പലപ്രാവശ്യം അതു ശ്രദ്ധിച്ചിട്ടുണ്ട്. ഒരിക്കൽ അവൾ ചോദിച്ചു: "മമ്മീ എന്നെങ്കിലും പ്രണയിച്ചിട്ടുണ്ടോ?"

അപ്രതീക്ഷിതമായ ആ ചോദ്യംകേട്ട് അവൾ മകളുടെ കണ്ണുകളിലേക്ക് പകപ്പോടെ നോക്കി.

അവളതൊന്നും ശ്രദ്ധിക്കാതെ പറഞ്ഞുതുടങ്ങി: "ഒരിക്കലെങ്കിലും പ്രേമത്തിന്റെ ഊഷ്മളത അനുഭവിക്കാത്തവർ വിഡ്ഢികളാണെന്നാണ് കാമ്പസിലെ മതം. അതുമാത്രമല്ല അവരെ വിശ്വസിക്കാനുംകൊള്ളില്ല. അവരുടെ ഹൃദയം കഠിനവും വന്ധ്യവുമാണ്. എന്റെ മമ്മി അങ്ങനെയൊന്നുമല്ലല്ലോ?"

"നിന്റെ കിന്നാരം അല്പം കൂടുന്നുണ്ട്. ഇതു ഞാൻ ഡാഡിയോടുകൂടി പറയാം." ഗ്രേഷ്മ വർദ്ധിച്ച കൗതുകത്തോടെ തുടർന്നു: "മമ്മിയുടെ ഒരു പ്രണയത്തെപ്പറ്റി കേൾക്കുന്ന ഡാഡിക്ക് ഒരു നൂറു പ്രണയത്തെപ്പറ്റി പറ

യാൻ കാണും.”

അതു പറഞ്ഞ് അവൾ അവിടെനിന്നും ഓടിക്കളഞ്ഞു. പിന്നീടൊരിക്കൽ മറ്റൊരു കഥ പറഞ്ഞുകൊണ്ടാണ് അവൾ എന്റെയടുത്തു വന്നത്.

രാവിലെ രണ്ടു കമിതാക്കൾ സല്ലപിച്ചുകൊണ്ട് കോളേജിലെ കാന്റീനിലേക്ക് വരികയായിരുന്നു. പെട്ടെന്ന് ഒരുപറ്റം ആക്രമികൾ (വിദ്യാർത്ഥികൾ തന്നെ) കാമുകനുമേൽ ചാടിവീണു. ചോദ്യവും പറച്ചിലുമില്ലാതെ മർദ്ദനം തുടങ്ങി. ഓടിക്കൂടിയ വിദ്യാർത്ഥികൾ ഇരുവശവുമായിനിന്ന് ആ കാഴ്ച കാണുകയാണ്. കാമുകന്റെ മൂക്കിൽനിന്നും വായിൽനിന്നും രക്തമൊലിക്കുവാൻ തുടങ്ങി. എവിടെനിന്നോ കടന്നുവന്ന ഒരു സർദാർജി അക്രമികളെ ഏതാനും നിമിഷങ്ങൾകൊണ്ട് അടിച്ചൊതുക്കി. കൂടെ നിന്നവരോടായി ചോദിച്ചു: “നിങ്ങൾ വിദ്യാർത്ഥികളോ?” കാമുകനെ പിടിച്ചെഴുന്നേല്പിച്ച് ആശ്വാസവാക്കുകൾ പറഞ്ഞ് പേടിച്ചരണ്ടു നില്ക്കുന്ന കാമുകിയുടെ അടുത്തേക്കു ചെന്നു. അവരെ ചേർത്തുനിർത്തി കൈകൾ പരസ്പരം പിടിച്ച് അവരുടെ പ്രണയത്തിന് ആശംസ നേർന്ന് സർദാർജി നടന്നകന്നു. കൂടിനിന്ന വിദ്യാർത്ഥികൾക്കിടയിൽനിന്നും ആരോ വിളിച്ചുപറഞ്ഞു: ‘കാമ്പസ് പ്രണയത്തിനു സർദാർജിയുടെ കൈയൊപ്പ്!’

ഗ്രേഷ്മ തെല്ലു ഭീതിയോടെ പറഞ്ഞ മറ്റൊരു സംഭവംകൂടി മാധവിയോർത്തു: സ്നേഹം അഭിനയിക്കാൻ വിസമ്മതിച്ച ശാലിനിയെ ചിലർ ചേർന്ന് ബലമായി ഹോട്ടലിലേക്കു പിടിച്ചുകൊണ്ടുപോയി. ആ ഗാങ്ങിലുള്ളവരെ കോളേജിലെ ടീച്ചേഴ്സിനുവരെ ഭയമാണ്. പണത്തിന്റെ ഹുങ്കും അധികാരത്തിന്റെ അകത്തളങ്ങളിലുള്ള സ്വാധീനവും മയക്കുമരുന്നുലോബിയുടെ പിൻബലവുമെല്ലാം അവർക്കു സ്വന്തമാണ്. ഓർത്തപ്പോൾ മാധവിയുടെ ഹൃദയത്തിൽ അകാരണമായ ഒരു ഭയം രൂപംകൊണ്ടു. എന്റെ മോള് അവൾക്ക് അങ്ങനെ വല്ലതും...

സരസ്വതീരൂപത്തിനു മുന്നിലിരുന്ന പല്ലി ചിലച്ചു.

മുമ്പൊരിക്കൽ ഭർത്താവിന് അപകടം പിണയുന്നതായി ചിന്തിച്ചിരുന്നപ്പോൾ ഇതേസ്ഥലത്തിരുന്നു പല്ലി ചിലച്ചു. അത് അങ്ങനെതന്നെ സംഭവിച്ചു. മറ്റൊരിക്കൽ മാതുമാമ്മ മരിക്കുന്നതായി സംശയിച്ചപ്പോഴും ഇതേ സ്ഥലത്തിരുന്നു പല്ലി ചിലച്ചു. അതും സംഭവിച്ചു. എന്റെ പൊന്നുമോൾക്ക് അങ്ങനെ വല്ലതും—മാധവിക്ക് അത് ആലോചിക്കാനേ കഴിഞ്ഞില്ല.

അവർ സോഫയിൽനിന്നും പിടഞ്ഞെണീറ്റ് എന്തു ചെയ്യണമെന്നറിയാതെ മുറിയിലൂടെ അങ്ങോട്ടുമിങ്ങോട്ടും ഓടി. ഉടൻതന്നെ ആഫീസിലേക്ക് ഭർത്താവിനു ഫോൺ ചെയ്തു. അയാൾ കുറച്ചു മുമ്പ് പുറത്തേക്കു പോയിയെന്നാണ് അവിടെനിന്നും ലഭിച്ച വിവരം. ആരെയാണ് സഹായത്തിനു വിളിക്കേണ്ടത്. അവൾ തലപുകഞ്ഞു. അടുത്തുള്ള പോലീസ് സ്റ്റേഷനിലേക്കു വിളിച്ചു. അങ്ങേത്തലയ്ക്കൽ റിങ് ചെയ്യുന്നുണ്ട്. ആരും റിസീവറെടുക്കുന്നില്ല.

മാധവി സഹായത്തിനായി അടുത്തുള്ള അബൂബക്കറിന്റെ വീട്ടിലെത്തി. വീടു പൂട്ടിയിരിക്കുന്നു. അവൾ ബസ് സ്റ്റോപ്പിലേക്ക് ഓടിത്തുടങ്ങി. എല്ലാ

വരും എല്ലാം അറിഞ്ഞിട്ട് എന്നെമാത്രം അറിയിക്കാത്തതാണോ? അവളുടെ ഉള്ളിൽ സംശയത്തിന്റെ മഞ്ഞ് ഉരുകിത്തുടങ്ങി.

വഴിവക്കിൽ കണ്ടവരോടൊക്കെ ഗ്രേഷ്മയെ തിരക്കി. പാഞ്ഞുവരുന്ന വാഹനങ്ങൾക്ക് കൈകൾ കാണിച്ചു. ആരും അവളെ ശ്രദ്ധിക്കുന്നില്ല. എല്ലാവർക്കും തിരക്കാണ്.

മുന്നിലൂടെ കടന്നുപോയ സർക്കാർ ബസിന്റെ സൈഡ് സീറ്റിലിരുന്നുറങ്ങുന്ന ഒരു സർദാർജി. അവൾ പ്രതീക്ഷയോടെ സർദാർജിയെ വിളിച്ചു. നിറുത്താതെ പൊടിപടർത്തിപ്പാഞ്ഞുപോയ ബസ്സിനു പിന്നാലെ ഓടി. ഒരു കല്ലിൽത്തട്ടി നടുറോഡിലേക്കവൾ വീണു.

അവൾ ഓർത്തുപോയി: ബസ്സിടിച്ച് നടുറോഡിൽ കിടന്ന സക്കീർ മരിച്ചത് രക്തം വാർന്നൊഴുകി ആറുമണിക്കൂർകൊണ്ടാണ്. നിരത്തിലൂടെ കടന്നുപോയവർ ഒരു കൗതുകവസ്തുവിനെയെന്നപോലെ അവനെ നോക്കുകമാത്രമല്ലേ ചെയ്തത്. ആഴ്ചകൾക്കുമുമ്പ് സാവിത്രിയെന്ന യുവതിയെ തിക്കിത്തിരക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ രണ്ടാംനിലയിൽനിന്നും താഴേക്കിട്ടപ്പോൾ അവളെ രക്ഷിക്കാൻ നിയമപാലകർതന്നെ എത്തേണ്ടിവന്നു. അതും നിയമത്തിന്റെ നൂലാമാലകളെല്ലാം അഴിച്ചതിനുശേഷം. ആസ്പത്രിയിലെത്തിയാലും അവർ രക്ഷപ്പെടുമോ? ഡോക്ടറുടെ കണ്ണുതുറക്കാൻ രോഗിയുടെ പണംതന്നെ വേണമല്ലോ?

നടുറോഡിൽ കിടന്ന മാധവിയെ ഒഴിവാക്കി വാഹനങ്ങൾ പലതും ഹോണടിച്ചു കടന്നുപോയി. അവളുടെ അടുത്തേക്ക് ഒരോട്ടോ വന്നുനിന്നു. അതിൽനിന്നുമിറങ്ങിയ ഗ്രേഷ്മ അവളെ താങ്ങിപ്പിടിച്ചെഴുന്നേല്പിച്ചു.

അമ്മയുടെയും മോളുടെയും കണ്ണുകൾ തമ്മിലിടഞ്ഞു. ആദ്യസത്യത്തിന്റെ കയ്ക്കുന്ന ഓർമ്മകളിലേക്ക് തിരിച്ചറിവിന്റെ പുത്തൻ ബോധത്തിലേക്ക് നീണ്ടുപോകുന്ന മൗനങ്ങൾ.

ഗ്രേഷ്മ അവളെ ചേർത്തുപിടിച്ചു: "മമ്മി എന്തിനാ ഈ നടുറോഡിലേക്കിറങ്ങിയത്. ഞാനങ്ങുവരുമായിരുന്നില്ലേ?"

അവളുടെ തൊണ്ടയിൽനിന്നും ദുർബ്ബലമായൊരു ഗദ്ഗദമുയർന്നു: 'മോളേ!'

"ഇത്രമാത്രം ആകുലപ്പെടാൻ എന്താണുണ്ടായത്?"

അതു പറയുമ്പോൾ ഗ്രേഷ്മയുടെ മുഖത്ത് ഭീതിയോ ജിജ്ഞാസയോ ഇല്ലാതിരുന്നത് അവൾ ശ്രദ്ധിച്ചു. തികഞ്ഞ സംയമനം മാത്രം.

ഗ്രേഷ്മയുടെ കരം പിടിച്ച് വീട്ടിലേക്കു നടക്കുമ്പോൾ കാലത്തിൽ കടഞ്ഞെടുത്ത പുത്തൻ ദർശനത്തെപ്പറ്റിയോർത്ത് അവൾ തേങ്ങിപ്പോയി. അവളുടെ ഹൃദയത്തിലേക്ക് വല്ലായ്കയുടെ ഒരു വീതുളി പാഞ്ഞുകയറി.

# 13
# അയാൾ എഴുതുകയാണ്

‘**അ**യാളും സുഹൃത്തും കൈകൾ കോർത്തുപിടിച്ച് നടന്നു. അവർക്കു താഴെ കടൽ ഇരമ്പി. അവർക്കു മുന്നിൽ വിദൂരതയിൽനിന്നുമൊരു മിന്നൽപ്പിണർ പാഞ്ഞു. കാതടപ്പിക്കുന്ന ഇടിയുടെ ശബ്ദം. അറിയാതെ അവരുടെ കൈകൾ മുറുകി. ആരും ഒന്നും സംസാരിക്കുന്നില്ല. ആഞ്ഞുവീശുന്ന കാറ്റിനെ പ്രതിരോധിച്ച് അവർ മുന്നോട്ടു നടന്നു. അവർക്കു മുന്നിൽ വഴികളില്ല.’

അയാൾ പകുതിയെഴുതിയ പേപ്പർ ചുരുട്ടി ചവറ്റുകുട്ടയിലേക്കിട്ടു. ഇപ്പോൾ പ്രസവിച്ച വാക്കുകൾ എന്റേതല്ല. അത് ജാരന്റേതാണ്. അവജ്ഞയോടെ ജാരന്മാരെ പ്രസവിച്ച പേനയിലേക്കു നോക്കി. മനസ്സിൽ പിറുപിറുത്തു: ‘അഭിസാരിക.’ മറ്റൊരു പേപ്പർ ഫയലിൽനിന്നുമെടുത്ത് മുന്നിൽവച്ചു. ഇല്ല, ഇനിയും ജാരന്മാരെ ജനിക്കാൻ അനുവദിക്കില്ല. ഉറച്ച തീരുമാനത്തോടെ പേനയിൽ അമർത്തിപ്പിടിച്ചു. ഒറിജിനലുമില്ല, ജാരനുമില്ല.

മേശമേൽ പേനവെച്ച് ദീർഘമായൊരു നിശ്വാസത്തോടെ അയാൾ ഇരിപ്പിടത്തിൽനിന്നും എഴുന്നേറ്റു. പിറക്കാത്ത പിള്ളയ്ക്ക് വീണ്ടുമൊരു ജാതകമെഴുത്ത് വേണമോ?

തുറന്നിട്ട ജാലകത്തിന്റെ അടുത്തേക്കു നടന്നു. അനന്തതയിലേക്കു നോക്കി. നിലാവിന്റെ വെളിച്ചത്തിൽ അവ്യക്തമായി ചിതറിക്കിടക്കുന്ന മേഘക്കൂട്ടങ്ങൾ. അവയ്ക്കിടയിൽ പ്രലോഭനത്തോടെ കണ്ണുചിമ്മുന്ന താരകങ്ങൾ.

ഗീവർഗ്ഗീസച്ചന്റെ ആതുരാലയത്തിലെ വൈദ്യുതിബൾബുകൾ ഇനിയും അണഞ്ഞിട്ടില്ല. അഞ്ചു വയസ്സുകാരൻ ആരുൺ എന്തിനാണ് ആത്മഹത്യ ചെയ്തത്? അവിഹിതഗർഭം പേറി അവനെ പ്രസവിച്ച രേണുകാദേവിയോടുള്ള പകയോ? അതോ ഗീവർഗ്ഗീസച്ചന്റെ ശിക്ഷയെ ഭയന്നോ? ആരെങ്കിലും

അവനെ 'ബാസ്റ്റാർഡ്' എന്നു വിളിച്ചിരിക്കുമോ? അയാൾ ആ മരണത്തിന്റെ നാനാവശങ്ങളെപ്പറ്റി ചിന്തിച്ചുകൊണ്ടിരുന്നു.

കാറ്റിൽ ഉലയുന്ന ആൽമരത്തിലെ ഇലകളുടെ മർമ്മരം. കാഹളശബ്ദം കണ്ണുചിമ്മി നോക്കുമ്പോൾ അയാൾക്കു മുന്നിൽ നൃത്തംചവിട്ടുന്ന ഉണ്ണികൾ. ചിലതിന് കണ്ണില്ല. അവിടെ ഒരു ദ്വാരം മാത്രം. ചിലതിന് മൂക്കില്ല. അവിടെ സങ്കോചിക്കുകയും വികസിക്കുകയും ചെയ്യുന്ന മാംസപിണ്ഡം. ചിലതിന് കാതുകളുണ്ട്. ശവപ്പെട്ടിയുടെ ആകൃതിയിലുള്ള കാതുകൾ. കണ്ണും മൂക്കും കാതുമുള്ളതിന്റെ കാലുകൾക്ക് നീളമില്ല. ഉള്ള കാലുകൾ പൊയ്ക്കാലുകളും. വികൃതരൂപികൾ. ജാരന്മാർ. അവയ്ക്ക് അങ്ങനെയേ ആകാൻ കഴിയൂ. അയാൾ പിറുപിറുത്തു.

തേജസ്സോടെ മുറിയിലേക്കു വരുന്ന മിടുക്കനായൊരു കുട്ടി. അയാൾ കണ്ടു എന്നറിഞ്ഞപ്പോൾ ഒളിക്കാനൊരു വിഫലശ്രമം നടത്തി. അയാൾ അത്ഭുതത്തോടെ നോക്കി. കണ്ണുണ്ട്, കാതുണ്ട്, മൂക്കുണ്ട്, കാലുകളുണ്ട്, അവയവങ്ങൾ എല്ലാമുണ്ട്. ഒരുൾവികാരത്തോടെ ആ ശിശുവിനെ എടുക്കുവാൻ കൈകൾ നീട്ടി. അത് ഒന്ന് ചിണുങ്ങി അല്പം പിൻവലിഞ്ഞു. അയാൾ അടുത്തേക്കു ചെന്ന് ഇരുകൈകൾകൊണ്ടും ശിശുവിനെ വാരിയെടുത്ത് മാറോടണച്ചു. അയാൾ ഞെട്ടി. ഹൃദയമില്ലാത്ത ജീവി. ഭീതിയോടെ അതിനെ താഴേക്കിടാൻ ഒരു ശ്രമം നടത്തി. അത് കഴുത്തിൽ ഇറുകെ പിടിച്ചിരിക്കുകയാണ്. ഭയം അയാളെ നിശ്ചലനാക്കി നിർത്തി.

മുറിയിലേക്ക് അടുത്തുവരുന്ന ചപ്പലുകളുടെ ശബ്ദം. മാലിനിയോടൊപ്പം രണ്ടു പെൺകുട്ടികൾ കൂടി അവിടേക്ക് വരുന്നു.

ജീൻസും സുതാര്യവസ്ത്രത്താൽ നെയ്ത ടോപ്പുമിട്ടവർ.

പ്രായത്തിനു നിരക്കാത്ത കൂസലില്ലായ്മ. നോട്ടത്തിൽ ചൂഴ്ന്നുനില്ക്കുന്ന അന്വേഷണകൗതുകം. നടപ്പിലും എടുപ്പിലും കാലികമായ പ്രസന്നഭാവം.

മാലിനി അവരെ പരിചയപ്പെടുത്തി:

"ഇത് പ്രഭ. ഇവൾ അരുണ."

'ഹലോ' അവർ അയാളെ വിഷ്ചെയ്തു.

ആമുഖമില്ലാതെ അരുണ പറഞ്ഞു:

"അങ്കിളിന്റെ പുസ്തകങ്ങൾ ഞങ്ങൾ വായിക്കാറുണ്ട്."

അയാൾ ആത്മനിർവൃതിയോടെ ചിരിച്ചു.

"അങ്കിളിന്റെ വാക്കുകളെക്കാൾ ഞങ്ങൾക്കിഷ്ടം അതിലെ മൗനങ്ങളാണ്." പ്രഭ അതിനെ അംഗീകരിച്ചുകൊണ്ട് "ആ മൗനത്തിനുമുണ്ട് വാചാലമായൊരു ഭാഷ."

"സ്നേഹിതന്റെ കത്ത് വായിച്ചു. അറുബോറൻ. ആദ്യം അങ്ങനെയാ വിലയിരുത്തിയത്. പിന്നീടാണ് അതിന്റെ ആന്തരികഭാവം വ്യക്തമായത്.

ആക്ചലി അത് ഈ ലോക്കൽ ഫൂളിഷ് ഭാഷയിലല്ല എഴുതിയിരുന്നതെങ്കിൽ ഏറെ ശ്രദ്ധിക്കപ്പെടുമായിരുന്നു. അങ്കിളിന്റെ പേര് തങ്കലിപികളാൽ വിശ്വസാഹിത്യലോകത്ത് കുറിക്കപ്പെടുമായിരുന്നു."

സംസാരത്തിനിടയിൽ അവർ തൊട്ടടുത്ത കസേരകളിൽ സ്ഥാനംപിടിച്ചു. അവരോട് ഇരിക്കാൻ പറയാത്തത് മോശമായിപ്പോയി. ഔചിത്യമില്ലാത്തവൻ. അയാൾ പിറുപിറുത്തു. സംശയത്തോടെ സ്വന്തം കസേരയിൽ പോയിരുന്നു.

പേനയിലേക്ക് യാദൃച്ഛികമായി ദൃഷ്ടി തിരിഞ്ഞു. അതിലെ മഷി പേപ്പറിലേക്ക് പടരുകയാണ്. അയാൾ ആത്മനിന്ദയോടെ ശപിച്ചു: വാക്കുകൾക്കിടയിൽ മൗനം സൂക്ഷിക്കുന്ന സാഹിത്യകാരൻപോലും സ്വന്തം പേനപോലും സൂക്ഷിക്കുവാൻ കഴിയാത്തവൻ. മാലിനി തിരക്കി: "ഡാഡിക്ക് കുടിക്കുവാൻ ചൂടുള്ളതു വല്ലതും?"

"വേണ്ട. മോള് ഇവർക്ക് എന്താണ് കൊടുത്തത്?"

ഞങ്ങൾ ഡിന്നർ കഴിച്ചു. ഡാഡി എഴുതുന്നതുകൊണ്ട് ഡിസ്റ്റർബ് ചെയ്യേണ്ടായെന്നു കരുതി."

ഒരു മോട്ടർബൈക്കിന്റെ ശബ്ദം.

"ഓ, ഹാക്കും ജെറിയുമാണെന്നു തോന്നുന്നു. നിങ്ങൾ ഡാഡിയോട് സംസാരിച്ചിരിക്ക്. ഞാനവരെ കൂട്ടിവരാം." മാലിനി തിരിഞ്ഞ് പുറത്തേക്ക് നടന്നു.

ഷെൽഫിലെ പുസ്തകങ്ങളിലേക്ക് കണ്ണുകൾ പായിച്ച് അരുണ പറഞ്ഞു: "അങ്കിളിന് നല്ലൊരു ലൈബ്രറിയുണ്ടല്ലോ. ഈ പുസ്തകങ്ങൾക്കൊരു കുഴപ്പമുണ്ട്. കാലക്രമത്തിൽ അതിന്റെ താളുകൾ ദ്രവിക്കുവാൻ തുടങ്ങും. ആ പൊടിയടിച്ചാൽ ഇസ്നോഫീലിയായ്ക്കുള്ള സാദ്ധ്യത ഏറെയാണ്. ചിലപ്പോൾ ടി.ബി..യും ലങ് ട്യൂമറുംവരെ ആവാം. അക്ഷരങ്ങളെ സ്നേഹിക്കുന്നതിൽ തെറ്റില്ല. അതിനെ ഒതുക്കിവയ്ക്കുമ്പോൾ അല്പം ശ്രദ്ധിച്ചേ പറ്റൂ."

അയാൾ പ്രൗഢമായ ആ അഭിപ്രായത്തെ അംഗീകരിച്ച് തലയാട്ടി.

അരുണ ഷെൽഫിന്റെ അടുത്തേക്കു ചെന്നു. കൈ ഉയർത്തി ചില പുസ്തകങ്ങൾ എടുത്തു. കീറ്റ്സിന്റെയും ഷെല്ലിയുടെയും മനോഹരമായ ചിത്രങ്ങളുള്ള പുസ്തകം. അതിൽ അവരുടെ കവിതകളല്ല. കവിതകളുടെ നിരൂപണമാണ്.

അരുണ പുസ്തകത്തിന്റെ താളുകൾ മറിച്ചുകൊണ്ട് അവരുടെ അഭിപ്രായം പറഞ്ഞു: "നിരൂപണങ്ങൾ വായിച്ചാൽ കാര്യങ്ങൾ വേഗത്തിൽ മനസ്സിലാകും. ടൈമും ലാഭവുമുണ്ട്. ഒരു എഴുത്തുകാരന്റെ ഭാവനയോളം ആഴവും പരപ്പും വേണമല്ലോ നിരൂപകന്റെ ഭാവനയ്ക്കും."

അയാൾ അർദ്ധഗർഭമായൊന്നു ചിരിച്ചു.

"അങ്കിൾ ക്ഷമിക്കണം. ഒരു റൈറ്ററും ഇത് അംഗീകരിക്കില്ല. ഒരു സൃഷ്ടി പൂർണ്ണമാകുന്നത് വായനക്കാരിലെത്തുമ്പോഴല്ലേ? നല്ലൊരു വായനക്കാരൻ കൃതിയെ എത്രയോ വട്ടം മനസ്സിലിട്ട് മനനംചെയ്യുന്നു. നിരൂപകൻ അത് ഒന്നുറക്കെപ്പറയുന്നുയെന്നല്ലേയുള്ളൂ. ഞാൻ വാദിക്കാൻ വേണ്ടി പറഞ്ഞതല്ല. വായനക്കാരന്റെ പക്ഷത്തുനിന്ന് ഒരഭിപ്രായം പറഞ്ഞു എന്നേയുള്ളൂ."

പ്രഭ അവളുടെ അഭിപ്രായം പറഞ്ഞു: "കലാകാരന്മാരുടെ മൗനം വാക്കുകളിൽ മാത്രമല്ല, ജീവിതത്തിലും കാണാം. അവർ എന്തുപയോഗിച്ചാലും പ്രത്യേകിച്ച് വാക്കുകൾ ഉപയോഗിക്കുന്ന കാര്യത്തിൽ പിശുക്കരായിരിക്കും."

അയാൾ ഉത്തരങ്ങൾക്കായി തപ്പിത്തടഞ്ഞു. ഇവരെപ്പോലെ തുറന്ന് ഒരഭിപ്രായം പറയാൻ എന്നാണ് കഴിയുക. വാക്കുകൾക്കിടയിൽ മൗനം. മൗനത്തിന്റെ വാചാലമായ ഭാഷ. അയാൾ മനസ്സിൽ പുച്ഛമടക്കി ചിരിച്ചു.

മാലിനിക്ക് ഇരുവശത്തായി രണ്ട് ചെറുപ്പക്കാർ. ജീൻസും ലൂസ് ഷർട്ടും ധരിച്ച അവരുടെ നീണ്ട കോലൻമുടികൾക്ക് ചെമ്പൻനിറം. നീണ്ട് വെളുത്തുമെലിഞ്ഞ ശരീരങ്ങൾക്ക് ആ വേഷം നന്നായി ചേരുന്നു.

അവർ പരിചിതരെപ്പോലെ അയാൾക്കു നേരെ കൈകൾ നീട്ടി. ഒരു പരാജിതനെപ്പോലെ അയാളും മെല്ലെ കൈകൾ നീട്ടി: "ഞാൻ ഹക്ക്," "ഞാൻ ജെറി". അവർ സ്വയം പരിചയപ്പെടുത്തി. അവർ വാചാലരായി.

ഞെരിഞ്ഞമരുന്ന കൈ അവരിൽനിന്നും പിൻവലിക്കാൻ കഴിയാതെ കുഴങ്ങിനിന്ന അയാൾ ഒന്നും കേട്ടില്ല.

മാലിനി അവർക്കിടയിൽ ഒരു സന്ധിക്കാരിയായെത്തി: "ഡാഡിയെ ശല്യപ്പെടുത്തേണ്ട, എഴുതിക്കൊള്ളട്ടെ. ഞങ്ങളുടെ ഫുഡ്ഡാണ് ഡാഡിയുടെ റൈറ്റിങ്". ഒരു തമാശ കേൾക്കുന്ന കൗതുകത്തിൽ പൊട്ടിച്ചിരിച്ചുകൊണ്ട് യുവാക്കൾ അയാളുടെ കൈകൾ വിട്ടു.

പേനയിലേക്കും പടർന്നുകിടക്കുന്ന മഷിയിലേക്കും പിന്നെ ചവറ്റുകൊട്ടയിലേക്കും അയാൾ നോക്കി. ചവറുകൊട്ടയിൽനിന്നും ചുരുണ്ടുകിടക്കുന്ന പേപ്പറുകൾ ഒന്നൊന്നായി എടുത്ത് നിവർത്തിക്കൊണ്ടിരുന്നു.

ഭിത്തിയിലെ ക്ലോക്ക് പതിനൊന്നടിച്ചു. അയാൾ കണ്ണുകൾ ഉയർത്തി അതിഥികളെ നോക്കി. ഇന്റർനെറ്റിന്റെ സ്ക്രീനിൽ തെളിയുന്ന ചിത്രങ്ങളിലേക്ക് ഗുസ്തി കാണുന്ന കൗതുകത്തോടെ തുറിച്ചുനോക്കുന്ന പത്ത് കണ്ണുകൾ. ആ കണ്ണുകളിൽ ചൂഴ്ന്നുനിൽക്കുന്ന അന്വേഷണകൗതുകം. അയാളുടെ കണ്ണുകളും ആ സ്ക്രീനിലെത്തി. അനുനിമിഷം മിന്നിമറയുന്ന ചിത്രങ്ങൾ. രണ്ട് മനുഷ്യരൂപങ്ങൾ. അവർക്കിടയിൽ നൂൽബന്ധത്തിന്റെ കെട്ടുകളഴിയുന്നു.

പ്രകൃതിയിൽനിന്നും അനിവാര്യമായ ദൃശ്യം. കൊഴുത്തുതടിച്ച ഒരു കുതിര. അതിന്റെ കടിഞ്ഞാൺ അഴിഞ്ഞ് തറയിൽ വീഴുന്നു. അത് നില

ത്തുനിന്നും ഒന്നുയർന്നുപൊങ്ങി മുന്നോട്ടു കുതിച്ചു. ശരീരത്തിലെ ബലിഷ്ഠമായ പേശികൾ ചലിപ്പിച്ച് പിൻകാലുകളിലുയർന്നുനിന്ന് ചിനക്കുന്നു. പിന്നെയും പുൽപ്പരപ്പിലൂടെ ഓടുന്നു.

അബലമായ സ്ത്രീയുടെ പ്രബലമായ ഭാവങ്ങൾ. പരുക്കൻ മേധാവിത്വത്തിന്റെ ശംഖൊലി മുഴക്കിയ പുരുഷന്റെ രോധനം. സ്ക്രീനിൽ രക്തച്ഛവി പടരുന്നു.

നോക്കിനില്ക്കെ ആ കൗമാരക്കണ്ണുകളിലെ തിളക്കം മങ്ങി. അവർക്കുമേൽ ആലസ്യത്തിന്റെ പുതപ്പ് പാറിവീണു. അയാൾ ഒരുൾവികാരത്തോടെ ഇരിപ്പിടത്തിൽനിന്നും എഴുന്നേറ്റു.

എന്നും ആശ്വാസം തരുന്ന ജാലകത്തിലൂടെ നോക്കി. താരകങ്ങൾ മങ്ങിയിരിക്കുന്നു. കാർമേഘങ്ങൾ ഉരുണ്ടുകൂടുന്നതിന്റെ ശബ്ദം. ഗീവർഗ്ഗീസച്ചന്റെ ആതുരാലയം മിന്നൽപ്പിണറിൽ ഒന്നു ജ്വലിച്ചു. പിന്നെ ആളി. വിജനതയിൽനിന്നും രാപ്പാടികളുടെ രോദനങ്ങൾ. ജാലകത്തിലൂടെ മുറിക്കുള്ളിലേക്ക് അടിച്ചുവരുന്ന കാറ്റ് അയാളുടെ വസ്ത്രങ്ങൾ പിടിച്ചുലച്ചു. പാറിവന്ന് ശരീരത്തിൽ വീണ മഴത്തുള്ളികൾ അയാൾക്ക് ആശ്വാസമായി. ഇരുളിൽ ചലിക്കുന്ന നിഴലുകൾ പ്രാകൃതമായ ശബ്ദത്തോടെ അയാളുടെമേൽ കൈകൾ ചുറ്റിവരിഞ്ഞു. പ്രതിഷേധിക്കാനാവാതെ അയാൾ അങ്ങനെ നിശ്ചലം നിന്നു.

# 14
# അമ്മ

പ്രഭാതം.
നഗരത്തിനു തിരക്കുപിടിച്ചു. അതിനു വളരെമുമ്പേ സാവിത്രിക്ക് തിരക്കുപിടിച്ചിരുന്നു.

രാവിലെ നാലരയ്ക്ക് എഴുന്നേറ്റതാണ്. വസ്ത്രങ്ങൾ തിരുമ്മി തറ തുടച്ചു. അടുക്കളയിലെ പണികൾ മുഴുവൻ തീർത്തു, ഇനിയൊരു വിശ്രമം ഓഫീസിൽ ചെന്നാൽ മാത്രമേയുള്ളു.

രാവിലെതന്നെ ടി.വി.യിലൂടെ ഉയർന്നുവരുന്ന ചടുലമായ സംഗീതത്തിന്റെ ശബ്ദം സാവിത്രിയുടെ സ്വൈരം കെടുത്തി. അവൾ അവിടേക്ക് ചെന്നു. ടി.വി.യുടെ മുന്നിലിരുന്ന് നൃത്തം കാണുന്ന ഭർത്താവും വേണിയും. സാവിത്രിയെ കണ്ടപ്പോൾ ഒരു കർമ്മംപോലെ ഭർത്താവ് ചിരിക്കാൻ ശ്രമിച്ചു. വേണി തിരക്കി: "കാപ്പി റെഡിയായോ? എനിക്ക് സമയമായി."

സാവിത്രിയുടെ സംയമനത്തിന്റെ ചരടറ്റു: "കാലത്തെ ഈ കാബറെ കാണാതെ അടുക്കളയിൽ വന്ന് എന്തെങ്കിലുമൊരു സഹായം ചെയ്തു തന്നാൽ നിന്റെ എന്താ പൊഴിഞ്ഞുപോകാനുള്ളത്."

ഭർത്താവ് വേണിയുടെ സഹായിത്തിനെത്തി: "അവളൊന്ന് കണ്ടുകൊള്ളട്ടെ സാവിത്രി, ഇതൊക്കെ ഇവിടയല്ലേ പറ്റൂ." സാവിത്രി ഭർത്താവിനെ ഒന്നു നോക്കി: "എന്താ നിന്റെ ഭാവം? നോക്കിപ്പേടിപ്പിക്കാനാണോ? നീ ബഹളംവയ്ക്കാതെ കാപ്പി എടുത്തുവയ്ക്ക്."

സാവിത്രി രോഷം മുഴുവൻ ഉള്ളിൽ ഒതുക്കി പിറുപിറുത്തു: "ഇത്രയും പ്രായമായിട്ടും കൊച്ചു പെൺകുട്ടികൾ തുണി ഉരിഞ്ഞു തുള്ളുന്നതു കണ്ടാൽ നോക്കിയിരിക്കുംപോലും. നാണമില്ലാത്ത..."

ഭർത്താവ് ശബ്ദമുയർത്തി: "എന്താ എന്താ നീ പറഞ്ഞത്?"

സാവിത്രി കൃത്രിമമായ ഭവ്യതയോടെ: "വന്ന് കാപ്പി കഴിച്ചോളാനാ പറഞ്ഞത്."

സാവിത്രി തിടുക്കത്തിൽ ദോശയും കാപ്പിയും എടുത്ത് ഡൈനിങ് ടേബിളിൽ വെച്ചു. ഭർത്താവിനെയും മോളെയും വിളിച്ചു.

അവർ വസ്ത്രം മാറുന്ന തിരക്കിലാണ്. സാവിത്രി ബാത്ത്റൂമിലേക്ക് കയറി. മുഖവും കൈയും കഴുകിയെന്നുവരുത്തി.

ടേബിളിൽനിന്നും ഭർത്താവിന്റെ ശബ്ദമുയർന്നു: "നീ ഇത് എവിടെ പോയി കിടക്കുകയാ. ഒന്നു വിളമ്പിത്തന്നുകൂടെ."

"എത്ര കഷ്ടപ്പെട്ടാ ഇത്രയും വെച്ചുണ്ടാക്കിയതെന്നറിയുമോ? മുന്നിലിരിക്കുന്ന പ്ലേറ്റിലേക്ക് രണ്ട് ദോശ എടുത്തിട്ടുകഴിച്ചാൽ എന്താ ഒരു കുഴപ്പം. നിങ്ങളുടെ താളത്തിനനുസരിച്ച് തുള്ളാൻ ഒരു ഭാര്യയുള്ളതുകൊണ്ട് ഒക്കെ നടക്കുന്നു." സാവിത്രി ഭർത്താവിന് ദോശ വിളമ്പിക്കൊണ്ട് പറഞ്ഞു.

വേണി വിളിച്ചു: "മമ്മീ എന്റെ മുടിയൊന്നു ചീകിത്തരുമോ?"

"കോഴിപ്പപ്പുപോലെ കുറച്ചല്ലേയുള്ളൂ. അത് നീതന്നെ അങ്ങ് ചീകിയാൽ മതി."

വേണി നിന്നു ചിണുങ്ങി. ഭർത്താവാണ് അതിനുത്തരം പറഞ്ഞത്:

"നിന്നെപ്പോലെ ആരെങ്കിലും കാട്ടുജാതിക്കാരുടെ മാതിരി മുടി നീട്ടി വളർത്തുമോ? മോള് വന്ന് കാപ്പി കഴിക്ക്, ഡാഡി ചീകിത്തരാം."

വേണി അവിടേക്കു വന്നു. അവളുടെ ഡ്രസ് കണ്ട സാവിത്രിയുടെ നെറ്റി ചുളിഞ്ഞു: "നീ നേഴ്സറി സ്കൂളിലല്ല പഠിക്കുന്നത് ഡിഗ്രിക്കാ. മിനിസ്കേർട്ടിടാൻ അത്ര കൊതിയാണെങ്കിൽ രാത്രിയിൽ ഇട്ടാൽ മതി."

"കാലം മാറുന്നത് എന്റെ ഭാര്യയറിയുന്നില്ലല്ലോ." ഭർത്താവ് ഭാര്യയെ പരിഹസിച്ചു.

സാവിത്രി കൂടുതലൊന്നും പറയാതെ പ്ലേറ്റിൽ ദോശ എടുത്തു കഴിച്ചു തുടങ്ങി.

വേണി അവിടേക്കു വന്ന് ഒരു ദോശ എടുത്ത് മുറിച്ച് അതിന്റെ പകുതി പ്ലേറ്റിലേക്ക് ഇട്ടു. ബാക്കി പകുതി സാവിത്രിയുടെ പ്ലേറ്റിലേക്കും.

സാവിത്രി ചൊടിച്ചു: "എന്തെങ്കിലും വയറു നിറച്ചു കഴിച്ചില്ലെങ്കിൽ വിശക്കും." വേണി വാചാലയായി: "മമ്മി അല്പം സൂക്ഷിച്ചാൽ അധികം ദുഃഖിക്കേണ്ടിവരില്ല. മമ്മിക്ക് ഇപ്പോൾ അധികം പ്രായമൊന്നുമായിട്ടില്ല. പക്ഷെ മമ്മിയെ കണ്ടാൽ വയസ്സികളുടെ മാതിരിയാ. ശരീരത്തിൽ മേദസ്സ് നിറഞ്ഞ് ഞൊറിവുകൾ വീണുതുടങ്ങി. ഡാഡിയെ നോക്കൂ. നാല്പത്തിയാറായി. ഇപ്പോഴും കോളജ് കുമാരന്റെകൂട്ടല്ലേ."

"പറഞ്ഞുകൊടുക്കൂ മോളെ നിന്റെ മമ്മിയോട്, മനസ്സിന് അല്പം ഭാവനയും ഭാഷയും വേണമെന്നുകൂടി."

നിങ്ങളുടെ മാതിരി ഒരു പണിയും എടുക്കാതെ നടന്നാൽ എനിക്കും

പ്രായം തോന്നില്ല. ടി.വി.യും സിനിമയും കണ്ട് പുസ്തകങ്ങളും വായിച്ചുന ടന്നാൽ എന്റെ മനസ്സിലും ഭാവനയും ഭാഷയും ഉണ്ടാകും. സാവിത്രി ഒന്നും ഉച്ചത്തിൽ പറഞ്ഞില്ല. പറഞ്ഞാൽ ഡാഡിയും മോളുംകൂടി പരിഹസിക്കുക യേയുള്ളൂ.

സാവിത്രി ഭക്ഷണംകഴിക്കൽ നിർത്തിയെഴുന്നേറ്റ് ഡ്രസിങ് റൂമിലേക്ക് പാഞ്ഞു. അല്പം താമസിച്ചാൽ അതിനും കേൾക്കണം ശാസനയും പരി ഹാസവും.

ഡ്രസ് ചെയ്തുകൊണ്ടിരിക്കുമ്പോൾ കാർ സ്റ്റാർട്ടാക്കുന്ന ശബ്ദം കേട്ടു. സാവിത്രി അവിടേക്ക് നടന്നുതുടങ്ങിയപ്പോൾ ടേബിളിൽതന്നെ ഇരിക്കുന്ന രണ്ട് ടിഫിൻ ബോക്സുകളും കണ്ടു. സാവിത്രി അതുമായി ധൃതിയിൽ കാറിന്റെ അടുത്തെത്തി: “ദാ ഇതുകൂടി വച്ചോളൂ. ഒരു മിനിറ്റ് ഞാൻ ഇതാ വരുന്നു.”

ഭർത്താവും വേണിയും പരസ്പരം നോക്കി: “ഞാനിന്ന് ഓഫീസിലേ ക്കല്ല. മോളുടെ ഫ്രണ്ടിന്റെ ബർത്ത്ഡേയാണ്.”

കൂടുതലൊന്നും പറയാതെ ഭർത്താവ് കാർ മുന്നോട്ടെടുത്തു. വേണി യുടെ ലിപ്സ്റ്റിക്കിട്ട ചുണ്ടുകൾ അല്പം വിടർന്നിരുന്നു.

കാറ് ഗെയിറ്റ് കടന്നുപോകുന്നത് രോഷത്തോടെ സാവിത്രി നോക്കി നിന്നു. കൈയിലിരുന്ന ടിഫിൻ ബോക്സ് തറയിലേക്ക് എറിഞ്ഞു. വെട്ടി ത്തിരിഞ്ഞ് വീടിനുള്ളിലേക്ക് നടന്നു. ഡോറിന്റെ കൈപ്പിടിയിൽ സാവിത്രി യുടെ പിന്നിയിട്ട മുടി ഉടക്കി. അവൾ രോഷത്തോടെ മുടിയിൽ പിടിച്ച് വലി ച്ചു. കുറച്ച് മുടികൾ കൈപ്പിടിയിൽതന്നെ ഉടക്കിയിരുന്നു.

ടി.വി.യിൽനിന്നും ശബ്ദകോലാഹലങ്ങൾ ഉയർന്നുകൊണ്ടിരുന്നു. സാവിത്രി സ്ക്രീനിലേക്ക് നോക്കി. അവിടെ ആടിപ്പാടിത്തകർക്കുന്ന സ്ത്രീപുരുഷന്മാർ. അവർക്കിടയിൽ സ്നേഹത്തിന്റെ ചുംബനങ്ങൾ, മൃദു വായ ആലിംഗനങ്ങൾ. വിടർന്നുനില്ക്കുന്ന കണ്ണുകളിൽ ലാസ്യഭാവത്തിന്റെ തിരയിളക്കം. ഉൾവികാരത്തിന്റെ ദൃശ്യബിംബമായി ജ്വലിക്കുന്ന കനലുകൾ. അതിലേക്ക് ഇറ്റിറ്റു വീഴുന്ന ജലകണങ്ങൾ. സാവിത്രിയുടെ ചുണ്ടുകളിൽ കൗതുകത്തിന്റെ പുഞ്ചിരി വിടർന്നു. അവൾ അറിയാതെ ഒരു സ്റ്റെപ്പ്വെച്ച് രണ്ടു ലൈൻ പാടിനോക്കി. അവളിലെ രോഷം ആനന്ദമായി മാറിക്കൊണ്ടി രുന്നു.

ടി.വി.യ്ക്കു മുകളിലെ ദേവീവിഗ്രഹത്തിലേക്ക് നോക്കി. എല്ലാം ഗൂഢ സ്മിതത്തോടെ കാണുന്ന ദേവി. ദേവിയുടെ കണ്ണുകൾ വിടർന്നുവരുന്നു.

തുറിച്ച കണ്ണുകളുള്ള ദേവീവിഗ്രഹം. അതിനു മുന്നിൽ തീക്കുണ്ഡം. അതിനു ചുറ്റും നൃത്തംചവിട്ടുന്ന സ്ത്രീപുരുഷന്മാർ. കവിളുകളിലും ശരീര മാസകലവും ശൂലം തുളച്ചുകയറ്റിയവർ. അവരും നൃത്തംചവിട്ടുന്നു. അല്പ വസ്ത്രങ്ങളെ അതിക്രമിച്ചുലഞ്ഞാടുന്ന സമൃദ്ധമായ മാംസഭാഗങ്ങൾ തീക്കു

ണ്ഡത്തിൽനിന്നും ജ്വലിച്ചുയരുന്ന അഗ്നിപ്രഭയിൽ തിളങ്ങിക്കൊണ്ടിരുന്നു.

പിളർന്ന വായിൽനിന്നും രക്തം പുറത്തേക്കു വരുന്നു. ജ്വലിക്കുന്ന അഗ്നിയിൽ ചാടി നൃത്തം ചവിട്ടുന്നവർ. അനിവാര്യതയെന്നപോലെ സ്വന്തം ശരീരം നിർദ്ദാക്ഷിണ്യം കീറിമുറിച്ച് രക്തപൂജ നടത്തുന്നവർ.

തുറന്നുകിടന്ന വാതിലിലൂടെ അകത്തേക്കു വരുന്ന പ്രാകൃതർ. അവർക്കൊപ്പം സാവിത്രിയും ആത്മസംതൃപ്തിയോടെ നൃത്തംചവിട്ടി.

ചടുലമായ കാൽവയ്പുകളുടെ ശക്തി കുറഞ്ഞു. അധരങ്ങളിൽനിന്നും ഉയരുന്ന ഗാനത്തിന്റെ ശബ്ദം കുറഞ്ഞുകുറഞ്ഞ് പിറുപിറുപ്പിലെത്തി. കിതപ്പുകൾക്കിടയിലെ ഒരു ദീർഘനിശ്വാസം. ആശ്വാസത്തിന്റെ അരളിപ്പൂക്കൾപോലെ കൊഴിഞ്ഞുവീണ വസ്ത്രങ്ങളിലേക്ക് ദുർബലമായൊരു നോട്ടം. മെല്ലെ കൂമ്പിയടയുന്ന മിഴികളിൽ ആശ്വാസത്തിന്റെ നിറമുള്ള സ്വപ്നങ്ങൾ.

# 15
# വിപ്ലവത്തിനുശേഷം ഒരു കിളി ചിലച്ചു

**കെ**ട്ടുകഴിഞ്ഞ പൈപ്പ് വായിൽനിന്നുമെടുത്ത് നിരഞ്ജൻ തോളിൽ തൂങ്ങിക്കിടക്കുന്ന തുണിസഞ്ചിയിലേക്കിട്ടു. മുന്നിൽ ഉയർന്നുനില്ക്കുന്ന പടുകൂറ്റൻ കോൺക്രീറ്റ് സൗധത്തിലേക്ക് ആശ്ചര്യത്തോടെ നോക്കിനിന്നു. അതിന്റെ ഉച്ചിയിൽനിന്നും ചുരുളുകളായി ഉയർന്നുപൊങ്ങുന്ന പുക നവലോകത്തിന്റെ പുത്തൻ ശ്വാസോച്ഛ്വാസംപോലെ അയാൾക്കു തോന്നി. ചിലപ്പോഴൊക്കെ അതിനുള്ളിൽനിന്നും ദുർബലമായി ഉയർന്ന യന്ത്രങ്ങളുടെ ശബ്ദംകേട്ടപ്പോൾ ഒന്നുറക്കെ ശബ്ദിക്കുവാൻകൂടി കഴിയാത്തവിധം പാരിവട്ടത്തെ ജനങ്ങൾ യന്ത്രങ്ങളെ കീഴ്പ്പെടുത്തിയിരിക്കുന്നു എന്ന് അയാൾ മനസ്സിലുറപ്പിച്ചു.

പിന്നിൽനിന്നും കേട്ട ഫോറിൻ കാറിന്റെ ഹോൺശബ്ദം നിരഞ്ജനെ ചിന്തയിൽനിന്നുമുണർത്തി. അപ്പോഴാണ് ഓർമ്മവന്നത് നില്ക്കുന്നതു നടുറോഡിലാണല്ലോ? അയാൾ സൈഡിലേക്കു ഒതുങ്ങിനിന്നു. കാറിനുള്ളിൽനിന്നും പുറത്തേക്കു നീണ്ടുവന്ന തല ആ വേഷത്തിനും രൂപത്തിനും യോജിക്കാത്ത വികൃതവാക്കുകളുടെ ഒരു പ്രവാഹംതന്നെ നടത്തി. നിരഞ്ജന്റെ ഉള്ളിൽ ഇന്നും അണയാതെ കരുതിവച്ചിരിക്കുന്ന ആത്മാഭിമാനത്തിന്റെ തിരിനാളം ഒന്നു ഞെട്ടിവിറച്ചു. പല്ലുകടിച്ചു കാറിനുനേരെ അടുത്തു. അപ്പോൾ ആ മുഖത്തു തെളിഞ്ഞുനില്ക്കുന്ന പരിചിതഭാവം അയാളെ

സ്തബ്ധനാക്കി.

തന്റെ വലംകൈയായിനിന്ന് പാരിവട്ടത്തിന്റെ പരിവർത്തനത്തിനായി പരിശ്രമിച്ച്, ജാഥകൾക്കായി വിപ്ലവമുദ്രാവാക്യങ്ങൾക്കു രൂപംകൊടുത്ത്, അനീതികൾക്കും അഴിമതികൾക്കുമെതിരെ ഉയർത്തിപ്പിടിച്ച വാളുമായി എടുത്തുചാടിയിരുന്ന, കടുത്ത നിലപാടിന്റെ കാർക്കശ്യമാണ് സന്ദീപിന്റെ വിപ്ലവജീവിതത്തിന്റെ കാതൽ. ഒരു പാത്രത്തിൽനിന്നും ആർത്തിയോടെ ഭക്ഷണം കഴിച്ച്, മധുരമില്ലാത്ത കട്ടൻകാപ്പി ഊതിക്കുടിക്കുമ്പോൾ മുന്നിൽ ഒരു സുന്ദരസ്വപ്നമുണ്ടായിരുന്നു. സമത്വസുന്ദരമായ ഭാരതം. അടിച്ചമർത്തപ്പെട്ടവന്റെ അഭിമാനത്തിനുമേൽ പതിച്ച ചാപ്പപോലെയാണ് ടൈ കെട്ടിയവരെ കാണുമ്പോൾ തനിക്കു തോന്നുന്നത് എന്നുപറഞ്ഞ സന്ദീപിന്റെ കഴുത്തിലും അതേപോലുള്ള ടൈ.

പുച്ഛത്തോടെ ആ കാറു മുന്നോട്ടു കുതിച്ച് വലിയ ഗെയിറ്റും കടന്ന് കോൺക്രീറ്റ് സൗധത്തിനുള്ളിലേക്കു വിലയം പ്രാപിച്ചുകഴിഞ്ഞപ്പോഴാണ്, സ്ഥലകാലങ്ങളെപ്പറ്റി നിരഞ്ജന് ഓർമ്മവന്നത്. മുന്നിലൂടെ കടന്നുപോകുന്ന പല മുഖങ്ങളും നിരഞ്ജനു സുപരിചിതമായിരുന്നു. അവരിൽ പലരും മാതൃസംഘത്തിന്റെ മുന്നണിപ്പോരാളികളുമായിരുന്നു. തിരക്കുകൾ ജീവിതൈശ്വര്യത്തിന്റെ മുഖമുദ്രയായി സ്വീകരിച്ച ഈ സമൂഹത്തിന് ആരേയും തിരിച്ചറിയുവാൻ സമയമില്ല എന്ന യാഥാർത്ഥ്യവും നിരഞ്ജൻ തിരിച്ചറിഞ്ഞു. ചിന്തയോടെ റോഡിന്റെ ഓരംപറ്റി നടക്കന്നതിനടയിൽ ഒരു ഹോട്ടലിന്റെ പേര് വായിച്ചു: 'ഈശ്വരവിലാസം.'

കൗണ്ടറിലിരിക്കുന്ന ഗൗരവക്കാരനെ കണ്ടപ്പോഴേ നിരഞ്ജനു മനസ്സിലായി—ഈശ്വരപിള്ള. തടിച്ചുകൊഴുത്ത് തൂവെള്ള ഖദർ ജുബ്ബായ്ക്കുള്ളിലിരിക്കുന്ന അയാളുടെ മറ്റൊരു രൂപമാണ് അപ്പോൾ നിരഞ്ജന്റെ മനസ്സിൽ തെളിഞ്ഞത്. അരയിലൊരു കച്ചക്കുറിയതുമായി വിയർത്തൊലിച്ചുനിന്നു ചായയടിക്കുന്ന, പറ്റുകൊടുക്കാത്തവരോടു കേണും കരഞ്ഞും പിരിവു നടത്തിയിരുന്ന മെലിഞ്ഞ ഒരു ഈശ്വരപിള്ള.

നിരഞ്ജൻ അടുത്തേക്കുചെന്ന് ഒരു കാപ്പിക്കുള്ള ടോക്കൺ എടുക്കാൻ കാശുനീട്ടി. ഈശ്വരപിള്ളയുടെ മുഖത്തപ്പോൾ തെളിഞ്ഞ ഭാവം നിരഞ്ജനു വ്യക്തമായി. ഒരു ചായമാത്രം കുടിക്കുവാൻ മാറാപ്പുമായി വന്നതിലുള്ള പുച്ഛം. മാതൃസംഘത്തിലെ സജീവപ്രവർത്തകനായിരുന്ന ഈശ്വരപിള്ള സംഘാടകനെ തീർത്തും മറന്നിരിക്കുന്നതായി നിരഞ്ജനു ബോധ്യമായി.

നിരഞ്ജൻ അധികാരഭാവത്തിൽ വിളിച്ചു: "ഈശ്വരപിള്ളേ."

ഉയർന്നുവന്ന പകപ്പ് ഉള്ളിലൊതുക്കിത്തിരക്കി: "നിങ്ങൾക്ക് എന്തു വേണം?"

നിരഞ്ജൻ കൃത്രിമമായ ഒരു ചിരിവരുത്തി: "ഓർമ്മിക്കുന്നുണ്ടോ എന്നെ."

ഈശ്വരപിള്ള സൂക്ഷിച്ചുനോക്കി. ആ മുഖത്ത് അനുനിമിഷം ഉയർന്നു വരുന്ന ഭാവം എന്തെന്നു വ്യക്തമല്ല. ചുണ്ടുകൾക്കിടയിലൂടെ ഞെരുങ്ങി പുറത്തുവന്നു: "നിരഞ്ജൻ...ഇവിടെ..."

നിരഞ്ജൻ ചിരിച്ചു. ആ ചിരിയിൽ ഒരായിരം നിഗൂഢതകൾ ഒളിഞ്ഞിരിപ്പുണ്ടെന്നാണ് പാരിവട്ടത്തെ ജനങ്ങളുടെ പിന്നാമ്പുറസംസാരം.

ഈശ്വപിള്ള പ്രകടമായ പരിങ്ങലോടെ തിരക്കി: "നിങ്ങൾ ഇവിടെ വരുന്നത് ആരെങ്കിലും കണ്ടോ?"

"കണ്ടു. പലരും. മാതൃസംഘത്തിനെതിരേയുള്ള എല്ലാ കേസുകളും നിരോധനവും പിൻവലിച്ചത് നിങ്ങൾ അറിഞ്ഞില്ലേ?"

ഈശ്വരപിള്ള മിണ്ടിയില്ല.

"ഇപ്പോൾ പ്രവർത്തനം ഒളിവിലല്ല തെളിവിൽതന്നെയാണ്. ഈശ്വരപിള്ളയുടെ സഹായം ഇനിയും ഞങ്ങൾക്കാവശ്യമുണ്ട്. പാതിവഴിയിലിട്ടെറിഞ്ഞ ദൗത്യം നമ്മൾക്കു പൂർത്തിയാക്കേണ്ടേ?"

ഈശ്വരപിള്ള വിയർത്തുതുടങ്ങി. നാലുചുറ്റും ഭീതിയോടെ കണ്ണോടിച്ചു: "സഖാവെ, തുറന്നു പറയുന്നതിൽ പരിഭവപ്പെടരുത്. വയ്യ. വിപ്ലവമെന്നും സ്വാതന്ത്ര്യമെന്നും പറഞ്ഞു തടിവെടക്കാക്കാൻ വയ്യ. ഇപ്പോൾ മക്കളൊക്കെ ഒരു നിലയിലെത്തി. കച്ചവടവും കുഴപ്പമില്ല. എന്നെ ഇതിൽനിന്നും ഒഴിവാക്കണം. പിരിവ് എന്തെങ്കിലുമുണ്ടെങ്കിൽ ഇരുചെവിയറിയാതെ തരാം."

നിരഞ്ജൻ അട്ടഹസിച്ചു. പിന്നെ തെല്ലുനേരം കിതച്ചു: "സഖാവ് ഈശ്വരപിള്ള പ്രസ്ഥാനത്തിന് വിലപറയുവാനും പഠിച്ചിരിക്കുന്നു. തനിക്ക് ഓർമ്മയുണ്ടോ കടം മേടിച്ച കാശ് തിരിച്ചുകൊടുക്കാത്തതിന് ചെട്ടിയാർ നിന്റെ ഭാര്യയെ മാനഭംഗപ്പെടുത്തിയത്. അന്നു കരഞ്ഞ് നെഞ്ചിൽ കൈയ്യും വച്ചു നിന്നപ്പോൾ നിന്റെ മാനം രക്ഷിച്ചത്. പന്ത്രണ്ടുമണിക്കൂർ എന്ന് സമയം പ്രഖ്യാപിച്ച് ചെട്ടിയാരുടെ ലിംഗം ഛേദിച്ച് വഴിയിലിടാൻ നിങ്ങൾ ഇപ്പോൾ തള്ളിപ്പറഞ്ഞ പ്രസ്ഥാനമേ ഉണ്ടായിരുന്നുള്ളു. മക്കൾ ഒരു നിലയിലെത്തിയെന്നു പറഞ്ഞില്ലേ. ആ മക്കൾക്ക് അറിവിന്റെ ആദ്യാക്ഷരങ്ങൾ പഠിപ്പിച്ചുകൊടുത്തത് ഈ മാതൃസംഘടനതന്നെയല്ലേ? അവരുടെ നാവ് ആദ്യമായി നിർഭയം ഉച്ചരിച്ചത് ഈ സംഘടനയുടെ ആപ്തവാക്യങ്ങളായിരുന്നില്ലേ? ഇപ്പോൾ പറഞ്ഞ ഈ വാക്കുകൾ നിന്റെ മാത്രം വാക്കുകളല്ല; ചാക്രികമായി ആവർത്തിക്കപ്പെടുന്ന അടിമത്തത്തിന്റെ മുദ്രയാണ്."

സപ്ലയർ കൊണ്ടുവന്ന ചായ അവിടെ വച്ച് നിരഞ്ജൻ പുറത്തേക്കു നടന്നുതുടങ്ങി. ഈശ്വരപിള്ള പിന്നിൽനിന്നും വിളിച്ചിട്ടും നിരഞ്ജൻ തിരിഞ്ഞിനോക്കിയില്ല.

മനോഹരമായ പൂന്തോട്ടവും അതിന്റെ നടുവിലായി ഒരു നീന്തൽക്കുളവും വിശാലമായ പോർച്ചിൽ മൂന്നു കാറുകളും കിടക്കുന്ന ഒരു ബംഗ്ലാവിനു മുന്നിൽ നിരഞ്ജൻ എത്തി. കോളിങ് ബെല്ലിന്റെ സ്വിച്ചിൽ വിരല

മർത്തി. അകത്തുനിന്നും ഉയരുന്ന ഇലക്ട്രോണിക് സംഗീതം.

വാതിൽ തുറന്ന് ഒരു പരിഷ്കാരിയായ സ്ത്രീ പുറത്തേക്കു വന്നു. ജീൻസും ടീഷർട്ടുമാണ് വേഷം. ചുണ്ടിൽ നേർമ്മയിൽ ലിപ്സ്റ്റിക്കിട്ടിരിക്കുന്നു.

നിരഞ്ജൻ തിരക്കി: "ഓർമ്മയുണ്ടോ?"

വിടർന്നു വരുന്ന അത്ഭുതമൊതുക്കി അവൾ പറഞ്ഞു: "എനിക്കു മറക്കാൻ കഴിയുമോ? ഒരു ജീവിതം തന്നതല്ലേ. മാതൃസംഘടനയ്ക്ക് എതിരേയുള്ള എല്ലാ കേസുകളും നിരുപാധികം പിൻവലിച്ചെന്ന് രണ്ടുമൂന്ന് ദിവസം മുമ്പ് പേപ്പറിൽ വായിച്ചു. അന്നത്തെ തീവ്രവാദികളെ പുറത്തുവിടുന്നുവെന്നു കേട്ടപ്പോൾ നിരഞ്ജന്റെ കാര്യം ഓർമ്മിക്കാതിരുന്നില്ല."

"ഞാൻ എന്നുമുതലാണ് നിങ്ങൾക്കൊക്കെ തീവ്രവാദിയായത്?"

അവൾ ജാള്യത മറയ്ക്കാൻ ശ്രമിച്ചു: "ജയിലിൽ വലിയ കഷ്ടപ്പാടായിരുന്നു, അല്ലേ?"

"ഉം."

"വെളുത്ത്, അല്പംകൂടി തടിച്ച് സദാസമയവും വിടർന്നു വരുമോ എന്നു സംശയിക്കുന്ന പുഞ്ചിരിയുമായി നടന്ന നിരഞ്ജൻ ഇന്ന്..."അവൾ മുഴുമിച്ചില്ല.

"കാലവും നിയമവും അതിന്റെ കൊത്തുപണികൾ മുഴുവൻ പരീക്ഷിച്ചുനോക്കിയത് ഈ ശരീരത്തിലല്ലേ. പക്ഷേ, ഞാൻ പരാജയപ്പെട്ടിട്ടില്ല; എന്റെ ആദർശങ്ങളും. ശരീരത്തിനേ കേടുപാടുകൾ സംഭവിച്ചിട്ടുള്ളൂ. എന്നിട്ടും ഞാൻ പിടിച്ചുനിന്നു. പ്രസ്ഥാനത്തെ സ്നേഹിച്ചു. എന്നോടൊപ്പം പ്രവർത്തിച്ച എല്ലാവരോടും ഞാൻ കൂറുപുലർത്തി. ഞാനെന്തെങ്കിലുമൊന്നു വിട്ടുപറഞ്ഞിരുന്നെങ്കിൽ പാരിവട്ടത്തെ ഭൂരിപക്ഷം സഖാക്കളും അകത്തുപോകുമായിരുന്നു. മഞ്ഞുകട്ടയിൽ തണുത്തുറഞ്ഞ് ജഡംപോലെ കിടന്നപ്പോഴും കനൽക്കട്ടയ്ക്കു മുകളിലൂടെ ശരീരം വെന്തു നടന്നപ്പോഴും ജലപാനം പോലുമില്ലാതെ ദിവസങ്ങളോളം കഴിഞ്ഞപ്പോഴും എന്റെ മനസ്സിൽ ശുഭസ്വപ്നങ്ങളുണ്ടായിരുന്നു. എന്റെ അഭാവത്തിലും നമ്മുടെയൊക്കെ സ്വപ്നങ്ങൾക്കുവേണ്ടി, നാളത്തെ തലമുറയ്ക്കുവേണ്ടി പുറത്തുള്ളവർ പ്രവർത്തിക്കുമെന്ന്."

ഭിത്തിയിൽ കൈകളൂന്നിനിന്ന് കിതയ്ക്കുന്ന നിരഞ്ജനെ അവൾ പിടിച്ച് അടുത്തുതന്നെയുള്ള സോഫയിലിരുത്തി ആശ്വസിപ്പിച്ചുതുടങ്ങി:

"പറയുന്നതിൽ പരിഭവിക്കരുത്. കഴിഞ്ഞതെല്ലാം ഒരു ദുഃസ്വപ്നമെന്നു കരുതി മറക്കണം. ഇനിയെങ്കിലും നിരഞ്ജൻ ജീവിക്കാൻ തുടങ്ങണം. ഭാര്യ, മക്കൾ എല്ലാവരുമായിക്കഴിയുമ്പോൾ ജീവിതത്തിനുതന്നെ ഒരു പുതിയ ദിശാബോധമുണ്ടാകും. മധുവേട്ടനോടു പറഞ്ഞ് കമ്പനിയിൽ ഒരു ജോലി ശരി

യാക്കാം. മധുവേട്ടൻ പറഞ്ഞാൽ എം.ഡി കേൾക്കാതിരിക്കില്ല. അന്നത്തെ സഖാക്കൾ എല്ലാവരുംതന്നെ ഇന്നു കമ്പനിയിലെ ഉയർന്ന ഉദ്യോഗസ്ഥരാണ്. അവർക്ക് നിരഞ്ജനെ നിരസിക്കാനാവില്ലല്ലോ?"

"കമ്പനിക്ക് ആവശ്യം യുവാക്കളെ ആയിരുന്നു. തിളയ്ക്കുന്ന രക്തവും ജ്വലിക്കുന്ന ബുദ്ധിയുമുള്ളവരെ. അത് സഖാക്കളെക്കാൾ കൂടുതലുള്ളത് ആർക്കാണ്? അവസാനം കമ്പനി അതും തന്ത്രത്തിൽ വിലപറഞ്ഞെടുത്തു. ഈ കമ്പനിക്കെതിരെയാണ് നമ്മൾ പൊരുതിയത്. അതിൽനിന്നും വിസർജ്ജിക്കുന്ന മാലിന്യങ്ങൾ എത്രയോ ആയിരങ്ങളുടെ ശരീരത്തെ ക്യാൻസറായി കാർന്നുതിന്നുന്നു. ഉയർന്നുപൊങ്ങുന്ന വിഷഗന്ധം നിങ്ങൾപോലുമറിയാതെ ഇവിടത്തെ ജനങ്ങളിൽ വന്ധ്യതയുണ്ടാക്കുന്നു. ലക്ഷങ്ങൾ കൈക്കൂലി കൊടുത്താലും കിട്ടാത്ത ജോലി എന്ന ലേബലിൽ സഖാക്കൾക്കു മുന്നിൽ ഔദാര്യത്തിന്റെ അപ്പക്കഷണങ്ങളായി വച്ചുനീട്ടിയപ്പോൾ അവരത് സ്വീകരിക്കുകയായിരുന്നു, അല്ലേ? അങ്ങനെ പ്രസ്ഥാനത്തെ വിറ്റു കാശാക്കി. അവരെ വിശ്വസിച്ചവരെ മുഴുവൻ വ്യഭിചരിച്ചു."

"എന്തൊക്കെപ്പറഞ്ഞാലും ഞങ്ങളിന്നു മാന്യമായി ജീവിക്കുന്നു. ഒരിക്കൽ ഒരുമിച്ചു പ്രവർത്തിച്ചതിന്റെ നന്ദികൊണ്ടാ, ഒരു ജോലി തരപ്പെടുത്തിത്തരാമെന്നു പറഞ്ഞത്. കണ്ടാലും കൊണ്ടാലും പഠിക്കാത്ത സഖാവിനെയൊക്കെ നന്നാക്കാൻ ആർക്കു കഴിയും?"

നിരഞ്ജൻ പുഞ്ചിരിയോടെ അവളുടെ മുഖത്തേക്കു നോക്കി: "രേഖ വച്ചുനീട്ടിയ സ്നേഹത്തിന്റെ ഈ പുതിയ ഭാഷയ്ക്കും നന്ദിയുണ്ട്. ഒന്നു ചോദിച്ചാൽ നീ സത്യം പറയുമോ? ഓർമ്മിക്കുന്നുണ്ടോ ഏഴെട്ടു കൊല്ലങ്ങൾക്കുമുമ്പുള്ള നമ്മുടെയൊക്കെ ജീവിതം. പാടത്തിനു മുകളിലായുള്ള ഗോപാലന്റെ വീട്ടിൽ ഞാൻ ഒളിവിലും തെളിവിലുമായി കഴിഞ്ഞിരുന്ന കാലം. രാത്രിയുടെ ഏകാന്തതയിൽ ചരിഞ്ഞുകിടന്നിരുന്ന തെങ്ങിൽ ഏകനായിരുന്നു ബീഡിയും വലിച്ച് വിപ്ലവത്തിന്റെ അഗ്നിസ്ഫുലിംഗങ്ങൾ ചിതറുന്ന കഥകളും കവിതകളും ലേഖനവും പ്രസ്ഥാനത്തിന്റെ മാസികയ്ക്കു വേണ്ടി തയ്യാറാക്കുന്ന എന്റെയടുത്തേക്ക് പ്രലോഭനത്തോടെവന്ന് നിന്റെ സ്നേഹം ആവർത്തിച്ചുപറഞ്ഞുകൊണ്ടിരുന്നല്ലോ? ഒരു പൗർണമിരാത്രിയിൽ നിഴലുകൾക്കിടയിൽ മറ്റൊരു നിഴലായി വന്ന നീ പൂർണ്ണ നഗ്നയായിരുന്നില്ലേ? അന്നു സർവ്വവും മറന്ന് എന്നെ പുണർന്നുനിന്ന് എന്തെല്ലാം പറഞ്ഞു തീർത്തു. പറയ് അന്നു നിനക്ക് എന്നോടുള്ള പ്രേമം ആത്മാർത്ഥമായിരുന്നുവോ?"

"അതൊക്കെ കഴിഞ്ഞുപോയ യുവത്വത്തിന്റെ തുടിപ്പുകൾ മാത്രമല്ലേ. ഞാനിന്നൊരു മാന്യദേഹത്തിന്റെ ഭാര്യയാണ്, ഒപ്പം രണ്ടു കുട്ടികളുടെ അമ്മയും. വീണ്ടും ഗതകാലമയവിറക്കി നിങ്ങൾ ഇവിടെ വന്നതിന്റെ ഉദ്ദേശ്യം?"

അവളുടെ വാക്കുകളിലെ നീരസത്തിന്റെ ചവർപ്പ് നിരഞ്ജന് വ്യക്തമായി. "ഗതകാലങ്ങൾ അയവിറക്കിയാൽ എനിക്ക് രക്തത്തിന്റെ കടുംചുവപ്പും രോധനത്തിന്റെ നീറ്റലും പിന്നെ അസ്വസ്ഥകരമായ ചില ചിന്തകളു

മേയുള്ളു.

"ഓർമ്മയുണ്ടോ സഖാവേ അരി മേടിക്കുവാൻ കാശില്ലാതെ എന്റെ മുൻപിൽ വന്നുനിന്നത്. കെട്ടിടത്തിന്റെ പണിക്കൊരുദിവസംമാത്രം പോകുവാൻ ഞാനനുവദിച്ചപ്പോൾ നീയതൊരു ശീലമാക്കി. പിന്നീടൊരിക്കൽ കോൺട്രാക്ടർ ഇടനാഴികളിലെവിടെയോവെച്ച് നിന്റെ മുലകളിൽ അമർത്തി അപമാനിച്ചതു പല സ്ത്രീകളും കണ്ടുവെന്നു പറഞ്ഞു കരഞ്ഞു നിലവിളിച്ച് എന്റെ മുന്നിൽ വന്നത്. പൊതുജനങ്ങളുടെ മുന്നിൽവെച്ച് ആ കോൺട്രാക്ടർ മധുവിനോട് നിന്നെ കെട്ടണമെന്നു പറഞ്ഞത് ഒരലങ്കാരം മാത്രമായിട്ടായിരുന്നു. അത് പറയുമ്പോൾ ഞാൻ മനസ്സിൽ കരുതിയിരുന്നു, ഈ നികൃഷ്ടജീവിയെ കെട്ടാൻ എന്റെ പട്ടിയെപ്പോലും കിട്ടില്ല എന്നുപറഞ്ഞ് ആ കരണത്താഞ്ഞടിക്കുമെന്ന്. എന്റെ സകല പ്രതീക്ഷകളെയും തകിടം മറിച്ചുകൊണ്ട് നീ അവനെ വിവാഹം കഴിച്ചപ്പോൾ ആശിച്ചു മാതൃസംഘടനയ്ക്ക് ഒരാളെക്കൂടി ലഭിക്കുമെന്ന്, എല്ലാം പാഴ്ക്കിനാവായിരുന്നു, അല്ലേ.

"അന്ന് ആ കോൺട്രാക്ടർ നിന്നെ വിവാഹം കഴിച്ചത് ഇന്നീ കാണുന്ന സൗന്ദര്യമോ തുടിപ്പോ കണ്ടിട്ടായിരുന്നില്ല. സ്വന്തം ജീവനിൽ ഭയന്നുമാത്രമാണ്. നിന്റെ കാമത്തോളം വില നീ പ്രസ്ഥാനത്തിനു നല്കിയിരുന്നുവോ? പ്രസ്ഥാനത്തെ ഈ നാട്ടിൽ ആദ്യം വ്യഭിചരിച്ച സഖാവും നീതന്നെയാണ്."

ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോൾ നിരഞ്ജന്റെ തൊണ്ടയിൽ ശബ്ദം കുരുങ്ങി. അതൊരു ചുമയായി. നിർത്താൻ വയ്യാത്ത ചുമ.

നിരഞ്ജൻ വേച്ചുവേച്ച് മുറ്റത്തേക്കിറങ്ങി. അവിടെനിന്ന് ചുമച്ചു. കാർക്കിച്ചുതുപ്പിയപ്പോൾ രക്തക്കട്ടകൾ. വായിൽനിന്നും അടർന്നുവീണ വെപ്പുപല്ലുകൾ നിരഞ്ജൻ കൈയിലെടുത്തു. ഇളിച്ചിരിക്കുന്ന ആ പല്ലുകൾ മുഴുവനും രക്തത്തിൽ കുതിർന്നിരിക്കുകയാണ്.

രേഖ ഭീതിയൊതുക്കി നിരഞ്ജനെത്തന്നെ നോക്കിനിന്നു. "അല്പം വെള്ളം."നിരഞ്ജൻ കിതച്ചുകൊണ്ട് ആവശ്യപ്പെട്ടു. രേഖ മുറിയിലേക്കു നടന്ന് ഒരു പാത്രത്തിൽ വെള്ളവുമായെത്തി. നിരഞ്ജൻ അതുവാങ്ങി രണ്ടു കവിൾ ആർത്തിയോടെ കുടിച്ചു. പിന്നെ കൈയിലിരുന്ന പല്ലുകൾ കഴുകി യഥാസ്ഥാനത്തുതന്നെ പിടിപ്പിച്ചു.

പുറത്തുനിന്നുംവന്ന ഒരു കാർ അവർക്കു മുന്നിൽനിന്നു. അതിൽനിന്നും മധു പുറത്തേക്കിറങ്ങി. രേഖ ചോദിച്ചു: "മധുവേട്ടന് ഓർമ്മയുണ്ടോ ഇത് ആരാണെന്ന്?"

മധു നിരഞ്ജനെ നോക്കി പുഞ്ചിരിച്ചു: "എന്റെ വിവാഹം നടത്തിത്തന്ന മാന്യദേഹത്തെ മറക്കാൻ കഴിയുമോ?" മധു നിരഞ്ജന്റെ അടുത്തേക്ക് ചെന്നു: "അന്ന് സമ്മർദ്ദത്തിനു മുന്നിൽ രോഷമൊതുക്കിയാണ് ഇവളുടെ കഴുത്തിൽ മിന്നുകെട്ടിയതെങ്കിലും ഇന്നു ഞാനതിൽ പൂർണ്ണ സംതൃപ്തനാണ്. എന്നെ അറിയുകയും ഏറെ സ്നേഹിക്കുകയും ചെയ്ത ഒരു ഭാര്യയെ

തന്നതിന് എനിക്കു നിങ്ങളോട് ഏറെ കടപ്പാടുമുണ്ട്. ഇവൾ ജീവിതത്തി ലേക്ക് വന്നതോടെ എന്റെ ചെറിയ ചെറിയ ദുശീലങ്ങൾകൂടി മാറി." ഒരു തമാശ പറയുന്ന ഉത്സാഹത്തിൽ ശബ്ദം താഴ്ത്തി തുടർന്നു: "കഴിയുമെ ങ്കിൽ നിങ്ങളുടെ പ്രസ്ഥാനത്തിൽ ഒരു മാസമെങ്കിലും സ്ത്രീകൾക്ക് പരി ശീലനം കൊടുക്കുന്നത് നല്ലതാണ്. നല്ല കുടുംബിനികളാണല്ലോ വീടിന്റെ വിളക്കും നാടിന്റെ ഐശ്വര്യവും."

രേഖ ക്ഷണിച്ചു: "ഇനി അകത്തേക്കു വരാമല്ലോ?" മധുവിനെ നോക്കി: "മധുവേട്ടൻ ഇല്ലാത്തതുകൊണ്ട് അകത്തുകയറാതെ നില്ക്കുകയായിരുന്നു നിരഞ്ജൻ."

നിരഞ്ജൻ രേഖയെ നോക്കി എന്തോ പറയുവാൻ തുടങ്ങിയെങ്കിലും ചുമ അതു തടസ്സപ്പെടുത്തി. ചുമയെ പിടിച്ചുനിർത്തുവാൻ ശ്രമിച്ചുകൊണ്ട് നിരഞ്ജൻ അവിടെനിന്നും തിരിഞ്ഞുനടന്നുതുടങ്ങി.

'സഖാവേ' എന്നുവിളിച്ച് മധു നിരഞ്ജന്റെ മുന്നിലെത്തി. ഒരുകെട്ടു നോട്ടെടുത്തു നീട്ടി: "ഇതൊന്നും ആകില്ലെന്നറിയാം, എങ്കിലും അത്യാവ ശ്യങ്ങൾക്കുപകരിക്കും."

നിരഞ്ജൻ മധുവിന്റെ മുഖത്തേക്കു നോക്കി. മധു അരുതായ്കയോടെ അതു പിൻവലിച്ചു. രേഖയെ നോക്കി, അവൾ തലകുനിച്ചു കീഴ്പോട്ടുനോക്കി നിന്നു. നിരഞ്ജൻ നടന്നകലുമ്പോൾ മധു പിന്നിൽനിന്നും അടക്കം പറയു ന്നതുകേട്ടു:

'കൊടുത്ത തുക കുറഞ്ഞുപോയിരിക്കുമോ?'

രേഖയുടെ സംശയം മറ്റൊന്നായിരുന്നു: "വീണ്ടും ഇവിടെ രക്തപ്പുഴ കൾ ഒഴുക്കി സമാധനക്കേട് ഉണ്ടാക്കാതിരുന്നാൽ മതിയായിരുന്നു. നിര ഞ്ജനെ നിഷേധിക്കാൻ ആർക്കും കഴിയില്ല. ആ നോട്ടത്തിൽ ആരും തളർന്നുപോകും. വാക്കുകളിൽ ആരും മതിമറക്കും. യുവാക്കളും നിരാലം ബരും അയാൾക്കു കീഴിൽ അണിനിരക്കുകതന്നെചെയ്യും. ആ ശരീരമേ ക്ഷീണിച്ചിട്ടുള്ളു. മനസ്സിപ്പോഴും ശക്തവും സന്നദ്ധവുമാണ്."

മധു അഭിപ്രായപ്പെട്ടു: "എന്റെ ഭാര്യയായി നീയില്ലേ. അതുകൊണ്ട് അവർ നമ്മുക്കെതിരെ പ്രവർത്തിക്കില്ല."

രേഖ ഭീതിയോടെ തുടർന്നു: "ആർക്കറിയാം! വിപ്ലവത്തിന് കണ്ണും കാതു മില്ല. അതിന്റെ സംഹാരാഗ്നിക്കുമുന്നിൽ വ്യക്തിബന്ധങ്ങളോ രക്തബന്ധ ങ്ങളോ കാലദേശങ്ങളോ ഇല്ല. നാശഗ്രസ്തമായ താണ്ഡവം—അത് വിപ്ല വത്തിന്റെ മുഖമുദ്രയാണ്."

കരിയിലകൾ വീണുകിടക്കുന്ന മൺറോഡിലൂടെ നടന്ന് നിരഞ്ജൻ ഒരു വീടിന്റെ മുന്നിലെത്തി. ഐശ്വര്യപ്രതാപങ്ങൾ അസ്തമിച്ച ഒരു പഴയ വീട്. കരിഞ്ഞ തുളസിത്തറയുടെ മുന്നിൽനിന്ന് കുട്ടികൾക്ക് ചോറുവാരിക്കൊടു ക്കുന്ന സ്ത്രീയെക്കണ്ടപ്പോഴെ മനസ്സിലായി—ഭാസ്കരവർമ്മയുടെ മകൾ ദേവയാനി.

ദാരിദ്ര്യം അവളുടെ ശരീരത്തെ അല്പം കാർന്നിട്ടുണ്ടെങ്കിലും സൗന്ദര്യം ജ്വലിപ്പിക്കുകയാണ്. നിരഞ്ജനെ കണ്ട മാത്രയിൽ അവളുടെ കണ്ണുകളിലൂടെ ഒരു മിന്നൽപിണർ പാഞ്ഞുവോ? പിന്നെ അത് നിറഞ്ഞു.

ചുരുണ്ടുകിടക്കുന്ന സാരി മാറിടത്തിലേക്ക് വലിച്ചിട്ടു. കീറിയ സാരിയുടെ ഇടയിലൂടെ ത്രസിച്ചുനിൽക്കുന്ന മാറിടം കണ്ട നിരഞ്ജന് അത് സ്ത്രീത്വത്തിന്റെ ആർദ്രതയായി തോന്നി. തപിച്ച മനസ്സിനുമേൽ ഉണർവിന്റെ ധൂമപടലങ്ങൾ പാറിവീണതുപോലെ.

അവൾ തിരക്കി: "നിങ്ങളിവിടെ?"

നിരഞ്ജൻ ചോദിച്ചു: "കയറിയിരിക്കാമോ?"

"ഇപ്പോൾ ഇവിടെ ആർക്കുമിരിക്കാവുന്ന പൊതുസ്ഥലമാണ്. നിങ്ങളായിട്ട് എന്തിന് ഇരിക്കാതിരിക്കണം."

കറുത്ത കരിമ്പൻ പിടിച്ച മരക്കസേരിയിലേക്ക് നിരഞ്ജനിരുന്നപ്പോൾ അത് 'ഞര ഞര' എന്ന് കരഞ്ഞു. വാക്കുകൾക്കായി തപ്പിത്തടഞ്ഞ നിരഞ്ജൻ ചോദിച്ചു: "കുടിക്കുവാൻ അല്പം വെള്ളം കിട്ടിയിരുന്നെങ്കിൽ."

അവൾ ഒക്കത്ത് കുട്ടിയുമായി അടുക്കളയിലേക്ക് കടന്ന് ഗ്ലാസ്സിൽ വെള്ളവുമായി വന്ന് നിരഞ്ജന് നീട്ടി. നിരഞ്ജൻ അത് വാങ്ങിക്കുടിച്ചു. ഗ്ലാസ്സ് തിരികെ കൊടുത്തപ്പോൾ ചോദിച്ചു: "ദേവയാനിക്ക് എന്നെ മനസ്സിലായില്ലേ?"

"എങ്ങനെ മനസ്സിലാകാതിരിക്കും. എന്റെ അച്ഛനെ ഈ മുറ്റത്തിട്ടല്ലേ നിങ്ങളുടെ ആൾക്കാർ വെട്ടിക്കൊന്നത്; അതും നിങ്ങൾ നോക്കി നിൽക്കുമ്പോൾ."

"എന്നിട്ടും എന്തേ നിങ്ങൾ എന്നോട് ക്ഷോഭിക്കാത്തത്? ആട്ടി പുറത്താക്കാത്തത്?"

"ക്ഷോഭിക്കാൻ ഞാനിന്ന് ആരാണ്? ഒരു നേരത്തെ ഭക്ഷണത്തിനുപോലും നല്ല നേരം നോക്കണം. അന്ന് നിങ്ങളുടെ വലംകൈയായിരുന്ന സഖാക്കളൊക്കെ ഇന്ന് ഈ നാട്ടിലെ ഉദ്യോഗസ്ഥപ്രമാണിമാരാണ്. അവരിൽ പലരും രാത്രികളിൽ ഉയർന്നുവരുന്ന പൗരുഷത്തിന് തടയിടാൻ വരുന്നത് ഇവിടെയാണ്. അവരൊക്കെ തരുന്ന സഹായങ്ങൾ—അതാണെന്റെ ആശ്വാസം. പിന്നെ അച്ഛനാരെന്ന് പറയുവാൻ കഴിയാത്ത ഈ കുട്ടികളും."

സത്യത്തിന്റെ മറ്റൊരു മുഖംകൂടി കണ്ട നിരഞ്ജന്റെ തൊണ്ടയിൽ ശബ്ദം കുരുങ്ങി. അവൾ തുടർന്നു: "ഇപ്പോൾ കമ്പനിയിരിക്കുന്ന സ്ഥലം മുഴുവൻ ഞങ്ങളുടേതായിരുന്നു. അവസരോചിതമായി കാര്യസ്ഥനും കാലുവാരി. പിന്നെ എല്ലാം കള്ളരേഖകൾ ചമച്ച് അവർ സ്വന്തമാക്കുകയായിരുന്നു. എല്ലാറ്റിനും തുണയായി നിങ്ങൾ വളർത്തിയ സഖാക്കളുമുണ്ടായിരുന്നല്ലോ?"

നിരഞ്ജൻ വിദൂരതയിലേക്ക് നോക്കി പറഞ്ഞു: "അന്ധമായ രാജ്യ

സ്നേഹം. പ്രസ്ഥാനത്തോടുള്ള അമിതമായ ആത്മാർത്ഥത. ചെയ്തതു മുഴുവൻ തെറ്റായെന്ന് ഇപ്പോൾ തോന്നുന്നു. കുട്ടിയുടെ അച്ഛനെ കൊലചെയ്ത ആ നിമിഷത്തെ ഞാൻ ശപിക്കുകയാണ്. ഓരോ രാത്രിയും ആ രംഗം മനസ്സിൽ സൃഷ്ടിക്കുന്ന കുറ്റബോധം പറഞ്ഞറിയിക്കുവാൻ കഴിയാത്തതാണ്. ഇപ്പോൾ കുട്ടി എന്നോടു കാണിക്കുന്ന ഈ സ്നേഹംപോലും എന്റെ ഹൃദയത്തെ നീറ്റുകയാണ്. പരുഷമായ വാക്കുകൾ പറഞ്ഞ് ഈ കരണത്ത് ഒന്നടിച്ചിരുന്നെങ്കിൽ! നികൃഷ്ടനെന്നോ നീചനെന്നോ വിളിച്ച് ആക്ഷേപിച്ചിരുന്നെങ്കിൽ എന്നു ഞാൻ മനസ്സുകൊണ്ട് ആഗ്രഹിക്കുകയാണ്. ജയിലിൽ അടയ്ക്കപ്പെട്ടപ്പോൾതന്നെ അസ്തമിക്കാൻ പോകുന്ന പ്രത്യയശാസ്ത്രത്തിന്റെ മറുപുറം കാണുവാൻ എനിക്ക് കഴിഞ്ഞു. എട്ടു വർഷങ്ങൾ എല്ലുമുറിയെ രക്തം വിയർപ്പാക്കി ജയിലിലെ കരിങ്കൽ കോറയിൽ പണിയെടുക്കുമ്പോൾ ഒരു പ്രതീക്ഷയുണ്ടായിരുന്നു—എന്നെങ്കിലും പുറത്തുവരും. അന്ന് ദേവയാനിയെക്കണ്ട് മാപ്പ് ചോദിക്കണം. ഇപ്പോൾ മുമ്പൊരിക്കലും അനുഭവിക്കാത്തതിലധികം കുറ്റബോധം എന്റെ ഹൃദയം അനുഭവിക്കുകയാണ്." നിരഞ്ജൻ തോളിൽ കിടന്ന സഞ്ചിയിൽ കരുതിവച്ചിരുന്ന പണമെടുത്ത് ദേവയാനിയുടെ കൈയിൽ പിടിപ്പിച്ചു: "എട്ടുവർഷത്തെ അത്യധ്വാനത്തിന്റെ കൂലിയാണിത്. ഇതുകൊണ്ട് നിങ്ങളുടെ ഒരു ദുഃഖവും പരിഹരിക്കപ്പെടുകയില്ല. നഷ്ടപ്പെട്ടതൊന്നും തിരിച്ചു കിട്ടുകയില്ല. എന്നാലും എന്റെയൊരാശ്വാസം. ഇന്ന് എനിക്ക് ഇതിനെ കഴിയൂ മോളെ. അരുതെന്നു പറഞ്ഞ് എന്നെ ആക്ഷേപിക്കരുത്. കഴിയുമെങ്കിൽ എന്നെ അല്പമൊന്ന് മനസ്സിലാക്കാൻ ശ്രമിക്കുക."

നിരഞ്ജൻ നല്കിയ പണം മേടിച്ചുകൊണ്ട് ദേവയാനി ചോദിച്ചു: "എന്താണ് നിങ്ങളുടെ നന്മ ലോകം മനസ്സിലാക്കാത്തത്? ഇനിയും വിപ്ലവം വരുമോ? ഈ പാവങ്ങളുടെ കണ്ണുനീർ എന്നാണ് തോരുന്നത്?"

നിരഞ്ജൻ തുടർന്നു: "മൂന്നോ നാലോ ആനയും കുറച്ച് നിലവും പിന്നെ ഒരമ്പലവുമുള്ള കുട്ടിയുടെ അച്ഛനാണ് ഏറ്റവും വലിയ ബൂർഷ്വാ എന്നു തെറ്റിദ്ധരിച്ചു. അന്ന് ആ ഒരു മുതലാളിക്ക് എതിരെയാണ് പൊരുതിയതെങ്കിൽ ഇന്ന് ഒരുപാട് മുതലാളിമാർക്ക് എതിരെ പൊരുതേണ്ടിയിരിക്കുന്നു. അന്ന് കേവലമായ അടിമത്തത്തിൽനിന്ന് ഭക്ഷണത്തിനും പാർപ്പിടത്തിനും കൂലിക്കുമായി തൊഴിലാളികളെ സംഘടിപ്പിച്ചുവെങ്കിൽ, ഇന്ന് ബഹുരാഷ്ട്ര കുത്തകകളോടാണ് പൊരുതേണ്ടത്. അവർ മായംചേർത്തു നിർമ്മിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഉപഭോഗത്തിൽനിന്നുമാണ് ജനങ്ങളെ രക്ഷിക്കേണ്ടത്. രാജ്യത്തെ അനുദിനം ഗ്രസിക്കുന്ന സാംസ്കാരിക അപഭ്രംശത്തിൽനിന്നുമാണ് രക്ഷിക്കേണ്ടത്. അതിന് രക്തത്തിന്റെ കണക്കുകളും ആവേശത്തിന്റെ ആർപ്പുവിളികളുമല്ല ആവശ്യം. മരവിച്ചുകിടക്കുന്ന ഈ ജനങ്ങളുടെ ബൗദ്ധികമണ്ഡലത്തിൽ തിരിച്ചറിവിന്റെയും പുത്തൻ വിവേചനത്തിന്റേതുമായ ഒരു വിപ്ലവമാണ് അനിവാര്യം. അതിനുള്ള സമയവും അടുത്തുവരുന്നുണ്ട്."

ദേവയാനി നിരഞ്ജന്റെ കൈകളിൽ പിടിച്ച് തീക്ഷ്ണമായ ആ കണ്ണുകളിലേക്ക് പ്രതീക്ഷയോടെ ഉറ്റുനോക്കി. ചില നിമിഷങ്ങൾകൊണ്ട് നിരഞ്ജനിൽനിന്നും പകർന്നുകിട്ടിയ പുത്തൻ അറിവിന്റെ ചൈതന്യമുൾക്കൊണ്ടു: "സഖാവേ ഇനിമുതൽ നിങ്ങളുടെ പിന്നിൽ ഞങ്ങളുമുണ്ടായിരിക്കും."

നിരഞ്ജൻ അവളുടെ ഇടതു കൈപ്പത്തി ഉയർത്തി അതിൽ മെല്ലെ ചുംബിച്ചു. ഒക്കത്തിരുന്ന കുട്ടിയുടെ കവിളിൽ മൃദുവായി തലോടി. അവളുടെ സാരിത്തുമ്പിൽ തൂങ്ങിനിൽക്കുന്ന കുട്ടിയുടെ നെറുകയിൽ കൈവച്ച് മൗനമായി യാത്രചോദിച്ചു.

നിരഞ്ജൻ നിശ്ശബ്ദം അവിടെനിന്നും നടന്നുതുടങ്ങിയപ്പോൾ വിജനതയിൽനിന്ന് ഒരു കിളി ചിലച്ചു.



# കാലത്തിനൊപ്പം ഒരു പെൺകുട്ടി

ജോസ് കെ. മാനുവൽ



വർത്തമാനകാലത്തിന്റെ ആകുലതകളും വിഹ്വലതകളും ധർമ്മസങ്കടങ്ങളും ആണ് ഈ കഥകളുടെ പൊതുമുദ്ര. അതുകൊണ്ടുതന്നെയാവാം, ഗൃഹാതുരത്വത്തിന്റേതായ നാട്ടിടവഴികളോ തൊട്ടാവാടികളോ ദാവണിത്തുമ്പുകളോ ഒന്നും ഈ കഥകളിലെവിടെയും കാണാനില്ല...

എല്ലാ കഥകളിലും കഥയും ക്രാഫ്റ്റും ഉണ്ട് എന്നുവരുന്ന അവസ്ഥയിലാണ് കഥ വിജയിക്കുക. കഥയ്ക്കനുസരിച്ചാണ് ക്രാഫ്റ്റ് രൂപപ്പെട്ടുവരുന്നത്. ഓരോ കഥയ്ക്കും അതു പറയുന്ന രീതിക്കനുസരിച്ചുള്ള ക്രാഫ്റ്റാണ് ആവശ്യം. കാലത്തിനനുസരിച്ച് കഥ മാറുന്നതുപോലെ കഥയ്ക്കനുസരിച്ച് ക്രാഫ്റ്റും മാറുന്നു. ജോസിന്റെ ഏറെ കഥകളിലും കഥയും ക്രാഫ്റ്റും തമ്മിലുള്ള ചേർച്ച ശ്രദ്ധേയമാണ്...

പ്രിയ എ.എസ്.

കഥകൾ

വില: 60.00

9622 0924 41524

കൈരളി ബുക്സ്